
ഹൈന്ദവ നിർവ്വചനം
"സ്നേഹ സ്മൃതി"
by സ്നേഹരാജ
pdf e-book
IMAGINED WITH AI

## ലോക ശാന്തി, ലോക ഐക്യം, ലോക രക്ഷയ്ക്കായി

**SNEHARAJ FOUNDATION**

നിർവഹിക്കുന്ന

# || സനാതന ധർമ്മ പരിചയ യജ്ഞം ||

**( ഹൈന്ദവ നിർവചന യാത്ര )**

**( ഇതിന്റെ ഭാഗമായി പുസ്തകം-1 (Ver-1.86.1) വിശ്വമാനവിയതയ്ക്ക് സമർപ്പിക്കുന്നു )**

# സ്നേഹസ്മൃതി pdf e-book

**(സൃഷ്ടിയിലെ ഏറ്റവും ശ്രേഷ്ഠരായ ഹൈന്ദവ ജനവിഭാഗമേ , ഇതാ നിങ്ങളുടെ സ്വത്വം -Identity)**

**സനാതന ധർമ്മ പഠനം-പ്രാർഥമികം**

**("ഹൈന്ദവ നിർവചനം")**

**വിഷയ ക്രോഡീകരണം**

## വി. എസ് .സ്നേഹരാജ്

*Pdf e-Book-ver-1.86.1*

*Rs.141.00*

## ഉള്ളടക്കം

**Page 3 - ഉള്ളടക്കം**

**Page 8 - ആമുഖം**

ഭാഗം-1

**ചോദ്യം-1) സനാതന , ഹൈന്ദവ ധർമത്തെ " മാനവരെ പൂർണ്ണമാനവരാക്കുന്ന ധർമം" എന്ന് പറയുവാൻ കാരണമെന്താണ് ?**

**ചോദ്യം-2) മനുഷ്യ ജന്മത്തിന്റെ അന്തിമ ലക്ഷ്യം സ്വർഗം അഥവാ മോക്ഷം ഏതാണ് ?**

**ചോദ്യം-3)നിരീശ്വരവാദം , ദ്വൈതം , വിശിഷ്ട്ടാദ്വൈതം , അദ്വൈതം ഇതിൽ ഹൈന്ദവരുടെ ഈശ്വര സങ്കൽപം ഏതാണ് ?**

**ചോദ്യം-4)മനുഷ്യ ദൈവവും, മുപ്പത്തിമുക്കോടി ദൈവങ്ങളും ?**

**ചോദ്യം-5)ഹൈന്ദവം ഒരു വിശ്വാസമോ ?**

**ചോദ്യം-6) ഹൈന്ദവം ഒരു മതമോ ?**

**ചോദ്യം-7)ഹൈന്ദവം ഭൂമി ശാസ്ത്രപരമായ ഒരു തിരിച്ചറിവല്ലേ ?**

**ചോദ്യം-8)ഹിന്ദുവിന്റെ നിർവചനം എന്താണ് ?**

**ചോദ്യം-9) "ഭാരത ആത്മീയ പൈതൃകം " എന്താണ് ?**

**ചോദ്യം-10) ഭാരത ആത്മീയ പൈതൃകത്തിന്റെ അഥവാ ഹൈന്ദവരുടെ തത്വങ്ങൾ എന്തൊക്കെയാണ്?**

**ചോദ്യം-11) സനാതന ധർമ്മം അഥവാ ഹൈന്ദവ ധർമ്മത്തിന്റെ നിർവചനം എന്താണ് ? ഹൈന്ദവ ധർമം വേറെ എതൊക്കെ പെരുകൾ കൊണ്ടാണ് അറിയപ്പെടുന്നത് ?**

**ചോദ്യം-12)സനാതനരുടെ , ഹൈന്ദവരുടെ അടിസ്ഥാന ഗ്രന്ഥം ഏതാണ് ?**

**ചോദ്യം-13)വേദങ്ങൾ എത്രയുണ്ട്? ഹൈന്ദവ ദർശനത്തിന്റെ അടിത്തട്ട് ഒന്ന്പഠിക്കാം:**

**ചോദ്യം-14)ഹൈന്ദവ ചരിത്രം ഒറ്റ നോട്ടത്തിൽ**

**ചോദ്യം-15)ഹൈന്ദവം വിശ്വ ദർശനമാകണമെന്നു ആവശ്യപെടുവാൻ കാരണം എന്താണ് ?**

**ചോദ്യം-16) ഹൈന്ദവ സമാജമുണ്ടാവണമെന്ന കേട്ടല്ലോ, എന്തെ ഇവിടെ ഹിന്ദു സമാജമില്ലേ ?**

## ഭാഗം-2

**ചോദ്യം-17) ഭസ്മം, ചന്ദനം, കുറി, നെറ്റിയിൽ തൊടുന്നത്, വിധങ്ങളും, അർത്ഥവും ഒന്ന നോക്കാം ?**

**ചോദ്യം-18) കർപ്പൂര ജ്യോതിതൊട്ട് നെറ്റിയിൽ തൊടുന്നത് എന്തിനാണ് ?**

**ചോദ്യം-19) പരസ്പരം അഭിവാദ്യം ചെയ്യുമ്പോൾ ഹൈന്ദവർ നമസ്കാരം, നമസ്തേ, പ്രണാമം എന്ന് പറയുന്നതിന്റെ അർത്ഥമെന്താണ് ?**

**ചോദ്യം-20)പൂജാവേളയിൽതേങ്ങ ഉടയ്ക്കുന്നു. ഇതിന്റെ സങ്കൽപമെന്താണ് ?**

**ചോദ്യം-21)ഹൈന്ദവർ നടുവിൽചരട്, അരഞ്ഞാണം കെട്ടുന്നത് എന്തിന് ?**

**ചോദ്യം-22) ശ്രീ, ശ്രീമാൻ, ശ്രീമതി എന്ന ഹൈന്ദവർ പേരിനൊപ്പം ചേർക്കുവാൻ കാരണമെന്ത് ?**

**ചോദ്യം-23) വിഗ്രഹാരാധന പരബ്രഹ്മാരാധന തന്നെയാണോ ?**

**ചോദ്യം-24) ഹൈന്ദവരുടെ സാധാനാ മാർഗ്ഗങ്ങൾ എതൊക്കെയാണ് ?**

**ചോദ്യം-25) ഹൈന്ദവരുടെ അടിസ്ഥാനപരവും, പൂർണ്ണവുമായ ആരാധന ക്രമം എന്താണ് ?**

**ചോദ്യം-26) ക്ഷേത്രങ്ങളിൽനടക്കുന്ന നേർച്ചകൾ, വിടുകളിലെ പൂജ, നാമജപം, ഹോമം ഇതിനെയെല്ലാം എങ്ങനെ കാണുന്നു ?**

**ചോദ്യം-27) ആരാധന തെറ്റായ സമ്പ്രദായമാണെന്നു കേട്ടിട്ടുണ്ടല്ലോ ?**

**ചോദ്യം-28) ഹൈന്ദവർ പ്രഭാതത്തിലെ ഒരു പ്രത്യക മുഹൂർത്തത്തിനെ ബ്രഹ്മ മുഹൂർത്തം എന്നു വിളിക്കാൻ കാരണമെന്താണ് ?**

**ചോദ്യം-29) ചില ക്ഷേത്രങ്ങളുടെ പുറചുമരുകളിൽലൈംഗികതയുടെ ചിത്രം കാണാമല്ലോ അതെന്തുകൊണ്ട് ?**

**ചോദ്യം-30)ഹൈന്ദവർ ക്ഷേത്രം പ്രദക്ഷിണം വെയ്ക്കുന്നത് എന്തിനാണ് ?**

**ചോദ്യം-31) ഹൈന്ദവരുടെ സാമൂഹിക കേന്ദ്രം ഏതാണ് ? അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ?**

**ചോദ്യം-32) ക്ഷേത്രത്തിനും ദേഹത്തിനും എന്താണ് ബന്ധം ?**

**ചോദ്യം-33)** ’ഓം’ കാരം ഹൈന്ദവരുടെത് മാത്രമല്ല സമ്പൂർണ്ണ മാനവരാശിയുടെതാണ് എന്ന് കേട്ടിണ്ടുല്ലോ എന്തുകൊണ്ട് ?

**ചോദ്യം-34)** ഓംകാര നാദം പ്രപഞ്ചത്തിൽഇപ്പോഴുമുണ്ടോ ?

**ചോദ്യം-35)** ഓംകാരം എങ്ങനെയുണ്ടായി ?

**ചോദ്യം-36)** ഓംകാരം ദൈവത്തിലേക്കുള്ള കവാടം എന്ന് പറയാൻ കാരണമെന്ത് ?

**ചോദ്യം-37)** ഓം വിശ്വത്തിന്റെ ബീജം എന്ന് പറയാനുള്ള കാരണമെന്താണ് ?

**ചോദ്യം-38)** ഓംകാരം മന്ത്രങ്ങളിൽആദ്യം ഉപയോഗിക്കാൻ കാരണമെന്താണ് ?

**ചോദ്യം-39)** ഓം (ओं or ओ३म्) കാരത്തെ, സംസ്കൃതത്തിൽ എഴുതുമ്പോൾ

“ഊം( ॐ ) എന്നാണ് എഴുന്നത്, ഏതാണ് ശരി ?

**ചോദ്യം-40)** ശിവലിംഗം സങ്കൽപമെന്താണ് ? അത് എങ്ങനെയുണ്ടായി ?

**ചോദ്യം-41)** ശിവലിംഗാകൃതി ഭൗതികമായി വിശ്വശക്തിയെ പ്രതിനിധികുന്നുവോ ?

**ചോദ്യം-42)** ശിവക്ഷേത്രങ്ങളിൽശിവലിംഗ പ്രതിഷ്ഠ ഋഷിമഹർഷിമാർ പ്രോത്സാഹിപ്പികുന്നതിന്റെ കാരണമെന്താണ് ?

**ചോദ്യം-43)** ത്രി-മൂർത്തി സങ്കൽപത്തിന്റെ ശാസ്ത്രീയ വിശകലനം :

**ചോദ്യം-44)** ഷോഡശ സംസ്കാരങ്ങൾ :

**ചോദ്യം-45)** ചതുർ പുരുഷാർത്ഥങ്ങൾ, ആശ്രമങ്ങൾ, വർണ്ണങ്ങൾ :

**ചോദ്യം-46)** ഹൈന്ദവ, സനാതന ധർമത്തിൽ ജാതി വ്യവസ്ഥയുണ്ടോ ? ജാതി വ്യവസ്ഥ ആരുടെ ഉൽപ്പന്നം ?

**ചോദ്യം-47)** ഏതൊക്കെയാണ് പഞ്ച മഹാ യജ്ഞങ്ങൾ ?

**ചോദ്യം-48)** ആദ്യ പൂജ, പ്രാർത്ഥന എന്തുകൊണ്ട് ഗണപതി ഭഗവാന് ?

**ചോദ്യം-49)** പ്രസ്ഥാനത്രയം എന്താണ് ?

**ചോദ്യം-50)** ഇഷ്ടദേവതാ പൂജാ വിധി :

**ചോദ്യം-51)** ധ്യാനം എങ്ങനെ പരിശീലിക്കാം...?

**ചോദ്യം-52)** എന്താണ് മന്ത്രദീക്ഷ?

**ചോദ്യം-53) ഹൈന്ദവ കാവ്യങ്ങളിൽഅതി മാനുഷ കഴിവുള്ളവരെ കാണുന്നുവല്ലോ, ഇതെല്ലാം പ്യാന്ടം, സ്പൈടെർ മാൻ, ഹ്യറി പോട്ടർ മുതലായവ പോലെ fantassy കഥകളാണോ ?**

**ചോദ്യം-54) ഈ സൃഷ്ടി എങ്ങനെയുണ്ടായി ?**

**ചോദ്യം-55) ദശാവതാരം ?**

**ചോദ്യം-56) ഒരു ഹിന്ദു അറിഞ്ഞിരിക്കേണ്ട പ്രാർത്ഥനാ ശ്ലോകം :**

**ചോദ്യം-57) അഗമ, നിഗമ, തന്ത്ര ശാസ്ത്ര പരിചയം :**

**ചോദ്യം-58) തന്ത്രത്തിലെ പഞ്ച മകാരകളുടെ രഹസ്യം എന്താണ്?**

**ചോദ്യം-59) എന്ത് കൊണ്ട് ഗ്രഹണ സമയത്ത് ക്ഷേത്രങ്ങൾ അടച്ചിടുന്നു ?**

**ചോദ്യം-60) കാൽ തൊട്ടു വന്ദിക്കൽ അഥവാ ശിരസാഷ്ടാംഗ നമസ്കാരം ആർക്കൊക്കെ?**

**ചോദ്യം-61) സാധകന് ദൈവ / ഗുരു സഹായം പ്രതിസന്ധികളിൽ ഉണ്ടാകുമോ ?**

**ചോദ്യ- 62) ഹൈന്ദവ ധർമ്മ പഠനത്തിൻറെ പദ്ധതി എങ്ങനെയാണ് ?**

**ചോദ്യം-63 ) എന്താണ് ബ്രഹ്മചര്യം ?**

**ചോദ്യം-64 ) ദേവി ക്ഷേത്രങ്ങളിലെ നാരങ്ങാ വിളക്കിന്റെ രഹസ്യമെന്ത് ?**

**ചോദ്യം-65) രക്ഷ ബന്ധന ഉത്സവത്തിന്റെ പറ്റി പറയാമോ ?**

**ചോദ്യം-66) എന്താണ് ആവണി അവിട്ടം ?**

**ചോദ്യം-67) ഓണം ആഘോഷത്തിന്റെ ഐതിഹ്യം എന്താണ് ?**

**ചോദ്യം-68) രക്ഷ ബന്ധനുമായുള്ള ഓണത്തിന്റെ ബന്ധം എന്താണ് ?**

**ചോദ്യം-69) സെൻട്രൽ അമേരിക്കയിലെ Maxico മായൻ നാഗരികതയു (Mayan Civilisation) മായി മഹാബലി ചക്രവർത്തിയുമായുള്ള ബന്ധം എന്താണ് ?**

**ചോദ്യം-70) മഹാബലി ചക്രവർത്തി രാജ്യം ഭരിക്കുമ്പോൾ കേരള ഉണ്ടായിരുന്നില്ല , പിന്നെ എങ്ങനെ ചക്രവർത്തി മഹാബലിയുടെ വരവ് കേരളത്തിന്റെ അഘോഷമായത് ?**

**ചോദ്യം-71) മഹത്ത് വ്യക്തികളാർ ? അവരുടെ സ്വാധീനം സമാജത്തെ രൂപപ്പെടുത്തുന്നുവോ ?**

**ചോദ്യം-72) എന്താണ് നേതി നേതി സിദ്ധാന്തം ?**

**ചോദ്യം-73) ഭൂമി ദേവി വൈറൽ പനി അനുഭവിക്കുന്നുണ്ടോ ? അതിനു ചികിത്സയുണ്ടോ ? ആരാണ് വൈദ്യൻ ?**

**ചോദ്യം-74) ശാസ്ത്രാർത്ഥ സംവാദത്തിൽ ശങ്കരാചാര്യർ ബുദ്ധമതത്തെ എങ്ങനെ പരാജയപ്പെടുത്തി ?**

**ചോദ്യം-75) ഹോളി എങ്ങനെയാണ് ആഘോഷിക്കേണ്ടത് ?**

**ചോദ്യം-76) ഹൈന്ദവർ ഈ ലോകത്തിൽ ലോക ജനതയിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നത് ?**

**ചോദ്യം -77) എന്താണ് ക്രിയായോഗ ?**

**ചോദ്യം-78) ഹൈന്ദവരുടെ ശത്രുക്കൾ ആരൊക്കെ ?**

**ചോദ്യം-79) പ്രകൃതി ഹൈന്ദവർക്കേൽപ്പിച്ച ഉത്തരവാദിത്വം എന്താണ് ?**

**ചോദ്യം -80) ആദിപരാശക്തിയെ അമ്മേ നാരായണ, ദേവി നാരായണ, ലക്ഷ്മി നാരായണ, ഭദ്രേ നാരായണ എന്നു വിളിക്കുന്നതിന് കാരണമെന്ത് ?**

**ചോദ്യം -81) വേദങ്ങളുടെ ഉൽപ്പത്തിയെ കുറിച്ച് പറഞ്ഞു തരാമോ ?**

**ചോദ്യം -82) മാംസ ഭക്ഷണം ഹൈന്ദവർക്കു നിഷിദ്ധമാണോ ? വിദേശ വസ്ത്രങ്ങൾ ഹൈന്ദവർക്കു നിഷിദ്ധമാണോ ?**

**ചോദ്യം -83) ഹൈന്ദവരുടെ ധർമ്മശാസ്ത്ര പ്രകാരമുള്ള സപ്ത മാതാക്കളാരൊക്കെ ?**

**ചോദ്യം -84) ശ്രീ കൃഷ്ണ ഭഗവാന്റെ വിരാട് രൂപത്തിന്റെ രഹസ്യമെന്താണ് ?**

**ചോദ്യം -85) എന്താണ് സമാധി ഇരിക്കൽ അഥവാ ഇരുത്തൽ ?**

**ചോദ്യം -86) ഇനി വരാനുള്ള യുഗ പരിവർത്തനം , യുഗ ധർമ്മം , സുവർണ്ണ യുഗം എന്താണ് ?**

**ചോദ്യം -87) തുടരും.....**

**(ഈ പുസ്തകം-1 (Ver 1.86.1) നിരന്തരമായ തിരുത്തലുകൾക്കും , കൂട്ടിച്ചേർക്കലുകൾക്കും വിധേയമാകാം , അതിനാൽ എല്ലായ്പ്പോഴും അംഗങ്ങളുടെ ലോഗിൻ വഴി വെബ്സൈറ്റിൽ നിന്നുള്ള ഏറ്റവും പുതിയ പതിപ്പിനെ അവലംബിക്കുക)**

## ആമുഖം

മനുഷ്യരാശി ഇന്ന് അതിന്റെ ഏറ്റവും മോശമായ കാലഘട്ടതിലുടെയാണ് കടന്നുപോയികൊണ്ടിരിക്കുന്നത്. ഒന്നാമത്തേത് മനുഷ്യരാശിയുടെ ആവാസ വ്യവസ്ഥ തന്നെ അപകടത്തിലായിരിക്കുകയാണ്. ഇനിയൊരു 25 കൊല്ലം കുടി , ഭൂമിക്കു നമ്മളെ താങ്ങാനുള്ള കഴിവുണ്ടെന്ന് തോന്നുന്നില്ല ആല്ല മഴയും, റേഡിയോ വികിരണവും രാസവസ്തു വിസര്ജനവും , ക്ലോറോ ഫ്ലോരോ കാര്ബൺ വ്യാപനവും , പ്രകൃതിയുടെ ദുർലഭമായ സ്രോതസ്സുകൾ അപകടകരമായ രീതിയിൽശോഷിച്ചു തീർന്നു കൊണ്ടിരിക്കുന്നു, കാലാവസ്ഥയിൽഭയാനകമായ വ്യതിയാനങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു. സൂര്യനിൽ നിന്ന് വരുന്ന് ഉഷ്ണ തരംഗങ്ങളും , പ്രചണ്ഡ വാതകങ്ങളും കാലാവസ്ഥയെ തകിടം മറിച്ചിരിക്കുന്നു. ആഗോള താപനം ഹരിതഗ്രഹ വാതകം സൃഷ്ടിക്കുന്ന മാറ്റങ്ങൾ ധ്രുവപ്രദേശത്തെ മഞ്ഞുരുക്കും , കടൽനില ഉയരൽ, കൊടുങ്കാറ്റുകൾ, ഭൂകമ്പങ്ങൾ , വായുജലംമണ്ണ് മലീനികരണം,ഒജോൻ പാളികളിലെ വിള്ളൽ, ഭൂമി കുടുതൽകുടുതൽനശിച്ചു കൊണ്ടിരിക്കുന്നു. പരിസ്ഥിതി ആവാസ വ്യവസ്ഥ സാധ്യമല്ലാത്തതായികൊണ്ടിരിക്കുന്നു.

രണ്ടാമത്തേത് മനുഷ്യ സമൂഹം തകർന്നു കൊണ്ടിരിക്കുകയാണ്. സത്യം തുറന്നു പറയുവാൻ കഴിയാത്ത് ഒരു കാലഘട്ടത്തിലാണ് നമ്മൾ ജിവികുന്നത്. സത്യം പറഞ്ഞാൽ, ചിന്തിച്ചാൽ ജീവന് ആപത്ത് സംഭവിക്കാവുന്ന സാഹചര്യമുണ്ട. അക്രമവും, അനീതിയും, അസത്യവും, അഴിമതിയും, ഭികരവാദവും, ഹിംസ് , ചൂഷണം ,ബലാത്കാരം , പിടിച്ചുപറി, രോഗം , പട്ടിണി , ആത്മഹത്യ, അഭയാർത്ഥി ജീവിതം ,പേടിപ്പിക്കുന്ന വിലവർധനവ്, വിഷമയമായി കൊണ്ടിരിക്കുന്ന സാംസ്കാരിക സാമൂഹിക ജിവിത രിതികൾ , രാഷ്ട്രിയമായ അടിമത്വം , സർക്കാര ഉദ്യോഗസ്തരുടെ ഗർവ്വം, നിതിയിലാത്ത നികുതി, അസുരക്ഷ , രാഷ്ട്രദ്രോഹം, കള്ളപണം , മുതലായ അധാർമിക - രാക്ഷസീയ ദുഷ്ട ശക്തികൾ കൊടികുത്തി വാഴുന്നു. മനുഷ്യനിൽനൻമ നശിച്ചു

കൊണ്ടിരിക്കുന്നു. എല്ലവും വാണിഭത്തിനും ഭോഗത്തിനും , തിന്മ തന്നെ നന്മ എന്ന് ആസുരി ആശയം ശക്തിപെടുന്നു. ഹൃദയ ബന്ധങ്ങൾ തകർന്നു കൊണ്ടിരിക്കുന്നു. ഇങ്ങനെ നാശോന്മുഖമായി കൊണ്ടിരിക്കുന്ന മാനവരാശിയെ രക്ഷിക്കേണ്ടതുണ്ട്. അതിനായി ഇന്നത്തെ വ്യവസ്ഥയെ മാറ്റിമറിച്ച സത്യത്തിന്റെ സ്നേഹത്തിന്റെ ശാന്തിയുടെ സമൃദ്ധിയുടെ ഒരു വ്യവസ്ഥയെ സ്ഥാപികെണ്ടതുണ്ട.അതിന് ആദ്യമായി മനുഷ്യൻ പൂർണ്ണ മനുഷ്യനാകേണ്ടിയിരികുന്നു. എന്താണ പൂർണ മനുഷ്യൻ ?

ജിവൻ കേവലമായ ഏക കോശ ജീവിയായി, വെള്ളത്തിൽതന്റെ ജിവിതയാത്ര ആരംഭിച്ചു ജലവാസിയായി, സസ്യങ്ങളായി ഉഭയവാസിയായി, ബഹുകോശിയായി ഇന്ന് നാം കാണുന്ന മനുഷ്യരൂപം വരെയുള്ള സ്വരുപങ്ങളിൽപരിണമിച്ചു നിൽക്കുന്നു. മൃഗാവസ്തകളിലുടെ കടന്നുവന്ന്, ഇന്ന് ജീവൻ മനുഷ്യരുപം പ്രാപിച്ചെങ്കിലും, മൃഗമനുഷ്യനായി തുടരുകയാണ്.

ഈ മൃഗാവസ്ഥയിൽനിന്ന് നമ്മൾക്ക് ഉയരണ്ടെ ? മനുഷതവത്തിലേക്ക് ! , നമ്മൾക്ക് മനുഷ്യരാവണ്ടേ, മനുഷരേപോലെ ജിവിക്കണ്ടേ ? അതിന് നമുക്ക് മനുഷ്യതവം, എങ്ങനെ മൃഗതവത്തിൽനിന്നു വ്യത്യസ്ഥമായിരികുന്നു എന്നത് അറിയണം, മനുഷ്യതവത്തെ അറിയണം.

അത് അറിയണമെങ്കിൽഹിന്ദുതവത്തെ അറിയണം, അതുമാത്രമേ മാർഗമുള്ളൂ. ഈ ഭുമിയിൽഹിന്ദുതവം മാത്രമേ മൃഗാവസ്തയിലുള്ള മനുഷ്യരാശിയെ മനുഷ്യതവത്തിലേക്ക് ഉയർത്തുന്നുള്ളൂ. അതുകൊണ്ട് ഹിന്ദുതവം മനസ്സിലാക്കികൊണ്ട് മനുഷ്യതവത്തിലേക്ക് ഉയരേണ്ടതുണ്ട്. ആങ്ങനെ യഥാർത്ഥ മനുഷ്യരായികൊണ്ട നമ്മൾക്ക് ഈ ഭുമിയിൽസത്യം, സാഹോദര്യം, ഐക്യം, സ്വാതന്ത്ര്യം, സ്നേഹം, സമൃദ്ധി, ശാന്തി, സമാദാനത്തിന്റെ മാനവികതയുടെ ധർമദവജം ഗരുഡ പാതയിലേക്ക് ഉയർത്തേണ്ടതുണ്ട്.

എവിടെയും ആത്മീയ സൗന്ദര്യത്താൽനിറഞ്ഞു പൂർണ്ണമായ, ഏതിന്റെയും പേടിയില്ലാതെ സർവ്വചരാചരങ്ങളും, സർവ്വശക്ത, സർവ്വജ്ഞ, സർവ്വവ്യാപിയായ ഒരേ ഒരു ദൈവശക്തിയുടെ രൂപാന്തരങ്ങളെന്ന അറിഞ്ഞ, തിരിഞ്ഞ ദൈവത്തിൽലയിച്ചു പൂർണ്ണമാകുന്നതാണ് ജിവിത ലക്ഷ്യം എന്നു പറയുന്ന് കള്ളമില്ലാത്ത, ചതി, ദാരിദ്ര്യം, പട്ടിണി, രോഗം, അസഹായകത്വം, സർവ്വവിധ പേടികളിൽനിന്നും മുക്തരായി, എവിടെയും ആഹാരം, ആരോഗ്യം, ഫലം, പുഷ്പം, ശുദ്ധമായ വെള്ളം, ശുദ്ധമായ കാറ്റ്, ആശ്രയം, ധാരാളമായിസുലഭമായി കിട്ടാവുന്ന , സ്നേഹം-വിശ്വാസം , നയം-വിനയം , സത്യം , സമത്വം കാരുണ്യങ്ങളാൽനിറഞ്ഞ , പ്രകൃതി ശക്തിയുടെ നേടിയ വിഭവങ്ങളെ എപ്പോഴും മാനവ സമൂഹത്തിന്റെ വികസനത്തിന് വിനിയോഗിക്കുന്നതിനായി എല്ലാവരുടെയും ഉയർച്ചയാണ് സ്വന്തം ഉയർച്ച എന്ന് വിശ്വസിക്കുന്ന ... ശ്രേഷ്ഠമായ മാനവിയ ജനങ്ങളാൽനിറഞ്ഞ , സ്നേഹപൂർണ്ണം–വിശ്വസപൂർണം-ദൈവിക പ്രകാശം നിറഞ്ഞ, സർവ്വനന്ദ, സർവ്വ സുഖശാന്തി സമൃദ്ധി വികസനങ്ങളൂടെ അതിരുകളില്ലാത്ത് മാനവീയ ഹൈന്ദവ വിശ്വ മഹാ സാമ്രാജ്യം അഥവാ സത്യസുവർണ്ണ യുഗം സ്ഥാപിക്കേണ്ടിയിരിക്കുന്നു.

ഈ പുസ്തകത്തിലെ വിഷയങ്ങൾ പല സ്ഥലത്തിൽ നിന്നും പല ജ്ഞാനികളിൽ നിന്നും അന്തർ ജാല മീഡിയകളിൽ നിന്നും കിട്ടിയതാണ്. അതിനെ ഞാൻ മനസ്സിലാക്കി , പരിശോധിച്ചു , ശരി എന്നത് നിങ്ങളുടെ മുമ്പിൽ , നിങ്ങളുടെ അഭിപ്രായം, വിമർശനം, തിരുത്തലിന് വേണ്ടി നൽകുകയാണ്. എല്ലാവിധ പുനർ പരിശോധനകൾക്ക് ശേഷം , സനാതന വിശ്വീയ ആചാര്യ സഭയിൽ ഈ ഗ്രന്ഥത്തെ അവതരിപ്പിക്കേണ്ടതുണ്ട്. സനാതന വിശ്വീയ ആചാര്യ സഭയുടെ സർവ സമ്മതത്തിനു ശേഷം , ഈ ക്രോഡീകരണത്തെ വരുന്ന പുതിയ യുഗ - ലോക ക്രമത്തിലേക്കുള്ള ശുദ്ധീകരിച്ച സനാതന ധർമ്മത്തിന്റെ ഏക ധാർമിക അവലംബന ഗ്രന്ഥമായി പ്രഖ്യാപിക്കേണ്ടതുണ്ട്.

സത്യംനീതിധർമ്മത്തിനുവേണ്ടിയുള്ള ഓരോ വ്യക്തിയുടെ പോരാട്ടം ദൈവം കണ്ടറിഞ്ഞു സഹായിക്കട്ടെ. എല്ലാവിധ നന്മകളും ഉണ്ടാവട്ടെ, സത്യം ശക്തമായി ഓരോ വ്യക്തിയിലൂടെ മുന്നേറട്ടെ എന്ന് സ്നേഹാദരങ്ങളോടെ ആശംസിച്ചുകൊണ്ട്...

തുടങ്ങാം ......

കൂത്തുപറമ്പ

വി എസ്സ് സ്നേഹരാജ്

ശ്വേതവരാഹ കല്പം , വൈവസ്വത മന്വന്തരം - 7/14 ,

28/71 -കലിയുഗ വർഷം 5125,

കുംഭം 28. (2024,March 12th )

## ഭാഗം - 1

## സ്നേഹസ്മൃതി

### ഹൈന്ദവ ധർമ്മ പഠനം (പ്രാർഥമിക) പഠനം-1.

**ചോദ്യം-1)സനാതന , ഹൈന്ദവ ധർമത്തെ "മാനവരെ പൂർണ്ണ മാനവരാക്കുന്ന ധർമം" എന്ന് പറയുവാൻ കാരണമെന്താണ് ?**

**ഉത്തരം : നല്ല ചോദ്യം, മൃഗങ്ങളും സംസാരിക്കാറുണ്ട്, ആശയവിനിമയം ചെയ്യാറുണ്ട്, ജോലി ചെയ്യാറുണ്ട്, ഭക്ഷണം, വിശ്രമം, വിസർജനം, വിനോദം, സന്താനോല്പത്തി, ഇങ്ങനെ ജീവിച്ച ഒരു ദിവസം മരണമടയുന്നു. ഈ കർമ ക്രമമാണ് ജീവിതമെന്ന് വിചാരിച്ച് ഭൗതികത്തിൽമാത്രം മുഴുകി തിന്നു ,കുടിച്ചു, കളിച്ച, കിടന്ന്, വിസർജിച്ചി ഒരു ദിവസം കേവലമായ, മൃഗതുല്യമായ മരണമടയുന്ന മനുഷ്യനെ മനുഷ്യമൃഗം എന്ന് വിളിക്കുന്നു. ഇതിനുമപ്പുറം കടന്നിട്ട് ഞാൻ ആരാണ് ? എന്ന ചിന്ത ഉണരുമ്പോഴാണ് ഒരു മനുഷ്യമൃഗം പൂർണ്ണ മനുഷ്യനാകുന്നത്. ഞാൻ ഈ ദേഹമല്ല, കാരണം മരണം സംഭവിക്കുമ്പോൾ ദേഹം ഇവിടെ തന്നെ ഉണ്ടെങ്കിലും അതിനെ എന്റെ ശവം എന്നാണ് പറയാറ്. അപ്പോൾ ഈ ശവത്തിൽഉണ്ടായിരുന്ന ആ ഞാൻ എവിടെ? ഈ ദേഹത്തിൽനിന്ന് എങ്ങോട്ട് പോയി? എവിടെ നിന്നും വന്നതായിരുന്നു? ഈ ശരീരത്തിൽഎന്തിന്എങ്ങനെ കൂടി ? ഇപ്പോൾ ഈ ശരീരത്തെ എന്തിന് ഉപേക്ഷിച്ചു? മൃഗങ്ങൾക്ക് അന്യമായ ഈ വക ചിന്താ അലകൾ മസ്തിഷ്കത്തിൽഉയരുന്ന ആ ക്ഷണം, ആ ക്ഷണം.. മനുഷ്യമൃഗങ്ങൾ പരിണമിച് പൂർണ്ണമനുഷ്യരാകുന്നു. കേവലം സ്വർഗ്ഗേച്ഛയോടെ ഭൌതിക് സുഖംഭോഗം ലക്ഷ്യം വെച്ചു ജീവിച്ചാൽപൂർണ മനുഷ്യരാകുന്നില്ല. മൃഗാവസ്തയുടെ ദേഹബോധത്തിൽ നിന്ന് മനുഷ്യത്വത്തിന്റെ ആത്മ ബോധത്തിലേക്ക് ഉയർത്തുന്നതോടെ, ഹൈന്ദവ ധർമം സത്യാർതികളെ മൃഗത്വത്തിൽനിന്ന് പൂർണ്ണ മനുഷ്യത്വത്തിലേക്കും, ആത്മീയതയിലെക്കും, അവിടെ നിന്ന് ദൈവീകത്തിലേക്കും ഉയർത്തുന്നു.**

ഒരാളുടെ ഉള്ളിൽമൃഗങ്ങളിൽനിന്ന് വ്യത്യസ്തമായി – ശാസ്ത്രിയ അന്വേഷണത്തിന്റെ ഭാഗമായി, ഞാൻ ആരാണ് ? എന്താണ് എന്റെ നിത്യമായ അസ്ഥിത്വം? അതിനെ എനിക്ക് കണ്ടറിയണം, സാക്ഷാത്കരികണം ... എന്ന ഇച്ഛ , സത്യാന്വേഷണപരത എപ്പോൾ ബലമാകുന്നുവോ അപ്പോൾ ആ നിമിഷം . . . ആ നിമിഷം . . . അവർ പൂർണ്ണ–മനുഷ്യരായിരിക്കുന്നു. ഇവിടെയാണ് മനുഷ്യ ജന്മത്തിന്റെ ലക്ഷ്യംകർമ്മം തുടങ്ങുന്നത്. ഇവിടെയാണ് വിദ്യാഭ്യാസം തുടങ്ങുന്നത്. മൃഗാവസ്തയിൽനിന്ന് ഉണരുന്ന മനുഷ്യന്, തന്റെ നിജസ്ഥിതി പരിചയ പെടുത്തുന്ന വിദ്യാഭ്യാസം നൽകികൊണ്ടും, സകല ശാസ്ത്രങ്ങളെ വികസിപ്പിച്ചുകൊണ്ടും, അതിലൂടെ ഈ ദേഹവാസിയുടെ, ആത്മാവിന്റെ രൂപഭാവശക്തിപരിണാമങ്ങളെ വിശകലനം ചെയ്യുന്ന സനാതന / ഹൈന്ദവ ധർമ്മ ശാസ്ത്രം തുടങ്ങുന്നത്. അതുകൊണ്ടാണ് ഹൈന്ദവ ധർമ്മത്തെ മാനവരെ പൂർണ്ണമാനവരാക്കുന്ന ധർമം എന്ന് വിളിക്കുന്നത്.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-2) മനുഷ്യ ജന്മത്തിന്റെ അന്തിമ ലക്ഷ്യം സ്വർഗം അഥവാ മോക്ഷം ഏതാണ് ?**

**ഉത്തരം : "*ജനനി ജന്മഭൂമിശ്ച സ്വർഗാദപി ഗരീയസീ*" ഇത് പറഞ്ഞത സാക്ഷാൽശ്രീരാമചന്ദ്രനാണ് ശ്രീലങ്കയിൽവെച്ച്.ജനനിയും, ജന്മനാടും സ്വർഗത്തെക്കാളും ശ്രേഷ്ഠമാണ്. സ്വർഗത്തെക്കാളും ശ്രേഷ്ഠമായത് ഉണ്ടെങ്കിൽഒരിക്കലും സ്വർഗം അന്തിമ ലക്ഷ്യം ആയിരിക്കില്ലല്ലോ ? എന്താണ് സ്വർഗം ? സ്വർഗം (ഭ.ഗീ.2/43-44 & 9/20-21) ഒരു പരലോകമാണ്. അവിടെയും ജനനംമരണമുണ്ട . സ്വർഗത്തിലേക്ക് പോകാൻ ഉദ്ദേശിക്കുന്ന വരുടെ ലക്ഷ്യം എന്താണ് ? വെറും സുഖിക്കലാണ്. അവിടെ അപ്സരസ്സുകളുണ്ട , ഗന്ധർവ്വന്മാരുണ്ട്, സംഗീതം, നൃത്തം, സുരപാനം... കേവലം ഒരു പഞ്ചനക്ഷത്ര കാമാലയം മാത്രമാണത്. അവിടെ പണത്തിന് പകരം പുണ്യമാണ് കൊണ്ട് പോവേണ്ടത്. പുണ്യം തീർന്നാൽ അവിടെ നിന്ന് ചവിട്ടി പുറത്താക്കും. പിന്നെയും ഇതേ ഭൂമിയിൽവന്നു ഞെരങ്ങണം.. പിന്നെയും അതെ ദുരിതങ്ങൾ.**

ജീവന്റെ ഉള്ളിലെ തുടിപ്പ്, എപ്പോഴും താൻ എല്ലാവിധ അടിമത്വത്തിൽനിന്നും, അശ്രിതത്വത്തിൽനിന്നും, എല്ലാവിധ ബന്ധനങ്ങളിൽ, ചൂഷണംപിഢനങ്ങളിൽനിന്നും പുണ്യപാപങ്ങളിൽനിന്നും വിമുക്തരാവുക എന്നതാണ , താനെന്താണോ അതിന്റെ സാക്ഷാത്കാരം, പരിപൂർണത കൈ വരിക്കുക, സർവ്വജ്ഞ, സർവ്വശക്ത, സർവ്വവ്യപി -യായി തിരുക, അമരത്വം നേടുക എന്നതാണ. ഇതിനുള്ള വഴി പരിപൂർണ്ണത നേടുക എന്നതാണ്. അതിനു വേണ്ടത ഞാൻ ആരാണ് ? എന്ന അന്വേഷണത്തോടെ സാധനയിലുടെ ആത്മസാക്ഷാത്ക്കാരത്തിനായി പരിശ്രമിക്കുകയാണ്. അങ്ങനെ താൻ ഏതു മൂല ചെതനയിലൂടെയാണോ ഉണ്ടായത് അതായിത്തിരുന്നതിലൂടെ – അങ്ങനെ അതിൽലയിക്കുന്നതോടെ അത് പൂർത്തികരിക്കും. അങ്ങനെ ആ മൂല ചൈതന്യമായീത്തിരുക , അതിലുടെ ആ ചൈതന്യത്തിൽലയിക്കുക... ഇത് തന്നെയാണ് മോക്ഷം. ഇപ്പോൾ നിങ്ങൾ ചിന്തിക്കു സ്വർഗമാണോ – മോക്ഷമാണോ മാനവ ജീവിത ലക്ഷ്യമാകേണ്ടത്. സ്വർഗം എന്ന ലക്ഷ്യം ഒരാളെ കേവലമായ ഭോഗാസക്തനായ ഒരു ഗ്രാഹകനാക്കി മാറ്റുമ്പോൾ, മോക്ഷം എന്ന ലക്ഷ്യം നിങ്ങളെ സഹസ്ര സ്വർഗങ്ങളെ സൃഷ്ടിക്കാൻ കഴിവുള്ള ദൈവമാക്കി, സാക്ഷാൽപരബ്രഹ്മമാക്കിത്തിർക്കും. അതുകൊണ്ട് മോക്ഷമാണ നിങ്ങളുടെ ലക്ഷ്യമെങ്കിൽഹിന്ദുത്വത്തെ അറിയുക , പൂർണ്ണ രൂപത്തിൽമനസ്സിലാക്കുക, പൂർണ്ണ മാനവരാകുക.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-3)ഹൈന്ദവരുടെ ഈശ്വര സങ്കൽപം ഏതാണ് ? (നിരീശ്വരവാദം , ദ്വൈതം , വിശിഷ്ടാദ്വൈതം , ദ്വൈതാദ്വൈതം ,അദ്വൈതം)**

**ഉത്തരം:** മൃഗ മനുഷ്യാവസ്ഥയിലുടെ ഉയർന്നു ദിവ്യതയിലെക്ക് എത്തി പരിപൂർണ്ണനാകുന്നതുവരെ മാനവരുടെ ഈശ്വര സങ്കൽപത്തിൽവന്ന മാറ്റങ്ങളെ സുചിപ്പിക്കുന്നവയാണ്, ഇനി പറയാൻ പോകുന്ന നാലു തത്വങ്ങൾ .

1.നിരീശ്വരവാദം ,

2.ദ്വൈതം,

3.വിശിഷ്ടാദ്വൈതം

**4.പിന്നെ പരിപൂർണ്ണവും സനാതന / ഹൈന്ദവ ഈശ്വര സങ്കൽപവുമായ അദ്വൈത തത്വം.**

**ആദ്യം നിരീശ്വരവാദം - ഒന്ന് നോക്കാം.(ഭ.ഗീ.16/4-20) ഈ വിശ്വത്തെ നയിക്കുന്ന ഒരു ഈശ്വരനില്ലെന്നും ,ഈ വിശ്വത്തിന് ആധാരമില്ലെന്നും, കേവലം താനെ ഉണ്ടായി ലൈംഗികാഭിലാഷം കൊണ്ട മാത്രം മുന്നോട്ട് പോയികൊണ്ടിരിക്കുന്ന ഒരു പ്രക്രിയ മാത്രമാണ സൃഷ്ടി – വികാസം – പ്രളയങ്ങളായ പ്രതിഭാസങ്ങൾ എന്നതാണ ഈ തത്വം.**

**ഈ പ്രകൃതിയിലേക്ക് ഒന്ന് ശ്രദ്ധിച്ച് നോക്കുക. എത്ര വ്യവസ്തിതമായിട്ടാണ് ഇത് സൃഷ്ടിക്കപ്പെട്ടിറിക്കുന്നത്, സ്ഥിതിചെയ്യുന്നത്, പ്രവർത്തിക്കുന്നത്. കീടങ്ങളിൽനിന്ന് കീടങ്ങളുണ്ടാവുന്നു, പക്ഷികളിൽനിന്ന് പക്ഷികളുണ്ടാവുന്നു , പശുക്കളിൽനിന്ന് പശുക്കളുണ്ടാവുന്നു, മനുഷ്യരിൽനിന്ന് മനുഷ്യരുണ്ടാവുന്നു. പുഷ്പങ്ങളിൽ തേനുണ്ടാവുന്നു, പാമ്പുകളിൽവിഷം, വർണ്ണ രഞ്ജിതമായ തുമ്പികൾ , രാത്രിയാകുന്നു, പകലാകുന്നു, വെയിൽ, മഴ, കുളിർ , കടൽ, മേഘം എത്ര അത്ഭുതം ! ജീവികൾ പുറത്ത് തള്ളുന്ന വിഷവായു പിടിച്ചെടുത്ത്, ജീവികൾക്ക് പ്രാണവായു ഉണ്ടാക്കി കൊടുക്കുന്ന സസ്യങ്ങൾ, എത്ര ശ്രേഷ്ഠതരം ഈ വായു ശുദ്ധികരണ പ്രക്രീയ. ഗുരുത്വാകർഷണം, ഗ്രഹങ്ങളുടെ പരിക്രമണം, അവയവങ്ങളുടെ ഉൽപത്തി, വളർച്ച എത്ര അത്ഭുതം. സൃഷ്ടിയിലെ സമസ്തവും സ്വയം നിയമത്തെ പാലിക്കുന്നു. ഇത്രയും നിയമബദ്ധമായി, സൃഷ്ടിക്കപ്പെട്ട നിയന്ത്രിതമായി പ്രവർത്തിക്കുന്ന ഈ പ്രകൃതി ഒരു നിയാമകനില്ലാതെ താനെ ഉണ്ടായി താനെ നിലനിൽക്കുന്നു എന്ന് പറയുന്നത് എത്ര ബാലിശമാണ. ഈ നീരിശ്വര തത്വത്തെ സനാതനം ഹൈന്ദവം തള്ളി കളഞ്ഞിരിക്കുന്നു.**

**ഇനി ദ്വൈതം , ഇതിനെ സനാതനം അദ്വൈതത്തെക്കുള്ള ഇടത്താവളമായിട്ടാണ കാണുന്നത്. മൃഗാവസ്ഥയിൽനിന്ന ഉണരുന്ന ജീവൻ, ഈ സമഷ്ടിയെ ഏതോ ഒരു ശക്തി നിയന്ത്രികുന്നുണ്ടെന്നും, ആ ശക്തിയുടെ ഇച്ഛയാണ് ഈ ലോകത്തിൽനടക്കുന്നത എന്നത് മനസ്സിലാക്കി, ആ ദൈവശക്തിയെ പേടിച്ചു, അത് തന്നിൽനിന്നും, സമഷ്ടിയിൽനിന്നും അന്യമാണെന്ന, സൃഷ്ടിയും – സൃഷ്ടികർത്താവും രണ്ടാണ എന്നതാണ ഈ ഈശ്വരവാദം. പൌരാസ്ത്യർ**

ദൈവത്തെ പിതാവ്, മാതാവ്, പതി, പത്നി, മകൻ, മകൾ, സഹോദരൻ, സഹോദരി, കാമുകൻ, കാമുകി, സഖാ, സഖി ഭാവങ്ങളിൽസംകലിപ്പിച്ചു ആരാധിക്കുന്നു. പാശ്ച്യാതർ ഉയരങ്ങളിൽഎവിടെയോ ആകാശത്തിൽഅല്ലെങ്കിൽസ്വർഗം എന്ന ലോകത്തിൽസിംഹാസനത്തിൽഇരുന്ന് കൊണ്ട് സമസ്ത സൃഷ്ടിയെ സൃഷ്ടിച്ചുവിട്ടിട്ട്, മനുഷ്യരെ പരീക്ഷിക്കുന്നതിനു വേണ്ടി ഭുമിയിൽജീവിക്കാൻ അവസരം നൽകി , ഇതിനിടിയിൽഅവരെ വഴി തെറ്റിക്കാൻ സാത്താനെയും സാത്താനെ സഹായിക്കാൻ ആവശ്യമുള്ള സർവ്വ മോശമായതിനെയും സൃഷ്ടിച്ച്, അവസാനമായി മനുഷ്യരെ ന്യായ വിചാരണ ചെയ്ത സ്വർഗ്ഗത്തിലേക്കോ – നരകത്തിലേക്കോ തള്ളിവിടുന്ന ഭയപെടുതുന്ന, ശിക്ഷിക്കുന്ന, അസഹിഷ്ണുവായ, പ്രതികാര ചെയ്യുന്ന, ബലി ആവശ്യപെടുന്ന, ക്രൂര വിനോദിയായ, നിഷ്ട്ടുരനായ, ഒരു സൃഷ്ടി കർത്താവും, അയാളുടെ കീഴിൽഎല്ലാവരും അടിമകളായി കഴിയുക എന്ന മനുഷ്യ സ്നേഹത്തിന് കടിഞ്ഞാണമിടുന്ന, ഭയം ഉണ്ടാക്കുന്ന ഈശ്വരവാദം. ഈ സൃഷ്ടികർത്താവിനെ പ്രീതി പെടുത്തുവാൻ തങ്ങളുടേതായ ഒറ്റ ഒരു മതമേയുള്ളു എന്ന കൃത്രിമമായ മത വിധികൾ കൊണ്ട് നടക്കുന്ന ഈ വാദം ശാസ്ത്രത്തിന്റെ, ജ്ഞാനത്തിന്റെ, യുക്തിയുടെ അഭാവത്തിൽമാത്രമേ നിലനില്കുന്നുള്ളു. മാനവർ പോലും ഈ ഭൂമിയിൽസ്വാതന്ത്ര്യം, സമത്വം, സഹഭാഗിത്വം ആവശ്യപ്പെടുമ്പോൾ ഈ ഈശ്വരവാദത്തിൽഎപ്പോഴും തന്റെ സൃഷ്ടിയെ അടിമകളാകി വാഴാനും, ശിക്ഷികാനും കൊതിക്കുന്ന് ഒരു യജുമാനനായ ഭയപ്പെടുത്തുന്ന ക്രുരതയിൽരസം കാണുന്ന ഒരു സൃഷ്ടി കരത്താവ്. സഹജതയ്ക്ക് എതിരായ ഒരു ആഭാസമാണിത്. ഇത് മൃഗങ്ങളുടെ കൂട്ടായ്മയ്ക്ക് തുല്യമാണ് . ചെന്നായ്ക്കളുടെ കൂട്ടം , ആനകളുടെ കൂട്ടം അങ്ങനെ പോകും. ഈ കൂട്ടങ്ങളിൽ ഒരു ഉടമയുണ്ടാകും മറ്റുള്ളവരെല്ലാം അടിമകളാണ്. ഉടമയെ സന്തോഷിപ്പിച്ചാൽ അടിമയ്ക്ക് സുഖം ഇല്ലെങ്കിൽ നരകം. ഇത് തന്നെയാണ് ഈ വാദിത്തിലെയും തത്വം. സൃഷ്ടിയുംസ്രിഷ്ടികർത്താവും അടിമയുംഉടുമയും എന്ന–തദ്വിരുദ്ധമായ രണ്ടു ശക്തികൾ അതിരുകൾ സ്ഥിരമായി ഈ പ്രപഞ്ചത്തിൽനിലനിൽക്കുന്ന അശാസ്ത്രിയവും പ്രകൃതിതത്വങ്ങൾക്ക ഇണങ്ങാത്തതും അധാർമ്മികവും ബാലിശവുമായ ഈശ്വരവാദം. സൃഷ്ടിയുംസ്രിഷ്ടികർത്താവും

അടിമയുംഉടുമയും എന്ന-തദിരുദ്ധമായ രണ്ടു ശക്തികൾ അതിരുകൾ സ്ഥിരമായി ഈ പ്രപഞ്ചത്തിൽനിലനിൽക്കുന്നതു കൊണ്ട അശാസ്ത്രിയവും പ്രകൃതിതത്വങ്ങൾക്ക ഇണങ്ങാതതുമാണ ഈ ഈശ്വരവാദം.

ഇനി മൂന്നാമതായ വിശിഷ്ടാദ്വൈതം, ഇതിനെയും ഹൈന്ദവം അദ്വൈതത്തെക്കുള്ള ഇടത്താവളമായിട്ടാണ കാണുന്നത. സമഷ്ടി ഈശ്വരന്റെ ശരീരമാണെന്നും, ആ ശരീരത്തിന്റെ ഭാഗങ്ങൾ അഥവാ അംഗങ്ങളാണ് ജീവന്മാരും, പ്രകൃതിയും എന്നതാണ ഇതിന്റെ വാദം. (ദൈവമെന്ന ബാഹ്യ വിശ്വതിനുള്ളിൽസൃഷ്ടി / പ്രകൃതി എന്ന് ചെറിയ വിശ്വം) ശരീരത്തിന് അംഗങ്ങളില്ലാതെ നിലനിൽപില്ല. അതുപോലെ ശരീരമില്ലാതെ അംഗങ്ങൾക്കും നിലനിൽപില്ല. അങ്ങനെ ആ ഒന്നിന്റെ ഭാഗമായ താനും ആ ഒന്ന് തന്നെയാണെന്നു ഉദ്ഘോഷിക്കുന്ന വാദമാണിത.

ഇനി ഭേധഭേധ അഥവാ ദ്വൈതാദ്വൈതം , ഇതിൽ പ്രകൃതിയെയും ചെതനയെയും രണ്ടായിട്ട് തന്നെ കാണുകയും , അതെ സമയം ഈ രണ്ടും വേറെയൊരു പരമമായ ഒന്നിന്റെ തന്നെ പ്രതിഭാസമാണെന്ന് വാദിക്കുന്നു. അങ്ങനെ ഭേധത്തിൽ അഭേധം അഥവാ ദ്വൈതത്തിൽ അദ്വൈതം കാന്നുന്ന തത്വമാണിത്. എങ്കിൽ ഈ മുന്ന് പദാർത്ഥ കിടയിൽ അഖണ്ടതയ്ക്ക് ഭംഗം വരും എന്നതിനാലും ഞാൻ പരമ സത്യത്തിൽ നിന്ന് വേറെയാണ് എന്ന ചിന്ത മോക്ഷ സാധനയ്ക്ക് ചെറുതായി തടസ്സം നിൽക്കും എന്നതിനാലും ഇതിനെയും സനാതനം അദ്വൈതത്തിലേക്കുള്ള പടിയായി തന്നെ കാണുന്നു.

ഇനി അന്തിമമായി വളരെയേറെ സാധനയിലുടെ , ജ്ഞാനത്തിന്റെ പരാകാഷ്ടയിൽനിന്ന തെളിഞ്ഞു വന്ന പരിപൂർണ്ണമായ ഒരു തത്വമാണ അദ്വൈത തത്വം. ഇവിടെ രണ്ടില്ല, ഒന്നേയുള്ളൂ. ശാസ്ത്രിയവും , യുക്തിഭദ്രവും, ധർമ്മയുക്തമായ സനാതന – ഹൈന്ദവ ഈശ്വരസങ്കൽപമാണിത. പ്രജ്ഞാനം ബ്രഹ്മം (ഋഗ്വേദം) , അഹം ബ്രഹ്മാസ്മി (യജുര്വേദം) , തത്ത്വമസി (സാമവേദം) , അയമാത്മാ ബ്രഹ്മ (അഥര്വേദം) , ഈശാവാസമിദം സർവ്വം (ഉപനിഷത്) , സർവ്വം ഖല്വിദം ബ്രഹ്മം (ഛാന്ദോഗ്യ ഉപനിഷത്) എന്ന് സർവ്വതിലും ഈശ്വര ശക്തിയെ ദർശിക്കുന്ന, ഒറ്റ ഒരു മൂലചൈതന്യത്തിന്റെ രൂപാന്തരങ്ങളാണ് സമഷ്ടിയിലെ സർവ്വ ചരാചരങ്ങളും , ഒരു ശക്തിയെ സൃഷ്ടിക്കുവാനോ , നശിപ്പിക്കുവാനോ

കഴിയില്ല. ഒരു ശക്തിയെ ഇനിയൊരു ശക്തിയായി രൂപാന്തരം ചെയ്യുവാനെ കഴിയൂ , വിശ്വത്തിന്റെ മൊത്തം ശക്തിയുടെ മൂല്യം എപ്പോഴും സ്ഥിരാങ്കമാണ്. വിശ്വത്തിലുള്ള സർവ്വശക്തി വൈവിധ്യങ്ങളും ഒറ്റ ഒരു ശക്തിയിൽനിന്നുള്ള ആവിർഭാവങ്ങൾ, രൂപാന്തരങ്ങൾ മാത്രമാണെന്ന് ശാസ്ത്രീയ സത്യത്തിന് പിൻബലമെകികൊണ്ട, യുക്തിഭദ്രവും, ശാസ്ത്രീയ അടിതരയുള്ളതുമാണ് ഈ ഈശ്വരതത്വം. ദൈവം പ്രപഞ്ചത്തിൽനിറഞ്ഞു നിൽക്കുന്നു. അത് എല്ലായിടത്തുമുണ്ട്. ഇവിടെ തന്നിൽ നിന്ന് അന്യനായി ഒരു ദൈവത്തിനും നിലനിൽപ്പില്ല. ഈവിടെ സമസ്തവും ഈശ്വരൻ തന്നെയാണ്. ഈശ്വരനല്ലാത്തത് ആയി ഒന്നുമില്ല. തൂണിലും തുരുമ്പിലും , തന്നിലും സമഷ്ടിയിലും , സൃഷ്ടിയിലും പ്രളയത്തിലും , ദൈവമാത്രം. ഈശ്വരൻ മാത്രം ഈശ്വരൻ തന്നെ സൃഷ്ടിയും , ഈശ്വരൻ തന്നെ സ്രിഷ്ടികർത്താവും . ഒരു ഉദാഹരണം പറയാമെങ്കിൽഇവിടെ ഈശ്വരൻ ഒരു നർത്തകനെ പോലെയാണ്. അല്ലാതെ ചിത്രകാരനെ പോലെയല്ല. ചിത്രം വരച്ചു കഴിഞ്ഞാൽചിത്രവും ചിത്രകലാകാരനും വെവ്വെറെയാണ് സൃഷ്ടിയും-സൃഷ്ടികർത്താവും , എങ്കിൽനൃത്തത്തിലാവട്ടെ നർത്തകനും നൃത്തവും പൂരകമാണ്. നർത്തകനില്ലെങ്കിൽനൃത്തമില്ല. നൃത്തമില്ലെങ്കിൽനർത്തകനുമില്ല. നർത്തകനിൽ നൃത്തമുണ്ട , നൃത്തത്തിൽ നർത്തകനുമുണ്ട്.

ദൈവം തന്നെ സൃഷ്ടിയായി രൂപാന്തരപ്പെടുന്നു. സൃഷ്ടിയിലെ ഓരോ ചലനങ്ങളും ദൈവത്തിൻറെ ചലനങ്ങളാണ. ഓരോ വ്യക്തിയും ദൈവത്തിന്റെ രൂപാന്തരം തന്നെയാണെങ്കിലും തന്റെ സ്വ-ഭാവം (അഹം-ഭാവം) കൊണ്ട് തന്റെ ഉള്ളിൽസ്ഥിതി ചെയ്യുന്ന ഈശ്വരനെ, സത്യത്തെ തിരിച്ചറിയുന്നില്ല. എപ്പോൾ സാധന കൊണ്ട് സ്വ-ഭാവത്തെ , തന്നില്ലുള്ള –തന്നെയും (ഭ.ഗീ.18/61) സർവ്വതിനെയും നയിക്കുന്ന അഖണ്ഡമായ (ഭ.ഗീ.13/17) ഈശ്വരനിൽലയിപ്പിക്കുന്നുവോ അപ്പോൾ ആത്മസാക്ഷാത്ക്കാരം – ദൈവസാക്ഷാത്ക്കാരം –ബോധോദയം ഉണ്ടാകുന്നു. സർവ്വവും ദൈവമാണെന്ന്, സർവ്വവും അഖണ്ഡമായ ആത്മാവിന്റെ ആവിഷ്കാരമാണെന്ന് സത്യം മനസ്സിലാക്കികൊണ്ട് സ്വയം ഈശ്വരനായി വിളങ്ങുന്ന ഈ അവസ്ഥയാണ് കൈവല്യം അഥവാ മോക്ഷം പ്രാപിച്ച അവസ്ഥ എന്ന് പറയപെടുന്നത്. ഞാനും

**നിങ്ങളും സർവ്വവും ഈശ്വരൻ തന്നെയാണ്. ഈശ്വരനല്ലാതതായ ഒന്നും ഇവിടെയില്ല.**

**"ഞാൻ ദൈവമാകുന്നു" ,**

**അതുകൊണ്ട് "അത് നീ ആകുന്നു " ,**

**അങ്ങനെ "ഈശാ വാസമിദം സർവ്വം".**

**ഇതാണ് ഹൈന്ദവ ഈശ്വര തത്വം. അവസാനമായിട്ട് മറ്റുള്ള ഈശ്വരവാദങ്ങളിൽ ഒറ്റ ഒരു ദൈവമേ ഉള്ളു. എങ്കിൽ സനാതന ധർമ ഈശ്വരവാദത്തിൽദൈവം മാത്രമേ ഉള്ളു. ദൈവമാല്ലാത്തതായ ഒന്നുമേ ഇല്ല.**

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-4)മനുഷ്യ ദൈവവും , മുപ്പത്തിമുക്കോടി ദൈവങ്ങളും ?**

**ഉത്തരം:മനുഷ്യമൃഗം എന്ന സങ്കൽപത്തെ പറ്റി നമ്മൾ ആദ്യം കണ്ടു. അവിടെ നിന്ന് എങ്ങനെ പൂർണ്ണ മനുഷ്യനാക്കാം എന്നതും നമ്മൾ കണ്ടു. ഇതിന്റെ അടുത്ത ഘട്ടമാണ് മനുഷ്യദൈവം എന്ന അവസ്ഥ. എപ്പോൾ സാധനയുടെ ബലത്തിൽഈശ്വര സാക്ഷാത്ക്കാരം , ആത്മസാക്ഷാത്ക്കാരം ഒരു മനുഷ്യൻ നേടുന്നുവോ അപ്പോൾ ആ മനുഷ്യനിൽ(സ്ത്രീ/പുരുഷന്) ദൈവികത്വം നിറഞ്ഞു നിൽക്കുന്നു. അങ്ങനെ ആ സ്ത്രീ അഥവാ ആ പുരുഷൻ ദൈവിക ഗുണങ്ങളോടെ വിളങ്ങുന്നു. ദൈവികത്വം നിറഞ്ഞു തുളുമ്പുന്ന ആ മനുഷ്യനെ (സ്ത്രീ/പുരുഷന്) സാദാരണക്കാർ "മനുഷ്യദൈവം" എന്ന് വിളിക്കുന്നു. പണ്ഡിതർ അവതാരം എന്നും വിളിക്കുന്നു. ഇങ്ങനെ ഒരാളെ മനുഷ്യ ദൈവമായി അംഗീകരിക്കുമ്പോൾ വാസ്തവത്തിൽനമ്മളും ഒരു ദിവസം ദൈവമായിത്തിരുവാൻ സാധ്യതയുണ്ട് എന്നതിന്റെ അംഗീകാരംക്കുടിയാണത്. അത് നമുക്ക് നമ്മുടെ ജീവിത ലക്ഷ്യം ഓർമ്മപെടത്തുന്നു. മനുഷ്യ മൃഗത്തിൽനിന്ന് നമ്മളെ അനന്തസാധ്യതകളിലേക്ക് കൈപിടിച്ച് ഉയർത്തുന്നു. പരിപൂർണ്ണതയിലെക്കുള്ള വെളിച്ചമാകുന്നു. ദൈവികതയിലെക്കുള്ള സാധനയാക്കുന്നു.**

**ഇതിനെ കണക്കിന്റെ സഹായത്താൽഒന്ന് പരിശോധിക്കാം. നിങ്ങൾ കേട്ടിട്ടുണ്ടാകും ഹൈന്ദവർക്ക് മുപ്പത്തിമുക്കോടി ദൈവങ്ങൾ ഉണ്ടെന്ന്. എങ്കിൽതെറ്റിധരിക്കപ്പെട്ടിരി -ക്കുന്നു എന്ന മാത്രം. സംസ്കൃതത്തിൽകോടി എന്ന**

പദത്തിന് വിഹിതം, ഭാഗം, ശതമാനം എന്ന അർത്ഥവുമുണ്ട്. സാമാന്യമായി മനുഷ്യരിൽ മുപ്പത്തിമൂന്ന് ശതമാനം ദൈവത്വവും, മുപ്പത്തിമൂന്ന് ശതമാനം മനുഷ്യത്വവും, മുപ്പത്തിമൂന്ന് ശതമാനം മൃഗത്വവുമുണ്ട. ദൈവത്വം കുടുതലുള്ള ജനങ്ങളെ നമ്മൾ അവതാരമെന്നും , സാദാരണ ജനം മനുഷ്യദൈവമെന്നും വിളിക്കുന്നു. മൃഗത്വം കുടുതലുള്ള ജനങ്ങളെ നമ്മൾ അസുരൻ , രാക്ഷസൻ , അഥവാ മനുഷ്യമൃഗമെന്നു വിളിക്കുന്നു. പിന്നെ മനുഷ്യത്വം  കുടുതലുള്ള ജനങ്ങളെ നമ്മൾ  മഹത്മാവെന്നും പുർണ്ണ –മാനവരെന്നും വിളിക്കുന്നു. തന്നിലുള്ള ദൈവത്വം മുപ്പത്തിമൂന്ന് ശതമാനത്തിലേറെ വർധിപ്പിക്കാൻ ഒരാൾക്ക് കഴിഞ്ഞാൽഅയാൾ അവതാരം അഥവാ സാദാരണ ജനം പറയുന്നതുപോലെ മനുഷ്യദൈവം ആയിതിരും.

ഇനി  വേദ സമ്പ്രദായത്തിൽ മുപ്പതിമുന്ന് ദേവതകളാനുള്ളത്. അവർ 11 രുദ്രന്മാരും , 12 ആദിത്യന്മാരും 8 വസുകളും പിന്നെ രണ്ടു അശ്വിനി കുമാരന്മാരും.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

### ചോദ്യം-5) ഹൈന്ദവം ഒരു വിശ്വാസമോ ?

ഉത്തരം : അല്ല, ഹിന്ദു സത്യാന്വേഷിയാണ്. ഓരോ ഹിന്ദുവും സ്വയം ദൈവമായിതീരുന്നതിനാണ് ജീവിക്കുന്നത്. വിശ്വാസം മൂഢമാണ്, അന്ധമാണ്. യുക്തിയുടെ ,ബുദ്ധിയുടെ ശാസ്ത്രത്തിന്റെ അഭാവത്തിൽമാത്രമേ നിലനിൽക്കുന്നതും, അടിച്ചേൽപ്പിക്കപെടാവുന്നതുമാണ്. സ്വാതന്ത്ര്യത്തിന്റെ മാതാവ് താരാട്ടു പാടി ഉമ്മവെച്ച് വളർത്തിയ സ്വാഭിമാനികളായ ഹൈന്ദവർക്ക് ഒരിക്കലും വിശ്വാസികൾ മാത്രമാവാൻ കഴിയില്ല. കാരണം വിശ്വാസം അടിമത്വം ആവശ്യപ്പെടുന്നു. വിശ്വാസം സത്യമാകണമെന്നില്ല അതൊരു വിശ്വാസം മാത്രമാണ്.ഉദാഹരണത്തിന് പാശ്ചാത്യരുടെ, ഭൂമിയെ പറ്റിയുള്ള പരാമർശത്തെ നോക്കാം, ”ഭൂമി കിടക്കയെ പോലെ പരന്നതാണെന്നു, പർവതങ്ങളെന്ന് അണികളാൽതരച്ചു നിശ്ചൽമാകപ്പെട്ടതും , ചലന ശേഷിയില്ലാത്ത കേവലം അടിത്തറ മാത്രമാണ്, ഭൂമിയാണ സൗര വ്യുഹത്തിന്റെ കേന്ദ്രം, സൂര്യൻ ഭൂമിയെ പരിക്രമണ ചെയ്യുന്നു” എന്ന് ശാസ്ത്രത്തിന്

നിരക്കാത്ത വിശ്വാസം. ഇതിന്റെ എതിരായി സൂര്യനാണ സൗര വ്യൂഹതിന്റെ കേന്ദ്രമെന്നും , ഭൂമി സൂര്യനെ പരിക്രമണ ചെയ്യുന്നുവെന്ന് സത്യം വിളിച്ചു പറഞ്ഞ് കോപ്പർനിക്കസ്സ് , ഗെലിലിയോ എന്ന ജ്യോതി ശാസ്ത്രഞ്ജർ അനുഭവിച്ചത് ക്രൂരമായ പീഡനമായിരുന്നു. **1600** കളിൽ അതി ക്രൂരമായി ബ്രൂണോ ചുട്ടു കൊല്ലപ്പെട്ടു. എങ്കിൽപിന്നീട് പാശ്ചാത്യർ തങ്ങളുടെ വിശ്വാസം മാറ്റേണ്ടി വന്നു, സത്യം ഉൾക്കൊള്ളേണ്ടി വന്നു. അതേപോലെ ഈ പാശ്ചാത്യർ സർപ്പത്തെ പിശാചാണെന്ന വിശ്വസിക്കാൻ നിർബന്ധം പിടിക്കുന്നു. എന്താണ് സത്യം ? ഒന്നാലോചിക്കൂ , വിലക്കപ്പെട്ട് കനി തിന്നാൻ പ്രേരിപിച്ചതുകൊണ്ടാണല്ലോ സർപ്പത്തെ പിശാചെന്നു വിളിക്കുന്നത. ശരി ആ സംഭവ വികാസങ്ങളിലെക്ക് നമുക്കൊന്ന് ഇറങ്ങി നോക്കാം . വിലക്കപ്പെട്ട കനി തിന്നുന്നതുവരെ ആ രണ്ടു പേരും (ആദമും ഇവും) എങ്ങനെ ജീവിച്ചിരിന്നു ? മൃഗങ്ങളെപോലെ , സ്വയം ബോധമില്ല , മാനമില്ല , നാണമില്ല, വിശക്കുമ്പോൾ തിന്നും, ഉറക്കംവരുമ്പോൾ ഉറങ്ങും, അങ്ങനെ മൃഗതുല്യമായ അടിമ ജീവിതം നയിച്ചിരിന്ന ഇവരോട് ജ്ഞാനത്തിന്റെ കനി തിന്നാൻ പ്രേരിപ്പിച്ച സർപ്പം ഇവരെ മൃഗത്വതിൽനിന്ന മാനവിയതയിലേക്ക് ഉയർത്തുകയായിരിന്നു. സ്വബോധം ഉണ്ടായി. നാണംമാനമുണ്ടായി, അടിമത്വത്തിൽനിന്ന് മുക്തരായി , തന്നിൽതന്നെ അന്തർ ലീനമായിരിക്കുന്ന ദിവ്യത്വത്തെ , സൃഷ്ടിക്കാനുള്ള സാമർഥ്യത്തെ അറിഞ്ഞു, ദൈവികത്വതെ അറിഞ്ഞു, അങ്ങനെ തന്നിലെ പരമബോധത്തെ സാക്ഷാത്കരിക്കാൻ സഹായിച്ച സർപ്പത്തെ കുണ്ടിലിനിശക്തിയായി, ആദിഗുരുവായി കരുതി ആരാധിക്കുകയല്ലേ വേണ്ടത്? അല്ലാത്തെ നിന്ദിക്കുകയാണോ വേണ്ടത്? ഇങ്ങനെയാണ വിശ്വാസം അടിച്ചേല്പിക്കപെടുന്നത്. അത് സത്യമാകണമെന്നില്ല.

എങ്കിൽസത്യം എപ്പോഴും സത്യം മാത്രമായിരിക്കും. ഹൈന്ദവർ തങ്ങളുടെ ദർശനത്തെആശയത്തെ ശാസ്ത്രമായിട്ടാണ് വളർത്തി കൊണ്ട് വന്നിരിക്കുന്നത്. ഇവർക്ക് ദർശനം ശാസ്ത്രീയ സത്യമാണ്. വീക്ഷണവും പരീക്ഷണവും അതിലുടെ കിട്ടുന്ന അനുഭവ സത്യമാണ് ഹൈന്ദവം. അതുകൊണ്ട് സനാതന ഹൈന്ദവ ധർമ്മത്തെ പഠിപ്പികേണ്ട ആവശ്യവും വരുന്നില്ല. ആവശ്യമുള്ളവരും, ആന്വേഷിക്കുന്നവരും ആ പ്രയോഗ പരീക്ഷണങ്ങളിലുടെ കടന്നു

പോകുന്നവർക്കെല്ലാം ആ മഹാസത്യത്തെ തങ്ങളുടെ പൂർവ്വികർ അനുഭവിച്ചത്പോലെത്തന്നെ സ്വയം കണ്ടെത്താവുന്ന ശാസ്ത്ര പഠനമാണ്. എങ്കിൽവിശ്വാസത്തെ പഠിപ്പിച്ചേ മതിയാവു. കാരണം ഏതോ വ്യക്തിഗത അഭിപ്രായം, അത് സത്യമാകണമെന്നൊന്നുമില്ല. കേവലം സങ്കൽപം മാത്രമായിരിക്കാം. സ്വയം വേറൊരാൾക്ക് അനുഭവിക്കാൻ കഴിയാത്തത് കൊണ്ട് അശാസ്ത്രീയമായ ഈ വിശ്വാസത്തെ പറഞ്ഞ് പരത്തേണ്ട ആവശ്യമുണ്ട്. എന്നാലെ ഒരാളിൽനിന്ന് മറ്റൊരാൾ ഇതിനെ മനസ്സിലാക്കും. ഇല്ലെങ്കിൽആ വിശ്വാസം മാഞ്ഞു പോകും. എങ്കിൽഒരാളുടെ അനുഭവം, ഏവർക്കും ആ പ്രയോഗ പരീക്ഷണങ്ങളിലൂടെ കടന്നു പോകുമ്പോൾ അതേപോലെ അനുഭവിക്കാൻ കഴിയുമെങ്കിൽശാസ്ത്രീയമായ ആ ധർമ്മത്തെ പറഞ്ഞ് പരത്തെണ്ട ആവശ്യമില്ല. ആവശ്യമുള്ളവരെല്ലാം സ്വയം കണ്ടെത്തിക്കൊള്ളും ഇത് എപ്പോഴും തന്റെ ഉള്ളിലും പ്രകൃതിയിലും ഉണ്ട്. ഒരിക്കലും ഇല്ലാതാകുന്നില്ല . അതുകൊണ്ട് പ്രയോഗപരിക്ഷണങ്ങളെ അറിവിനായി അവലംബിക്കുന്ന ഹൈന്ദവർക്ക് വിശ്വസിയാവേണ്ട ആവശ്യമില്ല. അവർ സത്യാന്വേഷികളാണ്. വിശ്വാസം കൊണ്ട് പരിപൂർണ്ണത നേടാനാവില്ല. സനാതനർ ജീവികുന്നത് പരിപൂർണ്ണത നേടുവാനാണ്. അതിന് അന്വേഷണം, പരീക്ഷണം, വിശ്ലേഷണം, വിമർശനം, വീക്ഷണം, ദർശനവുമാണ് വഴി. അല്ലാത്തെ സ്വബുദ്ധിയെ പണയം പെടുത്തി കൊണ്ടുള്ള വിശ്വാസമല്ല.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

### ചോദ്യം-6) ഹൈന്ദവം ഒരു മതമോ ?

ഉത്തരം : അല്ലെ...അല്ല ! ഹൈന്ദവം ഒരു ശാസ്ത്രോക്ത ജീവിത പദ്ധതിയാണ്. ഒരു സംസ്കാരമാണ്. ചരിത്രാതീത കാലം മുതലേ ശാസ്ത്ര സത്യങ്ങളെ പ്രപഞ്ച വിജ്ഞാനത്തെ ക്രോഢീകരിച്ച് തലമുറകളിലുടെ കൈ മാറുന്ന ഒരു പ്രക്രിയയാണ്. ഇവ സനാതന സത്യങ്ങളായത് കൊണ്ട് ഹൈന്ദവതയെ സനാതന ധർമം എന്ന് വിളിക്കുന്നു. ആല്ലാതെ ഹൈന്ദവം ഒരു മതമല്ല. എന്താണ് മതം ? മതം എന്നാൽ "അഭിപ്രായം" എന്നാണ് അർഥം. ഒരു അഭിപ്രായത്തെ ക്രോഢീകരിച്ച് അതിൽപൂർണ്ണമായി വിശ്വാസം അർപ്പിച്ച് ആ

അഭിപ്രായമനുസരിച്ച് ജീവിക്കുന്ന ജീവിത ക്രമം. ഒരു പക്ഷെ എന്നെങ്കിലും ആ അഭിപ്രായം തെറ്റാണെന്ന് നിർണ്ണയിക്കപ്പെട്ടാലോ ?

ഇനി ഹൈന്ദവം മതമാണോ എന്നതിന് , മതങ്ങളുടെ വിശേഷണങ്ങളുമായിട്ട് ഒരു താരതമ്യ പഠനം നടത്താം.

ഒന്ന് , "*മതം സംശയം കൂടാതെയുള്ള വിശ്വാസത്തെയാണ് ആവശ്യപ്പെടുന്നത്.*"

എങ്കിൽഹൈന്ദവതയിൽവിശ്വാസത്തിന് വലിയ സ്ഥാനമില്ല. ഹൈന്ദവർ വിശ്വാസികളല്ല സത്യാന്വേഷികളാണ്. ഇത് മനസ്സിലാക്കാൻ ഭഗവദ് ഗീതയിലെ ഒരു ശ്ലോകം നോക്കാം....

"*ഇ പ്രകാരം അതി രഹസ്യമായ ജ്ഞാനമാണ് ഞാൻ നിനക്ക് വിവരിച്ച് തന്നത്. ഇത് നീ കമ്പോട് കമ്പു സ്വയം വിമർശിച്ചു നോക്കി സ്വീകരികുകയോ – സ്വീകരിക്കാതിരികുകയോ ഇഷ്ടമെന്ന് തോന്നുന്നതെന്തോ അത് ചെയ്യുക.*"(ഭ,ഗീ.18/63).

ഇതാണോ ഒരു മതത്തിന്റെ രീതി .

രണ്ട് , "*മതം ഒറ്റ ഒരു പ്രവാചകനെ , ഒറ്റ ഒരു മത ഗ്രന്ഥത്തെ , ഒറ്റ ഒരു ആരാധന രീതിയെ നിർബന്ധമാകി അടിചേൽപ്പിക്കുന്നു.*"

ഹൈന്ദവതയിൽനിരന്തരമായ , ശാശ്വതമായ , ആചാര്യ , മഹാത്മ , ഋഷി , യോഗി , സത്യസാക്ഷാത്കാരം നേടിയവരുടെ പാരമ്പര്യമാണ് ഉള്ളത്. അത് ഒരിക്കലും നിന്നു പോകുന്നില്ല. (ഭ.ഗീ.4/7,8,34) നിരന്തരമായി കാലദേശം ആവശ്യനുസാരം മഹാത്മാക്കൾ വന്നു കൊണ്ടേയിരിക്കും. അങ്ങനെ വരുന്ന ഓരോ സത്യദർശിയുടെ, ആചാര്യന്റെ, ഹിതോപദേശ ഗ്രന്ഥങ്ങളും ഹൈന്ദവർക്ക് മതഗ്രന്ഥങ്ങൾ തന്നെയാണ്. അങ്ങനെ അസംഖ്യ ആചാര്യന്മാരും അത്രതന്നെ മതഗ്രന്ഥങ്ങളും. എല്ലാ ഗ്രന്ഥങ്ങളിലെ വിഷയം ഒന്ന് മാത്രം. സത്യസാക്ഷാത്കാരം, പരിപൂർണ്ണത, മോക്ഷം.

ഇനി ഒന്ന ആലോചിക്കു. എല്ലാവർക്കും ഒരു മതം എന്നത് അത്ര ശരിയായ സങ്കൽപമാണോ ? കാരണം ഓരോരുത്തർക്കും അവരുടെതായ കാഴ്ചപാടുകളുണ്ട്. അവരുടെതായ സ്വഭാവം, പെരുമാറ്റം, ഇഷ്ടാനിഷ്ടങ്ങളുണ്ട്. നമ്മുടെ കൈവരകൾ, കൃഷ്ണമണികൾ അനുയോജ്യമല്ലാതെ വെവ്വേറെ

ആയിരിക്കുന്നത് പോലെ നമ്മൾ ഓരോരുത്തരും സ്വഭാവത്തിലും , ശീലങ്ങളിലും വെവ്വേറേയാണ്. ഒരു കാര്യം ! ഈ മതം എന്തിനാണ ? മതം പൂർണ്ണതയിലേക്ക് നയിക്കാനുള്ള പാതയാണ് . ഇവിടെയാണ് ഹൈന്ദവർ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തരാവുന്നത്. എവിടെ മറ്റുള്ളവർ ഒറ്റ ഒരു മതവും , അതിലെ സത്യാവസ്ഥ പഠിക്കുവാൻ, ചോദ്യം ചെയ്യുവാൻ, വിശകലനം – താരതമ്യ ചെയ്യുവാൻ അനുവദിക്കാതെ നിർബന്ധമായി യഥാസ്ഥിതിക, പിന്തിരിപ്പൻ മനോഭാവത്തോടെ മതത്തെ അടിച്ചേൽപിക്കുമ്പോൾ ഹിന്ദു പറയുന്നത്, ഓരോരുത്തരും അവരുടെ സ്വഭാവത്തിനനുസാരമായി പൂർണ്ണതയിലെക്കുള്ള തങ്ങളുടെ പാത സ്വയം നിർമ്മിക്കണം എന്നാണ്. സ്വയം പ്രവാചകനായിമാറണമെന്നാണ്.

ഇനി ആരാധനാ രീതിയെപറ്റി പറയുകയാണെങ്കിൽ, തങ്ങളുടെ സ്വഭാവ വിശേഷണങ്ങൾക്ക് അനുഗുണമായി താൽപര്യാനുസാരം, ആവശ്യാനുസാരം സങ്കൽപാനുസാരം, ഭാവാനുസാരം അവർ, സനാതനർ, ഹൈന്ദവർ ഒരേ ഒരു ദൈവ ശക്തിയെ പല രൂപത്തിലും ,നാമത്തിലും , ഭാവത്തിലും, രൂപമില്ലാതെയും ആരാധിക്കുന്നു. മറ്റുള്ളവരുടെ അങ്ങനെയുള്ള ആരാധന രീതികളെ ആദരിക്കുന്നു. ഇതിനെ മനസ്സിലാക്കാൻ ഭഗവദ്ഗീതയിലെ ചില ശ്ലോകങ്ങൾ കൂടി നമുക്ക് നോക്കാം.

“*യാതോരുത്തർ, യാതൊരു രീതി, ഭാവം നാമം രൂപത്തിൽഎന്നെ ആരധിക്കുന്നുവോ , ഭജിക്കുന്നുവോ, ശരണം പ്രാപിക്കുന്നുവോ അപ്രകാരം തന്നെ ഞാൻ അവരെ അനുഗ്രഹിക്കുന്നു. പാർത്ഥ , എങ്ങും മനുഷ്യർ എന്റെ മാർഗത്തെ തന്നെ പിൻതുടരുന്നു* “ **(4/11).**

“*അതാതു ആഗ്രഹാങ്ങളാൽഅപഹരിക്കപ്പെട്ട് ജ്ഞാനത്തോട് കൂടിയവർ അതാതു നിയമങ്ങൾ അനുഷ്ഠിച്ച് തങ്ങളുടെ സ്വഭാവത്താൽസ്വയം നിയന്ത്രിതരായി അന്യ ദൈവ സങ്കൽപങ്ങളെ ആരാധിക്കുന്നു.*”**(7/20)**

“*യാതൊരു യാതൊരു ഭക്തൻ യാതൊരു യാതൊരു ദൈവ സങ്കൽപത്തെ ശ്രദ്ധയോടെ കൂടി ആരാധിക്കുന്നതിന് ഇഛരിക്കുന്നുവോ അവനവന് ഇളക്കാത്ത ആ ശ്രദ്ധയെ നൽകുന്നത് ഞാൻ തന്നെയാണ്*” **(7/21).**

*ആ ഭക്തർ ശ്രദ്ധയോടെ ആ ദൈവ സങ്കൽപത്തിൽആരാധന നടത്തുന്നു. അതിൽനിന്ന് ഞാൻ തന്നെ നൽകുന്ന അതാതു അഭീഷ്ടങ്ങൾ ആർജ്ജിക്കുകയും ചെയ്യുന്നു*” **(7/22).**

**ഇങ്ങനെയാകുമ്പോൾ ഓരോരുത്തർക്കും അവരുടെ സ്വഭാവം , ഇഷ്ടം , ശീലം , സങ്കൽപമനുസരിച്ച് അവർക്ക് ഇഷ്ടമുള്ള രീതിയിൽഹൈന്ദവർക്ക് ആരാധന ചെയ്യാം. എത് രീതിയിൽആരാധിച്ചാലും ആരാധന സ്വീകരികുന്നതും , അനുഗ്രഹിക്കുന്നതും ആ പരമപൊരുൾ മാത്രമാണെന്ന് അവർക്ക്റിയാം. ഇഷ്ടമുള്ള സ്വഭാവത്തിന് ഇണങ്ങുന്ന ആചാര്യനെ, മത ഗ്രന്ഥത്തെ, ആരാധാന രീതിയെ തെരെഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകുന്ന ഹൈന്ദവം മതത്തിന്റെ രീതിയാണോ ? അല്ല...**

**മൂന്ന് ,** *മതം വിശ്വാസികളെ ജൻമപാപികളായി – അടിമകളായി മുദ്രകുത്തി ഭയം വിതയ്ക്കുന്നു..*

**ഹൈന്ദവം അമൃതസ്യപുത്രാ, അമര കേസരികളെ, ശക്തി സ്വരൂപിണികളെ, ഈശ്വര പ്രതിരൂപങ്ങളെ, പരിശുദ്ധാത്മാകളെ, സ്നേഹസ്വരൂപരെ, ആത്മസ്വരൂപികളെ എന്ന മുതലായ അഭിസംബോധനയോടെ തത്ത്വമസി , അഹംബ്രഹ്മാസ്മി , ഇശാവാസമിദം സർവ്വം , എന്ന വേദ മന്ത്ര ഘോഷങ്ങളോടെ ഭയാരാഹിത്യം ഉണ്ടാക്കുന്നു. ഈശ്വര തുല്യതയിലേക്ക് ഉയർത്തുന്നു, ഈശ്വരനാക്കിതീർക്കുന്നു. ഇതാണോ മതത്തിന്റെ രീതി ? അല്ല , തല്ക്കാലം ഹൈന്ദവം ഒരു മതമല്ല എന്നതിന് ഇത്ര മതി എന്ന് വിചാരിക്കട്ടെ. ഇല്ലെങ്കിൽപറഞ്ഞാലും പറഞ്ഞാലും തീരില്ല.**

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-7)ഹൈന്ദവം ഭൂമി ശാസ്ത്രപരമായ ഒരു തിരിച്ചറിവല്ലേ ?**

**ഉത്തരം :** ഇന്നലെവരെ ആയിരുന്നു , ഇന്നു മുതൽഹൈന്ദവം നിർവ്വചിക്കുമ്പോൾ ഭൂമി ശാസ്ത്രവും, ദർശന ശാസ്ത്രവും പരിഗണിച്ചേ മതിയാവു. സുമാർ 2500 വർഷങ്ങൾക്ക് മുമ്പ് സിന്ധു നദി തീരത്തിലെ സമീപ പ്രദേശത്തിൽവസിക്കുന്നവർ എന്ന അർത്ഥത്തിൽഭാരതീയരെ , ഗ്രീക്ക് ആക്രമണകാരി അലക്സാണ്ടർ അടക്കമുള്ള വിദേശികൾ ഹിന്ദു എന്ന് വിളിച്ച് വന്നിരുന്നു. അന്ന് ഹിന്ദു എന്ന് ഉദ്ദേശിച്ചത് ഭൂമി ശാസ്ത്ര പരമായി ഭാരതീയരെ ആയിരിന്നു . എങ്കിൽഇന്ന് ഭൂമിശാസ്ത്രപരമായി ഭാരതത്തിൽവസിക്കുന്ന എല്ലാവരെയും ഹൈന്ദവർ എന്നു വിളിക്കത്തക്ക അവസ്ഥയില്ല. കാരണം പാശ്ചാത്യ മത പ്രചാരകരുടെ, പ്രഭാവം മൂലം "ഹൈന്ദവരായ!?" നല്ലൊരു വിഭാഗം വീദേശി മതങ്ങളിലേക്ക് പോയിരിക്കുന്നു . അങ്ങനെ പോയ ജനം തങ്ങളെ മറ്റുള്ളവർ ഹിന്ദുക്കളെന്നു വിളിക്കുന്നത് ഇഷ്ടപ്പെടുന്നില്ല. സിന്ധു നദി , ഭാരത സംസ്കാരത്തിൽതന്നെ പെടുന്നവരാണെങ്കിലും ഹൈന്ദവതയിൽനിന്ന് അന്യമായി അറിയപെടാനാണ് ഇവർ ഇഷ്ടപ്പെടുന്നുത്. കാരണം ഇവർ പുതുതായി സ്വീകരിച്ച് ദർശന ശാസ്ത്രം ഹൈന്ദവ ദർശന ശാസ്ത്രത്തിൽനിന്നു ഭിന്നമാണ് .

ഇനി ഭൂമിശാസ്ത്രപരമായി തന്നെ എടുക്കുകയാണെങ്കിലും, ഓരോ ഭൂ ഭാഗത്തിനും അതിന്റെ തായ ഒരു സ്വഭാവമുണ്ട് . ഒരു പക്ഷെ ഒരാൾ ഒരു ഭൂ ഭാഗത്തെ ഒരു വ്യക്തിയായി പരിഗണിക്കുകയാണെങ്കിൽ, ആ ഭൂ ഭാഗത്തിന് ഒരു വ്യക്തിത്വംമുണ്ട് എന്നു വേണമെങ്കിൽപറയാം. അങ്ങണെയാണെങ്കിൽ ഭാരതത്തിന്റെ വ്യക്തിത്വം എന്താണ് ? അതിന ഈ മണ്ണിന്റെ സാഹിത്യം, കല, ശാസ്ത്രം, ഉത്സവം, ആഘോഷം, ആചാരം, സംസ്കാരങ്ങളിലൂടെ, കടന്നു ചെന്നാൽ വിശകലനം

ചെയ്താൽഭാരതത്തിന്റെ വ്യക്തിത്വം മനസ്സിലാക്കാം. അങ്ങനെ കടന്നുപോവുന്നവർ നിശ്ചയമായും അത് ഒരു യോഗി / യോഗിനി ആയിത്തീരുവാനുള്ള അഥവാ ഒരു സാധകന്റെ വ്യക്തിത്വമാണെന്ന് തിരിച്ചറിയും.

അതുകൊണ്ട് ഹൈന്ദവം നിർവ്വചികുമ്പോൾ നിശ്ചയമായി ഭൂമിശാസ്ത്രം കൂടാതെ – ദർശന ശാസ്ത്രവും പരിഗണിച്ചേ മതിയാവു. കാരണം ഓരോ ഭൂഭാഗത്തിനും അതിന്റെ തായ സ്വാഭാവമുണ്ട്, ദർശനമുണ്ട്. ഹൈന്ദവർക്കും അവരുടെ ഭാരത മണ്ണുമായി ബന്ധപ്പെട്ട നിശ്ചയമായ ദർശന ശാസ്ത്രമുണ്ട് . അത് വിശേഷമായതും ശാസ്ത്രീയ സ്വഭാവമുള്ളതുമാണ്. അത് ഹൈന്ദവരല്ലാതവരിൽനിന്ന് വ്യത്യസ്തവുമാണ്.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-8)ഹിന്ദുവിന്റെ നിർവചനം എന്താണ് ?**

**ഉത്തരം:** ആദ്യം നമ്മൾ മനസ്സിലാക്കേണ്ടത് എന്ത് കൊണ്ട് നമ്മൾ ഹിന്ദുവിന്റെ നിർവചനം പഠിക്കണം എന്നതാണ്. കാരണം ഹിന്ദുവിന്റെ കാലടിയിലെ മണ്ണ് വാർന്നു പോകുന്നത് ഹിന്ദു അറിയുന്നില്ല എന്നതുകൊണ്ട് തന്നെയാണ്. ഹിന്ദുവിന്റെ ചുറ്റിലും , അന്യ ദേവതയെ ആരാധിക്കുന്നവരെ മത പരിവർത്തന നടത്താനും , ഹിംസിക്കുവാനും , പീഡിപ്പിക്കുവാനും , കൊല്ലാനും പറഞ്ഞു കൊടുക്കുന്ന മത പഠനം കഴിഞ്ഞു നിൽക്കുന്നവരാണ്. വൈദേശിക നിരീശ്വരവാദികളാകട്ടെ ഈശ്വരീയത / ആത്മീയത മനുഷ്യനെ മയക്കുന്ന കറുപ്പാണ് എന്ന് ആശയത്തെ പേറുന്ന , ഹിന്ദുവിന്റെ സംസ്കാരത്തെ കളങ്കപ്പെടുത്തി ഹൈന്ദവരെ അസുരി വൽക്കരിക്കാനുള്ള തീവ്ര പ്രയത്നത്തിലുമാണ്. ഇത് ഭൂമിയുടെയും മാനവീയതെയുടെയും നിലനിൽപ്പിനും ഭിഷണിയാണ്. ഭൂമിയിൽ മാനവീയതയെ സംരക്ഷിക്കുവാനായി ഹൈന്ദവർ ഹിന്ദുത്വം പഠിച്ചേ മതിയാകും . അതിന്റെ തുടക്കമാണ് ഹൈന്ദവ നിർവചനം പഠിക്കൽ.

ഹിന്ദുവിന്റെ നിർവ്വചനത്തേക്ക് പോകുന്നതിനു മുമ്പായി നമുക്ക് അടിസ്ഥാന പരമായ ചില നിർവചനങ്ങൾ കൂടി പഠിക്കെണ്ടിയിരിക്കുന്നു . അവ . . .

**1)അധർമം :** പ്രജ്ഞയെ (അറിവിനെ) സങ്കുചിപ്പിക്കുന്നതായ, ദുഃഖമുണ്ടാക്കുന്നതായ, അടിമത്വം, പീഡനം, ചൂഷണത്തിന്റെ ഉദ്ദേശത്തോടെയുള്ള കർമ്മം അധർമ്മമാണ .

**2) ധർമം:** പ്രജ്ഞയെ (അറിവിനെ) വികസിപ്പിക്കുന്നതായ, ആനന്ദമുണ്ടാക്കുന്നതായ, മോക്ഷത്തിന്റെ ഉദ്ദേശത്തോടെയുള്ള കർമ്മം ധർമ്മമാണ.

**3) മോക്ഷം :** എല്ലാവിധ ബന്ധനങ്ങളിൽനിന്നും, എല്ലാവിധ അടിമത്വത്തിൽനിന്നും, എല്ലാവിധ ആശ്രിതത്തിൽനിന്നും, എല്ലാവിധ പീഡനം ചൂഷണങ്ങളിൽനിന്നും വിമുക്തരാകുന്ന അവസ്ഥയാണ് മോക്ഷം.

**4) ദൈവം :** സർവ്വജ്ഞ, സർവ്വശക്ത, സർവ്വവ്യാപിയായതും, തന്നിലുള്ള അനന്തമായ ജ്ഞാനം, ശക്തി, കർമ്മം, ഭാവം വികസന പാതയിൽസർവ്വസൃഷ്ടിയുടെയും സർവ്വചരാചരങ്ങളുടെയും രൂപത്തിലും, ഭാവത്തിലും സ്വയം പ്രകടമായികൊണ്ടിരിക്കുന്ന മൂല ചൈതന്യമാണ് ദൈവം.

**ഇനി നമുക്ക ഹിന്ദു / ഹൈന്ദവ നിർവചനത്തിലെക്ക് കടക്കാം...**

**5) ഹിന്ദു / ഹൈന്ദവ നിർവചനം :**

*"ഭാരതം ആരുടെ ധർമഭൂമി – പുണ്യഭൂമിയും കൂടാതെ പിതൃഭൂമിയൊ/ മാതൃഭൂമിയൊ /ഗുരുഭൂമിയൊ ആണോ , അവർ സമഷ്ടിയെ നിയന്ത്രിക്കുന്ന ഒരു ശക്തിയുണ്ടെന്നും , ഈ ജന്മത്തിൽ അല്ലെങ്കിൽ വരുന്ന ജന്മങ്ങളിൽ എന്നെങ്കിലും – ഗുരു കൃപയിലൂടെയോ / കുല ദേവത കൃപയിലൂടെയോ / സ്വസാധനയിലൂടെയോ തന്നിൽതന്നെ, മോക്ഷാർത്ഥം ആ ശക്തിയെ സാക്ഷാത്ക്കരിക്കുന്നതിന് കഴിയുമെന്നും , അങ്ങനെ "ആത്മനോ മോക്ഷാർത്ഥം, ജഗത് ഹിതായ ച"- സ്വന്തം ആത്മാവിന്റെ മോക്ഷത്തോടൊപ്പം ലോകനന്മയ്ക്കായി ആവശ്യമായ ശാസ്ത്രം – അന്തർ പ്രേരണ - പ്രവൃത്തി ആരിലുണ്ടോ , ആ വ്യക്തി ഹിന്ദു / ഹൈന്ദവ / സനാതനി എന്ന് അറിയപ്പെടുന്നു".*

**അഥവാ**

**ഒന്ന് സുക്ഷ്മത്തിൽപറഞ്ഞാൽ**

*"ഭാരത മണ്ണിന്റെ , ഭാരത ആത്മീയ പൈതൃകത്തിന്റെയും പിൻഗാമിയും , തന്നിലും, മറ്റുള്ള സർവതിലും ദൈവത്തെ കാണുന്ന് വ്യക്തി ഹിന്ദു / ഹൈന്ദവ / സനാതനി എന്ന് അറിയപ്പെടുന്നു."*

ഈ ഹൈന്ദവ നിർവചനത്തിന്റെ ആകക്കാമ്പ സകലമാന ഹൈന്ദവ സാഹിത്യം വേദം, ഉപനിഷത്, ഉപവേദങ്ങൾ, പുരാണങ്ങൾ, ദർശനങ്ങൾ, മഹാകാവ്യങ്ങൾ , ആഗമങ്ങൾ, സ്മൃതികൾ നിൽക്കുന്നത് ഏതൊരു ആശയത്തിന് അടിസ്ഥാനത്തിലാണോ ആ ആശയമാണ് . അതേപോലെ ഇത് ഗോത്ര സമ്പ്രദായം

മുതൽ കാവ്, തെയ്യം, ക്ഷേത്രം, വൈദിക്ക്, ഹഠ, തന്ത്ര, യോഗികളുടെ ധ്യാന സമ്പ്രദയവരെയുള്ള, ശൈവ, വൈഷ്ണവ, ശാക്തെയ, ഗാണപത്യ, സൗര , കുമാര , ഭൂത മുതലായ സമ്പ്രദായങ്ങളിലും പെട്ട എല്ലാവരുടെയും അടിസ്ഥാന ആശയം കൂടിയാണ്. ഇനി ഇത് മൃഗത്വത്തിൽ നിന്ന് ഉണരുന്ന എല്ലാ പൂർണ മനുഷ്യരുടെ നിർവചനം കുടിയാകേണ്ടിയിരിക്കുന്നു.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-9) "ഭാരത ആത്മീയ പൈതൃകം " എന്താണ് ?**

**ഉത്തരം:** ഭാരത ആത്മീയ പൈതൃകം പറയാൻ വേദം, ഉപനിഷത്, വേദാംഗം, ഉപവേദങ്ങൾ, പുരാണങ്ങൾ , ദർശനങ്ങൾ, മഹാകാവ്യങ്ങൾ, ആഗമങ്ങൾ , സ്മൃതികളിലുടെ കടന്നു ചെല്ലേണ്ടിയിരിക്കുന്നു. അതിന് നിന്നാൽലക്ഷോപലക്ഷം പുസ്തകത്തിന്റെ പുറംകൾ വേണ്ടി വരും. കാരണം ഇവകളില്ലെല്ലാം അന്തർലീനമായിരിക്കുന്ന ആശയമാണ് ഭാരത അഥവാ ഹൈന്ദവ ആത്മീയ പൈതൃകം. അതുകൊണ്ട് ഭാരത ആത്മീയ പൈതൃകത്തിന്റെ അകക്കാംബ ഒരു സന്ദേശ രൂപത്തിലാക്കിയാൽഅത് എങ്ങനെയായിരിക്കും എന്ന് നോക്കാം .

*" എന്നിലില്ലാത്തതായ ഒന്നും സമഷ്ടിയിലില്ലാ, സമഷ്ടിയിലില്ലാത്തതായ ഒന്നും എന്നിലുമില്ലാ, എന്നിലുള്ളത് സമഷ്ടിയിലുമുണ്ട്, സമഷ്ടിയില്ലുള്ളത് എന്നിലും. അതുകൊണ്ട് സമഷ്ടിയുടെ സമസ്ഥ അഗാധതയിലും നിഗുഢതകളിലും പര്യവെക്ഷണം ചെയ്യാനുള്ള ഏറ്റവും സുലഭ ഉപായം ഞാൻ എന്നെ തന്നെ പര്യവ്യക്ഷണം ചെയ്യുക എന്നതാണ്. അതിനുള്ള മാർഗം യോഗയാണ്. അത് ഭക്തി യോഗമോ, കർമ്മയോഗമോ, ജ്ഞാനയോഗമോ, രാജയോഗമോ ഇവയുടെ മിശ്രമോ ആക്കാം ."*

ഇനി ഇതിനെ ഒരു പദം കൊണ്ട് പറയാമെങ്കിൽഅത്

"യോഗ" യാണ്. പരമാത്മാവുമായി ഒരു ഒത്തു ചേരൽ.

യോഗ ഹൈന്ദവരുടെ / ഭാരതീയരുടെ

1)സമ്പുർണ്ണ ജീവിത പദ്ധതി

2)സമ്പുർണ്ണ സാധന പദ്ധതി

3)സമ്പുർണ്ണ ആരോഗ്യ പദ്ധതി കൂടിയാണ.

**ചോദ്യം-10) ഭാരത ആത്മീയ പൈതൃകത്തിന്റെ അഥവാ ഹൈന്ദവരുടെ സവിശേഷതാക്കൾ / അടിസ്ഥാന തത്വങ്ങൾ എന്തൊക്കെയാണ്?**

**ഉത്തരം: ഹൈന്ദവരുടെ അടിസ്ഥാന തത്വങ്ങൾ...**

**1)ഭാരത മണ്ണിനു മാതൃ സ്ഥാനം –**

**ഓരോ ജനവിഭാഗത്തിനും അവരുടെ കളിത്തൊട്ടിലായിരിക്കുന്ന , ഓരോ ഭൂ ഭാഗവുമായി ആത്മബന്ധം ഉണ്ടായിരിക്കും. അങ്ങനെ ബ്രഹ്മവൈവർത്ത പുരാണത്തിൽ (1 .26 .66 ) പറഞ്ഞത് പോലെ "ഗംഗേ ച യമുനേ ചൈവ ഗോദാവരി സരസ്വതി നർമദേ സിന്ധു കാവേരി ....." ഈ എല്ലാ അമ്മ നദികളുടെ മടിതട്ട , ആസേതുഹിമാചലം, ഹിമാലയം തൊട്ട് ഹിന്ദു മഹാസാഗരം വരെയുള്ള ദിവ്യ ഭൂവിസ്തീർണ്ണം ഹൈന്ദവർക്ക് മാതൃഭൂമി, പിതൃഭുമി, പുണ്യഭുമി, ഗുരുഭുമിയാണ്. അവർ ആ ഭൂ വിഭാഗത്തെ ഭാരതാംബ എന്ന് സങ്കൽപത്തോടെ ആരാദിക്കുന്നു, പൂജിക്കുന്നു.**

**II** *उत्तरं यत् समुद्रस्य हिमाद्रेश्चैव दक्षिणम् | वर्षं तद् भारतं नाम भारती यत्र सन्ततिः II*

*समुद्र के उत्तर में और हिमालय के दक्षिण में जो देश है उसे भारत कहते हैं तथा उसकी संतानों (नागरिकों) को भारती कहते हैं /* **- विष्णु पुराण २.३.१**

***The country that lies north of the ocean and south of the snowy mountains is called Bhāratam there dwells the descendants of Bharata.*-Vishnu Puranam-2.3.1**

*കടലിന് വടക്കും ഹിമാലയത്തിന്റെ തെക്കുമുള്ള രാജ്യത്തെ ഭാരതം എന്നും അതിലെ പൗരന്മാരെ ഭാരതി എന്നും വിളിക്കുന്നു* **- വിഷ്ണുപുരാണം 2.3.1**

**2) ആത്മാവിനെ കേന്ദ്രീകരിച്ചുള്ള ജീവിത പദ്ധതി :–**

**ദേഹമല്ല , ആത്മാവാണ് സത്യം എന്നും, ദേഹം പഞ്ച ഭൂതങ്ങളാൽഉണ്ടായ കേവലം ഒരു ഉപകരണമാണെന്നും അതിനുള്ളിൽനിറഞ്ഞു നിന്നു കൊണ്ട് ഈ**

ദേഹത്തെ പ്രവർത്തിപ്പിക്കുന്ന ഒരു ആത്മാവ് ഉണ്ടെന്നും (ഭ.ഗീ.18/61) അതിന്റെ അറിവ്, ശക്തി, കർമ്മം, ഭാവങ്ങളെ പ്രകടിപ്പിക്കാനുള്ള സജ്ജീകരണം മാത്രമാണ് ഈ പ്രകൃതിയും സാഹചര്യവുമെന്ന് മനസ്സിലാക്കിക്കൊണ്ട്, ആത്മാവില്ലെങ്കിൽപിന്നെ ശവത്തിനു അലങ്കാരം, ശാസ്ത്രം, സാഹിത്യം, രാഷ്ട്രീയം, കലാകായികം ഒന്നും അവശ്യമില്ലല്ലോ എന്ന് അറിഞ്ഞ്, അങ്ങനെയുള്ള ആത്മാവിനെ കേന്ദ്രീകരിച്ച് അതിന്റെ സാക്ഷാത്ക്കാരത്തിനു വേണ്ടി രൂപികരിച്ച ജീവിത ശൈലിയുള്ളവരാണ് ഹൈന്ദവർ.

### 3) പുനർജന്മ സിദ്ധാന്തം :–

അങ്ങനെ തന്നിലുള്ള ആത്മാവ് ഈ ദേഹത്തെ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിൽ, ഈ ദേഹത്തെ ഒഴിവാക്കി ഇനിയൊരു പുതിയ ദേഹത്തേക്ക് കടക്കുന്നു. ചീഞ്ഞ വസ്ത്രങ്ങളെ മാറ്റുന്നതു പോലെ ആത്മാവ് പുതിയൊരു ദേഹവുമായി അടുത്ത ജന്മത്തിലെക്ക് കടക്കുന്നു (ഭ.ഗീ.2/13,22).ഇങ്ങനെ ആത്മാവ് തന്റെ പൂർണ്ണ സാക്ഷാത്ക്കാരം വരെ, ജന്മങ്ങളിലുടെ പ്രയാണം ചെയ്തു കൊണ്ടേയിരിക്കുന്നു.

പുനർ ജന്മത്തിന് ആയിരം കണക്കിന് ഉദാഹരണം ഇന്ന് ഞങ്ങൾക്ക് യു ട്യൂബിൽ , ഗൂഗിളിൽ ഒന്ന് പരതിയാൽ കിട്ടാവുന്നതേയുള്ളു.

### 4) ആത്മ സാക്ഷാത്കാര സാധന :-

അങ്ങനെയുള്ള ആത്മാവിനെ സക്ഷാത്ക്കരിക്കുവാൻ സാധിക്കുമെന്നും , പൈതൃകമായി കിട്ടിയ അതിനുള്ള ശാസ്ത്രീയ സാധനാ മാർഗത്തെ പ്രോത്സാഹിക്കുന്നവരാണ് ഹൈന്ദവർ. സാധനയ്ക്ക് കർമ്മയോഗം , ഭക്തിയോഗം , ജ്ഞാനയോഗം , രാജയോഗം പിന്നെ ഇവയുടെ മിശ്രമായ മാർഗ്ഗങ്ങളാണ് ഉള്ളത്.

### 5) മോക്ഷ ജ്ഞാനം :–

സാധനയിലൂടെ പ്രയാണം ചെയ്തു കൊണ്ട് , ഈ ജന്മത്തിൽഅല്ലെങ്കിൽവരുന്ന ഏതെങ്കിലും ജന്മത്തിൽകഠിന സാധനയുടെ ഫലമായി ആത്മാവിനെ

സാക്ഷാത്ക്കരിക്കുകയും , അതിലുടെ സമഷ്ടിയുടെ സർവ്വതിലും ആത്മാവ് തന്നെയാണ് നിറഞ്ഞു നിൽക്കുന്നതെന്നും, സമസ്തവും ആത്മാവിന്റെ രൂപാന്തര മാണെന്നും, സൃഷ്ടിവികാസം സംഹാരങ്ങളിലുടെ പ്രകൃതിയെ നിയന്ത്രിക്കുന്നത് ആത്മാവ് തന്നെയാണെന്നും, അത് വിഭാഗിക്കപ്പെട്ടതുപോലെ തോന്നുന്നുണ്ടെങ്കിലും അഖണ്ഢമാണെന്നും (ഭ.ഗീ.13/17), ഈശ്വരൻ, പരമാത്മാവ്, പരമേശ്വരൻ, പരബ്രഹ്മം, പരാശക്തി, ദേവത, ദൈവം, ആരാധന മൂർത്തികളും എല്ലാം ആത്മാവ് തന്നെയാണെന്നും (ഭ.ഗീ.13/31), ബോധിപ്പിക്കുന്ന ജ്ഞാനത്തെ മോക്ഷ ജ്ഞാനം എന്ന് പറയുന്നു. സാധകൻ പൂർണ്ണ ജ്ഞാനത്തിലേക്ക് അനുഭവസാക്ഷിയായി എത്തുമ്പോൾ സാധകന് സർവ്വജ്ഞതത്വവും – സർവ്വശക്തിയും – സർവ്വവ്യാപിത്വവും നൽകുന്ന ഈ ജ്ഞാനം സാധകനെ പൂർണ്ണ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു.

മോക്ഷ ജ്ഞാനം നേടിയ ആയിരം കണക്കിനും വ്യക്തികളുണ്ട് , വെറുതെ ഉദാഹരണത്തിന് ചിലറേയെങ്കിലും ആദരവോടെ ഓർക്കാം ഭഗവാൻ ശിവൻ, ദേവി പാർവതി, ശ്രീ ഗണപതി, ശ്രീ ഷണ്മുഖൻ, സപ്തർഷികൾ, ഭഗവാൻ അഗസ്ത്യൻ, പതിനെട്ടു സിദ്ധർ, ശ്രീ ഹനുമാൻ, ശ്രീകൃഷ്ണൻ, ശ്രീ അയ്യപ്പൻ, ശ്രീ ബാബാജി, ശ്രീ ശങ്കരാചാര്യർ, ശ്രീ പ്രഭാകർ സിദ്ധ യോഗികൾ, ബിൽവാ മംഗള സ്വാമികൾ, കുരുർ അമ്മ, രാമകൃഷ്ണ പരമഹംസർ, രമണ മഹർഷി, മഹാരാജ് നീമ കരോലി ബാബ, സ്വാമി ശിവാനന്ദ പരമഹംസ, ശ്രീ സര്വജ്ഞൻ, മലെ മഹദേശ്വര, അല്ലമ പ്രഭു, ചെന്ന ബസവണ്ണ, അക്ക മഹാദേവി, ശ്രീ ബസവേശ്വര, ശ്രീ ജ്ഞാനേശ്വര, ശ്രീ രേവണ സിദ്ദയ്യ, ശ്രീ രാഘവേന്ദ്ര സ്വാമികൾ, സന്ത തുളസിദാസ്, സന്ത തുകാരാമ, ശ്രീ കനക ദാസ്, ശ്രീ പുരന്ദര ദാസ്, ശ്രീ ചന്ദ്രശേഖർ സരസ്വതി, ശ്രീ നാരായണ ഗുരു, ശ്രീ ചട്ടമ്പി സ്വാമികൾ, ശ്രീ നീലകണ്ഠ ഗുരുപാദർ, ശ്രീ ആലത്തൂർ ശിവോയോഗി സ്വാമികൾ, സ്വാമി നിത്യാനന്ദ (കാഞ്ഞങ്ങാട്), ശ്രീ അയ്യാ ഗുരു, സ്വാമി ശിവാനന്ദ പരമഹംസ (വടകര), ശ്രീ വൈകുണ്ഡ സ്വാമികൾ, യോഗിനി അമ്മ, ശ്രീ സത്യ സായി ബാബ, ശ്രീ സത്യാനന്ദ സരസ്വതി , മാതാ അമൃതാനന്ദമയി, ശ്രീ മൃത്യഞ്ജയ സ്വാമികൾ, ശ്രീ ദിരേന്ദ്ര കൃഷ്ണ ശാസ്ത്രി ഇനിയും എത്ര എത്ര വേണം ലക്ഷ കണക്കിന് സാക്ഷാത്കാര നേടിയവരുടെ എണ്ണം തരാൻ പറ്റും.

ഇത് പാരമാർത്തിക ജ്ഞാനമാണ്. ഇതിനെ വ്യവഹാരിക ജ്ഞാനവുമായിട്ട് കൂട്ടിക്കുഴക്കരുത് .ഇത് മനസ്സിലാക്കാനായി സാധകനെ പരിക്ഷിക്കുന്ന ഗുരുവിന്റെ ഒരു സംഭവം വിവരിക്കാം . ഒരിക്കൽശ്രീരാമൻ സാധകനായ ശ്രീ ഹനുമാനോടായി ഒരു ചോദ്യം ചോദിച്ചു. എനിക്കുംതാങ്കൾക്കും എന്താണ് വ്യത്യാസം ? ഉടനെ ശ്രീ ഹനുമാൻ മറുപടി പറഞ്ഞു , "പ്രഭോ, താങ്കൾ ദേഹത്തെ അടിസ്ഥാനമാക്കി ചോദിച്ചതാണെങ്കിൽ, താങ്കൾ എന്റെ യജമാനനും, ഞാൻ താങ്കളുടെ വിനീത സേവകനുമാണ്. ഒരു പക്ഷെ താങ്കൾ ബുദ്ധിയുടെ അടിസ്ഥാനത്തിൽ ചോദിച്ചതാണെങ്കിൽ, താങ്കൾ എന്റെ ഗുരുവും , ഞാൻ താങ്കളുടെ എളിയ ശിഷ്യനുമാണ്. അങ്ങനെയല്ലാതെ താങ്കൾ ആത്മാവിന്റെ അടിസ്ഥാനത്തിലാണ് ചോദിച്ചതെങ്കിൽ, എനിക്കുംതാങ്കൾക്കും ഒരു വ്യത്യാസവുമില്ല, താങ്കൾ എന്താണോ അത് തന്നെയാണ് ഞാനും – ഞാൻ എന്താണോ അത് തന്നെയാണ് താങ്കളും". ഇതിലൂടെ നമ്മൾക്ക് പാരമാർത്തിക – വ്യവഹാരിക ജ്ഞാനത്തിലുള്ള വ്യത്യാസം മനസ്സിലായി എന്ന് കരുതട്ടെ.

### 6) നാനാത്വത്തിൽഏകത്വം, ഐക്യം, സമത്വം : –

അങ്ങനെ സർവ്വചരാചരങ്ങളിലും ഉള്ള അഖണ്ഡമായ ആത്മാവിനെ (ഭ.ഗീ.13/31) അടിസ്ഥാനമാക്കി എല്ലാവിധ വൈവിദ്യതകളും ആത്മാവിന്റെ ത്തന്നെ വിവിധ ഭാവരൂപശക്തികർമ്മ പരിണാമങ്ങളാണെന്നും അറിഞ്ഞുകൊണ്ട്, സർവ്വതിലും ഹൈന്ദവർ ആത്മാവിനെ അടിസ്ഥാനമാകി ഏകത്വം ദർശിക്കുന്നു. ആ ഏകത്വത്തിന്റെ അടിസ്ഥാനത്തിൽഐക്യം കൈവരിച്ചുകൊണ്ട് സമഷ്ടിയിലെ സർവ്വതിലും സമത്വം ദർശിക്കുന്നവരാണ് ഹൈന്ദവർ.

### 7) ഗുരു അഥവാ കുല ദേവത പാരമ്പര്യം :-

ഇതിനെ വിശദീകരിക്കാനായി ഭഗവദ്ഗീതയിലെ മൂന്ന് ശ്ലോകങ്ങൾ നോക്കാം. "സത്യം കണ്ടറിഞ്ഞ ജ്ഞാനികൾ നിനക്ക് ജ്ഞാനം ഉപദേശിച്ചു തരും. അത് നീ നമസ്കാരം കൊണ്ടും , ചോദ്യം കൊണ്ടും സേവ കൊണ്ടും ഗ്രഹിക്കുക."( (ഭ.ഗീ.4/34).

“സജ്ജനങ്ങളെ സംരക്ഷിക്കുന്നതിനും, ദുഷ്ടന്മാരുടെ സംഹാരത്തിനും, ധർമ്മത്തെ പുനഃ സ്ഥാപിക്കാനുമായി യുഗംയുഗം തോറും ഞാൻ അവതരിച്ചു കൊണ്ടേയിരിക്കുന്നു” (ഭ.ഗീ.4/8) . “ഹേ , ഭാരത ! എപ്പോഴെല്ലാം ധർമ്മത്തിന് തളർച്ചയും , അധർമ്മത്തിന് ഉയർച്ചയും സംഭവിക്കുന്നുവോ അപ്പോഴെല്ലാം ഞാൻ മഹാത്മാവിനെ സൃഷ്ടിക്കുന്നു “(ഭ.ഗീ. 4/7).

ഈ വാഗ്ദാനം അനുസരിച്ച് ഓരോ കാലഘട്ടങ്ങളിലും ആവശ്യാനുസാരം ഗുരുക്കന്മാരെയും , ആചാര്യന്മാരെയും ധർമ്മ ബോധകരെയും , അനുഭവികളെയും , സത്യദർശികളെയും , മഹത്മാക്കളെയും ഒരിക്കലും നിന്നു പോകാതെ നിരന്തരമായി , ജീവിത മാർഗ ദർശനത്തിനായി ലഭിച്ചു കൊണ്ടിരിക്കുന്ന ജനപഥമാണ് ഹൈന്ദവം.

ഇവ എഴെണ്ണമാണ് ഹൈന്ദവരുടെ സവിശേഷതകൾ / അടിസ്ഥാന തത്വങ്ങൾ.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-11) സനാതന ധർമ്മം അഥവാ ഹൈന്ദവ ധർമ്മത്തിന്റെ നിർവചനം എന്താണ് ? ഹൈന്ദവ ധർമം വേറെ എന്തൊക്കെ പേരുകൾ കൊണ്ടാണ് അറിയപ്പെടുന്നത് ?**

**ഉത്തരം:**

" ജനനം കൊണ്ട് മൃഗാവസ്ഥയിലുള്ള മനുഷ്യനെ സമ്പൂർണ്ണ വ്യക്തി വികാസത്തിന്റെ ഭാഗമായി ഷോഡശ സംസ്കാരങ്ങൾ, പഞ്ചമഹായജ്ഞങ്ങൾ, ചതുർവിധ പുരുഷാർത്ഥങ്ങളിലൂടെ പൂർണ മനുഷ്യനാക്കി അവിടുന്ന് മോക്ഷാർത്ഥം ദൈവികതയിലേക്ക് ഉയരുന്നതിനു, "ആത്മനോ മോക്ഷാർത്ഥം, ജഗത് ഹിതായ ച"- സ്വന്തം ആത്മാവിന്റെ മോക്ഷത്തോടൊപ്പം ലോകനന്മയ്ക്കായി വളരെയേറെ ത്യാഗങ്ങൾ സഹിച്ച് സാധനയിലൂടെയും തപസ്സിലൂടെയും , ഋഷി - ഗുരു - കുലദേവത പരമ്പരകളിലൂടെയും ഹൈന്ദവർ ആർജിച്ചെടുത്ത ധർമ്മ ശാസ്ത്രത്തെ”

സനാതന അഥവാ ഹൈന്ദവ ധർമ്മം എന്ന് വിളിക്കുന്നു.

ഭാരതീയർ തങ്ങളുടെ ധർമ്മത്തെ എപ്പോഴും സനാതന ധർമം (The Eternal Law ) , വൈദിക ധർമം (Law of Vedas ) , ആര്യ ധർമം (The Noble Religion ) , മാനവ ധർമം (The religion of Mankind ) , എന്ന് വിളിച്ചിരുന്നു. ഈ അടുത്തായി ഹൈന്ദവം എന്ന പദം ഭാരതീയരിലും പൊതുവായി ഉപയോഗത്തിൽവന്നു.

**ചോദ്യം-12)സനാതനരുടെ , ഹൈന്ദവരുടെ അടിസ്ഥാന ഗ്രന്ഥം ഏതാണ് ?**

**ഉത്തരം :**സനാതനരുടെ അടിസ്ഥാന ഗ്രന്ഥം "വേദം" ആണ്. പൂർണ്ണജ്ഞാനത്തിന്റെ പരിപൂർണ്ണ സംഗ്രഹമായ വേദം ഒന്നേയുണ്ടായിരിന്നുള്ളു. മഹർഷി കൃഷ്ണദ്വൈപായനൻ പഠിപ്പിക്കുവാനും, പഠിക്കുവാനും എളുപ്പമാകുന്നതിനു വേണ്ടി വിഷയങ്ങളുടെ അടിസ്ഥാനത്തിൽഒറ്റ ഒരു വേദത്തെ നാലു ഭാഗമായി വിഭാഗിച്ചു. അങ്ങനെ വേദത്തെ വിഭാഗിച്ചത് കൊണ്ട് വേദവ്യാസ എന്ന പേരും മഹർഷി നേടി. ഇതുകൊണ്ടാണ് വേദങ്ങൾ നാലാണ് എന്നു പറയുന്നത്. അവ ഋഗ്വേദം , യജുർവേദം , സാമവേദം , അഥർവ വേദങ്ങളാണ്.

(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)

**ചോദ്യം-13)വേദങ്ങൾ എത്രയുണ്ട് , ഹൈന്ദവ ദർശനത്തിന്റെ അടിത്തട്ട് ഒന്ന് പഠിക്കാം :**

**ഉത്തരം :** ഈ ചോദ്യത്തിനുള്ള ഉത്തരം , നമ്മുടെ 'ഹൈന്ദവ ധർമ പഠനം (ആചാര്യ) ' വിഭാഗത്തിന്റെയും പഠന വിഷയമാണ്. അവിടെ ഇ വിഷയങ്ങളെ ഒന്ന് വിസ്താരമായി പഠിക്കണം എന്നേയുള്ളു.

വേദം (സംസ്കൃതം : वेदः) എന്ന വാക്കിന്റെ അർത്ഥം "അറിയുക" എന്നാണ്, വേദങ്ങളുടെ വിഷയം അറിവാണെന്ന് സൂചിപ്പിക്കുന്നു. വേദങ്ങൾ പ്രകൃതി (ദേവത സ്വരൂപ) , ആത്മ (ഭൂത സ്വരൂപ) , പുരുഷഃ (ഈശ്വര സ്വരൂപ) , പരമാത്മാ (പരബ്രഹ്മ സ്വരൂപ) വിന്റെ ജ്ഞാനം ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളാണ്. അവ രചിക്കപ്പെട്ടിട്ടുള്ള ഒരു കർത്തൃത്വമോ സമയപരിധിയോ ഇല്ല. ഇവ അനാദിയും അനന്തവുമാണ്. ഇവയെ അപൌരുഷേയഃ എന്ന് വിളിക്കുന്നു. അപൗരുഷേയ എന്നർത്ഥം അവ ഒരു പുരുഷനോ മനുഷ്യമനസ്സോ രചിച്ചതല്ല എന്നാണ്. അവ ഋഷികൾക്ക് അവരുടെ ധ്യാനത്തിന്റെ ആഴത്തിൽ വെളിപ്പെടുത്തി കിട്ടി.

അവരുടെ മൊഴികളെ മന്ത്രാഃ എന്ന് വിളിച്ചിരുന്നു. മന്ത്രങ്ങൾ ഏതെങ്കിലുമൊരു അന്തർജ്ഞാനത്തിന്റെ ഫലമല്ല, മറിച്ച് മന്ത്ര-ദൃഷ്ടിഃ എന്ന് വിളിക്കപ്പെടുന്ന ദിവ്യ ദർശനത്തിന്റെ ഫലമായിരുന്നു. അവയുടെ ആന്തരികവും ബാഹ്യവുമായ

അർത്ഥങ്ങൾ യഥാർത്ഥത്തിൽ അറിയപ്പെട്ടിരുന്നത് അവ വെളിപ്പെടുത്തപ്പെട്ടവർക്കാണ്. അതിനാൽ, യുക്തിയുടെയോ ബുദ്ധിയുടെ അടിസ്ഥാനത്തിൽ ആർക്കും അവരെ വെല്ലുവിളിക്കാൻ കഴിയില്ല. വേദങ്ങൾക്കപ്പുറം അന്തിമമായ അധികാരമില്ല.

(ഇവിടെ പറഞ്ഞിട്ടുള്ളത് പാരമ്പരിക്കമായി പറയാറുള്ളത് പോലെയാണ് എങ്കിൽ , വേദങ്ങളുടെ ഉൽപ്പത്തി എന്ന വിഷയം പിന്നീട ഇതേ ഗ്രന്ഥത്തിൽ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. ചോദ്യം 81) ആണെന്ന് തോന്നുന്നു)

ദ്വാപരയുഗത്തിന്റെ അവസാനത്തോടെ വേദങ്ങളുടെ ശക്തി ക്ഷയിക്കാൻ തുടങ്ങിയെന്ന് വിശ്വസിക്കപ്പെടുന്നു, കാരണം പുരുഷന്മാർക്ക് ആയുസ്സ് കുറയുകയും ശക്തി കുറയുകയും ബുദ്ധിശക്തി കുറയുകയും ചെയ്യുന്നു. ബ്രഹ്മാവിന്റെയും രുദ്രന്റെയും മറ്റ് ദേവന്മാരുടെയും നിർദ്ദേശപ്രകാരം, ധർമ്മത്തെ സംരക്ഷിക്കുന്നതിനായി, മഹാവിഷ്ണു മഹർഷി പരാശരന്റെയും സത്യവതിയുടെയും പുത്രന്റെ (കൃഷ്ണദ്വൈപായനൻ ) രൂപത്തിൽ അവതരിച്ചു. പൂർണ്ണജ്ഞാനത്തിന്റെ പരിപൂർണ്ണ സംഗ്രഹമായ വേദം ഒന്നേയുണ്ടായിരിന്നുള്ളു. മഹർഷി കൃഷ്ണദ്വൈപായനൻ പഠിപ്പിക്കുവാനും, പഠിക്കുവാനും എളുപ്പമാകുന്നതിനു വേണ്ടി വിഷയങ്ങളുടെ അടിസ്ഥാനത്തിൽഒറ്റ ഒരു വേദത്തെ നാലു ഭാഗമായി വിഭാഗിച്ചു. അങ്ങനെ വേദത്തെ വിഭാഗിച്ചത് കൊണ്ട വേദവ്യാസ എന്ന പേരും മഹർഷി നേടി. ഇതുകൊണ്ടാണ് വേദങ്ങൾ നാലാണ് എന്നു പറയുന്നത്. അവ ഋഗ്വേദം , യജുർവേദം , സാമവേദം , അഥർവവേദങ്ങളാണ്. ഈ ഓരോ വേദത്തിനും നാല് ഭാഗങ്ങളുണ്ട്. ശ്ലോക രൂപത്തിലുംപദ്യ രൂപത്തിലുള്ളതാണ് സംഹിത (വേദത്തിന്റെ കാതലായ ഭാഗം) . ഗദ്യ രൂപത്തിലുള്ളതും കാര്യങ്ങളെ വിസ്തരിച്ചു പറഞ്ഞിട്ടുള്ള വിഭാഗത്തെ ബ്രാഹ്മണമെന്നും വിളിക്കുന്നു. കൂടാതെ ആരണ്യകങ്ങളും (കർമ കാണ്ഡം) , ഉപനിഷത്തുകളുമുണ്ട് (ജ്നാന കാണ്ഡം). ക്രിയ അഥവാ കർമ അഥവാ ഉപാസന വിധി-വിധാനങ്ങളുടെ വിശകലനത്തിന്റെ ഭാഗത്തെ ആരണ്യകമെന്നും , ശാസ്ത്രീയമായി ആത്മീയ ജ്ഞാനത്തെ തത്വത്തെ വിശകലനം ചെയ്തുട്ടുള്ളതിനെ ഉപനിഷത്ത് (വേദാന്തം) എന്നും വിളിക്കുന്നു.

## വേദങ്ങൾ (ശ്രുതി)

**1.ഋഗ്വേദം : മാനവ ചരിത്രത്തിൽ ആദ്യമായി ഒരു സാമൂഹ്യവിദ്യാഭ്യാസ സമ്പ്രദായം തുടങ്ങി വെച്ചത് വേദ വ്യാസ മഹർഷിയാണ്. വേദ വ്യാസ മഹർഷി ഋഗ്വേദത്തെ പഠിപ്പിക്കുവാൻ വേണ്ടി പൈല മഹർഷിയുടെ നേത്രത്വത്തിൽ ഋഗ്വേദ ശാഖ (ശാഖ എന്നാൽ പാഠ ശാല എന്നാണ്) തുടങ്ങി വെച്ചു. ഋഗ്വേദ പഠനത്തിൽ ചരിത്രം, ഭൂമിശാസ്ത്രം, പൗരശാസ്ത്രം, വാണിജ്യം, സാമ്പത്തികശാസ്ത്രം മുതലായവയെ കുറിച്ചുള്ള വിവരണം ഉൾപെടുന്നു .**

**ഋഗ്വേത്തെ 10 മണ്ഡലങ്ങളായി തിരിച്ചിരിക്കുന്നു. ഓരോ മണ്ഡലത്തെയും അനേകം സൂക്തങ്ങളായി വിഭജിച്ചിരിക്കുന്നു. ഓരോ സൂക്തവും അനേകം മന്ത്രങ്ങൾ അഥവാ ഋക്കുകൾ ഉൾക്കൊള്ളുന്നു. ശൗനകന്റെ അനുവകാനുക്രമണി സമ്പ്രദായപ്രകാരം (1) 10552 ഋക്കുകളെ 1028 സൂക്തങ്ങളായും (2) 1028 സൂക്തങ്ങളെ 10 മണ്ഡലങ്ങളായും ക്രമീകരിച്ചിരിക്കുന്നു.**

**ഋഗ്വേദത്തിൽ കാണപ്പെടുന്ന പ്രധാന ദാർശനിക സൂക്തങ്ങളിൽ ഉൾപ്പെടുന്നു. അവ്**

**നാസാദിയ സൂക്തം - 10.129**

**പുരുഷ സൂക്തം - 10.10**

**ഹിരണ്യഗർഭ സൂക്തം - 1.121**

**വാക് സൂക്തം (वाक् सूक्तम्) - 10.125**

**അസ്യ-വാമിയ സൂക്ത - 1.164 ||**

**ശ്രദ്ധ സൂക്ത - 10.151 ||**

**ഋഗ്വേദത്തിൽ കാണപ്പെടുന്ന പ്രധാന ലൗകിക സൂക്തങ്ങളിൽ ഉൾപ്പെടുന്നു. അവ്**

**സജ്ഞാന സൂക്ത - 10.191**

**ദാനസ്തുതി സൂക്ത - 10.107 ഉം 117 ഉം**

**അക്ഷ സൂക്തം - 10.34**

**വിവാഹ സൂക്ത - 10.85**

**ഋഗ്വേദത്തിൽ കാണപ്പെടുന്ന പ്രധാന അഖ്യാന സൂക്തങ്ങളിൽ ഉൾപ്പെടുന്നു. അവ്**

**വിഷ്ണു സൂക്ത - 1.154**

**സോമ സൂര്യ വിവാഹ സൂക്ത - 10.85**

**ശ്യവശ്വ സൂക്ത - 5.61**

**മണ്ഡൂക സൂക്തം - 7.103**

**ഇന്ദ്ര വൃത്ര യുദ്ധ സൂക്തം - 1.80, 2.12**

**ഋഗ്വേദത്തിൽ കാണപ്പെടുന്ന പ്രധാനപ്പെട്ട സംവാദ സൂക്തങ്ങളിൽ ഉൾപ്പെടുന്നു. അവ്**

**പുരൂരവ- ഉർവ്വശി സംവാദ - 10.95**

**യമ -യാമി സംവാദ - 10.10**

**സരമ -പാനി സംവാദ - 10.108**

**വിശ്വാമിത്ര -നാഡി സംവാദ - 3.33**

**ഇന്ദ്ര -മരുത് സംവാദ - 1.165**

**അഗസ്ത്യ -ലോപമുദ്ര സംവാദ - 1.179**

**വസിഷ്ഠ -സുദാസ് സംവാദ - 7.83**

**ഇന്ദ്ര -ഇന്ദ്രാണി-വൃഷകപി സംവാദ - 10.86**

**2. യജുർവേദം : വേദ വ്യാസ മഹർഷി യജുർവേദത്തെ പഠിപ്പിക്കുവാൻ വേണ്ടി മഹർഷി വൈശംപായയുടെ നേത്രത്വത്തിൽ യജുർവേദ ശാഖ (ശാഖ എന്നാൽ പാഠ ശാല എന്നാണ്) തുടങ്ങി വെച്ചു. ഇതിന് രണ്ട് പ്രധാന ശാഖകളുണ്ട്, അതായത് ശുക്ല യജുർവേദം (യജ്ഞാവൽക്യ മഹർഷിക്ക് സൂര്യദേവൻ പറഞ്ഞു കൊടുത്തത്) , കൃഷ്ണ യജുർവേദം (മഹർഷി വൈശംപായണൻ വേദ വ്യാസ മഹർഷി പറഞ്ഞു കൊടുത്തത്) . ഇവിടെ വിവിധ യജ്ഞങ്ങളുമായി ബന്ധപ്പെട്ട മന്ത്രങ്ങളുടെ ഒരു ശേഖരം ഉൾക്കൊള്ളുന്നു. യജുർവേദ പഠനത്തിൽ ആയുധവിദ്യ, ദേവതാരാധന, ഉപാസന വിധി-വിധാനങ്ങൾ, വാസ്തുവിദ്യ, എഞ്ചിനീയറിംഗ് മുതലായവയ്ക്ക് വേണ്ടിയുള്ളതാണ് യജുർവേദം.**

**കാണ്വം സമ്പ്രദായപ്രകാരം (1) 2086 ഋക്കുകളെ (2) 328 അനുവാകങ്ങളായും (3) 40 മണ്ഡലങ്ങളായും ശുക്ല യജുർ വേദത്തിൽ ക്രമീകരിച്ചിരിക്കുന്നു.**

**കൃഷ്ണ യജുർവേദത്തിലെ സംഹിതകൾ ഇപ്പോൾ ലഭ്യമുള്ളത് തൈത്തിരിയ, മൈത്രായണി എന്നിവയാണ്.**

## തൈത്തിരിയ സംഹിത

**ഇത് കൃഷ്ണ യജുർവേദ ശാഖയെ പ്രതിനിധീകരിക്കുന്നു. ഋഷി വൈശമ്പായനന്റെ ശിഷ്യനായ ഋഷി തിത്തിരിയിലൂടെയാണ് ഇത് വെളിപ്പെട്ടത്. ഇതിൽ 7 കാണ്ഡങ്ങൾ, 44 പ്രപാതകങ്ങൾ, 631 അനുവാക്കുകൾ, 2198 കണ്ടികകൾ എന്നിവ ഉൾപ്പെടുന്നു.**

## മൈത്രായണി സംഹിത

**ഇതിൽ 4 കാണ്ഡങ്ങളും 54 പ്രപഥകങ്ങളും 3144 മന്ത്രങ്ങളും അടങ്ങിയിരിക്കുന്നു.**

**3.സാമവേദം : വേദ വ്യാസ മഹർഷി സാമവേദത്തെ പഠിപ്പിക്കുവാൻ വേണ്ടി മഹർഷി ജൈമുനി യുടെ നേത്രത്വത്തിൽ സാമവേദ ശാഖ (ശാഖ എന്നാൽ പാഠ ശാല എന്നാണ്) തുടങ്ങി വെച്ചു. സംഗീത-നാട്യം-നൃത്താദി കല, സാഹിത്യം, സാംസ്കാരികം മുതലായവയ്ക്ക് വേണ്ടിയുള്ളതാണ് സാമവേദം. നാല് വേദങ്ങളിൽ വെച്ച് ഏറ്റവും ചെറുതാണ് സാമവേദം. ഇത് ഋഗ്വേദവുമായി അടുത്ത ബന്ധമുള്ളതാണ്. സാമവേദത്തിന്റെ സംഹിതയിൽ ഋഗ്വേദത്തിലെ സംഹിതയിൽ നിന്ന് ധാരാളം മന്ത്രങ്ങൾ ഉൾപ്പെടുന്നു എന്നത് ശ്രദ്ധിക്കേണ്ടതാണ്. ഋഗ്വേദത്തിലെ എട്ടാമത്തെയും ഒമ്പതാമത്തെയും മണ്ഡലങ്ങളിൽ നിന്നാണ് ഈ മന്ത്രങ്ങൾ പ്രധാനമായും ഉരുത്തിരിഞ്ഞത്. സാമവേദം അനുഷ്ഠാനപരമായ പ്രയോഗത്തിന് മാത്രമായി സമാഹരിച്ചതാണ്. അതുകൊണ്ട് സാമവേദം യജ്ഞികാ ചടങ്ങിൽ സാമം ജപിക്കുന്ന ഉദ്ഗാത്ര പുരോഹിതനെ ഉദ്ദേശിച്ചുള്ളതാണ്. അതിന്റെ മന്ത്രങ്ങൾ സംഗീത സാമങ്ങൾ അല്ലെങ്കിൽ ഗാനങ്ങൾ എന്ന് വിളിക്കപ്പെടുന്ന. ജൈമിനി പ്രകാരം - സംഗിതത്തെ സാമം എന്ന് വിളിക്കുന്നു.**

**സാമ വേദത്തിന് രണ്ട് പ്രധാന ഭാഗങ്ങളുണ്ട്:**

**(1) പൂർവാർച്ചിക - പൂർവാർച്ചികയിൽ 6 അധ്യായങ്ങളിലായി 640 മന്ത്രങ്ങളുണ്ട്.**

**(2) ഉത്തരാർച്ചിക – ഇതിൽ 21 അധ്യായങ്ങൾ (അല്ലെങ്കിൽ 9 പ്രപാതകങ്ങൾ) ഉണ്ട്, മന്ത്രങ്ങളുടെ എണ്ണം 1225 ആണ്.**

പൂർവാർച്ചിക (640), ഉത്തരാർച്ചിക (1225) എന്നിവയിലെ ആകെ മന്ത്രങ്ങളുടെ എണ്ണം 1875 ആണ്. ഇതിൽ 1771 മന്ത്രങ്ങളും ഋഗ്വേദത്തിൽ നിന്നുള്ളതാണ്, അതിനാൽ സാമവേദത്തിന് 104 മന്ത്രങ്ങൾ മാത്രമേയുള്ളൂവെന്ന് പറയപ്പെടുന്നു.

സാമ വേദത്തിൽ ഏഴ് സ്വരങ്ങളുണ്ട്. നാരദീയ ശിക്ഷ, പാണിനിയ ശിക്ഷ, യാജ്ഞവൽക്യ ശിക്ഷ എന്നിവ പ്രകാരം, ഈ സ്വരങ്ങൾ മൂന്ന് അടിസ്ഥാന സ്വരങ്ങളിൽ നിന്നാണ് വികസിച്ചത് - ഉദാത്ത, അനുദത്ത, സ്വരിത.

സാമവേദത്തിലെ ത്രിസപ്തകം. ഇത് ഗായകന്റെ പിച്ചിനെ സൂചിപ്പിക്കുന്നു.

മന്ദ്ര (താഴ്ന്ന) - താഴ്ന്നത്

മധ്യ (മധ്യം) - ഇടത്തരം

നിശിതം (ഉയർന്നത്) - ഉയർന്നത്

പരമ്പരാഗതമായി വേദങ്ങളെ 'വേദ ത്രായി' എന്ന് വിളിക്കുന്നു, കാരണം അവ മൂന്ന് തരത്തിലുള്ള മന്ത്രങ്ങൾ ഉൾക്കൊള്ളുന്നു - 1) പദ്യ രൂപത്തിൽ ശ്ലോകങ്ങൾ, 2) ഗദ്യരൂപത്തിൽ മന്ത്രങ്ങൾ, 3) സംഗീത കീർത്തനങ്ങൾക്കായി മന്ത്രങ്ങൾ സജ്ജീകരിച്ചിരിക്കുന്നു.

**4. അഥർവേദം** : വേദ വ്യാസ മഹർഷി അഥർവേദത്തെ പഠിപ്പിക്കുവാൻ വേണ്ടി മഹർഷി സുമന്തയുടെ നേത്രത്വത്തിൽ അഥർവേദ ശാഖ (ശാഖ എന്നാൽ പാഠ ശാല എന്നാണ്) തുടങ്ങി വെച്ചു. അഥർവവേദമാണ് ആത്മീയതയ്ക്ക്, സമ്പത്തിനു, നിത്യ വൃത്തിക്ക്, മോക്ഷമാർഗ്ഗം എന്നിവയുടെ താക്കോൽ. ജീവിതം തുടർച്ചയായ സമരമാണ്. ജീവിതയുദ്ധത്തിൽ വിജയം നേടാനുള്ള വഴികൾ അഥർവവേദം പറയുന്നു. യുദ്ധത്തിന്റെയും സമാധാനത്തിന്റെയും വേദമാണ് അഥർവവേദം. ശരീരത്തിൽ എങ്ങനെ സമാധാനത്തോടെ ജീവിക്കാം എന്നതിനുള്ള വിവിധ തരം ഔഷധങ്ങളുടെ വിവരണം ഇവിടെയുണ്ട്. കുടുംബത്തിൽ എങ്ങനെ സമാധാനം നിലനിൽക്കും, ഇതിനുപോലും ദൈവിക കുറിപ്പടികൾ അതിലുണ്ട്. രാഷ്ട്രത്തിലെ നടപടികളെക്കുറിച്ചും രാജ്യം എങ്ങനെ സമാധാനത്തോടെ ജീവിക്കാമെന്നും വിവരിക്കുന്നു. രാജ്യത്തിന്റെ സമാധാനം തകർക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അതിനെ എങ്ങനെ ചെറുക്കണം, ശത്രുക്കളുടെ ആക്രമണത്തിൽ നിന്ന് സ്വയം എങ്ങനെ സംരക്ഷിക്കാം, അവരുടെ വികൃതികൾ എങ്ങനെ അവസാനിപ്പിക്കാം എന്നിങ്ങനെ അഥർവ്വവേദത്തിൽ വിവരിച്ചിരിക്കുന്നു. അഥർവേദം വിജ്ഞാനം

ശാസ്ത്രത്തിനും സാങ്കേതികവിദ്യയ്ക്കും വേണ്ടിയുള്ളതാണ് - ഭൗതിക ശാസ്ത്രം, രസതന്ത്രം, ജീവ ശാസ്ത്രം, ചികിത്സാ, ഗണിതം, വാസ്തുവിദ്യ, എഞ്ചിനീയറിംഗ്, മെറ്റലർജി, പ്രതിരോധം, ആറ്റോമിക്, റോബോട്ടിക് യന്ത്രങ്ങൾ മുതലായവ ഇവിടെ പഠന വിഷയമാണ്. ശൌനകശാഖയിലുള്ള അഥർവവേദത്തിന് 20 കാണ്ഡങ്ങളിലായി 730 സൂക്തങ്ങളും 5987 ത്തോളം മന്ത്രങ്ങളും ഉണ്ട്.

ഓരോ വേദങ്ങൾക്കും നാലു വിഭാഗകളുണ്ട്.

1.സംഹിതകൾ - ശ്ലോക രൂപത്തിലും പദ്യ രൂപത്തിലുള്ളതാണ് സംഹിത.

2.ബ്രാഹ്മണങ്ങൾ - ഗദ്യ രൂപത്തിലുള്ളതും കാര്യങ്ങളെ വിസ്തരിച്ചു പറഞ്ഞിട്ടുള്ള വിഭാഗത്തെ ബ്രാഹ്മണമെന്നും വിളിക്കുന്നു.

3.ആരണ്യകങ്ങൾ - കർമ കാണ്ഡം - ക്രിയ അഥവാ കർമ അഥവാ ഉപാസന വിധി-വിധാനങ്ങളുടെ വിശകലനത്തിന്റെ ഭാഗത്തെ ആരണ്യകമെന്ന് പറയുന്നത്

4.ഉപനിഷത്(വേദാന്തം) - ജ്നാന കാണ്ഡം - ശാസ്ത്രീയമായി ആത്മീയ ജ്ഞാനത്തെ തത്വത്തെ വിശകലനം ചെയ്തുട്ടുള്ളതിനെ ഉപനിഷത്ത് (വേദാന്തം) എന്നും വിളിക്കുന്നു.

ഉപനിഷത് (ശ്രുതി)

ഏകദേശം 2000ത്തോളം ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നതായി പറയപ്പെടുന്നു, ഇപ്പോൾ108 എണ്ണം ലഭ്യമാണ്. അവയിൽശങ്കരാചാര്യ സ്വാമികൾ ഭാഷ്യം രചിച്ചിട്ടുള്ള 10 എണ്ണം പ്രധാനപ്പെട്ടതാണ്, അതായത്ദശോപനിഷത്തുക്കൾ.......

1.ഈശാവാസ്യം ഉപനിഷത്,

2.കഠം ഉപനിഷത്,

3.കേനം ഉപനിഷത്,

4.പ്രശ്നം ഉപനിഷത്,

5.മുണ്ഡകം ഉപനിഷത്,

6.മാണ്ഡൂക്യം ഉപനിഷത്,

7.തൈത്തിരീയം ഉപനിഷത്,

8.ഐതരേയം ഉപനിഷത്,

9.ഛാന്ദോക്യം ഉപനിഷത്,

## 10.ബൃഹദാരണ്യകം ഉപനിഷത്

വേദാന്ത സമ്പ്രദായത്തെ വീണ്ടും അഞ്ചു ഉപസമ്പ്രദായങ്ങളായി (സിദ്ധാന്തകളായി) തിരിച്ചിരിക്കുന്നു:

- അദ്വൈത സിദ്ധാന്തം - ശ്രീ ആദിശങ്കരാചാര്യരുടെ അദ്വൈത വേദാന്തം. ജീവാത്മാവും ബ്രഹ്മവും തമ്മിൽ വ്യത്യാസമില്ല എങ്കിൽ ബ്രഹ്മ സത്യം ജഗത് മിഥ്യ എന്നതാണ് തത്വം.
- വിശിഷ്ടാദ്വൈത സിദ്ധാന്തം - ശ്രീരാമാനുജാചാര്യരുടെ വിശിഷ്ടാദ്വൈതം , ജീവാത്മാവ് ബ്രഹ്മത്തിന്റെ ഭാഗമാണ്, അതിനാൽ സമാനമാണ്, എന്നാൽ സമാനമല്ല.
- ദ്വൈത സിദ്ധാന്തം - ശ്രീ മധ്വാചാര്യരുടെ ദ്വൈതം. ജീവാത്മാവ് ബ്രഹ്മത്തിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്.
- ദ്വൈതാദ്വൈത / ഭേദാഭേദ സിദ്ധാന്തം -ഇതിന്റെ ആചാര്യന്മാർ നിംബാർക , ഭാസ്കരൻ, ചൈതന്യരാണ്. ബ്രഹ്മം ജഗത്തിൽ നിന്നും വ്യക്തി ആത്മാവിൽ നിന്നും വ്യത്യസ്തമാണ് (ഭേദം) എങ്കിലോ വ്യത്യസ്തമല്ല (അഭേദം) ദ്വൈതാദ്വൈതം അല്ലെങ്കിൽ ഭേദഭേദം . ഉപനിഷത്തുകളിൽ പഠിപ്പിക്കുന്നത് പോലെ ആത്യന്തികമായ യാഥാർത്ഥ്യം കേവലമായ ഒരു ഏകത്വമോ കേവലമായ ഒരു ബഹുത്വമോ ആയിരിക്കില്ല, മറിച്ച് രണ്ടിന്റെയും സുപ്രധാനമായ സമന്വയതോട് കുടിയ മുന്നാമത്തെ പദാർത്ഥം ആയിരിക്കുമെന്ന് ഭേദഭേദ സിദ്ധാന്തം ഉയർത്തിപ്പിടിക്കുന്നു. ഭാസ്കരൻ, യാദവ, നിംബർക്ക, ചൈതന്യ തുടങ്ങിയ പണ്ഡിതർ ഈ തത്വചിന്ത ഉയർത്തിപ്പിടിച്ചത്.
- ശുദ്ധാദ്വൈത സിദ്ധാന്തം - ശ്രീ വല്ലഭാചാര്യരുടെ ശുദ്ധാദ്വൈതം. ജീവാത്മാവും ബ്രഹ്മവും തീപ്പൊരിയും അഗ്നിയും പോലെയാണ്, ജഗത് യഥാർത്ഥമാണ്, ജീവാത്മാവ് മായയാൽ അജ്ഞാനത്താൽ (അവിദ്യയാൽ ) മേഘാവൃതമാണ്. ഈ മേഘവൃതം മാറ്റിയാൽ സത്യം സ്വയം ജീവാത്മാവ് തിരിച്ചറിയും എന്നതാണ് ഇവിടത്തെ തത്വം.

വേദപഠനം സുഗമമാക്കുന്നതിനും പൂർണ്ണമാക്കുന്നതിനും വേണ്ടി ആറ് വേദാംഗങ്ങൾ ഉണ്ട്,

വേദാംഗങ്ങൾ:- വേദ മന്ത്രങ്ങളുടെ ഘടനയുടെ ഭാഗമാണ് വേദാംഗങ്ങൾ. ഇവ അറിയാതെ , പഠിക്കാതെ വേദത്തെ മനസിലാക്കുക അസാധ്യമാണ്. അവ്

1.ശിക്ഷ - വേദമന്ത്രങ്ങളുടെ ഉച്ചാരണം (ഭാവം)

2.കൽപം - ഓരോ വേദ മന്ത്രത്തിനും യജ്ഞങ്ങളിൽ യാഗങ്ങളിൽ ഉപാസനകളിൽ അനുഷ്ഠാനങ്ങളിൽ അനുസരിക്കേണ്ടതായ ക്രിയ, വിധി, വിധാനം.

3.വ്യാകരണം - മന്ത്രങ്ങളുടെ ഘടനയും വാക്കുകളുടെ നിർമ്മാണവും പ്രാഥമിക അർത്ഥം അറിയുന്നതും.

4.നിരുക്തം - ശബ്ദത്തിന്റെ വാക്കിന്റെ ചരിത്രം, വേദ സന്ദർഭത്തിനനുസരിച്ച് വാക്കുകളുടെ അർത്ഥങ്ങൾ.

5.ജ്യോതിഷം - പ്രത്യക മന്ത്രങ്ങൾ ഉപയോഗിക്കേണ്ടതായ സ്ഥലം-സമയം, മുഹൂർത്ഥം, നക്ഷത്രം, തിഥി, പക്ഷ, മാസം, ഋതു, അയനം, സംവത്സരം, യുഗം കണക്കാക്കുന്നത്. യജ്ഞങ്ങളും യാഗങ്ങളും നടത്തുന്നതിന് അനുയോജ്യമായ സമയവും സ്ഥലവും സംബന്ധിച്ച അറിവ്.

6.ഛന്ദസ്സ് - വേദങ്ങൾ ഛന്ദസിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. വേദങ്ങൾ ശബ്ദത്തെയോ അവ ഉച്ചരിക്കുന്ന രീതിയെയോ വളരെയധികം ആശ്രയിക്കുന്നതിനാൽ, അവയുടെ കൃത്യമായ ഉച്ചാരണത്തിന് ഛന്ദസ് വളരെ പ്രധാനമാണ്. മന്ത്രങ്ങളുടെ അളവ് രൂപങ്ങളും ഗുണങ്ങളും നിർണ്ണയിക്കുന്നതിനുള്ള ശാസ്ത്രമാണിത്.

ഓരോ വേദങ്ങൾക്കും ഉപവേദങ്ങളും ഉണ്ട്,

ഉപവേദങ്ങൾ വേദങ്ങൾക്ക് അനുബന്ധമായി വേദോപദേശങ്ങളുടെ സാംസ്കാരിക സാമൂഹിക മേഖലയിലേക്ക് കൂടുതൽ പ്രത്യേകമായ പ്രായോഗിക മാർഗ നിർദേശങ്ങൾ നൽകുന്നു. ഉപവേദങ്ങൾ വേദത്തിന്റെ ഭാഗമായി കണക്കാക്കപ്പെടുന്നു

1.അർത്ഥശാസ്ത്രം (ഋഗ്വേദം)- അർത്ഥശാസ്ത്രം എന്ന പദത്തിനു സാമ്പത്തിക കാര്യങ്ങളെപ്പറ്റിയുള്ള വിജ്ഞാനശാഖ എന്നതോടൊപ്പം രാജ്യഭരണ പ്രശ്നങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രം എന്ന അർത്ഥവുമുണ്ട്. രാജ്യ ഭരണ

തന്ത്രം, പൗര ശാസ്ത്രം, സാമ്പത്തിക നയം, സൈനിക തന്ത്രം എന്നിവയെക്കുറിച്ചുള്ള ഒരു പുരാതന സംസ്കൃത ഗ്രന്ഥമാണ് അർത്ഥശാസ്ത്രം. 15 അധികരണങ്ങളിലായി 195 ശീർഷകങ്ങളിലാണ് അർത്ഥശാസ്ത്രം രചിക്കപ്പെട്ടിരിക്കുന്നത്. എങ്കിലും ചില പ്രകരണങ്ങളിൽ ഒന്നിലധികം ഉപശീർഷകങ്ങൾ ഉള്ളതുകൊണ്ട് ഇതിൽ പ്രതിപാദിതമായ വിഷയങ്ങളുടെ സംഖ്യ ഏതാണ്ട് ഇരുനൂറിനടുത്തു വരും. രാഷ്ട്രമീമാംസ, നയതന്ത്രം, ചാരവൃത്തി, യുദ്ധം, സമാധാനം, ദണ്ഡനീതി, ശിക്ഷാശാസ്ത്രം, സിവിൽ-ക്രിമിനൽ നടപടിക്രമങ്ങൾ, സാമൂഹിക-സാൻമാർഗിക മര്യാദകൾ, വിവാഹം, സ്വത്തവകാശം, വ്യാപാര വാണിജ്യ ബന്ധങ്ങൾ, ഭരണവകുപ്പുവിഭജനം, പൊതുവായ പെരുമാറ്റസംഹിത തുടങ്ങി മനുഷ്യ വ്യവഹാരപരിധിയിൽ ഉൾപ്പെടേണ്ട ഘടകങ്ങളിലൊന്നു പോലും കൗടില്യൻ ഈ പ്രാമാണികകൃതിയിൽ നിന്നൊഴിവാക്കിയിട്ടില്ലെന്നു ശീർഷകനാമങ്ങൾ തന്നെ വ്യക്തമാക്കുന്നു.

> *"ഭൂമിയുടെ സമ്പാദനവും പരിപാലനവും കണക്കിലെടുത്ത് പുരാതന ആചാര്യന്മാർ രചിച്ച മിക്കവാറും എല്ലാ അർത്ഥശാസ്ത്രങ്ങളുടെയും ഒരു സംഗ്രഹമായാണ് ഈ അർത്ഥശാസ്ത്രം നിർമ്മിച്ചിരിക്കുന്നത്".*

2. ധനുർവ്വേദം (യജുര്വ്വേദം) - ഈ ഉപവേദം സിവിൽ, സൈനിക പ്രതിരോധം, യുദ്ധം, രാഷ്ട്രീയം എന്നിവ വിശദീകരിക്കുന്നു. പുരാതന കാലത്ത് വിജയം കൊണ്ടുവരുന്നതിന് പേരുകേട്ട യുദ്ധ കല ഇപ്പോൾ അവ്യക്തമായി മാറിയിരിക്കുന്നു, നിർഭാഗ്യവശാൽ, വില്ലും അമ്പും ഉപയോഗിക്കുന്ന കലയായി ഇത് പരാമർശിക്കപ്പെടുന്നു. സംഹിതകളിൽ നിന്നും ബ്രാഹ്മണങ്ങളിൽ നിന്നും ഈ ശാസ്ത്രത്തെക്കുറിച്ച് പരാമർശമുണ്ട്, അഷ്ടി, വജ്രി, ശതാഗ്നി , നാഗാസ്ത്രം , വരുണാസ്ത്രം , ആഗ്നേയാസ്ത്രം, ബ്രഹ്മാസ്ത്രം തുടങ്ങിയ യുദ്ധക്കളത്തിലുള്ള ഉപകരണങ്ങളുടെ നിബന്ധനകളും, ഉപയോഗിക്കേണ്ട, നിർമിക്കേണ്ട രീതികൾ ഇതിൽ പരാമർശിച്ചുണ്ട്. ഇത് വേദകാലങ്ങളിൽ പോലും അവയുടെ ഉപയോഗത്തിന് തെളിവ് നൽകുന്നു. പിന്നീട് രാമായണത്തിലും മഹാഭാരതത്തിലും ഈ ശാസ്ത്രത്തിനും കലയ്ക്കും, പ്രത്യേകിച്ച് യുദ്ധങ്ങളുടെ വിവരണങ്ങളിൽ ഒരു നല്ല വെളിച്ചം വീശുന്നു. ശ്രുതികളിലും സ്മൃതികളിലും പുരാണങ്ങളിലും പറഞ്ഞിരിക്കുന്നതുപോലെ ഈ ശാസ്ത്രത്തിന്റെ ഉത്ഭവം

ബ്രഹ്മാവിൽ നിന്നാണ്. ഋഗ്വേദ സൂക്തം (9.112) ഇന്ദ്രൻ, വരുണൻ, അഗ്നി, രുദ്രൻ എന്നിവരുടെ സ്തുതികൾക്ക് പുറമെ വില്ലും അമ്പും (അമ്പുകളുടെ നുറുങ്ങുകൾ പൊടിക്കുകയും അവ ഉപയോഗിച്ച് കല്ലുകൾ കൊത്തിയെടുക്കുകയും ചെയ്യുക) കലയെ വിവരിക്കുന്നു. ധനുർവേദത്തിലെ ഏറ്റവും പുരാതനമായ ഗ്രന്ഥങ്ങൾ ലഭ്യമല്ല, എന്നാൽ അറിയപ്പെടുന്ന ചില ഗ്രന്ഥങ്ങൾ ധനുർവിധി, ദ്രൗണ വിദ്യ, കോദണ്ഡ മണ്ഡനം, ധനുർവേദ സംഹിത എന്നിവയാണ്.

3. ഗന്ധർവ്വവേദം (സാമവേദം) - സാമവേദത്തിൽ നിന്ന് ഉരുത്തിരിഞ്ഞ സംഗീത ശാസ്ത്രമാണ് ഗന്ധർവ്വവേദം. രണായണി മുതൽ ജൈമിനി വരെ, 13 ദർശകർ ഭാരതവർഷത്തിൽ ഗന്ധർവ്വവിദ്യ നൽകിയിട്ടുണ്ട്, പിന്നീട് മഹർഷി ജൈമിനിയും അദ്ദേഹത്തിന്റെ വിദ്യാർത്ഥികളും വികസിപ്പിച്ചെടുത്തു. നാരദ ശിക്ഷയിൽ നിന്ന് വ്യക്തമാകുന്നത് ശാസ്ത്രീയ സംഗീത പാരമ്പര്യമായി പ്രചരിക്കുകയും ചെയ്ത ഗാനവിദ്യയുടെ വേരായിരുന്നു ഈ പുരാതന വേദം. യമളാഷ്ടക തന്ത്രം ഗന്ധർവ്വവേദത്തിന്റെ (36000 ശ്ലോകങ്ങൾ അടങ്ങിയ) ഗ്രന്ഥത്തെ വിവരിക്കുന്നു, എന്നാൽ അത് ഇപ്പോൾ ലഭ്യമല്ല. ഗന്ധർവ്വവേദം ഇന്നത്തെ കാലഘട്ടത്തിൽ 64 കലകളുടെയും ഭാഗമായി പഠിപ്പിക്കപെടുന്നു.

4. ആയുർവ്വേദം (അഥർവ വേദം, ഋഗ്വേദം )- ആയുർവേദം ദീർഘായുസ്സിന്റെ രഹസ്യവും രോഗങ്ങളെ സുഖപ്പെടുത്തുന്നതിനുള്ള മരുന്നുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഏതൊരു ശാസ്ത്രത്തിനും രണ്ട് ഭാഗങ്ങളുണ്ട് - സിദ്ധാന്ത (സൈദ്ധാന്തിക വശങ്ങൾ) അടിസ്ഥാന നിയമങ്ങൾ. പിന്നെ കർമ്മഭാഗവും (പ്രായോഗിക പ്രയോഗം) ആ നിയമങ്ങളുടെ പ്രായോഗിക ഉപയോഗത്തെ നിർവചിക്കുന്നു. ആയുർവേദ പഠനത്തിൽ രോഗങ്ങൾ ഭേദമാക്കുന്നതിൽ സിദ്ധാന്തവും പ്രയോഗങ്ങളും ഉൾപ്പെടുന്നു. ആയുർവേദത്തിന്റെ ഉപജ്ഞാതാവ് സമുദ്ര-മന്ഥന സമയത്ത് നിധികളിലൊന്നായി ഉത്ഭവിച്ച ധന്വന്തരിയാണെന്ന് കരുതപ്പെടുന്നു. അദ്ദേഹത്തെ കൂടാതെ, ഐതരേയ, കശ്യപ, ഹരിത്, അഗ്നിവേശ, ഭേദമുനി എന്നിവരുടെതാണ് മറ്റ് പ്രധാന പേരുകൾ. നിലവിൽ ആയുർവേദത്തിലെ മൂന്ന് പ്രധാന ഗ്രന്ഥങ്ങൾ ഇവയാണ്: ചരക സംഹിത, സുശ്രുത സംഹിത, അഷ്ടാംഗ ഹൃദയം. ഈ മൂന്ന് ഗ്രന്ഥങ്ങളെ മൊത്തത്തിൽ

ബൃഹത്-ത്രയി എന്ന് വിളിക്കുന്നു. പതഞ്ജലി ആയുർവേദത്തെക്കുറിച്ചും ഗ്രന്ഥം രചിച്ചിട്ടുണ്ട്.

5.സ്ഥാപ്ത്യാവേദം (അഥർവ വേദം) - അർത്ഥശാസ്ത്രത്തിനുപകരം ചില പണ്ഡിതന്മാർ ശിൽപവേദത്തെയോ സ്ഥാപത്യവേദത്തെയോ ഉപവേദമായി കണക്കാക്കുന്ന. ഇത് വാസ്തുവിദ്യയും വിവിധ കലകളും കൈകാര്യം ചെയ്യുന്നു. ശിൽപശാസ്ത്രം യഥാർത്ഥത്തിൽ ജലാശയങ്ങൾ (തടക), വിശ്രമകേന്ദ്രങ്ങൾ (അരാമങ്ങൾ), ക്ഷേത്രങ്ങൾ (ആലയങ്ങൾ) മുതലായവ ഉൾപ്പെടെയുള്ള വാസ്തുവിദ്യാ സ്ഥലങ്ങളുമായി ബന്ധപ്പെട്ടിരുന്നു. വാസ്തു എന്ന് സാധാരണയായി വിളിക്കപ്പെടുന്ന ഇത്, ആരോഗ്യകരമായ ഭൂമിയും സ്ഥലപരമായ ഊർജ്ജവും കൊണ്ടുവരുന്നതിനുള്ള ഘടനകളുടെ ശരിയായ രൂപകൽപ്പന കാണിക്കുന്നു.

ഇനി വരുന്നത് പുരാണങ്ങളാണ്. ഇവിടെ വേദത്തിലെ വിഷയങ്ങളെ ചരിത്രപരമായി ഇണക്കി കഥാരൂപങ്ങളുടെ രൂപത്തിൽഅവതരിപ്പിച്ചിരിക്കുന്നു. പതിനെട്ട് പുരാണങ്ങളും അത്രതന്നെ ഉപപുരാണങ്ങളുമുണ്ട്.

പുരാണങ്ങൾ അഷ്ടാദശപുരാണങ്ങൾ

1.ബ്രഹ്മപുരാണം

2.വിഷ്ണുപുരാണം

3.ശിവപുരാണം

4.ഭാഗവതപുരാണം

5.പത്മപുരാണം

6.നാരദപുരാണം

7. മാർക്കണ്ഡയപുരാണം

8.അഗ്നിപുരാണം

9.ഭവിഷ്യപുരാണം

10.ലിംഗപുരാണം

11.വരാഹപുരാണം

12.സ്കന്ദപുരാണം

13.വാമനപുരാണം

14. കൂർമ്മ പുരാണം

15.മത്സ്യപുരാണം

16.ഗരുഡപുരാണം

17.ബ്രഹ്മാണ്ഡപുരാണം

18.ബ്രഹ്മവൈവർത്തകപുരാണം

ഇനി ദർശനങ്ങളാണ് , ഇവ ആറെണ്ണം അണ്. അതുകൊണ്ട് ഇവയെ ഷഡ്ദർശനം എന്ന് പറയുന്നു. ശരിക്കും ഇവ സത്യത്തിലേക്ക് അഥവാ ജീവന്റെ സ്വാതന്ത്ര്യത്തിനു മോക്ഷത്തിലേക്ക് എത്തുക്കുന്നിനുള്ള അധ്യാത്മിക, ആധിഭൗതിക, ആധിദൈവിക മൂന്ന് തരത്തിലുള്ള വേദനകളെ ഇല്ലാതാക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുന്നതിനുള്ള ഉപകരണങ്ങളാണ് എന്നും പറയാം.


ഇവയിൽ രണ്ടെണ്ണം യോഗയും , മീമാംസയും പ്രായോഗിക തലത്തിൽ സാധന, ഉപാസന ക്രിയകൾ ചെയ്തു കർമ്മകാണ്ഡത്തോടെ പരമമായ സത്യത്തിലേക്ക് എത്തിക്കുന്നവയാണ്.

മറ്റുള്ള നാലെണ്ണം സാംഖ്യ, ന്യായ, വൈശേഷിക പിന്നെ വേദാന്ത ഇവ ബുദ്ധികൊണ്ടും യുക്തികൊണ്ടും കാര്യങ്ങളെ വിശ്ലേഷിച്ചു വിമർശിച്ചു വാദ പ്രതിവാദകളുടെ , പ്രമാണങ്ങളുടെ , കാര്യ കാരണ വിശദികരണത്തോടെ , ജ്ഞാനകാണ്ഡത്തോടെ സത്യത്തിലേക്ക് എത്തിച്ചേരാനുള്ള വഴികളാണ്. ഇവുകളിൽ നേരത്തെ തന്നെ ഇവയുടെ ആചാര്യന്മാർ ചില നിഗമനകളിലേക്കു എത്തിച്ചേർന്നിട്ടുണ്ട്. അവയെ ഇനിയും മുന്നോട്ടു കൊണ്ടുപോയി ആ നിഗമനകളിൽ കുട്ടിച്ചേർക്കുകയോ തിരുത്തൽക്കൾ വരുത്തുകയോ അല്ല ഉള്ളതിനെ തന്നെ പുഷ്ഠിപെടുത്തുകയോ നമ്മൾക്ക് ചെയ്യാവുന്നതാണ്.

## ഷഡ്ദർശനങ്ങൾ

1.സാംഖ്യദർശനം- പുരാതനമായ സാംഖ്യ ദർശനത്തെ പഠിക്കുന്നതിനും പഠിപ്പിക്കുവാനും വേണ്ടി ചിട്ടപ്പെടുത്തി ഒരു വ്യവസ്ഥയിലാക്കിയത് കപില മുനി. സാംഖ്യ എന്ന വാക്കിന്റെ അർത്ഥം സംഖ്യ എന്നാണ്.ഇത് ആധുനിക

ശാസ്ത്രത്തിലെ ഭൌതിക ശാസ്ത്രത്തെ സൂചിപ്പിക്കുന്നു. ഭൗതിക ശാസ്ത്രത്തിൽ പ്രകൃതിയിലെ വസ്തുകളെ നാല് ഭാഗങ്ങളായി വിഭാഗിക്കുന്നു . ഘന , ദ്രവ , അനില , പ്ലാസ്മ . എങ്കിൽ സാംഖ്യത്തിൽ വസ്തുകളെ 24 ഭാഗങ്ങളായി വിഭാഗിക്കുന്നു. സാംഖ്യ വ്യവസ്ഥയുടെ ലക്ഷ്യം ജീവന്റെ അല്ലെങ്കിൽ സ്വയം മോചിപ്പിക്കുക എന്നതാണ്. സൃഷ്ടിയുടെ ഇരുപത്തിനാല് ഘടക തത്വങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് നൽകുകയും അവ എങ്ങനെ ഈ പ്രപഞ്ഞ പ്രക്രിയയെ മുന്നോട്ടു നയിക്കുന്നു എന്ന മനസ്സിലാക്കുന്നതിലൂടെ അവയിൽ നിന്ന് താൻ ആത്മാവ് എങ്ങനെ വേറെയാണ് , ആത്മാവ് ഒന്നും ചെയ്യുന്നില്ല എന്നതും അറിയുന്നതിലൂടെ ഈമോചനം നടക്കുന്നത്.




തത്വങ്ങൾ തെളിയിക്കുന്നതിന്, വിവിധ തരത്തിലുള്ള തെളിവുകൾ (പ്രമാണങ്ങൾ) ഉപയോഗിക്കുന്നു . സാംഖ്യ തത്ത്വചിന്ത ചിട്ടയായ കണക്കിനെ അടിസ്ഥാനമാക്കിയുള്ളതാണ്, കൂടാതെ അറിവ് നേടുന്നതിനുള്ള ആറ് പ്രമാണങ്ങളിൽ മൂന്നെണ്ണം ഉപയോഗിക്കുന്നു. അവ്

1) പ്രത്യക്ഷപ്രമാണഃ (ധാരണ) - നേരിട്ട് അനുഭവതില്ലുള്ള കാര്യങ്ങൾ.

2) അനുമാനപ്രമാണഃ (അനുമാനം) - പുഗയുണ്ടെങ്കിൽ അഗ്നിയുണ്ടാകും എന്നതുപോലെ കാര്യങ്ങളുടെ അനുമാനത്തിലൂടെ സത്യത്തിലേക്ക് എത്തുക.

3) ആപ്തവചനം -വിശ്വസനീയമായ ഉറവിടങ്ങളുടെ വാക്ക്/സാക്ഷ്യം, വചനം, ശബ്ദപ്രമാണം , വേദങ്ങളിൽ പറഞ്ഞിട്ടുളത് അതെ പടി സ്വീകരിക്കുക.

2.യോഗദർശനം- പുരാതനമായ യോഗ ദർശനത്തെ പഠിക്കുന്നതിനും പഠിപ്പിക്കുവാനും വേണ്ടി ചിട്ടപ്പെടുത്തി ഒരു വ്യവസ്ഥയിലാക്കിയത് പതഞ്ജലിമഹർഷി. സത്യം പറഞ്ഞാൽ സത്യത്തെ കണ്ടെത്താനുള്ള ഏറ്റവും നിശിതമായ ഉപകരണമാണ് യോഗ ദർശനം. കാരണം മറ്റുള്ള ദർശനങ്ങളിൽ ബുദ്ധിയും ജ്ഞാനേന്ദ്രിയങ്ങളും മനസ്സും ഉപയോഗിച്ച് കാര്യങ്ങളെ അവലോകനം ചെയ്തു , വിശ്ലേഷണം ചെയ്തു , വിശകലനം ചെയ്തു തർക്കിച്ചു ഒരു നിർണയത്തിലേക്ക് എത്തുകുയാണ് ചെയ്യുന്നത്. എങ്കിൽ മധുരത്തെ രുചിച്ചു നോക്കിയാലെ മധുരം എന്നാണ് എന്ന് മനസ്സിലാകും. എന്നതുപോലെ ഇന്ദ്രിയാതീതമായ , ഗുണാതീതമായ , ബുദ്ധിക്കും മനസ്സിനും അപ്പുറത്തുള്ള സത്യത്തെ മനസ്സിലാക്കുന്നതിനു അതിനെ രുചിച്ചു നോക്കുന്ന ഒരു വഴിയാണ് യോഗ ശാസ്ത്രം മുന്നോട്ടു വെക്കുന്നത്.

സത്യത്തിലേക്ക് മോക്ഷത്തിലേക്ക് എത്താൻ ഇവിടെ എട്ടു പടികളാണ് ഉള്ളത്. അതുകൊണ്ട് ഈ ശാസ്ത്രത്തെ അഷ്ടാംഗ യോഗ എന്നും വിളിക്കും. ഇതിന്റെ അടിസ്ഥാന സിദ്ധാന്തം "ചിത്ത് വൃത്തി നിവൃതം" എന്നാൽ മനസ്സിൽ ഉണരുന്ന അലകളെ ഇല്ലാതാക്കിയാൽ സത്യത്തെ കണ്ടെത്താം എന്നതാണ്.

3.ന്യായദർശനം-ഗൗതമ മുനി- പുരാതനമായ ന്യായ ദർശനത്തെ പഠിക്കുന്നതിനും പഠിപ്പിക്കുവാനും വേണ്ടി ചിട്ടപ്പെടുത്തി ഒരു വ്യവസ്ഥയിലാക്കിയത് ഗൗതമ മുനി. 'ന്യായ' എന്ന വാക്ക് പൊതുവെ 'ശരി' അല്ലെങ്കിൽ 'നീതി'യെ സൂചിപ്പിക്കുന്നു. ശരിയായ ന്യായവിധിയുടെ അല്ലെങ്കിൽ യഥാർത്ഥ യുക്തിയുടെ ശാസ്ത്രമാണ് ന്യായ ശാസ്ത്രം. ന്യായ പ്രധാനമായും ബൗദ്ധികവും വിശകലനപരവും യുക്തിപരവും ജ്ഞാനശാസ്ത്രപരവുമായ സ്വഭാവമാണ്. ഇതിനെ തർക്കശാസ്ത്രം അല്ലെങ്കിൽ യുക്തിയുടെ ശാസ്ത്രം എന്നും വിളിക്കുന്നു.
വിശകലനത്തിന്റെ സഹായത്തിലൂടെ നിയമബദ്ധമായി യുക്തിഭദ്രമായി തന്റെ കാര്യങ്ങൾ അവതരിപ്പിക്കുകയും, എതിരാളികളുടെ തന്റെ

വീക്ഷണങ്ങൾക്കെതിരായ നിലപാടിനെ വ്യവസ്ഥാപിതമായി പ്രതിരോധിക്കുന്നതുമാണ് ന്യായയുടെ വിധാനം. ഇന്നും നമ്മുടെ കോടതികളിൽ ഈ വിധാനത്തെ തന്നെയാണ് അവലംബിച്ചിരിക്കുന്നത്.

ന്യായ ദർശനത്തിൽ സത്യത്തിലേക്ക് എത്തി ചേരാൻ നാലു പ്രമാണങ്ങളെ പ്രയോജനപെടുത്തുന്നു. അവ്

. പ്രത്യക്ഷ (ഇന്ദ്രിയങ്ങളിലൂടെയുള്ള ധാരണ)

.. അനുമന (അനുമാനത്തിലുടെ സത്യത്തെ മനസ്സിലാക്കുക )

... ഉപമാന (താരതമ്യം ചെയ്തു സത്യത്തെ മനസ്സിലാക്കുക )

... ആപ്ത വചനം അഥവാ ശബ്ദ (വാക്ക് അല്ലെങ്കിൽ വാക്കാലുള്ള സാക്ഷ്യം). അതിൽ വേദ വെളിപാടും ഉൾപ്പെടുന്നു.

ന്യായ ദർശനം അനുമാന (അനുമാനം) അടിസ്ഥാനമാക്കി ഈശ്വരന്റെ അസ്തിത്വം സ്ഥാപിക്കാൻ ശ്രമിക്കുന്നു. മനുഷ്യന്റെ പ്രവർത്തനങ്ങൾ ഈശ്വരന്റെ നിയന്ത്രണത്തിൽ അദൃഷ്ടം (ഭാഗ്യം) എന്നറിയപ്പെടുന്ന ഫലം പുറപ്പെടുവിക്കുന്നുവെന്ന് അതിൽ പറയുന്നു. ലോകത്തിന്റെ സൃഷ്ടിയുടെയും പരിപാലനത്തിന്റെയും നാശത്തിന്റെയും ആത്യന്തിക കാരണം അവനാണ്. അദ്ദേഹം അദൃഷ്ടയുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നു. അവൻ അദൃഷ്ടയുടെ ഗതിയിൽ മാറ്റം വരുത്തുന്നില്ല, പക്ഷേ അതിന്റെ പ്രവർത്തനം സാധ്യമാക്കുന്നു. മനുഷ്യരുടെ കർമ്മഫലങ്ങൾ നൽകുന്നവനാണ് അവൻ. അവൻ സർവ്വശക്തിയും സർവ വ്യാപിത്വം സർവ്വജ്ഞാനവും കൊണ്ട് സമ്പന്നനാണ്, അതിലൂടെ അവൻ ലോകത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. ഈശ്വരൻ ഒരു വ്യക്തിത്വമാണ്.

എല്ലാ ഭൗതിക വസ്തുക്കളും മനുഷ്യജീവിതത്തിന്റെ ധാർമ്മികവും ആത്മീയവുമായ പ്രവർത്തികൾക്ക് ഉപാധിയായി വർത്തിക്കുന്നു. ഈശ്വരന്റെ കൃപയില്ലാതെ ഒരു ജീവിക്കും യഥാർത്ഥ അറിവ് നേടാനോ മോക്ഷാവസ്ഥയിലെത്താനോ കഴിയില്ലെന്ന് ന്യായ സമ്പ്രദായം സമ്മതിക്കുന്നു.


**4.വൈശേഷിക ദർശനം -കണാദമുനി** - വൈശേഷിക സമ്പ്രദായത്തിന്റെ സ്ഥാപകനായി ഋഷി കണാദമുനി കണക്കാക്കപ്പെടുന്നു. ഇതിന്റെ രീതിയും

ന്യായത്തിന്റെ തന്നെയാണ്. വ്യത്യാസം വൈശേഷികം പ്രകൃതിയുടെ അടിസ്ഥാന പദാർത്ഥമായി അണുവിനെ (പരമാണു ) കണക്കാക്കുന്നു.

സൃഷ്ടി തുടങ്ങുമ്പോൾ അണുവിൽ നിന്ന് പ്രകൃതി വികസിക്കുകയും പ്രളയത്തിൽ പ്രകൃതി അണുവിൽ ലയിക്കുകയും ചെയ്യുന്നു. ഈ ആണു വിഭജിക്കാൻ പറ്റാത്തതാണ് എന്നതാണ് ഇവിടത്തെ ആശയം. രണ്ടാമത്തേത് സത്യത്തിലേക്ക് എത്തുന്നതിനു രണ്ടു പ്രമാണങ്ങളെ മാത്രമേ സ്വീകരിക്കും ഒന്ന് പ്രത്യക്ഷ രണ്ടാമത് അനുമാനം.

കനാദയുടെ വൈശേഷിക ദൈവത്തെക്കുറിച്ച് അധികം ചർച്ച ചെയ്യുന്നില്ലെങ്കിലും ഈ സമ്പ്രദായം ദൈവമാണ് (ആദൃശ്യശക്തി) ലോകത്തിന്റെ കാര്യക്ഷമമായ കാരണം എന്ന് അംഗീകരിക്കുന്നു. ശാശ്വതമായ ആറ്റങ്ങളാണ് പ്രകൃതിയുടെ ഭൗതിക കാരണം.

വൈശേഷിക പാഠശാലയുടെ അഭിപ്രായത്തിൽ, ചിന്തിക്കാനും നാമകരണം ചെയ്യാനും കഴിയുന്ന ഒരു വസ്തുവാണ് പദാർഥം (പദാർത്ഥത്തെ ഏഴായി വിഭജിച്ചിരിക്കുന്നു ,




അതിൽ ആദ്യത്തെ ദ്രവ്യത്തിന് ഒമ്പതു തരങ്ങളുണ്ട് ). ഗ്രഹിക്കാവുന്നതും നാമകരണം ചെയ്യുന്നതുമായ എല്ലാ വസ്തുക്കളും അനുഭവത്തിന്റെ എല്ലാ വസ്തുക്കളും പദാർത്ഥങ്ങളാണ്. പദാർഥങ്ങളെക്കുറിച്ചുള്ള അറിവാണ് പരമമായ നന്മയെ പ്രാപിക്കുന്നതിനുള്ള മാർഗം. നമ്മൾ കാണുന്ന ലോകത്തെ , അതിന്റെ വ്യവഹാരങ്ങളെ പൂർണ്ണമായി മനസ്സിലാക്കുന്നതിലൂടെ അറിവും വിമോചനവും കൈവരിക്കാനാകും.

വൈശേഷികം പറയുന്നത് ആത്മാവ്, ഇന്ദ്രിയം, മനസ്സ്, വസ്തു എന്നിവയുടെ സമ്പർക്കത്തിൽ നിന്നാണ് ആനന്ദവും വേദനയും ഉണ്ടാകുന്നത്. ആനന്ദത്തിൽ നിന്നാണ് ആഗ്രഹം ഉണ്ടാകുന്നത്. ഒരു സുഖത്തിൽ നിന്ന്, രാഗമോ ആഗ്രഹമോ തുടർച്ചയായി സമാനമായ തരത്തിലുള്ള ആനന്ദത്തിനോ അത് നേടുന്നതിനുള്ള മാർഗത്തിനോ വേണ്ടി ഉത്പാദിപ്പിക്കപ്പെടുന്നു. അത് തുടർ ബന്ധനത്തിന് കാരണമാകുന്നു. ആഗ്രഹം (രാഗം), ദ്വേഷം , അനുരാഗം (മോഹം) എന്നിവയെ തെറ്റുകൾ (ദോഷങ്ങൾ) എന്ന് വിളിക്കുന്നു, കാരണം ഇവ ഒരു പ്രവൃത്തി ചെയ്യുന്നയാളെ ഈ ലോക (ദുഃഖവുമായി) വുമായി ബന്ധിപ്പിക്കുന്നു. ആത്മജ്ഞാനത്തെക്കുറിച്ചുള്ള അവബോധജന്യമായ അറിവ് തെറ്റായ അറിവിനെ നശിപ്പിക്കുന്നു. തൽഫലമായി ആഗ്രഹം, ദ്വേഷം, മോഹം, മറ്റ് ദോഷങ്ങൾ എന്നിവ അപ്രത്യക്ഷമാകുന്നു. അപ്പോൾ പ്രവർത്തനവും അപ്രത്യക്ഷമാകുന്നു. അപ്പോൾ കർമ്മം മൂലമുള്ള ജനനം സംഭവിക്കുന്നില്ല. അതിലൂടെ മോക്ഷമുണ്ടാകുന്നു.

5. പൂർവ്വ മീമാംസ ദർശനം –ജൈമിനി മഹർഷി - മഹർഷി ജൈമിനി മീമാംസ ദർശനത്തിന്റെ സ്ഥാപകനായി കണക്കാക്കപ്പെടുന്നു. മീമാംസ എന്നത് വേദങ്ങളിലെ ആചാരപരമായ വിഭാഗത്തെക്കുറിച്ചുള്ള അന്വേഷണമാണ്. ജൈമിനിയുടെ വ്യാഖ്യാന രീതി ഓരോ മനുഷ്യനും കടപ്പെട്ടിരിക്കുന്ന മൂന്ന് കടങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ദേവഋണം, ഋഷിഋണം , പിതൃഋണം.
ജൈമിനി മോക്ഷത്തിൽ വിശ്വസിക്കുന്നില്ല. വേദത്തിൽ പറഞ്ഞിരിക്കുന്ന ഉപാസനകളെ, അനുഷ്ഠാനങ്ങളെ , ഹോമം , യാഗാദി ക്രിയാകാണ്ഡത്തെ കൃത്യമായി ആചരിച്ചു നേടിയെടുക്കാവുന്ന സ്വർഗത്തിന്റെ അസ്തിത്വത്തിൽ അദ്ദേഹം വിശ്വസിക്കുന്നു . എല്ലാ പ്രവൃത്തികളും ദൈവത്തിനോ പരമപുരുഷനോ ഉള്ള വഴിപാടായി ചെയ്യണമെന്ന് പിൽക്കാലത്തെ ചില മിമാംസ പണ്ഡിതർ അഭിപ്രായപ്പെടുന്നു. അതിലൂടെ സത്യത്തെ കണ്ടെത്താനുകും എന്നതാണ് ഇവിടത്തെ വിധാനം.

6.വേദാന്ത ദർശനം - ബാദരായണ മഹർഷി (വേദ വ്യാസ മഹർഷി) -വേദാന്തം എന്ന വാക്ക് രണ്ട് സംസ്കൃത പദങ്ങൾ ചേർന്ന ഒരു സംയുക്ത പദമാണ്: 'വേദ',

'അന്ത' എന്നർത്ഥം വേദാനാം അന്തഃ. അല്ലെങ്കിൽ 'വേദങ്ങളുടെ അവസാനം', തീർച്ചയായും, വേദാന്തം പലതും നാല് വേദങ്ങളുടെ അവസാനത്തിൽ കാണപ്പെടുന്നു. വേദാന്തം അല്ലെങ്കിൽ ജ്ഞാന മീമാംസ, ഉപനിഷത്തുക്കളുടെയോ വേദങ്ങളിലെ ജ്ഞാന-ആത്മീയ ജ്ഞാനത്തെ കുറിച്ചുള്ള ദാർശനിക അറിവുകളെ ചർച്ച ചെയ്തു അതിലൂടെ സത്യത്തെ കണ്ടെത്താനുള്ള ഒരു വിധാനമാണ് ഇവിടെയുള്ളത്.

ബ്രഹ്മത്തെയും ആത്മാവിനെയും ഈശ്വരനെ കുറിച്ചുള്ള അന്വേഷണമാണ് വേദാന്തം. വേദഗ്രന്ഥം അറിവിന്റെ പ്രധാന വിശ്വസനീയമായ ഉറവിടമായി കണക്കാക്കുന്നു. ഉപനിഷത്തുകൾ , ഭഗവദ്ഗീത, ബ്രഹ്മ സൂത്രങ്ങൾ (പ്രസ്ഥാനത്രയം എന്നറിയപ്പെടുന്നു) എന്നിവയാണ് ഇവിടെ അടിസ്ഥാന പ്രമാണമായി കണക്കാക്കുന്നു.

ബദരായണന്റെ ബ്രഹ്മസൂത്രങ്ങൾ , ഉപനിഷത്തുകളുടെ ഏകകണ്ഠമായ പഠിപ്പിക്കലുകൾ അവതരിപ്പിക്കാനും സാധ്യമായതും യഥാർത്ഥവുമായ എതിർപ്പുകൾക്കെതിരെ അവയെ പ്രതിരോധിക്കാനും വേദാന്തത്തിലൂടെ ശ്രമിച്ചു. അദ്ദേഹത്തിന്റെ സൂത്രങ്ങൾ ഹ്രസ്വമായതിനാൽ വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് വിധേയമായിരുന്നു. ഓരോ വേദാന്ത ചിന്തയുടെയും സിദ്ധാന്തങ്ങൾ അവയുടെ സ്വന്തം വെളിച്ചത്തിൽ വിശദീകരിക്കാൻ വിവിധ വ്യാഖ്യാനങ്ങൾ എഴുതപ്പെട്ടു. അവരോരോരുത്തരും വെളിപ്പെടുത്തിയ ഗ്രന്ഥങ്ങളോടും (ശ്രുതികളോടും) സൂത്രങ്ങളോടും പൊരുത്തപ്പെടുന്ന ഒരേയൊരു നിലപാടിനെ ന്യായീകരിക്കാൻ ശ്രമിച്ചു. ഓരോ പ്രധാന വ്യാഖ്യാനങ്ങളുടെയും (ഭാഷ്യ) രചയിതാവ് ഒരു പ്രത്യേക വേദാന്ത വിദ്യാലയത്തിന്റെ സ്ഥാപകനായി. ശങ്കരാചാര്യ (അദ്വൈത സമ്പ്രദായം) , രാമാനുജാചാര്യ (വിശിഷ്ടാദ്വൈതം), മധ്വാചാര്യ (ദ്വൈതം ), പിൽക്കാല വക്താക്കളായ വല്ലഭാചാര്യ(ശുദ്ധ അദ്വൈത) , നിംബാർക, ചൈതന്യ പ്രഭു (ഭേധാഭേധ) എന്നിവരും വാദിച്ച വിവിധ വേദാന്ത പാഠശാലകൾ നമുക്കുണ്ട്. ആത്മാവും ബ്രഹ്മവും തമ്മിലുള്ള ബന്ധത്തെ അടിസ്ഥാനമാക്കിയാണ് സമ്പ്രദായങ്ങൾക്ക് പേര് നൽകിയിരിക്കുന്നത്.

ഇനി സൂത്രങ്ങൾ, ഈ ഷഡ് ദർശനങ്ങൾ സൂത്രങ്ങളിൽ എഴുതപെട്ടവയായതു കൊണ്ട് സൂത്രങ്ങൾ എന്നും വിളിക്കപ്പെടുന്നു. ഇവ കൂടാതെ ഇനിയും വേറെ പല സൂത്രങ്ങളുണ്ട്.

സൂത്രങ്ങൾ:

കൽപ സൂത്ര,

സ്മാർത്ത സൂത്ര

സറൗത് സൂത്ര

ധർമ സൂത്ര

ഗൃഹ്യ സൂത്ര

ശുൽബ സൂത്ര

ബ്രഹ്മ സൂത്ര

അർത്ഥ സൂത്ര

കാമ സൂത്ര

ശിവ സൂത്ര

നാരദ ഭക്തി സൂത്ര മുതലായവ.

ഇനി രണ്ട് മഹാകാവ്യങ്ങളുണ്ട്. വാൽമീകി രാമായണവും, വ്യാസ മഹാഭാരതവും. മൂന്നാമത്തെ മഹത്തായ മഹാ കാവ്യം "ദിഗ്വിജയം" രചനയിലാണ്. ഭഗവദ് ഗീത മഹാഭാരതത്തിലെ ഒരു ഭാഗവും സമ്പൂർണ്ണ സനാതന ദർശനത്തിന്റെ ഏറ്റവും സൂക്ഷ്മ അറിവ് പകരുന്നതുമാണ്.

ഭഗവത്ഗീത :- മഹാഭാരതത്തിലെ ഭീഷ്മപർവ്വം 25 മുതൽ 45 വരെയുള്ള അദ്ധ്യായങ്ങളാണ്ശ്രീമദ് ഭഗവത്ഗീത. 18 അദ്ധ്യായങ്ങൾ, 700 ശ്ലോകങ്ങൾ. പല ഗീതാഗ്രന്ഥങ്ങളിലും 701 ശ്ലോകങ്ങൾകാണാറുണ്ട്. ഭഗവത്ഗീത പതിമൂന്നാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ അർജുനൻ ഉന്നയിക്കുന്ന ഒരു ചോദ്യത്തിന്റെ രൂപത്തിലുള്ളതും (" പ്രകൃതിം പുരുഷം ചൈവ ക്ഷേത്രം ക്ഷേത്രജ്ഞമേവ ച ഏതദ്വേദിതുമിച്ഛാമി ജ്ഞാനം ജ്ഞേയം ച കേശവ ") ഗീതയുടെ ശങ്കരഭാഷ്യത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ ഒരു ശ്ലോകം ഒഴിവാക്കുമ്പോഴാണ് ശ്ലോകങ്ങളുടെ

**എണ്ണം 700 ആകുന്നത്. അവിടെ അർജുനന്റെ ചോദ്യം ഒഴിവാക്കി, കൃഷ്ണന്റെ ഉത്തരം കൊണ്ടാണ് ശങ്കരഭാഷ്യം തുടങ്ങുന്നത്.**

**ഇതിഹാസങ്ങൾ**

**1.രാമായണം**

**2.മഹാഭാരതം**

**ഇതിഹാസപുരാണങ്ങളെ പഞ്ചമവേദങ്ങൾ എന്നും പറയുന്നു.**

**രാമായണം**

**രാമായണത്തിൽ ഏഴു കാണ്ഡങ്ങളാണുള്ളത്**

**1.ബാലകാണ്ഡം**

**2.അയോദ്ധ്യാകാണ്ഡം**

**3.ആരണ്യകാണ്ഡം**

**4.കിഷ്കിന്ധാകാണ്ഡം**

**5.സുന്ദരകാണ്ഡം**

**6.യുദ്ധകാണ്ഡം**

**7.ഉത്തരകാണ്ഡം**

**മഹാഭാരതം :-**

**മഹാഭാരതത്തിൻ 18 പർവ്വങ്ങൾ ഉണ്ട്.**

**1.ആദിപർവ്വം**

**2.സഭാപർവ്വം**

**3.ആരണ്യപർവ്വം**

**4.വിരാടപർവ്വം**

**5.ഉദ്യോഗപർവ്വം**

**6.ഭീഷ്മപർവ്വം**

**7.ദ്രോണപർവ്വം**

**8.കർണ്ണപർവ്വം**

**9.ശല്യപർവ്വം**

**10.സൗപ്തികപർവ്വം**

**11.സ്ത്രീപർവ്വം**

**12.ശാന്തിപർവ്വം**

**13.അനുശാസനപർവ്വം**

**14.അശ്വമേധികപർവ്വം**

**15.ആശ്രമവാസപർവ്വം**

**16.മുസലപർവ്വം**

**17.മഹാപ്രസ്ഥാനപർവ്വം**

**18.സ്വർഗ്ഗാരോഹണപർവ്വം**

## ശ്രീമദ് ഭഗവത് ഗീത

**(18 അദ്ധ്യായങ്ങൾ)**

**1. അർജ്ജുനവിഷാദയോഗം**

**2.സാംഖ്യയോഗം**

**3.കർമ്മയോഗം**

**4.ജ്ഞാനകർമ്മസന്ന്യാസയോഗം**

**5.കർമ്മസന്ന്യാസയോഗം**

**6.അദ്ധ്യാത്മയോഗം**

**7.ജ്ഞാനവിജ്ഞാനയോഗം**

**8.ക്ഷരാക്ഷരബ്രഹ്മയോഗം**

**9.രാജവിദ്യാരാജഗുഹ്യയോഗം**

**10.വിഭൂതിവിസ്താരയോഗം**

**11.വിശ്വരൂപദർശനയോഗം**

**12.ഭക്തിയോഗം**

**13.ക്ഷേത്രക്ഷേത്രജ്ഞവിഭാഗയോഗം**

**14.ഗുണത്രയവിഭാഗയോഗം**

**15.പുരുഷോത്തമയോഗം**

**16.ദൈവാസുരസമ്പദ്വിഭാഗയോഗം**

**17.ശ്രദ്ധാത്രയവിഭാഗയോഗം**

**18.മോക്ഷസന്ന്യാസയോഗം**

ഇനിയുള്ളത് സ്മൃതികളാണ്. സ്മൃതികളെ ഭാരതീയ ദര്മ്മശാസ്ത്രത്തിന്റെ പ്രത്യക ഭാഗമായി കണക്കാക്കുന്നു . ഇവ ഭാരതീയരുടെ ദൈനംദിന വ്യവഹാരത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമാണ്.

## സ്മൃതി (ധർമ്മശാസ്ത്രം) പ്രധാനപ്പെട്ടവ 23

അറിയപ്പെടുന്ന 23 പ്രധാന സ്മൃതികൾ അല്ലെങ്കിൽ ധർമ്മ ശാസ്ത്രങ്ങളുണ്ട്. മനു, യാജ്ഞവൽക്യ, പരാശരൻ എന്നിവരുടേതാണ് പ്രധാനം. വിഷ്ണു, ദക്ഷൻ, സംവർത്തൻ, വ്യാസൻ, ഹരിത, ശതതപ, വസിഷ്ഠ, യമ, ആപസ്തംബ, ഗൗതമ, ദേവാല, ശംഖ, ലിഖിത, ഉസാന, അത്രി, അംഗിരസ, കാത്യയന, ബരഹസ്പതി, സൗനക, ശാണ്ഡില്യ എന്നിവരാണ് മറ്റ് ഇരുപത്.

ഇനി **ആഗമങ്ങൾ** അഥവാ **വേദ ആഗമങ്ങൾ** അഥവാ **തന്ത്ര ശാസ്ത്രം** :

വേദങ്ങൾ കാണിച്ചു തന്ന ലക്ഷ്യത്തിലേക്കു എത്തുന്നതിന് , നമ്മുടെ പൂർവികരായ ദാർശനികർ നമ്മൾക്ക് ചില വഴികളും കാണിച്ചു തന്നിരിക്കുന്നു അവയാണ് ആഗമങ്ങൾ . ആഗമങ്ങൾ , ഇതിന്റെ അർഥം ഇറങ്ങി വന്നിട്ടുള്ളത് എന്നാണ്. വേദത്തിൽ നിന്ന് ഇറങ്ങി വന്നിട്ടുള്ളത് കൊണ്ടാണ്, വേദ ആഗമങ്ങൾ എന്നും വിളിക്കപ്പെടുന്നു. സുന്ദരമായ ഒരു ഉപമ തരണമെങ്കിൽ , വേദങ്ങൾ വഴികളാണെങ്കിൽ ആഗമങ്ങൾ കുതിരകളാണ് ലക്ഷ്യത്തിലേക്കു എത്താനുള്ള സുഗമവും ശീഘ്രവും ആകുന്ന വാഹനങ്ങൾ / ഉപകരണങ്ങൾ / ക്രമങ്ങൾ / വിധികൾ /ഉപാധികൾ/ തന്ത്രങ്ങൾ . ഇതിനെ സമ്പ്രദായങ്ങൾ എന്ന് പറയപ്പെടുന്നു. പുരുഷാര്ത്ഥ സാധനയ്ക്കും പിന്നെ മോക്ഷത്തിലേക്കും നയിക്കുന്ന തന്ത്രങ്ങളായതു കൊണ്ട് ഇതിനെ തന്ത്ര ശാസ്ത്രമെന്നും വിളിക്കുന്നു. തന്ത്രത്തെ സംബന്ധിച്ച് എഴുതപ്പെട്ട നിരവധി ഗ്രന്ഥങ്ങൾ, പ്രത്യേകിച്ചും സംസ്കൃതഭാഷയിൽഎഴുതപ്പെട്ടവ, തന്ത്രം, ആഗമം, നിഗമം, യാമളം, ഡാമരം എന്നിങ്ങനെ പലപേരുകളിൽഇവ അറിയപ്പെടുന്നു.

ഭാരതീയമായ ആഗമ / തന്ത്ര ശാസ്ത്രം പൊതുവെ മൂന്നായി തരം തിരിച്ചിരിക്കുന്നു.

1.ശൈവ ആഗമം :- ശിവ ഭഗവാൻ ദേവിക്ക് ഗുരു ഭാവത്തിൽ കൊടുത്ത ജ്ഞാനം ആകുന്നു ശിവ ആഗമം എന്ന് പറയുന്നത്. ശൈവ ആഗമങ്ങൾ 28 എണ്ണമുണ്ട്.

2.ശാക്ത ആഗമം :- ഇത് പൊതുവെ തന്ത്രശാസ്ത്രമെന്നും നിഗമ ശാസ്ത്രമെന്നു അറിയപ്പെടുന്നു.ദേവി ശിവ ഭഗവാന് ഗുരു ഭാവത്തിൽ പറഞ്ഞു കൊടുത്ത രഹസ്യം ആകുന്നു ശാക്ത ആഗമം. ശാക്തേയ ആഗമങ്ങൾ 77 എണ്ണമുണ്ട്.

3.വൈഷ്ണവ ആഗമം :- ഹിന്ദുധർമ്മത്തിലെ സ്കൂളുകളിലൊന്നായ വൈഷ്ണവത്തിന്റെ തത്ത്വചിന്തയിൽ വിശ്വസിക്കുന്നവർക്ക് ആരാധനയുടെ സൈദ്ധാന്തികവും പ്രായോഗികവുമായ വശങ്ങൾ ഉൾക്കൊള്ളുന്ന ഹൈന്ദവ മതഗ്രന്ഥങ്ങളാണ് വൈഷ്ണവ ആഗമങ്ങൾ. 215 വൈഷ്ണവ ആഗമങ്ങളുണ്ട്.
ഇത് സംഹിത എന്നും പഞ്ചരാത്ര എന്നും അറിയപ്പെടുന്നു.

ഇവ കൂടാതെ

4.സൗര ആഗമ സൂര്യ ദേവന്റെ ആരാധനയുമായി ബന്ധപ്പെട്ടതാണ്.

5.ഗണപത്യ ആഗമ ഗണപതി ഭഗവാന്റെ ആരാധനയുമായി ബന്ധപ്പെട്ടതാണ്.

6.കൗമാര ആഗമ സ്കന്ദ ഭഗവാൻ അഥവാ ഷണ്മുഖ ഭഗവാൻ അഥവാ കുമാരസ്വാമിയുടെ ആരാധനയുമായി ബന്ധപ്പെട്ടതാണ്.

7.ഭൈരവ ആഗമ , യക്ഷഭൂതാദി ആഗമങ്ങളുമുണ്ട്.

ഇവയാണ് ഹൈന്ദവ ദർശനത്തിന്റെ അടിത്തട്ട്. ഈ അടിസ്ഥാന ഗ്രന്ഥങ്ങളുടെ ആശയങ്ങളുടെ വിശ്ലേഷണം ചെയ്തും വിവരിച്ചും പല ഭാഷകളിലായി ശ്രേഷ്ഠരായ ഋഷി തുല്യരായ ആചാര്യന്മാരുടെ പ്രാദേശികമായ ലക്ഷ കണക്കിന് ഗ്രന്ഥങ്ങൾ വേറെയുമുണ്ട്.

"ഹൈന്ദവ ധർമ പഠനം (പണ്ഡിത:) " ഈ വിഭാഗത്തിന്റെയും പഠന വിഷയം , മേൽ ചോദ്യത്തിന്റെ ഉത്തരത്തിലെ ഭാഗങ്ങളിൽ ഏതെങ്കിലും ഇഷ്ടമുള്ള ഭാഗത്തെ സമ്പൂർണ്ണമായി പഠിക്കുക എന്നതാണ്. ഉദാഹരണത്തിന്

ഹൈന്ദവ ധർമ പഠനം (ഋഗ്വേദ പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (സാമവേദ പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (ഭാഗവത പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (ദർശന പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (യോഗ പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (ജ്യോതിഷ് പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (ആയുർവേദ പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (സ്ഥാപ്ത്യാവേദ പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (ഉപനിഷത് പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (ഭവിഷ്യപുരാണ പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (ബ്രഹ്മ സൂത്ര പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (ശ്രീമദ് ഭഗവദ് ഗീത പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (ദ്വൈത സിദ്ധാന്ത പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (ശൈവാഗമ പണ്ഡിത:)

ഹൈന്ദവ ധർമ പഠനം (വൈഷ്ണവാഗമ പണ്ഡിത:)

മുതലായവ.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-14)ഹൈന്ദവ ചരിത്രം ഒറ്റ നോട്ടത്തിൽ :**

**ഉത്തരം :** ഹൈന്ദവ ചരിത്രം വിശ്വത്തിന്റെ ചരിത്രം കൂടിയാണ്.കാരണം വിശ്വമാകെ ഉണ്ടായിരുന്ന ഒറ്റ ഒരു ധർമം ഹൈന്ദവ ധർമ്മമായിരുന്നു. ഇതിന്റെ ചരിത്രം പറയണമെങ്കിൽ 155.5 ട്രില്യൻ വർഷങ്ങളുടെ (155.5 X $10^{12}$ വർഷങ്ങളുടെ) ചരിത്രം പറയേണ്ടി വരും. കൂടെ ഭാരതീയർ വിസ്മരിച്ചിട്ടുള്ള സനാതന കാലഗണനാ പദ്ധതിയും ഓർമ്മിച്ചെടുക്കേണ്ടിയിരിക്കുന്നു. അത് ഇങ്ങനെ പോകുന്നു , ത്രാസരേണു , തൃതി , വേധാ , ലവ , നിമിഷ , ക്ഷണ , കഷ്ത , വിനാഴിക , ലഘു , നാഴിക , മുഹൂർത്തം , യാമം , തിഥി അഥവാ ദിവസം , പക്ഷം , മാസം , ഋതു , അയനം, വർഷം, ദേവവർഷം ( 360 മാനവ വർഷങ്ങൾ ) അഥവാ പിതൃ വർഷം , യുഗം (കൃതയുഗം , ത്രേതായുഗം , ദ്വാപരയുഗം , കലിയുഗം ) , മഹായുഗം ( ഒരു ചതുർ യുഗം ) , മന്വന്തരം , കൽപം , ബ്രഹ്മ ദിവസം , ബ്രഹ്മ മാസം , ബ്രഹ്മ വർഷം , പരാർദ്ധം, പരാ അഥവാ മഹാകൽപം.

ഒരു കലിയുഗം = **432000** മാനവ വർഷങ്ങൾ

ഒരു ദ്വാപരയുഗം = **864000** മാനവ വർഷങ്ങൾ

ഒരു ത്രേതായുഗം = **1296000** മാനവ വർഷങ്ങൾ

ഒരു കൃതയുഗം = **1728000** മാനവ വർഷങ്ങൾ

ഒരു മഹായുഗം = ഒരു ചതുർ യുഗം = **4320000** മാനവ വർഷങ്ങൾ

ഒരു മന്വന്തരം = **71** മഹായുഗങ്ങൾ

ഒരു കൽപം = **14** മന്വന്തരങ്ങൾ = **1000** മഹായുഗങ്ങൾ.

ബ്രഹ്മ ദിവസം = രണ്ട് കൽപങ്ങൾ = **2000** മഹായുഗങ്ങൾ.

പരാ അഥവാ ഒരു മഹാ കൽപം = ഒരു ബ്രഹ്മ ആയുസ്സ = **(2000 x 4320000 x 360 x 100) = 311,040,000,000,000** വർഷങ്ങൾ = **311.04** ട്രില്യൻ വർഷങ്ങൾ .

ഇത് ബ്രഹ്മത്തിന്റെ **51**ആം മത്തെ വർഷമാണ്. വർത്തമാന ബ്രഹ്മത്തിന്റെ മഹാകൽപത്തിലെ രണ്ടാം പരാർദ്ധത്തിലെ ഒന്നാമത്തെ ബ്രഹ്മ വർഷത്തിൽഒന്നാമത്തെ കൽപത്തിലാണ് നാം ജീവിക്കുന്നത്. സുമാർ **155.5** ട്രില്യൻ വർഷങ്ങൾക്ക് മുമ്പാണ് വർത്തമാനത്തിലുള്ള ബ്രഹ്മം തന്റെ സൃഷ്ടി കർമ്മം തുടങ്ങി വെച്ചത്.

ഈ കൽപത്തിന്റെ പേർ ശ്വേതവരാഹ കൽപ എന്നാണ്. ശ്വേതവരാഹ കൽപത്തിലെ ആറ് മന്വന്തരങ്ങൾ കഴിഞ്ഞിരിക്കുന്നു. ഏഴാമത്തെ വൈവസ്വത മന്വന്തരത്തിലെ ഇരുപത്തി എഴ് മഹായുഗങ്ങളും കഴിഞ്ഞിരിക്കുന്നു. ഇരുപത്തിയെട്ടാം മഹായുഗത്തിലെ കൃതയുഗം , ത്രേതായുഗം , ദ്വാപരയുഗം , കഴിഞ്ഞിട്ട് കലിയുഗത്തിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്. വർത്തമാനം കലിയുഗം തുടങ്ങിയത് **3102 B.C.** ഫെബ്രുവരി **17** നും **18**ന്റെ യും മദ്ധ്യ രാത്രിയാണ് . അഥവാ ഈ കലിയുഗം തുടങ്ങിയിട്ട് **5125** വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു **(A.D.2023** ന്) . സംക്ഷിപ്തത്തിൽപറഞ്ഞാൽനമ്മൾ വർത്തമാന ബ്രഹ്മത്തിന്റെ **51**ആം വർഷത്തിലെ ഒന്നാമത്തെ ദിവസമായ ശ്വേതവരാഹ കൽപത്തിലെ എഴാ മത്തെ വൈവസ്വത മന്വന്തരത്തിലെ **28**ആം കലിയുഗതിലാണ് ഇപ്പോൾ ജീവിക്കുന്നത്. വർത്തമാന ശ്വേതവരാഹ കൽപത്തിന് മാത്രം **1960.90** മിലിയൻ വർഷങ്ങളുടെ ചരിത്രമുണ്ട്. ഇനി ഈ മാനവ ചരിത്രത്തെ ഒന്ന് ഒറ്റ നോട്ടത്തിൽനോക്കാം .

ഓരോ മന്വന്തരത്തിന്റെ അവസാനം പ്രളയം സംഭവിക്കുകയും തുടർന്ന് അടുത്ത മന്വന്തരത്തിന്റെ അധിപനായ മനു പുതിയ സൃഷ്ടി തുടങ്ങുകയും ചെയ്യും.ഒരു മന്വന്തരത്തിന്റെ കാലം **306.72** മിലിയൻ വർഷങ്ങളാണ്. ഇപ്പോഴുള്ള ഏഴാമത്തെ വൈവസ്വത മനുവിന്റെ കാലഘട്ടം തുടങ്ങിയിട്ട് **120.5331** മിലിയൻ

വർഷങ്ങളായി . വൈവസ്വത മനു തുടങ്ങി വെച്ച മാനവ പരമ്പരയെയാണ് ഇന്ന് ഇങ്ങനെ ഭൂമിയിൽപടർന്ന് പന്തലിചിരിക്കുന്നത്. **57.024** മിലിയൻ വർഷങ്ങൾക്ക് മുമ്പ് **15** ആം ത്രേതായുഗത്തിൽമാന്ധത ചക്രവർത്തി ഭാരതവർഷത്തിൽഗംഗാ നദി തിരത്ത് സമ്പത്ത്മഹദൈശ്വര്യ തോടെ സ്വർഗപ്രഭ നല്കി വാണിരിന്നു. **39.744** മിലിയൻ വർഷങ്ങൾക്ക് മുമ്പ് **19**ആം ത്രേതായുഗത്തിൽജമദഗ്നി മഹർഷിയുടെ മകനായി ഭഗവാൻ പരശുരാമൻ അവതരിച്ചു. ഈ കാലഘട്ടത്തിൽഋഷി വിശ്വാമിത്രനായിരുന്നു രാജഗുരു. **18.14** മിലിയൻ വർഷങ്ങൾക്ക് മുമ്പ് **24**ആം ത്രേതായുഗത്തിൽശ്രീരാമൻ അയോദ്ധ്യയിൽഅവതരിച്ചു. ഈ കാലഘട്ടത്തിൽഋഷി വസിഷ്ഠനായിരുന്നു രാജഗുരു. (വായുപുരാണ**98/72** , ഹരിവംശ പുരാണ**4/41** , ബ്രഹ്മാണ്ഡമഹാ പുരാണ**104/11**) . (**A.D.2023** നു) **5125** വരഷങ്ങൾക്ക് മുമ്പ് (**3102.B.C.** യിൽ) **28**ആം ദ്വാപരയുഗത്തിന്റെ അവസാനത്തിൽശ്രീകൃഷ്ണൻ അവതരിച്ച് മഥുരാ നഗരിയെ ദിവ്യതയിലേക്ക് ഉയര്ത്തി. കൃഷ്ണ വർഷം **30** (**3072.B.C.**) ,കൃഷ്ണ വർഷം **230** (**2872.B.C.**) കൃഷ്ണ വർഷം **260** (**2842.B.C.**) കളിൽവലിയ പ്രമാണത്തിൽനടന്ന പൊതു ഭാഗവത പാരായണത്തിലും , ശ്രി കൃഷ്ണ ലീലയിലും ബഹു ജന പങ്കാളികളായതിന് ഭാഗവതം (**6/94,95,96**) സാക്ഷിയാണ.

ഇത് ഒരു സൂക്ഷ്മ ഭാരതീയ ചരിത്ര പരിചയമാണ്. പക്ഷെ കഴിഞ്ഞ **1960** മിലിയൻ വർഷങ്ങൾ മുതൽ **3000 B.C.** വരെയുള്ള ഹൈന്ദവ നാഗരികതയുടെ നിരന്തരമായ തുടർ പരമ്പരകളുടെ ആധികാരികമായ കാലഘട്ടങ്ങളുടെ ക്രമത്തിൽകൃത്യതയുള്ള ചരിത്രവും ശേഷം **3000 B.C.** മുതൽഇന്ന് വരെയുള്ള കാലഘട്ടത്തിന്റെ തിയ്യതി ക്രമത്തിൽകൃത്യതയുള്ള പൂർണ്ണ ഭാരത ചരിത്രം അഥാവ ഹൈന്ദവ ചരിത്രം അഥാവ സനാതന ചരിത്രം അഥവാ മാനവ ചരിത്രം ഇവിടെയുണ്ട്.

ഇപ്പോൾ തോന്നുന്നുണ്ടോ , ഭാരതത്തിന്റെ ശാസ്ത്രീയ ചരിത്ര പഠനം നടന്നിട്ടില്ല എന്ന് ? പാഠശാലകളിൽപഠിപ്പിച്ചിട്ടില്ല എന്ന്. എങ്കിൽആശ്ചര്യപെടേണ്ടാ. കാരണം ശാസ്ത്രം ഇപ്പോഴാണ് ശരിക്കും ഒരു വളർച്ച നേടിയത്. ഇന്ന് കമ്പ്യൂട്ടർ സോഫ്ടവേയർ സഹായത്തോടെ ഈ ചരിത്രം പഠിക്കാവുന്നതാണ്.

അവസാനത്തെ രണ്ടു മിലിയൻ വർഷം നിണ്ടു നിന്ന ഹിമയുഗം കഴിഞ്ഞത് കേവലം പത്തായിരം വർഷങ്ങൾക്കു മുമ്പെയാണ്. അതുകൊണ്ടാണ് ചരിത്ര അന്വേഷകരും , ഗവേഷകരും 6000 – 8000 വർഷങ്ങൾ വരെ എത്തുന്നുള്ളൂ. അതിനു അപ്പുറത്തേക്ക് കടന്ന് ചരിത്രം പഠിക്കുവാൻ കഴിയാത്തതും. ഭാരത ചരിത്രം പഠിക്കണമെങ്കിൽഅത്യാധുനിക ശാസ്ത്ര ഉപകരണങ്ങളുടെ സഹായത്തോടെ ഹൈന്ദവ ശാസ്ത്രങ്ങളെയും പുരാണങ്ങളെയും പഠിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ തന്നെ ശ്രീരാമൻ ജീവിച്ചിരുന്നതിന് സാക്ഷിയായി പാൽക്ക ഉൾകടലിൽരാമ സേതുവും ശ്രീകൃഷ്ണൻ ജീവിച്ചിരുന്നതിനു സാക്ഷിയായി ഗുജറാത്ത് കടലിൽദ്വാരകാ നഗരിയും കണ്ടെടുത്ത് കഴിഞ്ഞിരിക്കുന്നു.

ശ്രീകൃഷ്ണന്ശേഷം ഭാരതത്തിന്റെ ആധുനിക ചരിത്രം തുടങ്ങുന്നത് ഒരുപക്ഷെ ശ്രീ ബുദ്ധന്റെ മുതൽക്കാണ്. ഇവിടെ മുതൽ നമ്മൾക്ക് ഭാരതത്തിന്റെ സുവർണ്ണകാലഘട്ടം എന്ന് വിശേഷിപ്പിക്കാവുന്ന ചരിത്ര ഘട്ടങ്ങൾ നോക്കികൊണ്ട് പോക്കാം (കടപ്പാട **Shree V.D.Savarkar** ഭാരത് ചരിത്രത്തിലെ ആർ സുവർണ്ണ ഘട്ടങ്ങൾ).

ഇവിടെ സുവർണ്ണ കാലഘട്ടം എന്ന് വിശേഷിപ്പിക്കാൻ കാരണം , രാഷ്ട്രം അടിമത്തത്തിന്റെ നുകിൽ ഞെരിഞ്ഞു കൊണ്ടിരിക്കുന്ന സമയത്തിൽ , പരാക്രമത്തിന്റെ പരമ ശൃംഗത്തിൽ നിന്നുകൊണ്ട് ശത്രുക്കളെ പരാജയപെടുത്തി സ്വന്തം രാഷ്ട്രത്തെ മോചിപ്പിച്ചു രാഷ്ട്രീയ സ്വതന്ത്ര്യവും അധികാരവും പുനഃസ്ഥാപിക്കുന്നതിനു ശക്തമായ ഒരു തലമുറയെയും അതിനു നേത്രത്വ നൽകുന്ന വീരപരാക്രമികളായ മഹാപുരുഷന്മാരുടെ സ്വാതന്ത്ര്യ സമരത്തെയും ഉൾകൊള്ളുന്നു കാലഘട്ടമായതു കൊണ്ടാണ് , ഈ കാലഘട്ടങ്ങളെ സുവർണ്ണ കാലഘട്ടം എന്ന് വിളിക്കുന്നത്.

ബുദ്ധൻ ശേഷം ബി.സി.326 ൽ (കലിയുഗം 2766 ) അലക്സാണ്ടറുടെ ആക്രമണത്തോടെ ഉയർന്ന രാഷ്ട്ര ബോധം, ചാണക്യ-ചന്ദ്രഗുപ്ത ചക്രവർത്തി കൃത്യമായി ദിശ നൽകുകയും , ബിസി 315 ന് അടുത്തായി അലക്സാൻഡറുടെ ഉത്തരാധികാരി സെലയ്ക്കസി നെ പരാജയപ്പെടുത്തി ഗ്രീക്കുകാരെ ഹിന്ദുകുഷ് പർവതത്തിനപ്പുറം കടത്തി , ബി.സി.326 മുതൽ ബിസി 298 വരെയുള്ള യവന

വിജേതാവായ ചക്രവർത്തി മൗര്യ ചന്ദ്രഗുപ്തന്റെ കാലം ആധുനിക ചരിത്രത്തിലെ ഒന്നാം സുവർണ്ണ ഘട്ടമായി രേഖപെടുത്താം.

ഇതിനു ശേഷം ബിംബസാരൻ , അശോകനോടെ മൗര്യ വംശത്തിനു ശേഷം ബിസി 189 മുതൽ ബിസി 149 വരെ യവനന്മാരെ ഏഷ്യയിൽ നിന്ന് തന്നെ തുടച്ചു മാറ്റിയ ശുങ്ങവംശത്തിലെ യവനാന്തകനായ പുഷ്യമിത്രൻ ചക്രവർത്തിയുടെ കാലം രണ്ടാം സുവർണ്ണ ഘട്ടമായി കണക്കാക്കാം.

പിന്നെ നമ്മൾ കേൾക്കുന്നത് ശകകുശാനന്മാരെ പരാജയപ്പെടുത്തിയ വിക്രമ സംവത്സരവും , ശാലിവാഹന സംവത്സരവും ഉണ്ടായ ചരിത്രമാണ്. **CE 330** ൽ സമുദ്രഗുപ്ത , ശേഷം

**CE 374** മുതൽ **CE 414** വരെ ശകകുശാനന്തകനായ സമ്രാട്ട് ചന്ദ്രഗുപ്ത വിക്രമാദിത്യന്റെ കാലഘട്ടമാണ് മൂന്നാം സുവർണ്ണ കാലഘട്ടം ,

പിന്നെ **AD 528** ആണ് , ലോകത്തിന്റെ അധിക ഭാഗത്തെയും കിടുകിടാ വെറുപ്പിച്ച ഹൂണന്മാരെ ചവിട്ടിത്താഴ്ത്തി നാമാവശേഷമാക്കിയ ഹ്യൂണാന്തകനായ സമ്രാട്ട് യശോധർമന്റെ പ്രകാശമാനമായ കാലഘട്ടമാണ് നാലാം സുവർണ്ണ കാലഘട്ടം.

ഈ കാലഘട്ടത്തിൽ ദക്ഷിണ ഭാരതം ചാലൂക്യ സമ്രാട്ട് പുലകേശിയുടെ (**AD 642** വരെ) കൈകളിൽ സുരക്ഷിത മായിരുന്നു.

ഇതിനുശേഷം **AD 711** മുതൽ മുസ്ലിം ആക്രമകാരികളുടെ വരവ് തുടങ്ങി , ഇവരെ രജപുത്രാജാക്കന്മാർ **300** കൊല്ലം വരെ സിന്ധു നദി കടക്കാതെ തടഞ്ഞു നിർത്തി. കൂടാതെ നാഗ വംശി കാർക്കോട്ട സാമ്രാജ്യത്തിന്റെ ചക്രവർത്തി (**625 CE -855 CE**) മാറും കൂടെ യുണ്ടായിരുന്നു , ഇതിന്റെ കൂടെ ക്രിസ്ത്യാനികളുടെ ആക്രമണവും വന്നു തുടങ്ങി. **8** ആം ശതകത്തിൽ വിക്രമാദിത്യൻ-**II** അറബികളെ ആട്ടി പായിച്ചു. എങ്കിൽ പതിനൊന്നാം ശതകത്തോടെ ഉത്തര ഭാരതം മെല്ലെ മെല്ലെ വൈദേശിക അടിമത്തത്തിന്റെ ഭാരം അറിയാൻ തുടങ്ങി. പതിനൊന്നാം ശതകം മുതൽ പതിനേഴാം ശതകം വരെ ഈ ആക്രമണകാരികളെ രാഷ്ട്രത്തിൽ നിന്നും പൂർണമായിട്ടും തുടച്ചു നീക്കാൻ കെൽപ്പുള്ള ഒരു ശക്തി ഉയർന്നു വന്നില്ല എന്നത് ദുഃഖ സംഗതിയാണെങ്കിലും ഈ കാലയളവിൽ ഘോറിയെ തടഞ്ഞു നിർത്താൻ മഹാനായ പൃഥ്വിരാജ് ചൗവ്വൻ , അക്ബറിനെ തടയാൻ റാണ

**പ്രതാപ് സിംഗ് , ഔരംഗജീബിനെ നിലക്കുനിർത്താൻ ഛത്രപതി ശിവാജി ഉണ്ടായിരിന്നു എന്നത് ചേർത്തു വായിക്കേണ്ടതുണ്ട്. ഈ സമയത് ദക്ഷിണ ഭാരതത്തിൽ പല്ലവ സാമ്രാജ്യം (CE275 – CE897) , കദംബ സാമ്രാജ്യം (CE 345CE 525) , രാഷ്ട്രകൂട്ടർ (CE753CE982) , ചോള സാമ്രാജ്യവും(CE 848 – CE 1279) , പാണ്ട്യൻ സാമ്രാജ്യവും (CE 560 – CE1400) 14ആം നൂറ്റാണ്ടുവരെ സമ്പൽ സമൃദ്ധിയോടു വാണിരുന്നു. 1336 ൽ ഹരിഹരറായ് –ബുക്കറായ് രുടെ വിജയനഗര സാമ്രാജ്യം ഇതിന്റെ തുടർച്ചയായി 1509 -1530 ശ്രീ കൃഷ്ണദേവരായന്റെ പരമ വൈഭവത്തിന്റെ ഭരണം .പിന്നീട് 1587 മുതൽ മറാഠ ഭരണം.1630 മുതൽ 1680 വരെ ശക്തമായ ഛത്രപതി ശിവാജിയുടെ കാലം.**

**പിന്നീട് 1758 മെയ് 4 നു പേഷ്വാ രഘുനാഥരാവിന്റെ നേത്രത്വത്തിൽ മറാഠ ഭടന്മാർ (ഹിന്ദുകുഷ് പര്വതത്തിനു അപ്പുരം )അറ്റോക്കിൻ പുറത്തേക്കു കണ്ടാഹാർ വരെ ആക്രമണകാരികളായി വന്ന മുഴുവൻ വിദേശി മുസ്ലിമുകളെ തുരുത്തി ഓടിച്ചു. ഇത് ഹൈന്ദവരുടെ അഞ്ചാം സുവർണ്ണം ഘട്ടം .**

**ഇതേ കാലയളവിൽ ഭാരതത്തിന്റെ വടക്കു-കിഴക്കൻ ഭാഗം അഹോം സാമ്രാജ്യതാൽ(1228–1826) സുരക്ഷിതമായിരിന്നു.**

**പിന്നീട് 1857 മുതൽ 1947 ൽ ബ്രിട്ടീഷുകാരെ പുറത്താക്കിയ കാലഘട്ടം ആറാം സുവർണ്ണ കാലഘട്ടം.**

**കൊളോണിയൽ കാലഘട്ടത്തിന്റെ അന്ത്യം കുറിച്ചുകൊണ്ട്, ഒരു ബ്രിട്ടീഷ് പൗരനോ യൂറോപ്യൻ പൗരനോ പോലും ഇന്ന് ഇന്ത്യയിൽ ഒരു കൊളോണിയൽ അധികാരിയായി അവശേഷിക്കുന്നില്ല. ആപ്രകാരം തന്നെ ഈ ഹിന്ദുരാഷ്ട്രത്തെ നാമാവേശമാക്കൻ വന്ന ശത്രുക്കളുടെ അസ്തിത്വം മാത്രമല്ല , നാമപോലും ശേഷിക്കാൻ അനുവദിച്ചില്ല. ആക്രമിച്ചു വന്ന യവനന്മാരുടെ , ശക കുശാനന്മാരുടെ , ഹൂണന്മാരുടെ പൊടിപോലും ബാക്കിവച്ചില്ല . 1947 ൽ , 1965 ൽ പാക് മുസ്ലിമുകൾ ആക്രമിച്ചു. 1965 ൽ പിടിച്ചെടുത്ത 15010 ച.കി.മി. ഭാരതം തിരിച്ചുകൊടുത്തു. പിന്നെ 1962 ൽ ചൈന കമ്മ്യൂണിസ്റ്റുകൾ ആക്രമണം അഴിച്ചു വിടുകയും 42000 ച.കി.മി. സ്ഥലം കൈവശ പെടുത്തുകയും ചെയ്തു. 1925 നു ശേഷം ഒരു പുതിയ പ്രയാണം നമ്മൾ തുടങ്ങിയിരിക്കുന്നു . നമ്മൾക്ക്**

ഏഴാം സുവർണ്ണ ഘട്ടത്തേക്കു നയിക്കപ്പെടുവാനായി , ശത്രുക്കളില്ലാത്ത നമ്മുടെ മാതൃഭൂമി , അഖണ്ഡ ഭാരതം പുനർനിർമ്മിക്കാനായി.

ഇതാണ് ഹൈന്ദവ ചരിത്രം ഒറ്റ നോട്ടത്തിൽ.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-15)ഹൈന്ദവം വിശ്വ ദർശനമാകണമെന്നു ആവശ്യപെടുവാൻ കാരണം എന്താണ ?**

ഉത്തരം : എന്തു കൊണ്ടെന്നാൽ, ഹിന്ദു സംസ്കാരത്തിന് , ജീവിത പദ്ധതിക്ക്, ആത്മീയ ദർശനത്തിനു മാത്രമേ വിശ്വത്തിൽഐശ്വര്യം , ശാന്തി , സമാധാനം കൊണ്ടുവരാൻ പറ്റും. ഒരു നേരത്തെ രോട്ടിക്ക് വേണ്ടി ദൈവത്തോട് പിച്ച ചോദിപ്പിക്കുന്ന പാശ്ചാത്യരെ പോലെയല്ല ഹൈന്ദവം. അത് കർമ്മ ശേഷിയോടെയുള്ള ഐശ്വര്യ വൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നു. ദാരിദ്ര്യം മാനവ രാശിയുടെ ശാപമാണ്. ഭൗതികമായ ദാരിദ്ര്യം നമ്മളെ ഒരു മനുഷ്യമൃഗമായി തുടരുവാനെ അനുവദിക്കു. അത് ഭൗതികമായി മാത്രമേ ചിന്തിക്കൂ. ഭൗതികമായി മാത്രമേ ജീവിക്കും. ഒരാൾ സമ്പന്നനാകുമ്പോൾ മാത്രമേ അവരിലുള്ള ആത്മാവിനെ കുറിച്ചും , ആത്മീയതയെ കുറിച്ചും ആലോചിക്കും . കാരണം ബാഹ്യമായി സമ്പന്നനാകുമ്പോൾ അവർക്ക് അവരുടെ ആന്തരികമായ ദാരിദ്ര്യം ഗോചരമാകും. അതുകൊണ്ടാണ് ഋഷിമഹേശ്വരന്മാർ നമ്മുടെ ജീവിതപദ്ധതിക്കായി പുരുഷാർത്ഥങ്ങളെന്ന , മനുഷ്യ ജന്മ ലക്ഷ്യങ്ങളെ അനിവാര്യമാക്കിയത്. ധർമം , അർഥം , കാമം , മോക്ഷം. ആദ്യ പുരുഷാർത്ഥം ധർമം നേടലാണ്. അഥവാ ശരിയും തെറ്റും തിരിച്ചറിയാനുള്ള വിദ്യാഭ്യാസം നേടൽ. ആ വിദ്യാഭ്യാസം കൊണ്ട് അർഥം അഥവാ സമ്പത്ത് നേടൽ. അങ്ങനെ സമ്പന്നനായാൽ, ആ സമ്പത്ത് കൊണ്ട് മൂന്നാമത്തെ പുരുഷാർത്ഥം കാമം അഥവാ ധർമ്മയുക്തമായ ആഗ്രഹങ്ങളെ നിറവേറ്റുക. അങ്ങനെ ആഗ്രഹങ്ങൾ കൂടി സഫലമായി കഴിഞ്ഞാൽഅവരുടെ മനസ്സ് ആന്തരികമായ ദാരിദ്ര്യത്തെ അറിയുകയും അതിന്റെ ഉന്മൂലനത്തിനായി പ്രവത്തിക്കുകയും ചെയ്യുന്നു. അങ്ങനെ മോക്ഷമെന്ന മനുഷ്യ ജീവിതത്തിലെ അന്തിമ ലക്ഷ്യത്തിലേക്ക് എത്തുകയും ചെയ്യും. അതാണല്ലോ ജിവന്റെ പരിണാമത്തിന്റെയും ,

വികസനത്തിന്റെയും പരിപൂർണ്ണത. ആ മോക്ഷമെന്ന അന്തിമ ലക്ഷ്യത്തിലേക്ക് മാനവർ വരണമെങ്കിൽഅവരുടെ ആന്തരിക ദാരിദ്ര്യം , ആത്മീയ ദാരിദ്ര്യം പ്രകടമാകണം. അത് പ്രകടമാകണമെങ്കിൽബാഹ്യമായ ഭൗതികമായ ദാരിദ്ര്യം തുടച്ച് നീക്കപ്പെടണം. ബാഹ്യമായി സമ്പന്നരായികൊണ്ട് അവിടെയൊരു അസമതോലനം സൃഷ്ടിക്കണം . അത് മാത്രമേ മാനവരെ ആത്മീയതയിലേക്ക് , ശാശ്വതമായ ശാന്തി , സമാധാനം , സംതൃപ്തിയിലേക്ക് നയിക്കും. അതുകൊണ്ട് ഹൈന്ദവ ദർശനം സുരനെന്നോ അസുരനെന്നോ , വിശ്വാസിയെന്നോ അവിശ്വാസിയെന്നോ , ഈശ്വരവാദി – നിരീശ്വരവാദിയെന്നോ , പാമരനെന്നോ പണ്ഡിതനെന്നോ വ്യത്യാസമില്ലാതെ സമ്പൂർണ്ണ മാനവരാശിയെ സ്വന്ത കർമ്മ ശേഷികൊണ്ട സമ്പന്നമാക്കുവാൻ സമ്പന്നമായി കാണുവാൻ സമ്പന്നമായേ മതിയാകുമെന്ന ആവശ്യപ്പെടുന്ന,

*" സർവേ ഭവന്തു സുഖിനഃ "*

*" ലോകാഃ സമസ്ഥാഃ സുഖിനോഭവന്തു "*

*" വിശ്വം ഒരു കുടുംബം വസുധൈവ കുടുംബകം"*

എന്ന് ഉദ്ഘോഷിക്കുന്ന ഈ ഭൂമിയിലെ ഒറ്റ ഒരു ആശയമായതു കൊണ്ടാണ് ഹൈന്ദവ ദർശനം വിശ്വ ദർശനമാകണമെന്ന ആവശ്യപെടുവാൻ കാരണം.

ഹൈന്ദവം എപ്പോഴെല്ലാം , എവിടെയല്ലാം ശക്തിപ്പെട്ടിട്ടുണ്ടോ ആ കാലഘട്ടത്തിൽഅവിടെയല്ലാം സുവർണ്ണ കാലഘട്ടമായിരിന്നു. ഭിക്ഷുക്ക്റില്ല , കള്ളന്മാരില്ല , ചതിയുമില്ല ,പൊളി വചനവുമില്ല . സത്യം , നീതി , ധർമം , ജ്ഞാനം , ഫലംപുഷ്പം , ആരോഗ്യം , ശാന്തി , സമാധാനം , ഐശ്വര്യം , സമൃദ്ധമായിരിന്നു അന്ന് . മുത്തു-രത്നം-സ്വർണ്ണം നാഴികളിൽഅളന്നു രാജ വീഥികളിൽവിട്ടിരുന്ന കാലഘട്ടങ്ങളായിരുന്നു . മുതലാളിതൊഴിലാളി , പാമരൻ പണ്ഡിതൻ എന്ന വ്യത്യാസങ്ങളോന്നുമില്ലാതെ സർവ്വത്രവും ജ്ഞാനം നിറഞ്ഞു നിന്നിരുന്നു.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-16) ഹൈന്ദവ സമാജമുണ്ടാവണമെന്ന് കേട്ടല്ലോ , എന്തെ ഇവിടെ ഹിന്ദു സമാജമില്ലേ ?**

**ഉത്തരം :** ഇവിടെയുള്ളത് ഹൈന്ദവ സമൂഹ വ്യവസ്ഥയാണ്. ഇതിൽനിന്ന് സമാജ വ്യവസ്ഥയിലേക്ക് മാറണം. ഇനി സമൂഹത്തിനും സമാജത്തിനും എന്താ വ്യത്യാസം എന്ന് നോക്കാം. മലയിൽകുറെ ആടുകൾ മേയ്യുന്നുണ്ട്. ഇത് ആടിന്റെ സമൂഹമാണ്. ഇവിടെ ഒരു പുലി വരികയാണെങ്കിൽഎല്ലാ ആടുകളും ഓടി രക്ഷപെടുന്നതിന്റെ ഇടയിൽഒരു ആടിനെ പുലി വേട്ടയാടി പിടിച്ചു കൊണ്ടുപോയാൽ, മറ്റുള്ള ആടുകൾക്ക് ഒരു പ്രശ്നവുമില്ല. ബാക്കിയുള്ളവ അവയുടെ പാടിന് മേഞ്ഞ് കൊണ്ടേയിരിക്കും. ഇത് സമൂഹ വ്യവസ്ഥയുടെ സ്വഭാവമാണ്. ഇനി തേനിച്ചകളെ ശ്രദ്ധിച്ചിട്ടുണ്ടോ ? കൂട് ഉണ്ടാക്കലും, ഭക്ഷണം സംഗ്രഹിക്കലും വീതിചെടുക്കലും , കർമ്മം വിഭാഗിച്ചെടുക്കലും എത്ര സുന്ദരം, ഒരു തേനിച്ചയെ നോവിച്ചാൽമതി തൽക്ഷണം കുറേപ്പേർ സംഘമായി വന്ന് പ്രത്യാക്രമണം നടത്തും. എന്തൊരു ഐക്യം, എന്തൊരു പ്രതിബദ്ധത, ഇതാണ് സമാജ വ്യവസ്ഥ. ഈ സമാജ വ്യവസ്ഥയിലേക്ക് മാരുന്നതിനുവേണ്ടി ആദ്യം ...

**“ഹൈന്ദവ ധർമ പരിചയ യജ്ഞം”**

നടതണം ,അതിന് ശേഷം ഹൈന്ദവ വാർഡ് സമാജം , ഹൈന്ദവ ഗ്രാമ സമാജം , ഹൈന്ദവ നഗര സമാജം , ഹൈന്ദവ താലൂക സമാജം , ഹൈന്ദവ ജില്ലാ സമാജം , ഹൈന്ദവ സംസ്ഥാന സമാജം , ഹൈന്ദവ രാഷ്ട്ര സമാജം , ഹൈന്ദവ ഭൂകണ്ഢ സമാജം , ഹൈന്ദവ വിശ്വ സമാജം സ്ഥാപിക്കുന്നതിനുവേണ്ടി

**“ഹൈന്ദവ സമാജ നിർമാണ യജ്ഞം”**

നടത്തേണ്ടിയിരിക്കുന്നു. അവസാനമായി

**“ഹൈന്ദവ വിശ്വ സമാജം”**

അതിരുകളില്ലാത്ത മാനവീയ വിശ്വ മഹാ സാമ്രാജ്യത്തിനു അഥവാ സത്യസുവർണ്ണ യുഗത്തിന്റെ വിശ്വീയ സർക്കാരിന് കാരണവും , മാതൃകയുമാകണം.

**ഭാഗം-1 സമാപിച്ചു**

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**


ഭാഗം-2

**ചോദ്യം-17)ഭസ്മം, ചന്ദനം, കുറി, നെറ്റിയിൽതോടുന്നത്, വിധങ്ങളും, അർത്ഥവും ഒന്ന് നോക്കാം ?**

**ഉത്തരം: ഹിന്ദുവിന്റെ എല്ലാ കർമവും ആത്മാവിനെ കേന്ദ്രികരിച്ചായിരിക്കും എന്ന് നമ്മൾ മനസ്സിലാക്കി. ആത്മ സാക്ഷാത്ക്കാരത്തിനുള്ള സാധനയുടെ ഭാഗമായാണ് ഭസ്മം , ചന്ദനം , കുംകുമം , നെറ്റിയിൽതൊടുന്നത്. അത് രണ്ട കണ്ണുകളുടെ ദൃഷ്ടി പുരികങ്ങളുടെ മദ്ധ്യത്തിലായി (ഭ.ഗീ.5/27;8/10,12) ഉരുപ്പിച്ചാൽകിട്ടുന്ന ഭാഗത്താണ , കുരിയെ ഒരു വിരലിന്റെ അഗ്രത്തിലാക്കി നെറ്റിയിൽചെറിയ വട്ടമായിട്ടാണ് തൊടുന്നത്. ആ ഭാഗത്താണ ആജ്ഞാ ചക്രം (PINEAL GLAND) സ്ഥിതി ചെയ്യുന്നത്. അതിനെ പ്രവർത്തന ക്ഷമമാക്കിയാൽആത്മ സാക്ഷാത്ക്കാരമുണ്ടാകും. അതിലുടെ യോഗസിദ്ധികളും ത്രികാല ജ്ഞാനവും നേടാം. അങ്ങനെ മനുഷ്യ ജീവതത്തിന്റെ**

**ലക്ഷ്യമായ ഈശ്വര /ആത്മ സാക്ഷാത്ക്കാരത്തെ ഓർമ്മ പെടുതൽകുടിയാണ് ഇതിൽനിന്ന ഉദ്ദേശിക്കുന്നത്. ഇങ്ങനെ കുറി തൊടുന്ന ഭാഗത്ത് നമ്മുടെ ചിത്തത്തെ എകാഗ്രമാക്കുവാനായി നിരന്തരമായി അഭ്യസിച്ചാൽആജ്ഞാചക്രത്തെ പ്രവർത്തന ക്ഷമമാക്കാനും കഴിയും.**

**ഇനി വിധങ്ങളും , അർത്ഥവും ഒന്ന നോകാം...**




**1 ⟹ ഇത് മേൽ പറഞ്ഞ രീതിയും അർത്ഥവുമുള്ളതാണ്.**

2 ⟹ ഭ്രൂമധ്യത്തിൽനിന്ന് നെറ്റിയുടെ അറ്റം വരെ നിണ്ടുനിൽക്കുന്ന കുറി. ഇത് സുചിപ്പിക്കുന്നത് തന്റെ ജീവിത ലക്ഷ്യം ആത്മാവിനെ പരമാത്മാവിൽ, ജീവനെ ഈശ്വരനിൽഅഥവാ യോഗ ഭാഷയിൽപറഞ്ഞാൽ മൂലാധാര ചക്രത്തിലുള്ള ബോധത്തെ മൂർദ്ധാവിലുള്ള ബ്രഹ്മരംദ്രത്തിലുടെ സഹസ്ര കമലദളങ്ങളായി വിടർത്തുക എന്നതാണ്.

3 ⟹ ഇത് , ഞാൻ ഈശ്വരനിൽനിന്ന് വന്നു ഈശ്വരനിലേക്ക് തിരിച്ചു പോകേണ്ടതാണ് എന്റെ ജീവിത ലക്ഷ്യം എന്ന സുചിപ്പിക്കുന്നു.

4 ⟹ ഇത് സുചിപ്പിക്കുന്നത് , ഞാൻ പൂർണ്ണതയി ൽനിന്ന് വന്നുവെന്നും , അതിനാൽതാൻ പൂർണ്ണനാണെന്നും , അങ്ങനെ പൂർണ്ണനായ താൻ പൂർണ്ണതയിലെക്ക് തന്നെ തിരിച്ച് നിങ്ങുന്നു എന്നുമാണ.

5 ⟹ ഇതും മുകളിൽ പറഞ്ഞതിന് സമാനമാണ്. എല്ലാ ത്രിഗുണങ്ങളെയും ദഹിപ്പിച്ച് ഞാൻ ത്രിഗുണതീതനാകണമെന്ന് മൂന്ന് വരികളും സൂചിപ്പിക്കുന്നു

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-18) കർപ്പുര ജ്യോതിതൊട്ട് നെറ്റിയിൽതൊടുന്നത് എന്തിനാണ് ?**

**ഉത്തരം :** ഈശ്വരനെ ഉഴിഞ്ഞ കർപ്പുര ജ്യോതിയോ , ചെറിയ ദീപമോ ഭക്തരിലെക്ക് നീട്ടുമ്പോൾ, ഭക്തർ അതിൽതൊട്ട ഒരു പ്രതിജ്ഞയെ പുതുക്കലാണ് ചെയ്യുന്നത്. ആ പ്രതിജ്ഞ ഇങ്ങനെയാണ്. "ഈശ്വരനും ആത്മസ്വരൂപനാണ എന്നതിന് ഞാൻ സാക്ഷിയായിരിക്കും." പിന്നെ തങ്ങളുടെ നെറ്റിയിലേക്ക് ആ ജ്യോതിയെ പകർത്തി കൊണ്ട് സങ്കല്പിക്കുന്നു "പൂർണ്ണതയിൽനിലനിൽകുന്ന ദൈവമേ എന്റെ ബോധത്തെ അജ്ഞാനത്തിന്റെ മേഘ മറയിൽനിന്ന് ജ്ഞാനത്തിന്റെ സൂര്യ ശോഭയിലേക്ക്, പൂർണ്ണതയിലേക്ക് ഉയർത്തിയാലും".

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-19) പരസ്പരം അഭിവാദ്യം ചെയ്യുമ്പോൾ ഹൈന്ദവർ നമസ്കാരം , നമസ്തേ, പ്രണാമം എന്ന് പറയുന്നതിന്റെ അർത്ഥമെന്താണ് ?**

**ഉത്തരം : <u>നമസ്കാരം</u>:-** "നിങ്ങൾ ദേഹമല്ല , ആത്മസ്വരൂപരാണ്. നിങ്ങളുടെ ഉള്ളിൽവസിച്ചു കൊണ്ട് നിങ്ങളെ നയിക്കുന്നത് ഈശ്വരനാണ. ഈ ദേഹത്തെ

ധരിച്ചു നിൽക്കുന്ന ആ സകാരമൂർത്തിയെ ഞാൻ നമിക്കുന്നു. അതിൽശരണം പ്രാപിക്കുന്നു". എന്നാണ് നമസ്കാരത്തിന്റെ അർഥം. ഇതിന് മറുപടിയായി നമസ്കാരം പറയുമ്പോൾ ഞാനും അതുപോലെ ചെയ്യുന്നു എന്നാണ അർഥം.

നമസ്തേ :- "ഈ അസ്തിത്വത്തിന്റെ , ഉണ്മയുടെ , സമഷ്ടിയുടെ പിന്നിൽഒരു ചൈതന്യമുണ്ട. അതാണ് സർവ ചരാചരങ്ങളെയും സൃഷ്ടി–വികാസം–സംഹാരത്തിലൂടെ നിയന്ത്രിക്കുന്നതും, നയികുന്നതും. ആ ചൈതന്യത്തെ , ദൈവത്തെ , ആത്മാവിനെ ഞാൻ നമിക്കുന്നു ,അതിൽശരണം പ്രാപിക്കുന്നു". എന്നതാണ് നമസ്തെയുടെ അർത്ഥം. ഇതിനു മറുപടിയായി നമസ്തേ പറയുമ്പോൾ ഞാനും അതുപോലെ ചെയ്യുന്നു എന്നാണർത്ഥം.

പ്രണാമം :- "ഞാനും , നിങ്ങളും സർവ്വരും ഓംകാര സ്വരൂപരാണ് , ആത്മസ്വരൂപരാണെന്ന് ശപഥം ചെയ്യുന്നു ". എന്നാണ് പ്രണാമം പറയുന്നത് സൂചിപ്പിക്കുന്നത്. മറുപടിയായി പ്രണാമം പറയുമ്പോൾ ഞാനും അതിനെ ശരിവെക്കുന്നു എന്നാണ ഉദ്ദേശിക്കുന്നത്.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-20)പൂജാവേളയിൽതേങ്ങ ഉടയ്ക്കുന്നു. ഇതിന്റെ സങ്കൽപമെന്താണ് ?**

ഉത്തരം : ആദിമ, അപരിഷ്കൃത ഘട്ടത്തിൽഉണ്ടായിരുന്ന മൃഗബലിയുടെ പകരമായി വന്നതാണെങ്കിലും അതിന്റെ പിന്നിൽഒരു രഹസ്യമുണ്ട്. ചിരട്ടപൊട്ടിച്ചാലേ ഫലം കഴിക്കുവാനാകു. ഫലം ഒഴിവാക്കിയാൽഅമൃതം കുടിച്ചു അമരത്വം നേടാം എന്നതാണ് ആ രഹസ്യം.

ചിരട്ട എന്ന അഹംഭാവത്തെ , ശരീരഭാവത്തെ തകർത്താലെ തേങ്ങ എന്ന കർമ്മഫലത്തെ വേദനയില്ലാത്തെ ഭക്ഷിക്കാനാവു. ആ തേങ്ങ എന്ന കർമ്മഫലത്തെയും ത്യജിക്കാൻ ഉദ്ദേശിക്കുകയാണെങ്കിലോ , എത്രതോളും ത്യജികുന്നുവോ അത്ര കുടുതൽഇളനീർ എന്ന അമൃതം സേവിക്കാം. അതിലൂടെ അമരത്വം , ദൈവത്വം , സാക്ഷാത്കാരം നേടാം.

തേങ്ങ ഉടയ്കുമ്പോൾ സങ്കൽപം , "ദൈവമേ , ആത്മസ്വരൂപമേ അഹങ്കാരമെന്ന തോട് പൊട്ടിച്ചു കളഞ്ഞിട്ട് തേങ്ങ എന്ന കർമ്മ ഫലത്തെ

നിന്നിൽസമര്പ്പിക്കുന്നു. ഇതിനെ സ്വീകരിച്ചിട്ട് അമരത്വം , ആത്മസാക്ഷാത്കാരം പ്രസാദിച്ചാലും " .

ഈ സങ്കൽപം ഭഗവദ്ഗീതയിലെ ശ്ലോകം 2/47 ലൂടെ മനസ്സിലാക്കാം, " നിയത കർമ്മത്തിൽമാത്രമേ നിനക്ക് അധികാരമുള്ളൂ. ഒരിക്കലും ഫലത്തിൽഇല്ല. നീ ഫലമുദ്ദേശിച്ചു പ്രവർത്തിക്കുന്നവൻ ആകരുത്. സ്വകർത്തവ്യം അനുഷ്ഠിക്കാതെ ഒഴിയാൻ ആഗ്രഹിക്കുകയും അരുത് ". കർമ്മഫലം എന്താകും എന്ന് പേടിച് കൊണ്ട് കർമ്മം ചെയ്യാതിരിക്കരുത്. കർമ്മം ചെയ്യിക്കുന്നതും , ചെയ്യുന്നതും ദൈവമാണ്. അങ്ങനെയാവുമ്പോൾ കർമ്മഫലം ദൈവതിനുള്ളതാണ്. എന്നിലൂടെ ദൈവം കർമ്മഫലത്തെ അനുഭവിക്കുന്നു. ഞാൻ ഉപകരണം മാത്രം , ഒരു മാധ്യമം മാത്രം, എന്ന ഭാവം കൈവരിച്ചുകൊണ്ട് കർമ്മം ചെയ്യുമ്പോൾ അത് കർമ്മയോഗമാവുകയും ദൈവികതയിലേക്കുള്ള , സാക്ഷാത്കാരത്തിലെക്കുള്ള പാതയാവുകയും ചെയ്യും. **(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-21) ഹൈന്ദവർ നടുവിൽചരട്, അരഞ്ഞാണം കെട്ടുന്നത് എന്തിന് ?**

**ഉത്തരം :** ആത്മാവ് ഈ ദേഹത്തിൽബന്ധിക്കപ്പെട്ടിരിക്കുന്നു എന്നും സാധനയിലൂടെ ആ ആത്മാവിനെ കെട്ടഴിച്ച് പരമമായ സ്വാതന്ത്ര്യത്തിലേക്ക് നയിക്കേണ്ടതുണ്ടെന്ന് സൂചിപ്പിക്കാനാണ് നടുവിൽചരട് അഥവാ അരഞ്ഞാണം കെട്ടുന്നത്.

യോഗഭാഷയിൽപറഞ്ഞാൽ, നടുവിന്റെ ഭാഗത്തായി സ്ഥിതിചെയ്യുന്ന മൂലാധാര ചക്രത്തിൽപ്രാണൻ, ജീവൻ കുണ്ഡലിനിയുടെ രൂപത്തിൽബന്ധിക്കപ്പെട്ടിട്ടുണ്ട്. അതിനെ സാധന ചെയ്ത സുഷുമ്ന നാഡിയിലൂടെ സ്വാദിഷ്ഠാന ചക്രം, മണിപൂര ചക്രം, അനാഹത ചക്രം, വിശുദ്ധി ചക്രം, ആജ്ഞാ ചക്രങ്ങളിലൂടെയും ബ്രഹ്മരംധ്രത്തിൽഎത്തിച്ചിട്ട സഹസ്രധള കമലമായി വിരിച്ചു മോക്ഷത്തിന് അർഹനായിത്തീരണം അതാണ് മനുഷ്യജന്മത്തിന്റെ ലക്ഷ്യം എന്നത് സൂചിപ്പിക്കാനാണ് നാമകരണ സംസ്കാര കർമ്മം ചെയ്യുമ്പോൾ അരഞ്ഞാണം ചരട് നടുവിൽബന്ധിപ്പിക്കുന്നത്. ഇവിടെ പരമമായ സത്യത്തെ, ജ്ഞാനത്തെ സൂക്ഷ്മ ഭാവനയിൽപ്രതിപാദിച്ചിരിക്കുന്നു.

**ചോദ്യം-22) ശ്രീ, ശ്രീമാൻ, ശ്രീമതി എന്ന ഹൈന്ദവർ പേരിനൊപ്പം ചേർക്കുവാൻ കാരണമെന്ത് ?**

ഉത്തരം : ശ്രീ എന്നാൽ ഈശ്വരൻ എന്നാണ് അർത്ഥം, ശ്രീമാൻ എന്നാൽ ഈശ്വരന്റെ മനസ്സുള്ളവൻ, അതുപോലെ ശ്രീമതി എന്നാൽ ഈശ്വരന്റെ ബുദ്ധി, ഭാവമുള്ള എന്നാണ് അർത്ഥം. അതേപോലെ കുമാര എന്നാൽഈശ്വരപുത്രൻ എന്നും കുമാരി എന്നാൽഈശ്വരപുത്രി എന്നാണ് അർത്ഥം.

നിങ്ങൾക്ക് അറിയാമല്ലോ സനാതനര്ക്ക് സർവ്വതും ദൈവമാണ്. ദൈവമല്ലാത്തതായ ഒന്നുമില്ല. ഈശാവാസമിദം സർവ്വം, അഹം ബ്രഹ്മാസ്മി, തത്വമസി എന്ന് ഋഷി വാക്കുകളുടെ സാക്ഷാത്കാരമെന്ന മനുഷ്യ ജന്മത്തിന്റെ ലക്ഷ്യം എപ്പോഴും ഓര്മ്മിപ്പിക്കുന്നതിന് വേണ്ടിയാണ ഇങ്ങനെ പെരിന്നോപ്പം ശ്രീ , ശ്രീമതി , ശ്രീമാൻ ചേർക്കുന്നത്. ഉദാഹാരണം സഹിതം നോക്കാം...ശ്രീ ഹർഷൻ എന്നാൽ ഹർഷൻ ഈശ്വരൻ എന്നാണ് അർഥം. അതുപോലെ ശ്രീമാൻ അശോകൻ എന്നാൽ ഈശ്വരന്റെ മനസ്സുള്ള അശോകൻ എന്നാണ്. ഈശ്വരന്റെ മനസ്സ് ഉണ്ടാകണമെങ്കിൽഅവർ ദൈവം തന്നെയായിരിക്കണം. ശ്രീമതി താര എന്നാൽ ഈശ്വരന്റെ ബുദ്ധിയുള്ള താര. അതിന്റെയും അർത്ഥം താര ദൈവം എന്നു തന്നെയാണ്.അങ്ങനെ ഓരോരാളെയും ഈശ്വരനെന്നു വിളിച്ചു , അവരിലുള്ള ദൈവികത ഉണർത്തി ദൈവികത അവരിൽനിറച്ചു ദൈവികതയിലെക്ക് ഉയർത്തുവാനുള്ള ഒരു ഉപായം , സാധന , തന്ത്രം തന്നെയാണിത്.

(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)

**ചോദ്യം-23)വിഗ്രഹാരാധന പരബ്രഹ്മാരാധന തന്നെയാണോ ?**

ഉത്തരം : വിഗ്രഹാരാധനയല്ല, അത് വിഗ്രഹം വെച്ചരാധനയാണ്. ഒരു സാധാരണ മനുഷ്യന് നിരാകാരമായ , നിരഹങ്കാരമായ നിർഗുണമായ പരമചൈതന്യത്തെ ആരാധിക്കുവാന് എന്തെങ്കിലും ഒരു മാധ്യമം വേണം. ഉദാഹരണത്തിന് ശവക്കല്ലര , ഗ്രന്ഥം , ചിഹ്നം , ദിക്ക് ,പ്രത്യക കെട്ടിടം , ചിത്രം , അക്ഷരം ,

വാചകം , സംഖ്യ , പൂവ് , വിളക്ക് , സൂര്യൻ , പുഴ , പർവതം , മഹാത്മകൾ , മരം ,നാഗം മുതലായവ. അത് പോലെയാണ് വിഗ്രഹം വെച്ച് ആരാധന. ഇവിടെ ഏകമായ പരമ ചൈതന്യത്തെ , ദൈവത്തെ ആരാധിക്കുവാൻ വിഗ്രഹത്തെ ഉപയോഗിക്കുന്നു. പൂജയിൽഎല്ലാ കർമങ്ങളും കഴിഞ്ഞാൽപിന്നെ കണ്ണ് പൂട്ടിയാണ് പ്രാർത്ഥിക്കുന്നത്. കണ്ണ് തുറന്ന് വിഗ്രഹത്തോടല്ല പ്രാർത്ഥിക്കുന്നത്. ഇതിനെ വിവരിച്ചു പറയാം കേൾക്കു. നമ്മൾ പാൽകുടിക്കുന്നത് ഗ്ലാസ്സിലാണ്. നമ്മൾ ഗ്ലാസ്സിന്റെ സഹായത്തോടെ പാൽകുടിക്കുന്നു. അല്ലാതെ ഗ്ലാസ്സിനെയല്ല കുടിക്കുന്നുത്. ഇതു പോലെയാണ് വിഗ്രഹം വെച്ചിട്ട് പരമ ചൈതന്യത്തെ ആരാധിക്കുന്നത്. വിഗ്രഹത്തിന്റെ സഹായത്തോടെ പരമാത്മാവിനെ ആരാധിക്കുന്നു. അല്ലാതെ വിഗ്രഹത്തെയല്ല ആരാധിക്കുന്നത്. അതുകൊണ്ട് ചോദ്യത്തിലെ വിഗ്രഹാരാധനയെ വിഗ്രഹം വെച്ചുള്ള ആരാധന എന്ന് മാറ്റണം.

ഇനി പരബ്രഹ്മാരാധന, ഇവിടെ പരബ്രഹ്മമല്ലാതതായ എന്താണ് ഉള്ളത്. എന്തെല്ലാം സൃഷ്ടിക്ക്പ്പെട്ടിടുണ്ടോ എല്ലാം പരബ്രഹ്മ രൂപാന്തര തന്നെയാണ. അതുകൊണ്ട ഏതിനെ ആരാധിച്ചാലും ആ ആരാധന ആത്യന്തികമായി പരബ്രഹ്മ ആരാധന തന്നെയാകുന്നു. എങ്കിൽഒരു കാര്യമുണ്ട് , ആരാധിക്കുന്നവർ ഏതു രൂപത്തിലും ,നാമത്തിലും, ഭാവത്തിലും, ആരാധന നടത്തിയാലും ആ ആരാധന വിധിവത്തായിരിക്കണം. അങ്ങനെയാണെങ്കിൽആ ആരാധന പരബ്രഹ്മ ആരാധനയായിരിക്കും. ഇനി വിധിപ്രകാര മാകണമെങ്കിൽഎന്താ വേണ്ടത് ? സങ്കൽപം വേണം. ആരാധന സങ്കൽപം പരബ്രഹ്മമാണെങ്കിൽ,ആരാധന ഏതു രൂപത്തിലും ,നാമത്തിലും ഭാവത്തിലും , രീതിയിലും ആണെങ്കിൽ പോലും ആ ആരാധന പരബ്രഹ്മത്തിനുള്ള ആരാധനയായിമാറുന്നു. ഇതിനെ ഭ.ഗീ. യിലൂടെ ധൃഢീകരിക്കാം.

**ഭ.ഗീ. ശ്ലോകം 9/23**

"*ഹേ കുന്തിപുത്ര , ആരാണോ മറ്റു ദേവന്മാരിൽഭക്തിയോടുകുടി ശ്രദ്ധാപൂർവം യജിക്കുന്നത് അവരും വിധിപ്രകാരമല്ലാതെ എന്നെ തന്നെയാണ് ഭജിക്കുന്നത്*"

**ഭ.ഗീ. ശ്ലോകം 7/20** *"അതാതു ആഗ്രഹാങ്ങളാൽഅപഹരിക്കപ്പെട്ട് ജ്ഞാനത്തോട് കൂടിയവർ  അതാതു നിയമങ്ങൾ അനുഷ്ടിച്ച് തങ്ങളുടെ സ്വഭാവത്താൽസ്വയം നിയന്ത്രിതരായി അന്യ ദൈവ സങ്കൽപങ്ങളെ ആരാധിക്കുന്നു."*

**ഭ.ഗീ. ശ്ലോകം7/21** *"യാതൊരു യാതൊരു ഭക്തന് യാതൊരു യാതൊരു ദൈവ സങ്കൽപത്തെ ശ്രദ്ധയോടു  കൂടി ആരാധിക്കുന്നതിന് ഇച്ഛിക്കുന്നുവോ അവനവന് ഇളക്കാത്ത ആ ശ്രദ്ധയെ നൽകുന്നത് ഞാൻ തന്നെയാണ്".*

**ഭ.ഗീ. ശ്ലോകം 7/22** *"ആ ഭക്തർ ശ്രദ്ധയോടെ ആ ദൈവ സങ്കൽപത്തിൽആരാധന നടത്തുന്നു. അതിൽനിന്ന് ഞാൻ തന്നെ നൽകുന്ന അതാതു അഭീഷ്ടങ്ങളെ ആര്ജ്ജിക്കുകയും ചെയ്യുന്നു".*

**ഭ.ഗീ. ശ്ലോകം 4/11** *"യാതോരുത്തർ , യാതൊരു രീതിഭാവം – നാമം – രൂപത്തിൽഎന്നെ ആരാധിക്കുന്നുവോ , ഭജിക്കുന്നുവോ , ശരണം പ്രാപിക്കുന്നുവോ അപ്രകാരം തന്നെ ഞാൻ  അവരെ അനുഗ്രഹിക്കുന്നു. പാർത്ഥ , എങ്ങും മനുഷ്യർ എന്റെ  മാർഗത്തെ തന്നെ പിൻതുടരുന്നു"*

**ഋഗ്വേദ ശ്ലോകം- 1.164.46**

*"ഏകം സത് , വിപ്ര ബഹുദാ വദന്തി".*

**അത് ഒന്നേയുള്ളൂ എങ്കിൽപണ്ഡിതർ അതിന്റെ  ബഹിർ പ്രകടനങ്ങളെ ശ്രദ്ധിച്ചുകൊണ്ട് പല രൂപത്തിലും , വിധത്തിലും ആരാധിക്കുന്നു.**

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-24)ഹൈന്ദവരുടെ സാധാനാമാർഗ്ഗങ്ങൾ എതൊക്കെയാണ് (ഭക്തിയോഗം , കർമയോഗം ,ജ്ഞാനയോഗം ,രാജയാഗം) ?**

**ഉത്തരം :** **ഹൈന്ദവർക്ക് 4 വിധത്തിലുള്ള സാധന മാർഗ്ഗങ്ങളാനുള്ളത്.**

**1. ഭക്തിയോഗം:** **പൂർണ്ണ സമർപണതോടെ, ശരണാഗതിയോടെ സർവ്വ കർമ്മങ്ങളും ദൈവത്തിനർപ്പിച്ചിട്ട് , ഭക്തിയിൽമുഴങ്ങിയുള്ള സാധനാ മാർഗ്ഗം.**

ഭക്തിക്ക് മൂന്ന് അംഗങ്ങളുണ്ട് ..

1) യന്ത്രം - ദേവന്റെ / ദേവതയുടെ ഭൗതിക പ്രതീകം

2) മന്ത്രം - ദേവന്റെ / ദേവതയുടേ സൂക്ഷ്മ പ്രതീകം

3) തന്ത്രം - ആരാധന വിധി അഥവാ ക്രിയാ ഭാഗം , ഇതിൽ രണ്ടു ഭാഗങ്ങളുണ്ട് (ക) ന്യാസം (ഖ ) മുദ്ര

ഇനി ആരാധനയ്ക്കു നാല് വിധങ്ങളുണ്ട്...

1) തർപ്പണം

2) അർച്ചന

3) ഹോമം / യാഗം

4) ദാനം

ഭക്തിയുടെ ഒമ്പത് പ്രക്രിയകൾ ഇവയാണ്:

ശ്രാവണം - ദൈവത്തിന്റെ നാമങ്ങളും മഹത്വങ്ങളും കേൾക്കുന്നു (സത്സംഗം)

കീർത്തനം - ദൈവത്തിന്റെ മഹത്വം ജപിക്കുന്നു

സ്മരണം - എപ്പോഴും ദൈവത്തെ സ്മരിക്കുക

പാദസേവനം - ദൈവത്തിന്റെ പാദസേവ

അർച്ചനം - ദൈവത്തെ ആരാധിക്കുക

വന്ദനം - ദൈവത്തിന് പ്രണാമം

ദാസ്യം - ദൈവത്തിന്റെ ദാസനായി സേവിക്കുക

സഖ്യം - ദൈവവുമായുള്ള സൗഹൃദം വളർത്തിയെടുക്കുക

ആത്മ നിവേദനം - ദൈവത്തിൽ സ്വയം സമ്പൂർണ്ണ സമർപ്പണം

2. കർമ്മയോഗം: നിഷ്കാമ കർമ്മമാണിത്. കർമ്മം ചെയ്യിക്കുന്നതും , ചെയ്യുന്നതും ദൈവമാണ. അങ്ങനെയാവുമ്പോൾ കർമ്മഫലം ദൈവതിനുള്ളതാണ്. എന്നിലൂടെ ദൈവം കർമ്മഫലത്തെ അനുഭവിക്കുന്നു. ഞാൻ ഉപകരണം മാത്രം , ഒരു മാധ്യമം മാത്രം, എന്ന ഭാവം കൈവരിച്ചുകൊണ്ട് കർമ്മ ചെയ്യുമ്പോൾ അത് കർമ്മയോഗത്തിന്റെ സാധനയാകുന്നു.

3. ജ്ഞാനയോഗം: സ്വാധ്യായം ചെയ്യുകയും, ജ്ഞാനം ആർജിക്കുക്കയും ,ആ ജ്ഞാനത്തിന്റെ പ്രകാശത്തിൽസത്യം മനസ്സില്ലാകി മുക്തനാവുന്ന സാധന.

4. രാജയോഗം: ആ സത്യം തന്നിൽ തന്നെയുണ്ട് എന്ന സത്യം മനസ്സിലാക്കികൊണ്ടു , തന്റെ ഉള്ളിലിരിക്കുന്ന സത്യത്തെ കണ്ടെത്താനുള്ള ഒരു മാർഗമാണിത്. പ്രാണനെ നിയന്ത്രിച്ച് , ഇന്ദ്രിയങ്ങളെ മറികടന്നു , മനസ്സിനെ ഇല്ലാതാക്കി പ്രായോഗികമായി സർവ്വ സിദ്ധികളെയും ആർജിച്ചുകൊണ്ട് പൂർണ്ണത പ്രാപിക്കുന്ന സാധന മാർഗ്ഗമാണിത്.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-25)ഹൈന്ദവരുടെ അടിസ്ഥാനപരവും , പൂർണ്ണവുമായ ആരാധന ക്രമം എന്താണ് ?**

ഉത്തരം :സാധനാ മാർഗ്ഗം ഏതാണെങ്കിലും ഹൈന്ദവരുടെ അഥവാ സനാതനരുടെ ആരാധനകളുടെ അടിസ്ഥാനം അഷ്ടാംഗയോഗമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഹൈന്ദവരുടെ എല്ലാവിധ ആരാധനകളും , സാധനയും രൂപം കൊണ്ടിരിക്കുന്നത്. ആരാധനയ്ക്ക് നാലു സങ്കൽപങ്ങളാണ് ഉള്ളത്.

1)ബ്രഹ്മ സങ്കൽപം - നിരാകാര , നിർഗുണ , നിരഞ്ജന , നിർവികാര , സത് - ചിത് - ആനന്ദ സ്വരൂപത്തിന്റെ ആരാധന / സാധന

2)ഈശ്വര സങ്കൽപം - ഭഗവാൻ ശിവൻ, ഭഗവാൻ വിഷ്ണു, ദേവി ആദിപരാശക്തി, ദേവി ലക്ഷ്മി, ദേവി സരസ്വതി മുതലായവരുടെ രൂപത്തിൽ ആരാധന / സാധന.

3)ദേവതാ സങ്കൽപം - രുദ്രർ, ആദിത്യന്മാർ, , അശ്വിനികൾ , പഞ്ചഭൂതങ്ങൾ, നവഗ്രഹങ്ങൾ , നക്ഷത്രങ്ങൾ മുതലായവരുടെ രൂപത്തിൽ ആരാധന / സാധന.

4)മൂർത്തി സങ്കൽപം - ഷണ്മുഖ ദേവൻ , ഗണപതി ദേവൻ , അയ്യപ്പ ദേവൻ, ശാസ്താവ് ദേവൻ, പിതൃക്കൾ , ഭൈരവ ദേവൻ, ദേവി കാളി , വീരന്മാർ , നാഗ , യക്ഷ-യക്ഷി , ഗന്ധർവ്വ , കിന്നർ, ഭൂത മുതലായവരുടെ രൂപത്തിൽ ആരാധന / സാധന.

ഓരോരുത്തർക്കും അവരവരുടെ ഭാവനയും സങ്കൽപവും , മാനസിക അടുപ്പവും വെച്ച ഇഷ്ടമുള്ള സങ്കൽപത്തിൽ ആരാധിക്കാം.

ഇനി അഷ്ടാംഗ യോഗ ഒന്ന് നോക്കാം :- ചിത്തം നാനാവൃതികളെ കൈക്കൊള്ളുന്നതിനെ തടയുന്നതാകുന്നു യോഗം. നിരോധ കാലത്തിൽദ്രിഷ്ടാവ് കൈവല്യ സ്വരൂപത്തിൽസ്ഥിതി ചെയ്യുന്നു. ഇത് അഷ്ടപടികളായി ഭാഗികപ്പെട്ടിരിക്കുന്നു. ഒന്നൊന്നായി നോക്കാം.

1. യമം:- ഇത് പഞ്ച-സദാചാര ശീലങ്ങളാണ്. അതായത് ആന്തരിക ശീലങ്ങളാണ്...
    - അഹിംസ - (അകാരണമായി ആരെയും ദ്രോഹിക്കാതിരിക്കൽ) ,
    - സത്യം - സത്യസന്ധരായിരിക്കാൻ,
    - ആസ്തേയം - (കക്കാതിരിക്കുക) ,
    - ബ്രഹ്മചര്യം - ( എപ്പോഴും ബ്രഹ്മത്തിൽജീവിക്കുക) ,
    - അപരിഗ്രഹം - (ആരിൽനിന്നും ഒന്നും സ്വീകരിക്കാതിരിക്കുക) ,

    എന്നിവയാണ്.

2. നിയമം:- ഇതും പഞ്ച ബാഹ്യമായി പാലിക്കേണ്ട നിയമങ്ങൾ തന്നെയാണ്. അതായത്
    - ശൌചം - (ബാഹ്യ ശുദ്ധി),
    - സന്തോഷം - (സംതൃപ്തി) ,
    - തപസ്സ് - (ലക്ഷ്യം കൈവരിക്കുന്നതു വരെയുള്ള പ്രയത്നം) ,
    - സ്വാദ്ധ്യായം - അധ്യയനം , ലക്ഷ്യം പ്രാപിക്കുന്നതുവരെ പഠിച്ചുകൊണ്ടേയിരിക്കുക
    - ഈശ്വര പ്രണിധാന - ഈശ്വരങ്കൽആത്മ സമർപ്പണം

    എന്നിവയാണ്.

3. ആസനം : മൂറപ്രകാരമുള്ള ഇരിപ്പ്.
4. പ്രാണായാമം : പ്രാണശക്തികളെ സ്വാധീനമാക്കുക.
5. പ്രത്യാഹാരം : ഇന്ദ്രീയങ്ങളെ വിഷയങ്ങളിൽനിന്നും പിൻവലിക്കുക.

6. ധാരണ : പൂജ, തർപ്പണം, അർച്ചന, നാമജപം, ഹോമം, യാഗം, ദാനം,തന്ത്ര , മന്ത്രം , യോഗ ഉപാസനകളാൽ മനസ്സിനെ ഒരിടത്തുറപ്പിക്കുക.

7. ധ്യാനം : ആ ഒന്നിൽഅവിച്ഛിന്നമായ ജ്ഞാനവൃത്തി പ്രവാഹം.

8. സമാധി : ബുദ്ധി സമത്തിൽനിൽക്കുമ്പോൾ പ്രജ്ഞ സ്ഥിരമാകുമ്പോൾ രൂപങ്ങളെല്ലാം തള്ളി അർത്ഥം മാത്രം പ്രകാശിപ്പിക്കുമ്പോൾ സമാധിയാകുന്നു.

ഈ എട്ടാമത്തെ തലത്തിൽആത്മസാക്ഷാത്കാരത്തോടെ സാധകൻ മോക്ഷത്തിന് അർഹനായിത്തിരുന്നു.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-26) ക്ഷേത്രങ്ങളിൽനടക്കുന്ന നേർച്ചകൾ , വിടുകളിലെ പൂജ , നാമജപം , ഹോമം ഇതിനെയെല്ലാം എങ്ങനെ കാണുന്നു ?**

ഉത്തരം :ക്ഷേത്രങ്ങളിലെ നേർച്ചകൾ , പൂജകളും , ഹോമവും , മുതലായവയെല്ലാം അഷ്ടാംഗയോഗത്തിലെ രണ്ടാം ഘട്ടമായ നിയമത്തിലെ ഈശ്വരങ്കൽആത്മ സമർപ്പണം എന്നത് മാത്രമേ ഭാഗികമായി പൂർത്തീകരിക്കുന്നുള്ളൂ. അതുപോലെ നാപജപം കൊണ്ട് ആറാമത്തെ ഘട്ടമായ ധാരണ മാത്രമേ പൂർത്തീകരിക്കുന്നുള്ളൂ. എങ്കിൽആരാധന സമ്പുർണ്ണമാകണമെങ്കിൽഎല്ലാ എട്ടു ഘട്ടങ്ങളിലുടെയും കടന്നുചെല്ലേണ്ടിയിരിക്കുന്നു. അതാണ് പൂർണ്ണ സനാതന ആരാധന ക്രമം. പുരോഹിതർ ഇത് അഭ്യാസം ചെയ്യുന്നുണ്ട് , നാമെല്ലാവരും ഇത് അഭ്യസിക്കണം.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-27)ആരാധനാ തെറ്റായ സമ്പ്രദായമാണെന്നു കേട്ടിട്ടുണ്ടല്ലോ ?**

ഉത്തരം : ആരാധിക്കുക എന്ന് പറയുമ്പോൾ , അദ്വൈത ദർശന പ്രകാരം എല്ലാം പരബ്രഹ്മമാകുമ്പോൾ പിന്നെ ആർ ആരെയാ ആരാധിക്കുക ? ഞാനും ബ്രഹ്മം , മറ്റുള്ളവയും ബ്രഹ്മം , ബ്രഹ്മമല്ലാത്തതായ ഒന്നുമില്ല. പിന്നെ എങ്ങനെ , ആരെ ആരാധിക്കുവാൻ ? എങ്കിൽസർവ്വതും പരബ്രഹ്മമായി കാണുന്ന അദ്വൈതാവസ്ഥയിൽഎത്തണമെങ്കിൽഈ എല്ലാ ആരാധന സമ്പ്രദായങ്ങളിലുടെ കടന്നു വരേണ്ടിയിരിക്കുന്നു , മനസ്സിലാകെണ്ടിയിരിക്കുന്നു,

ഉൾക്കൊളളെണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമേ ജീവിതത്തിന്റെ ഏറ്റവും ഉന്നത അവസ്ഥയിലേക്ക് എത്തുകയും സ്വയം പരബ്രഹ്മമായി വിളങ്ങുകയും ചെയ്യുമ്പോൾ ആരാധനയുടെ ആവശ്യം വരുന്നില്ല. അവിടെ പിന്നെ സ്വആരാധനയാണ് നടക്കുന്നത്. ഇതിലുടെ മോക്ഷവും കൈവരിക്കുന്നു. അങ്ങനെ ബാഹ്യമായ ആരാധനയിലുടെ സ്വആരാധനയില്ലെത്തി മോക്ഷം നേടുന്ന ഒരു സാധനാ രീതിയാണ് ഇവിടെയുള്ളത്. അല്ലാതെ ആരാധന തെറ്റാണ് എന്ന് പറയുവാനൊന്നും ആയിട്ടില്ല. എന്തായാലും എല്ലാ ആരാധനകളും പൂർണ്ണത പ്രാപിക്കുന്നതിന്, സാക്ഷാത്കാരം നേടുന്നതിന് സഹായികുന്നവയാണ. അങ്ങനെയാകുമ്പോൾ ആരാധന സാധനയാകുന്നു. സാധനാ ഓരോ ജീവിയുടെയും ജന്മസിദ്ധ അവകാശമാണ. അത് തെറ്റാണ എന്ന് പറയുന്നവർ പൂർണ്ണതയെ കാണുന്നില്ല എന്നു മാത്രം പറയാം.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-28)ഹൈന്ദവർ പ്രഭാതത്തിലെ ഒരു പ്രത്യക മുഹൂർത്തത്തിനെ ബ്രഹ്മ മൂഹൂർത്തം എന്നു വിളിക്കാൻ കാരണമെന്താണ് ?**

ഉത്തരം :ബ്രഹ്മാവുമായി അടുത്തിരിക്കുന്ന മൂഹൂർത്തം അഥവാ സാധാരണമായി ബ്രഹ്മാവസ്ഥയിൽആയിരിക്കുന്ന മൂഹൂർത്തം അഥവാ ബ്രഹ്മ സാധനയ്ക്കായി ഏറ്റവും ഉത്തമ മൂഹൂർത്തം എന്നത് കൊണ്ടാണ് പ്രഭാതത്തിലെ ഈ മുഹൂർത്തത്തെ ബ്രഹ്മ മൂഹൂർത്തം എന്നു വിളിക്കുന്നത്. സൂര്യൻ ഉദിക്കുന്നതിനും ഒരു മണിക്കൂർ മുപ്പത്തിയാറ് മിനിറ്റ് മുമ്പുള്ള സമയം.

ഒന്ന് ആലോചിച് നോക്കു. വൈകുന്നേരം ആകുമ്പോഴേക്കും ഈ സമൂഹത്തിലുടെ സാഹചര്യങ്ങളിലുടെ കടന്നു പോകുമ്പോൾ അതിലെ ചതി കുഴികൾ, കാപട്യങ്ങൾ, പീഡനങ്ങൾ , ചൂഷണങ്ങൾ , കണ്ണിരുകൾ , അക്രമങ്ങൾ , കൊലപാതകങ്ങൾ, ബലാത്കാരങ്ങൾ , ഇതുപോലെയുള്ള ഹീനകൃത്യങ്ങൾ കണ്ടും കേട്ടും അറിഞ്ഞും നമ്മുടെ മനസ്സ് ദയാ ശൂന്യമായിതീരും, വികൃതമായിതീരും. പിന്നീട് തന്റെ നിലനിൽപ്പിനു വേണ്ടി ഒരു കൃത്രിമമായ മുഖമൂടിയും ധരിച്ചുകൊണ്ടാണ് , തന്റെ സ്വത്വവും മറന്നു കൊണ്ടാണ് ഇവിടെ ഓരോ ആളും നടകുന്നത്. ദൈവമായിട്ട ല്ല പകരം സമൂഹം നമുക്ക് തന്ന

വ്യക്തിത്വമായോ അല്ലെങ്കിൽനിലനിൽപ്പിനു വേണ്ടി നമ്മൾ സ്വയം കൃത്രിമമായി സൃഷ്ടിച്ച ഒരു വ്യക്തിത്വമായിട്ടാണ് നമ്മൾ നടകുന്നത്.

അതെ പ്രഭാതമാകുമ്പോഴേക്കും , ആ തലേന്നുള്ള രാത്രി നല്ല ദീർഘ ഉറക്കത്തിൽഈ വികൃത സമൂഹചെഷ്ടകളിൽനിന്നെല്ലാം നമ്മുടെ മനസ്സ് പുറത്തായിരുന്നു. അവിടെ മൽസരമില്ല, ശത്രുതയില്ല , ദുർമോഹങ്ങളില്ല, ലാഭനഷ്ടങ്ങളുടെ കച്ചവട ബുദ്ധിയില്ല ഈ വക എല്ലാ ഹീനഭാവങ്ങളിൽനിന്നും മനസ്സ് ആ ചില മണികുരുകൾ പുറത്തായിരുന്നു. വികൃത സമൂഹ കെട്ടുപാടുകളിൽനിന്ന് മോചിതമായിരുന്നു. ആ ഒരു നിണ്ട വിശ്രമതിന് ശേഷം അഹന്തയില്ലാത്ത നിഷ്ക്കളങ്കമായ പരിശുദ്ധമായ , സ്നേഹപൂർണ്ണമായ ശാന്തസുന്ദര അവസ്ഥയിലേക്ക് മനസ്സ് എത്തിക്കഴിഞ്ഞിരിക്കുന്നു. നിദ്രയ്ക്ക് ശേഷമുള്ള ഈ മൂഹൂർത്തം മനസ്സിന് ബ്രഹ്മവുമായി അടുകുവാനും സാധന ചെയ്യുവാനം ഏറ്റവും നല്ലതാണ്. അതുകൊണ്ടാണ് സനാതനർ ഈ മുഹൂർത്തത്തെ ബ്രഹ്മ മൂഹൂർത്തം എന്ന് വിളിക്കുന്നത്.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-29) ചില ക്ഷേത്രങ്ങളുടെ പുറച്ചുമരുകളിൽലൈംഗികതയുടെ ചിത്രം കാണാമല്ലോ അതെന്തുകൊണ്ട ?**

**ഉത്തരം** : ഭൗതികതയുടെ , വികാരത്തിന്റെ , ഇന്ദ്രിയ ഭോഗത്തിന്റെ പരാകാഷ്ടയെ സുചിപ്പിക്കുന്ന ഈ ചിത്രങ്ങൾ ക്ഷേത്രത്തിന്റെ പുറച്ചുമരുകളിലേ കാണു. ക്ഷേത്രത്തിന്റെ ഉള്ളിൽകയറിയാലോ പിന്നെ അവിടെയൊന്നുമില്ല. പരമശൂന്യത , കേവലം ആത്മസ്വരൂപം മാത്രം. ഇത് മാനവ ജീവിതത്തെ സൂചിപ്പിക്കുന്നു. ഒരാൾ ക്ഷേത്രത്തിലേക്ക് വരികയും പുറച്ചുമരുകളിൽ ആകർഷിതനായി അതിനെ ആസ്വാദിചിരിക്കുമ്പോൾ , ഇതിനെ ശ്രദ്ധിച്ച ആചാര്യൻ , ഗുരു പറയുന്നു. വളരെ നല്ലത് ക്ഷേത്രത്തിൽ(ആത്മീയതയിലേക്ക്) കയറുവാൻ സമയമായിട്ടില്ല. ആദ്യം ജീവിതത്തിലെ സകല ഭൗതിക സുഖഭോഗങ്ങളും ആഗ്രഹങ്ങളും നിറവേറ്റുക. സർവ്വ വിധ ഭോഗങ്ങളും ആഗ്രഹങ്ങളും നിറവേറ്റി തൃപ്തനായാൽപിന്നെ ഈ പുരച്ചുമരുകളിൽ ആകർഷിതനാകില്ല. ആ ചിത്രങ്ങൾ അവരിൽഒരു വിധത്തിലുള്ള പ്രഭാവവും

കാണിക്കുന്നില്ല , അവിടെ ആ ചിത്രങ്ങളുണ്ടെന്ന് പോലും അവർക്ക് തോന്നുന്നില്ലെങ്കിൽഅന്നേരം ക്ഷേത്രത്തിലേക്ക് വരുന്ന അവർ നേരെ ഉള്ളിലേക്ക് കടക്കുവാൻ ആഗ്രഹിക്കും. അപ്പോൾ ഇത് മനസ്സിലാക്കിയ ഗുരു , ആചാര്യൻ പറയുന്നു ഇപ്പോൾ സമയമായിരിക്കുന്നു, ക്ഷേത്രത്തിന്റെ ഉള്ളിലേക്ക് കടക്കുവാൻ, ആത്മീയതയിലേക്ക് കടക്കുവാൻ എന്ന മഹത്തായ ഒരു സന്ദേശമാണ ഇത് പ്രചരിപ്പിക്കുന്നത്.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-30)ഹൈന്ദവർ ക്ഷേത്രം പ്രദക്ഷിണം വെയ്ക്കുന്നത് എന്തിനാണ് ?**

ഉത്തരം : സൂര്യസ്വരൂപികളായ ഗ്രഹങ്ങൾ സൂര്യനെയും , ഭൂമിസ്വരൂപിയായ് ചന്ദ്രൻ ഭൂമിയെയും പ്രദക്ഷിണം വെയ്ക്കുന്നത് പോലെ ഈശ്വരസ്വരൂപികളായ സനാതനർ, ഹൈന്ദവർ ഈശ്വരനെ പ്രദക്ഷിണം വെയ്ക്കുന്നു. ഇത് ഈശ്വരനെ കേന്ദ്രീകരച്ചുള്ള , ആത്മാവിനെ കേന്ദ്രീകരിച്ചുള്ള ജീവിതരീതിയെ സുചിപ്പിക്കുന്നു. തന്റെ എല്ലാ കർമങ്ങളും, ചിന്തകളും , വ്യവഹാരങ്ങളും , ചലനങ്ങളും , സന്തോഷവും , ദുഃഖവും ഈശ്വരനിൽസമർപ്പിച്ചിരിക്കുന്നു. തന്നെ സ്വയം ഈശ്വരന് സമർപ്പണം ചെയ്തിരിക്കുന്നു. ഈശ്വരൻ എന്നെ എന്നിലുടെ നയിക്കട്ടെ , എനിക്ക് ഈശ്വരനെയുള്ളൂ , ഈശ്വരന് വേണ്ടിയാണ ഈ ജീവിതം , ഈശ്വര കൃപയാൽഈശ്വര സ്വരൂപിയായിതിരുന്നതിനു വേണ്ടിയാണ് ഈ ജീവിതം. അതുകൊണ്ട് ഈശ്വരന്റെ ചുറ്റുമാണ് എന്റെ ജീവിതം എന്ന സങ്കൽപമാണ് ക്ഷേത്ര പ്രദക്ഷിണത്തിലുടെ സുചിപ്പിക്കിന്നത്. അതുപോലെ സ്വയം പ്രദക്ഷിണം വെയ്ക്കുന്നത് ആത്മാവിനെ , തന്നിലുള്ള ദൈവത്തെ കേന്ദ്രീകരിച്ചൂള്ള ജീവിതത്തെ അത് സുചിപ്പിക്കുന്നു.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-31)ഹൈന്ദവരുടെ സാമൂഹിക കേന്ദ്രം ഏതാണ് ? അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ?**

ഉത്തരം : സാമൂഹികമായി സനാതനരുടെ ശക്തികേന്ദ്രം, ജ്ഞാനകേന്ദ്രം, സാംസ്കാരികകേന്ദ്രം ക്ഷേത്രങ്ങളാണ്. ക്ഷേത്രം വിശ്വശക്തി **[COSMIC ENERGY]**

പ്രത്യുല്പാദന കേന്ദ്രമാണ്. ക്ഷേത്രബിംബം അഥവാ പ്രതിഷ്ഠ വിശ്വശക്തിയെ ആഗിരണം ചെയ്ത പ്രത്യുല്പാദന ചെയ്യുന്ന താന്ത്രിക ഉപകരണമാണ്. അതുപോലെ വാസ്തു നിയമ നിഷ്ടമായി നിർമ്മിച്ച ക്ഷേത്രത്തിൽഒരു പ്രദക്ഷിണം വെച്ച് വരുമ്പോൾ സാധകനിൽഒരു അത്ഭുത ശക്തി വന്നു ചേരും. സനാതനരുടെ എല്ലാ സാമൂഹിക പ്രവർത്തനങ്ങളും ക്ഷേത്രത്തെ കേന്ദ്രീകരിച്ചാണ് നടകുന്നത്. ക്ഷേത്രത്തെ കേന്ദ്രീകരിച്ച് വിദ്യാഭ്യാസ ഗുരുകുലം , ആരോഗ്യ പരിപാലന കേന്ദ്രം , ബാലഅനാഥവൃദ്ധ ആശ്രയമന്ദിരങ്ങൾ, വനിതാ സംരക്ഷണ കേന്ദ്രങ്ങൾ, കായിക സാംസ്കാരിക കേന്ദ്രങ്ങൾ കുടാതെ സമാജത്തിന്റെ സേവനം , ക്ഷേമാഭിവൃദ്ധി ലക്ഷ്യം വെച്ചു കൊണ്ടുള്ള കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ഇവ സമാജ സമിതി (പ്രാദേശിക ഹൈന്ദവ സംസത്ത് ) കളുടെ കീഴിൽആചാര്യന്റെ നേത്രത്വത്തിൽകാര്യം നിർവ്വഹിക്കുന്നു. ഇന്ന് ക്ഷേത്രങ്ങൾ ഈ ആവശ്യങ്ങൾ പൂർത്തികരിക്കുന്നിലെങ്കിൽഅവയെ ഈ വഴിക്ക് കൊണ്ടു വരേണ്ടബാധ്യത ഹിന്ദു ജന സമൂഹത്തിനുണ്ട്.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-32) ക്ഷേത്രത്തിനും ദേഹത്തിനും എന്താണ് ബന്ധം ?**

**ഉത്തരം** :രണ്ടും ശരീരങ്ങളാണ്. ജീവനെ ധരിച്ചിരിക്കുന്നത് ക്ഷേത്രമാണ (ഭ.ഗീ.13/2,3). അങ്ങനെയാകുമ്പോൾ ക്ഷേത്രം ഈശ്വരന്റെ ദേഹമാകുന്നു. ദേഹം ജീവന്റെയും. ദേഹത്തിൽജീവൻ എന്നതുപോലെയാണ് ക്ഷേത്രത്തിലെ പ്രതിഷ്ഠ. പ്രതിഷ്ഠയെ കേന്ദ്രീകരിചായിരികും ക്ഷേത്രത്തിലെ എല്ലാ കർമങ്ങളും. അങ്ങനെ ക്ഷേത്രങ്ങൾ ഒരു മഹത്തരമായ സന്ദേശം പ്രചരിപ്പിക്കുന്നു ,എങ്ങനെ ഈശ്വരനെ കേന്ദ്രീകരിച്ചായിരിക്കുമോ പ്രപഞ്ചത്തിലെ എല്ലാ ചലനങ്ങളും ,അതുപോലെ ആത്മാവിനെ കേന്ദ്രീകരിച്ചായിരിക്കണം ദേഹത്തിന്റെ എല്ലാ വ്യവഹാരങ്ങളും എന്ന സന്ദേശം.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-33) 'ഓം' കാരം ഹൈന്ദവരുടെത് മാത്രമല്ല സമ്പൂർണ്ണ മാനവരാശിയുടെതാണ് എന്ന് കേട്ടിണ്ടുല്ലോ എന്തുകൊണ്ട് ?**

ഉത്തരം : ഹൈന്ദവതയിലുള്ളതെല്ലാം പൂർണ്ണ മാനവരാശിയുടെതാണ്. തൽകാലം ആരെങ്കിലും, എതെങ്കിലും അഭിപ്രായത്തിൽതട്ടി ഹൈന്ദവതയെ എതിർത്താലും അന്തിമമായി പരമ സത്യത്തിലേക്ക് എത്താൻ ഹൈന്ദവതയുടെ വാതിൽക്കൽഎത്തിയെ മതിയാവു. കാരണം ഹൈന്ദവം സനാതന സത്യങ്ങളെ, സനാതന ശാസ്ത്ര മൂല്യങ്ങളെയാണ് സൂക്ഷിച്ചുവെച്ചിരിക്കുന്നതും , പഠിപ്പിക്കുന്നതും.

ഇനി ഓം കാരത്തിലേക്ക് കടക്കാം. പാശ്ചാത്യരും ഓം കാരത്തെ അവ്യക്തമായി പരാമര്ശിച്ചിട്ടുണ്ട്. അവർ പറയുന്നു ആദിയിൽവചനമുണ്ടായി എന്നും , സൃഷ്ടിയുടെ ആരംഭത്തിൽദേവദൂതന്മാർ , അപ്സരസ്സുകൾ കാഹളം ഊതി ശബ്ദമുണ്ടാകി എന്നാണ്. അതേപോലെ ആധുനിക ശാസ്ത്രത്തിൽ(വിസ്ഫോടന് സിദ്ധാന്തം) പറയുന്നത് ഒരു വിസ്ഫോടനത്തിലൂടെ സൃഷ്ടിയുണ്ടായി എന്നാണ്. ഇവിടെയുള്ള സൃഷ്ടിയുമായി ബന്ധപ്പെട്ട എല്ലാ സന്ദർഭങ്ങളിലും അവിടെ ശബ്ദമുണ്ടായിരുന്നു എന്ന് നമുക്കറിയാം. അത് ഓംകാരമല്ലാതെ മറ്റൊന്നുമല്ല. ഹൈന്ദവർക്ക് ആദിയിലെ വചനത്തെ , സൃഷ്ടിയുടെ ആരംഭത്തിലെ കാഹള ശബ്ദത്തെ , ആദിവിസ്ഫോടനത്തിലെ ശബ്ദത്തെ വേശ്ലേഷണം ചെയ്തു അത് ഓംകാരമാണെന്ന് കണ്ടെത്തുവാൻ കഴിഞ്ഞു. മറ്റുള്ളവർക്ക് അത് കഴിഞ്ഞില്ല എന്ന വ്യത്യാസമേയുള്ളു.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

### ചോദ്യം-34)ഓംകാര നാദം പ്രപഞ്ചത്തിൽഇപ്പോഴുമുണ്ടോ ?

ഉത്തരം :ഇപ്പോഴും പ്രപഞ്ചം വികസികുന്നുണ്ട്. ആ വികസന കമ്പനങ്ങളാണ് ഓം കാരം. അങ്ങനെ വികസനപരമായ പ്രപഞ്ചത്തിൽഇപ്പോഴും ഓംകാര നാദമുണ്ട്. ആരെങ്കിലും ഈ നാദത്തെ ശ്രവിക്കാൻ ശ്രമിച്ചാൽധ്യാനത്തിലൂടെ വെറും ചെവിയോടെയും ,അല്ലെങ്കിൽഅത്യാധുനിക ശബ്ദഗ്രാഹി യന്ത്രങ്ങളുടെ സഹായത്തോടെയും ഈ നാദബ്രഹ്മത്തെയും കേൾക്കാം. സൃഷ്ടി നിലനിൽക്കുന്നതു വരെയും ആ നാദം ഉണ്ടായിരികുന്നതാണ്.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-35)ഓംകാരം എങ്ങനെയുണ്ടായി ?**

**ഉത്തരം : താനാരാണെന്നു സ്വയം അനുഭവിച്ചു അറിയുന്നതിന്റെ ഭാഗമായി എപ്പോൾ പരമാത്മാവിന് താൻ പലതാകണമെന്നു അഥവാ തന്നിലുള്ള ഭാവം , ശക്തി , കർമം , ജ്ഞാനം പ്രകടിപ്പിക്കണമെന്നു തോന്നിയോ അപ്പോൾ തന്റെ ഇച്ഛാശക്തികൊണ്ട് സങ്കൽപിച്ചു. ആ ആദ്യ സങ്കൽപം ആദ്യത്തെ ശബ്ദം , ആദിവചനം ഓം കാരമായിരിന്നു. അതിൽ ഉണ്മയിലുള്ളതും , ഉണ്മയിലില്ലാത്തതുമായ എല്ലാ ചരാചരങ്ങളുടെയും നാമരൂപം അഥവാ ശബ്ദരൂപം അടങ്ങിയിരിക്കുന്നു.**

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-36) ഓംകാരം ദൈവത്തിലേക്കുള്ള കവാടം എന്ന് പറയുവാൻ കാരണമെന്ത് ?**

**ഉത്തരം : സൃഷ്ടിയുടെ മുൻപ് , വൃക്ഷലതാദി , ജീവ ജാലങ്ങൾക്കും മുൻപ് , ഭൂമി ഉണ്ടാകുന്നതിനു മുൻപ് , സൗരയൂഥമുണ്ടാകുന്നതിനും മുൻപ് , താരാ സമൂഹത്തിന്റെ യും മുൻപ് , ധുമതാരാഗണത്തിന്റെ ഉദ്ഭവത്തിൻ മുൻപ് എല്ലായിടത്തും ദൈവം മാത്രമായിരിന്നു. ദൈവം മാത്രം. ഓംകാരത്തോടെ ദൈവത്തിൽനിന്ന് സൃഷ്ടിയുണ്ടായി തുടങ്ങി. ധുമതാരഗണം(NEBULA) , താരാ സമൂഹം(GALAXY) , സൗരയൂഥം(SOLAR SYSTEM) , ഭുമി-ചന്ദ്രൻ, വൃക്ഷലതാദി , ജീവജാലങ്ങൾ. അങ്ങനെ കേവലമായ ദൈവത്തിനും ബഹുമുഖമായ സൃഷ്ടിയുടെയും ഇടയിലുള്ളത് അഥവാ ഇവരെ വേർതിരികുന്നത് "ഓം" കാരമാണ്. അതുകൊണ്ടാണ് "ഓം" ദൈവകവാടം എന്ന് അറിയപ്പെടുന്നത്.**

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-37)ഓം വിശ്വത്തിന്റെ ബീജം എന്ന് പറയാനുള്ള കാരണമെന്താണ് ?**

**ഉത്തരം :എങ്ങനെ ഒരു ബീജം മണ്ണിലിരിന്നുകൊണ്ട് മണ്ണിലെ അംശം വലിച്ചെടുത്തുകൊണ്ട് ഒരു മരമായി വളരുന്നുവോ ,അതുപോലെ ഓംകാരം ബ്രഹ്മത്തിൽനിന്ന് അംശം സ്വീകരിച്ചുകൊണ്ട് വിശ്വമായി വികസിക്കുന്നു. അതുകൊണ്ടാണ് ഓം കാരത്തെ വിശ്വ ബീജം എന്ന് പറയാറുള്ളത്. അങ്ങനെ ഓം**

കാരത്തിന് , പ്രണവത്തിന്, നാദബ്രഹ്മത്തിന് , ശബ്ദബ്രഹ്മത്തിന് മുന്ന് ഘട്ടങ്ങളാനുള്ളത്. അ ,ഉ ,മ .

1) അ - സൃഷ്ടിയെ സുചിപ്പിക്കുന്നു. ഈശ്വരന്റെ ബ്രഹ്മദേവ സങ്കൽപം.

2) ഉ - വികാസം- ഈശ്വരന്റെ വിഷ്ണു സങ്കൽപം ;

3) മ - ലയനം- ഈശ്വരന്റെ ശിവ സങ്കൽപം .

അങ്ങനെ ദൈവത്തിൽനിന്ന് സൃഷ്ടിയുണ്ടായിവികസിച്ചിട്ട് ദൈവത്തിൽലയിക്കുന്നു. അങ്ങനെ ഒരു സൃഷ്ടിയുടെ ചരിത്രം ഒരു ഓംകാരത്തിന്റെ യും ചരിത്രമാണ്.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-38)ഓംകാരം മന്ത്രങ്ങളിൽആദ്യം ഉപയോഗിക്കാൻ കാരണമേന്താണ് ?**

ഉത്തരം : ഓംകാരം ദൈവത്തിലേക്കുള്ള കവാടമായതു കൊണ്ടാണ് , മന്ത്രങ്ങളിൽആദ്യം ഉപയോഗിക്കുന്നത്. മന്ത്രത്തിലെ ദേവതാ സങ്കൽപത്തിന്റെ നാമംരൂപം ഏതായാലും ആ മന്ത്രം ഏകമായ പരമാത്മാവിനെ ഉദ്ദേശിച്ചാണ് എന്നതു സുചിപ്പിക്കാനും കുടിയാണത്. ആരെങ്കിലും പരമാത്മാവിനെ എന്തെങ്കിലും സമർപ്പിക്കാൻ ഇല്ലെങ്കിൽസ്തുതിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽഓംകാരത്തെ സമർപ്പണത്തിന് അഥവാ സ്തുതിക്കുവാൻ ഉപയോഗിക്കുന്ന വാചകത്തിന്റെ ആദ്യം ഉപയോഗിക്കും. അങ്ങനെയാകുമ്പോൾ ആ ഏകമായ പരമബോധത്തെ ഏതൊരു ഭാഷയിലും, നാമത്തിലും, രൂപത്തിലും, രൂപമില്ലാതെയും, ഭാവത്തിലും ആരാധിചാലും , പ്രാർഥിച്ചാലും , ധ്യാനിചാലും ആ സമർപ്പണം , സ്തുതി ആ ഒറ്റ പരാശക്തിയെ ഉദ്ദേശിച്ചാണ് എന്നാണ് അർഥം. ഉദാഹരണത്തിന് ഓം ഗണപതിയെ എന്റെ നമസ്കാരം സ്വീകരിച്ചാലും , ഓം ദുർഗയെ എന്റെ നിവേദ്യം സ്വീകരിച്ചാലും , ഓം ലക്ഷ്മിയെ എനിക്ക് അഷ്ടഐശ്വര്യങ്ങളെ അനുഭവിക്കാനുള്ള ഭാഗ്യം പ്രസാദിചാലും , ഓം ശിവനെ എന്നെ അനുഗ്രഹിച്ചാലും , ഓം വിഷ്ണുവേ എനിക്ക് ദർശനം തന്നാലും മുതലായവ. ഇവിടെ നാമങ്ങൾ , രൂപങ്ങൾ , പലതാണെങ്കിലും ഓം ഉപയോഗിച്ചത് കൊണ്ട് അവയെല്ലാം ഒറ്റ ഒരു പരബ്രഹ്മത്തെ സംബോധന

ചെയ്യുവാൻ ഉപയോഗിച്ചിരിക്കുന്നു. ഭക്തരുടെ സ്വഭാവം,ആവശ്യം, താല്പര്യം, സങ്കൽപം , അനുസരിച്ചുള്ള വെവ്വേറെ നാമങ്ങളും , രൂപങ്ങളുമാണെന്നു മാത്രം.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-39) ഓം (अों or ओ३म्) കാരത്തെ , സംസ്കൃതത്തിൽ എഴുതുമ്പോൾ "ഊം( ॐ ) എന്നാണ് എഴുന്നത് , ഏതാണ് ശരി ?**

ഉത്തരം :ഓം ആണ് ശരിയെങ്കിലും ,ഒരു സന്ദേശത്തെ അതിനെ കാണുന്നവരിൽഎത്തികുന്നതിനു വേണ്ടി സാങ്കൽപികമായും , സാങ്കേതികമായും ഊം(ॐ ) എന്നാണ് എഴുതുന്നത്.അതിന്റെ സദുദ്ദേശം മാനിച്ചുകൊണ്ട് അതു ശരി തന്നെയാണ്. ഇനി ആ സദുദ്ദേശം കുടി നോക്കാം.

നമുക്കെല്ലാവര്ക്കും അറിയാം "ഓം" ൽമൂന്ന് ഘട്ടങ്ങളാണുള്ളത്.

1) അ - സൃഷ്ടിയെ സുചിപ്പിക്കുന്നു - ഈശ്വരന്റെ ബ്രഹ്മദേവ സങ്കൽപം. ;
2) ഉ - വികാസം വിഷ്ണു സങ്കൽപം ;
3) മ് - ലയനം ശിവ സങ്കൽപം .

ഇനി "ഊം" ൽരണ്ടു ഘട്ടങ്ങളെയുള്ളൂ.

1) ഉ - വികാസം വിഷ്ണു സങ്കൽപം ;
2) മ് - ലയനം ശിവ സങ്കൽപം .

ഓം നെ ആരാധിക്കുമ്പോൾ അതിൽബ്രഹ്മദേവ സങ്കൽപമായ 'അ' കാരമുണ്ട്. അങ്ങനെ ബ്രഹ്മദേവന്റെ കർമമായ സൃഷ്ടിയുടെ ഭാഗമായി ആരാധിക്കുന്നവരെ പുനർജന്മംകൊണ്ട അനുഗ്രഹിക്കും. എങ്കിൽ പുനർജന്മമല്ല ലക്ഷ്യം മോക്ഷമാണ് യഥാർത്ഥ ലക്ഷ്യം എന്നതിനെ സുചിപ്പിക്കാനായി ഋഷിശ്വരന്മാർ ഓം യിൽനിന്ന് ബ്രഹ്മദേവ സങ്കൽപമായ 'അ' കാരം ഒഴിവാകി "ഊം" എന്ന് ഭാഷകളുടെ മാതാവായ സംസ്കൃത്തിൽഎഴുതി നമുക്ക് തന്നു. ഇവിടെ ഊം നെയും ഓം ആയി തന്നെ ഉച്ചരികണം.കാരണം ഹൈന്ദവർ പറയും നിങ്ങൾ ബാഹ്യമായ സ്വഭാവത്തെ , സ്വരൂപത്തെ കാണേണ്ട. ദയവുചെയ്ത് ആന്തരികതയെ , ഉള്ളിന്റെ –ഉള്ളിലെ സത്യത്തെ കാണാൻ ശ്രമിക്കു അതിന്റെ അന്തരാർത്ഥം മനസ്സിലാക്കികൊണ്ട്, ആത്മീയ സ്വഭാവം മനസ്സിലാക്കികൊണ്ട്.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**


**ചോദ്യം-40)ശിവലിംഗം സങ്കൽപമെന്താണ് ? അത് എങ്ങനെയുണ്ടായി ?**

**ഉത്തരം** : ലിംഗം ഈ പദത്തിന് രണ്ട് സംഗതികളുണ്ട്. ഒന്ന് "ലിം" എന്നാൽ പൂർണത എന്നാണ്. രണ്ടാമത്തേത് "ഗം" എന്നാൽഗമിക്കുക , പ്രയാണം ചെയ്യുക എന്നാണ്. അങ്ങനെ "ലിംഗം" എന്ന് പദത്തിന്റെ അർഥം പൂർണ്ണതയിലേക്ക് പ്രയാണം ചെയ്യുന്നത് ഏതാണോ അത്. ഇനി പൂർണ്ണതയിൽനിന്ന് വേർതിരിഞ്ഞ് നിൽക്കുന്നത് ഏതാണ് നോക്കാം. പൂർണ്ണത എന്നത് പരമപൊരുളാണ്. ആ പരമപൊരുളിന്റെ രൂപാന്തരങ്ങളായ സർവ്വ ചരാചരങ്ങളാണ്, പൂർണ്ണതയിൽനിന്ന് വേർപെട്ട നിൽക്കുന്നത്. പൂർണ്ണതയിൽനിന്ന് വേർപ്പെട്ടതു കൊണ്ട പൂർണ്ണതയിലേക്ക് പ്രയാണം ചെയ്യുന്നത്. അങ്ങനെ സർവ്വ ചരാചരങ്ങളാണ ലിംഗങ്ങൾ അഥവാ ദേഹങ്ങൾ അഥവാ ശരീരങ്ങൾ അഥവാ ക്ഷേത്രങ്ങൾ. ആണിന്റെ ദേഹമാണെങ്കിൽപുരുഷലിംഗം എന്നും സ്ത്രീയുടെ ദേഹമാണെങ്കിൽസ്ത്രീലിംഗം എന്നും, വിജയന്റെ ദെഹമാണെങ്കിൽവിജയലിംഗം, പുലിയുടെ ദേഹമാണെങ്കിൽപുലിലിംഗം, സർവ്വശക്തന്റെ ദേഹമാണെങ്കിൽ സർവ്വേശ്വര ലിംഗം, അമരന്റെ ദേഹമാണെങ്കിൽഅമരലിംഗം, ശക്തിയുടെ ദേഹമാണെങ്കിൽശക്തിലിംഗം, എന്നതുപോലെ സർവ്വശക്തൻ, സർവാന്തരയാമി, സർവ്വജ്ഞൻ , നിർഗുണൻ , നിരഹങ്കാര , നിര്വികാര , നിരാകാര , മംഗളരൂപനായാ, പരമേശ്വരനായ ആ പരമബോധത്തെ ശിവനെന്ന് സംബോധന ചെയ്യുമ്പോൾ ആ ശിവന്റെ സ്വരൂപം ശിവന്റെ ദേഹമെന്ന് സൂച്ചിപ്പികുന്നതാണ് ശിവലിംഗ സങ്കൽപം. അപ്പോൾ ശിവലിംഗം എന്നാൽപരമസത്യമായ ദൈവത്തിന്റെ ദേഹം , സ്വരൂപം എന്നാണ് അർഥം.

ഇനി ഇപ്പോൾ ഉള്ളതുപോലെ ആകൃതി എങ്ങനെ കിട്ടി എന്ന് നോക്കാം. അഥർവ്വ വേദ സംഹിതയിലെ ആദിയും അന്ത്യവും ഇല്ലാത്ത ഒരു സ്തംഭത്തെ പ്രകീർത്തനം ചെയ്യുന്ന മന്ത്ര സങ്കൽപം പ്രേരണയായിരിക്കുന്നു. ഇതേ സ്തംഭത്തെ ലിംഗപുരാണത്തിലും നമ്മൾക്ക് കാണാം. ആ സന്ദർഭം ഇങ്ങനെയാണ്. ഒരിക്കൽബ്രഹ്മദേവനും, വിഷ്ണുഭഗവാനും തമ്മിൽആരാണ് ശ്രേഷ്ഠർ എന്ന കാര്യത്തിൽ തർക്കമുണ്ടായി. ഇവർ ശിവപരമെശ്വരന്റെ മുമ്പിൽതങ്ങളുടെ പ്രശ്നം ഉന്നയിച്ചു. ഇതു കേട്ട് ചിരിച്ചു കൊണ്ട് ശിവപരമേശ്വരൻ എന്റെ ആദിയും–അന്ത്യവും കണ്ടുപ്പിടിക്കുന്നാളായിരിക്കും

ശ്രേഷ്ഠൻ എന്ന് പറഞ്ഞുകൊണ്ട്, ഒരു സ്തംഭത്തിന്റെ രൂപം ധരിച്ചു. അങ്ങനെ ആ സ്തംഭത്തിന്റെ ആദിയും അന്ത്യവും അളക്കാൻ പോയ ഇരുവരും ലക്ഷ്യം കാണാതെ തിരിച്ചെത്തുകയായിരിന്നു. ഇവിടെ ശിവമഹാദേവൻ ധരിച്ച സ്തംഭരൂപം പിന്നീട് ശിവ ശരീരം , ശിവസ്വരൂപം എന്ന അർത്ഥത്തിൽശിവലിംഗ സങ്കൽപത്തിനും , രൂപത്തിനും കാരണമായി.

വീരശൈവ സമാജം വന്നപ്പോളേക്കും ശിവലിംഗത്തിന് ശാസ്ത്രീയവും , വൈജ്ഞാനികവു മായ സങ്കൽപവും വന്നു ചേര്ന്നു.





ഇവിടെ ഒരു ശിവലിംഗത്തിന് നാലുഭാഗങ്ങളാണ് ഉള്ളത്.


**(1&2):** രണ്ടു ത്രീകൊണുങ്ങൾ പരാപ്രകൃതിയും അപരാപ്രകൃതിയെയും സുചിപ്പികുന്നു. ത്രികോണുങ്ങളിലുള്ള ആറ് ബാഹുകളിൽ മുകളിലത്തെ മൂന്ന് സത്ത് , ചിത്ത് , ആനന്ദം താഴത്തെ മൂന്ന് സത്വ , രജസ്സ് , തമസ്സ്ങ്ങളെയാണ് സുചിപ്പികുന്നത്.

**(3) :** മുകളിലായി പൂർണ്ണതയുടെ സങ്കൽപമായി ഒരു ഗോളം

**(4):** വലത്തോട്ടായി ഒരു സമാന്തര രേഖ. ഇത് സാധകനെ സുചിപ്പിക്കുന്നു.

ശിവലിംഗത്തിന്റെ (ദൈവ സ്വരൂപത്തിന്റെ ) വേറെ ചില മാതൃകകളും താഴെ കൊടുത്തിരിക്കുന്നു.





**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-41)ശിവലിംഗാകൃതി ഭൗതികമായി വിശ്വശക്തിയെ പ്രതിനിധികുന്നുവോ ?**

**ഉത്തരം** : അതെ ശിവലിംഗം വിശ്വശക്തിയെ സംഗ്രഹിച്ചു വെക്കുന്ന ആത്മീയ ഉപകരണ മാത്രമല്ല , ഭൗതിക ഉപകരണം കുടിയാണ്. നമ്മക്കൊരു താരതമ്യ പഠനം നടത്താം. പരമാണു ശക്തി ഉത്പാദന കേന്ദ്രം വിശ്വശക്തിയെ തടഞ്ഞു വെക്കുന്നു **(ATOMIC REACTOR)** ഭൗതിക ഉപകരണമാണ്. ഭൗതികമായി വിശ്വശക്തി പരമാണു വിശ്ലേഷണത്തിൽനിന്ന് പുറത്ത് പ്രവഹിക്കുമ്പോൾ അതിനെ സുരക്ഷിതമായി തടഞ്ഞ് വെയ്കാനുള്ള കഴിവ് ശിവലിംഗ ആകൃതിയിലുള്ള **(ATOMIC REACTOR)** കെട്ടിടതിനെ കഴിയു എന്നത് ശാസ്ത്രീയ സത്യം . ഇതേപോലെ ഏറ്റവും കുടുതൽ സമ്മർദ്ദം സുരക്ഷിതമായി തടഞ്ഞു വെയ്ക്കുന്ന ഉപകരണത്തിന്റെ ആകൃതി രണ്ട് ശിവലിംഗങ്ങളെ കുട്ടി ചേർത്താൽകിട്ടുന്ന ആകൃതി പോലെയാണ്. അത് വാതക സിലിണ്ടർ ആണ്. ഇവിടെയും ശിവലിംഗ ആകൃതിയിലുള്ള്ള ഉപകരണത്തിന് മാത്രമേ സുരക്ഷിതമായി കുടുതൽ സമ്മർദ്ദം തടഞ്ഞു വെയ്കാനുള്ള കഴിവുള്ളു എന്നത് മറ്റൊരു ശാസ്ത്രീയ സത്യം. അതുകൊണ്ട് ശിവലിംഗം ഭൗതികമായും വിശ്വശക്തിയെ പ്രതിനിധിക്കുന്നു. ॐ

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

## ചോദ്യം-42) ശിവക്ഷേത്രങ്ങളിൽശിവലിംഗ പ്രതിഷ്ഠ ഋഷിമഹർഷിമാർ പ്രോത്സാഹിപ്പികുന്നതിന്റെ കാരണമെന്താണ് ?

ഉത്തരം : ശിവലിംഗ സ്വരൂപത്തിൽഒരു രഹസ്യമായ ശക്തിയുണ്ട്. അതിന്റെ ആകൃതി ഉണ്ടാക്കിയെടുത്തിരിക്കുന്നത് മനസ്സിന്റെ ഏകാഗ്രത സ്ഥാപികുവാൻ കഴിയും വിധമാണ്. ശിവലിംഗത്തിന്റെ മേൽതലം കൃഷ്ണമണികളെ സൂചിപ്പികുന്നു. നിരന്തരമായി ശിവലിംഗത്തെ നോക്കുമ്പോൾ മനസ്സിനെ , ബുദ്ധിയെ ഏകാഗ്രമാക്കി ധ്യാനത്തിലേക്ക് കടന്നുചെല്ലുവാനും, ധ്യാനസമാധിയുടെ സഹായത്താൽ ഈശ്വരസാക്ഷാത്കാരം കൈവരിക്കുവാനും കഴിയും. അതുകൊണ്ടാണ് ഋഷിമഹർഷിമാർ സാധനയെ പ്രോത്സാഹിപ്പികുവാനായി ക്ഷേത്രങ്ങളിൽശിവലിംഗ പ്രതിഷ്ഠ പ്രോത്സാഹിപ്പിച്ചിരുന്നത്. ॐ

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

## ചോദ്യം-43) ത്രിമൂർത്തി സങ്കൽപത്തിന്റെ ശാസ്ത്രീയ വിശകലനം :

ഉത്തരം : ആ ഒറ്റ ഒരു പരമപോരുളിന്റെ , പരബ്രഹ്മത്തിന്റെ വെവ്വേറെയായ ബഹിർ പ്രകടനങ്ങളെ വെവ്വേറെയായ ദൃഷ്ടികോണുകളിൽവെവ്വേറെയായ ഋഷീശ്വരന്മാർ നോക്കി കണ്ടപ്പോൾ വന്ന സങ്കൽപങ്ങളാണ് ത്രിമൂർത്തി സങ്കൽപം. ഇവിടെയുള്ള മൂന്നു വ്യത്യസ്ഥമായത് എന്ന് തോന്നിപ്പിക്കുന്നതായ ഈ സങ്കല്പ്പങ്ങൾ ആ ഒറ്റ ഒരു ദൈവത്തിന്റെ വെവ്വേറെ നാമരൂപങ്ങളാണ്. ഇതിനെയാണ് ഋഗേ്വദ ശ്ലോകം- 1.164.46 ൽ "ഏകം സത് , വിപ്രാ ബഹുദാ വദന്തി " ദൈവം ഒന്നേയുള്ളൂ , പണ്ഡിതർ അതിന്റെ വെവ്വേറെ ബാഹ്യ പ്രകടനങ്ങളെ ശ്രദ്ധിച്ചുകൊണ്ട് പലതുണ്ടെന്നു പറയുന്നു എന്ന് പറഞ്ഞത്.ഇനി ഈ സങ്കൽപങ്ങളെ ഒന്നൊന്നായി നോക്കാം.

### V-1) വിഷ്ണു സങ്കൽപം :

വിഷ്ണു എന്ന് പദത്തിന്റെ അർത്ഥം വ്യാപിചിരിക്കുന്നത് എന്നാണ്. ഈ സൃഷ്ടി മുഴുവനും ആ ദൈവത്തിന്റെ രൂപാന്തരമാണല്ലോ , അങ്ങനെ ഈ സൃഷ്ടി

മുഴുവനും വ്യാപിച്ചിരിക്കുന്നത് എന്നാണ്. ഈ വ്യാപനത്തെ എങ്ങനെ കാണിച്ചിരിക്കുന്നു എന്ന് നോക്കാം.



ക്ഷീര സാഗരത്തിൽ, എന്താണ് ക്ഷീര സാഗരം ? അത് വേറെയോന്നുമല്ല , ഇന്ന് നിങ്ങൾ **MILKY WAY** എന്ന് വിളിക്കുന്ന ഭുമിയുൾപ്പെടെയുള്ള ഗ്രഹങ്ങളും , സൂര്യൻ അടകമുള്ള താരകളും ഉൾപ്പെടുന്ന താരാസമൂഹമായ വിണ്ഗംഗ അഥവാ ക്ഷീരപഥം തന്നെയാണിത്. ഇനി വിശ്വമെന്ന ക്ഷീരപഥത്തിൽശയ്യ അനന്തനെന്ന സർപ്പമാണ. ആരാണ് ഈ അനന്തൻ ? അന്ത്യമില്ലാതത് , ഇവൻ ആണ്ടാകാരത്തിൽപല ചുറ്റുകൾ കൊണ്ടാണ് ശയ്യ ഒരികിയിരിക്കുന്നത്. ഇത് സൂചിപ്പിക്കുന്നത് , ആ ദൈവത്തെ , നിയാമക ശക്തിയെ കേന്ദ്രീകരിച്ചിട്ടുള്ള ഉപഗ്രഹങ്ങളുടെയും . ക്ഷുദ്രഗ്രഹങ്ങളുടെയും , ഗ്രഹങ്ങളുടെയും , താരങ്ങളുടെയും , താരസമൂഹതിന്റെയും പരിക്രമണം, സംചാര പാഥകളാണിവ്. അങ്ങനെ ആ വിശ്വചാലക ശക്തി സർവ്വവ്യാപിയായി വിശാലമായി തന്റെ പൂർണ്ണ സൃഷ്ടിയിൽ അന്തർലീനമായി വിസ്തരിച്ചു വ്യാപിച്ചു കിടക്കുന്നുതും, അസംഖ്യ ഉപഗ്രഹങ്ങളുടെയും ക്ഷുദ്രഗ്രഹങ്ങളുടെയും , ഗ്രഹങ്ങളുടെയും , താരങ്ങളുടെയും, താരസമൂഹതിന്റെയും പരിക്രമണം, സുചിപ്പിക്കുവാനും, പഠിപ്പിക്കുവാനും ഋഷിശ്വരന്മാർ വരച്ച ചിത്രമാണ് വിഷ്ണു സങ്കൽപം .

**V-2) നാരായണ സങ്കൽപം :** നാരങ്ങളിൽഅയനം ചെയ്യുന്നവൻ നാരായണൻ.നാരം എന്നു പറഞ്ഞാൽവെള്ളമാണ്. എന്താണ് നാരായണ രൂപം ? വെള്ളത്തിൽവിശാലമായി ശയിക്കുന്ന ചിത്രം. ആദ്യം ജീവനുണ്ടായത് വെള്ളത്തിലാണ്.



അപ്പോൾ ജീവന്റെ സൃഷ്ടിക്ക് കാരണമായ ദൈവം വെള്ളത്തിലുണ്ടാവണമല്ലോ ? അങ്ങനെ വെള്ളത്തിൽ ജീവനെ സൃഷ്ടിച്ച് ആ നിയാമക ശക്തിയെ സാദാരണ ജനങ്ങൾക്ക് പറഞ്ഞു കൊടുക്കുവാനായി ഋഷിശ്വരന്മാർ വരച്ച ചിത്രമാണ നാരായണ സങ്കൽപം.

**S-1) അര്ദ്ധനാരീശ്വര സങ്കൽപം (ശിവ സങ്കൽപം) :**


ഈ സർവ്വ സൃഷ്ടിയുടെയും , ജീവന്റെയും നിലനിൽപ്പിന് കാരണമായത് സൂര്യന്റെ വെളിച്ചമാണ. വെളിച്ചമില്ലെങ്കിൽഇവിടെ സൃഷ്ടിയുടെ സംഹാരമായിരിക്കും. വെളിച്ചമില്ലാതെ ഈ വിശ്വത്തിന് നിലനിൽപ്പില്ല. അങ്ങനെ വെളിച്ചമാണ ഈ വിശ്വത്തിന്റെ ചാലക ശക്തി. ഋഷീശ്വരന്മാർ ആ സൂര്യ വെളിച്ചമെന്ന് വിശ്വ ചാലക ശക്തിയുടെ രൂപത്തിൽആ ദൈവത്തിനെ, പരബ്രഹ്മത്തെ സാദാരണ ജനങ്ങൾക്ക് വേണ്ടി വരച്ചപ്പോൾ അത് എങ്ങനെ അർദ്ധനാരീശ്വാർ സങ്കൽപത്തിൽഎത്തി എന്നത് നമ്മൾക്ക് നോക്കാം.



അതിന് നാം വെളിച്ചത്തിന്റെ സ്വഭാവം ശാസ്ത്രീയമായി മനസ്സില്ലാക്കേണ്ടിയിരിക്കുന്നു. സൃഷ്ടിയിലുള്ളതെല്ലാ വസ്തുകളുടെ ഘടന കണങ്ങൾ കൊണ്ടാണ്. എങ്കിൽവെളിച്ചത്തിന്റെ കാര്യത്തിൽഅത് തെറ്റി. കാരണം അത് കണമാണെന്ന് പറഞ്ഞാൽഅടുത്ത് ക്ഷണം അതിന്റെ സ്വഭാവം തരംഗത്തിന്റെയായിരിക്കും. അതെ സമയം വെളിച്ചം തരംഗമാണെന്ന് പറഞ്ഞാലോ അത് കണമായിരിക്കും. അങ്ങനെ ക്ഷണ നേരം കൊണ്ട് കണമായുംതരംഗമായും മാറുന്ന സൂര്യ വെളിച്ചത്തെ ആ പരമപോരുളിന്റെ രൂപത്തിൽകാണാൻ ആഗ്രിഹിച്ചപോൾ അത് അര്ദ്ധനാരിശ്വര സങ്കൽപമായി. കണമാണെന്ന പറഞ്ഞാൽകണമല്ല , തരംഗമാണെന്ന് പറഞ്ഞാൽതരംഗമല്ല. കണമാണോ എന്നു ചോദിച്ചാൽകണമാണ്, തരംഗമാണോ എന്നു ചോദിച്ചാൽതരംഗവുമാണ്. ഇങ്ങനെയുള്ള സൂര്യ വെളിച്ചമെന്ന് വിശ്വചാലക ശക്തിയെ ദൈവരൂപത്തിൽസങ്കൽപിച്ചപ്പോൾ അത് അർദ്ധനാരീശ്വര രൂപം പുണ്ട് നിൽക്കുന്നത് നമ്മൾക്ക് കാണാൻ കഴിയും.

### S-2) താണ്ഡവമാടുന്ന നടരാജ സങ്കൽപം (ശിവ സങ്കൽപം) :

ശാസ്ത്രം പറഞ്ഞല്ലോ ഈ വിശ്വത്തിലെ എല്ലാ വസ്തുകളുടെ ഘടന കണങ്ങളെകൊണ്ടാണെന്ന്. ഇനി ആ കണം ഒരു വസ്തുവിന്റെ മൂലഘടനയിൽഎന്തു ചെയുന്നുണ്ട് എന്ന് അന്വേഷികുമ്പോൾ , ക്വാംട്ടം സിദ്ധാന്ത പറയുന്നു,



അവിടെ കണം അക്ഷമമായി , നിരന്തരമായി ഇളകി മറഞ്ഞുകൊണ്ട താണ്ഡവമാടുന്നു എന്ന്. അങ്ങനെ താണ്ഡവമാടുന്നത് കൊണ്ടാണ് ഒരു വസ്തു വസ്തുവായി നിലനിൽക്കുന്നത്. ഒരു വസ്തുവിനെ വസ്തുവായി നിലനിർത്തികൊണ്ട് ഈ വിശ്വത്തിനെ തന്നെ നിലനിർത്തുന്ന താണ്ഡവമാടുന്ന കണത്തെ ആ നിയാമക ശക്തിയുടെ രൂപത്തിൽആ വിശ്വ ശക്തിയുടെ ലീലാ വിലാസം പ്രദർശിപ്പിക്കുവാൻ നമ്മുടെ ആചാര്യന്മാർ , ഋഷീശ്വരന്മാർ ഉപയോഗിച്ചത് വിശേഷ വൈഭവ സങ്കൽപമായ താണ്ഡവമാടുന്ന നടരാജ സങ്കൽപത്തെയാണ്.

### B-1) ചതുർമുഖം ബ്രഹ്മ സങ്കൽപം :

ബ്രഹ്മമെന്നു പറഞ്ഞാൽസൃഷ്ടിയുമായി ബന്ധപ്പെട്ട നിയാമക ശക്തി. സൃഷ്ടിക്ക് പെട്ടവ ഏതൊക്കെ സ്ഥിതിയിലാണ **(STATE OF MATTER)** സ്ഥിതിചെയ്യുന്നത്. നാല് സ്ഥിതിയിലാണ് .. ഘനം **(SOLID)** , ദ്രവം **(LIQUID )**, വാതകം **(GASEOUS)** പിന്നെ പ്ലാസ്മ **(PLASMA).** ഇവയാണ സൃഷ്ടിയുമായി ബന്ധപ്പെട്ട നിയാമക ശക്തിയുടെ നാല് മുഖങ്ങൾ. അങ്ങനെ ആ ദൈവ ശക്തിയെ സൃഷ്ടിക്കപ്പെട്ട വസ്തുകളുടെ സ്ഥിതിയുടെ ആധാരത്തിൽ സങ്കൽപ്പിച്ചപ്പോൾ ചതുർമുഖം ബ്രഹ്മ സങ്കൽപമുണ്ടായി.



എത്ര വലിയ ശാസ്ത്രീയ സത്യങ്ങളെ , സൂത്രങ്ങളെ കേവലമായ കലാ സങ്കൽപങ്ങളിൽഒളിപ്പിച്ചുവച്ചുകൊണ്ട്, ആ ഋഷിമഹർഷിമാർ , നമ്മുടെ

പൈതൃകം നമ്മുക്ക് പഠിപ്പിക്കാതെ എല്ലാം പഠിപ്പിപിച്ചുകൊണ്ടിരിക്കുന്നത് എന്നത് മനസ്സിലാകുമ്പോൾ ആ മഹാ സനാതന സംസ്കാരത്തിന്റെ , പൈതൃകത്തന്റെ മുന്നിൽകൈകുപ്പിപോകുന്നു. ॐ

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-44) ഷോഡശ സംസ്കാരങ്ങൾ : 16 ആത്മീയ കർമങ്ങൾ**

**ഉത്തരം :** ഒരു ശിശു തന്റെ അമ്മയുടെ ഗർഭത്തിൽ വരുന്നത് മുതൽമരണം വരെ തന്റെ ജീവിതത്തിന്റെ ഓരോ ഘട്ടങ്ങൾ കടക്കുമ്പോൾ , ആ പുതിയ ഘട്ടങ്ങൾക്ക് ദൈവത്തിന്റെ , ബന്ധുകളുടെയും , സമാജത്തിന്റെയും പൂർണ്ണ പിന്തുണ ആവശ്യപെടുന്നത്തിന്റെ ഭാഗമായി 16 ആത്മീയ കർമ്മങ്ങളെ ആചാര്യന്മാർ നമ്മൾക്ക് നിർബന്ധമാകിയിരിക്കുന്നു. ഇവയാണ ഷോടസ്സ് സംസ്കാരങ്ങൾ. കുടാതെ ഈ സംസ്കാരങ്ങൾ മനുഷ്യൻ കേവലം മൃഗമല്ലെന്നും, മൃഗത്വത്തിൽനിന്ന് ഉയർന്ന് എങ്ങനെ പൂർണ്ണ മനുഷ്യനാകാമെന്നും അതിലുടെ തന്നിൽ തന്നെ അടങ്ങിയിരിക്കുന്ന ദൈവികതയെ ഓർമ്മപെടുത്തുവാനും , ആ ദൈവികതയിലേക്ക് സ്വയം ഉയർത്തുവാനുള്ള ഉപായങ്ങൾ കുടിയാണിവ. ഇനി ഈ 16 അഥവാ ഷോഡശ സംസ്കാരങ്ങളെ ഒന്നൊന്നായി നോക്കാം.

1) ഗർഭദാന : കല്യാണതിനു ശേഷം ദമ്പതികൾ സൽ-സന്താനത്തിനു വേണ്ടി ഗർഭധാരണതിനു മുമ്പായി ഗർഭ ശുദ്ധി ചെയ്യുന്ന അനുഷ്ഠാനമാണിത്.

2) പുംസാവന : ഗർഭ ധരിച്ചതിനെ സ്ഥിരീകരിക്കുക.

3) സീമന്തോനയന : അമ്മയുടെയും, ഗർഭസ്ഥ ശിശുവിന്റെയും രക്ഷയ്ക്കു വേണ്ടി ചെയ്യുന്ന കർമ്മം.

4) ജാതകർമ്മം: ശിശുവിന്റെ ശുദ്ധി കർമം, നവജാത ശിശുവിന്റെ ഭാവിക്ക് വേണ്ടി പ്രാർത്ഥിക്കുക , ജാതകം എഴുതിക്കുക.

5) നാമകരണം: ശിശുവിന്റെ ജാതകത്തിന്റെ അടിസ്ഥാനത്തിൽനാമകരണം ചെയ്യുക.

6) നിഷ്ക്രമണം : ശിശുവിനെ പുറലോകം, സൂര്യ വെളിച്ചം, പ്രകൃതിയെ കാണിക്കുക.

7) അന്നപ്രാശനം : ശിശുവിന് ആദ്യമായി ഘന ആഹാരം നൽക്കുക.

8) ചൗലം : ആദ്യമായിട്ട തലമുടി ക്ഷൗരം ചെയ്യൽ.

9) കർണ്ണവേധ : കാത് കുത്തുക.

10) വിദ്യാരംഭം : അക്ഷരഭ്യാസ ആരംഭം.

11) ഉപനയനം : ദിക്ഷ / സാധന ആരംഭത്തിനായി ഗുരുവിന്റെ അടുത്ത് കൊണ്ടു പോകൽ, ഗുരുവിനെ കണ്ടെത്തുക.

ശരിക്കും ഈ ഒരു സംസ്ക്കാരത്തിലുടെയാണ് ഒരു വ്യക്തി സമാജ വ്യവസ്ഥയിൽ ഹിന്ദുവായി അഥവാ സനാതനനായി മാറുന്നത്. ദൈ്വത സമ്പ്രദായ പിന്തുടരുന്നവർ പൂണൂലും (അത് അവരെ ഈശ്വരനുമായി ബന്ധിപ്പിക്കുന്ന പൊക്കിൾ കുടിയേ സൂചിപ്പിക്കുന്നു) . ലിംഗായത്തു സമാജത്തിൽ ലിംഗധാരണവും ലിംഗദീക്ഷയും പിന്തുടരുന്നു. ഏതായാലും സനാതനർക്ക് ദീക്ഷ വളരെ അത്യാവശ്യമായ ഒരു പ്രക്രിയയാണ്. അദ്വൈത സമ്പ്രദായ പിന്തുടരുന്നവർ നടുവിൽ അരഞ്ഞാണം (സ്വർണ്ണം , വെള്ളി അഥവാ നൂൽ, ചരട കൊണ്ടുള്ളത്) കെട്ടും. അരഞ്ഞാണം , മുലാധാര ചക്രത്തിൽ ചുറ്റിപിടിച്ചു കിടക്കുന്ന കുണ്ടിലിനി ശക്തിയെ (ബോധത്തെ) സൂചിപ്പിക്കുന്നു. അതിനെ സാധനയിലുടെ കേട്ട അഴിച്ചു , ബ്രഹ്മരന്ദ്രത്തിൽ എത്തിച്ചിട്ട് സഹസ്രധള കമലമായി (സഹസ്ര പുരുഷനായി ) പരിണമിക്കേണ്ടതുണ്ടെന്നു അങ്ങനെ ആത്മ സാക്ഷാത്കാര നേടിയെടുക്കേണ്ടാതാണ് മനുഷ്യ ജന്മ ലക്ഷ്യം എന്ന് ഓർമിപ്പിക്കുവാനാണ് ഈ കർമം ചെയ്യുന്നത്. ഈ സംസ്കാരത്തെ നയിക്കുന്നത് ഒരു ആത്മീയ ആചാര്യനായിരിക്കും.

12) വേദാരംബം : ഗുരുകുലത്തിൽ, പാഠശാലയിൽശിക്ഷണം അഥവാ വിദ്യയുടെ പ്രാരംഭം.

13) കേഷന്ത അഥവാ ഋതുശുദ്ധി : ആണ് കുട്ടി ആദ്യമായി താടി , മിശ , ദേഹത്തിലെ രോമം ക്ഷൗരം ചെയ്യുക. പെൺ കുട്ടി ഋതുമതിയായതിന്റെ കർമ്മങ്ങൾ.

14) സമാവർത്തന : ശിക്ഷണത്തിന്റെ പൂർത്തികരണം .

15) വിവാഹം : വിവാഹ കർമ്മങ്ങൾ.

16) അന്ത്യേഷ്ടി : ശവ സംസ്കാര , മരണാനന്തര കർമ്മങ്ങൾ. ॐ

ചോദ്യം-45) ചതുർ വിധ പുരുഷാർത്ഥങ്ങൾ , ആശ്രമങ്ങൾ ,വർണ്ണങ്ങൾ :

ഉത്തരം : ഋഷിമഹേശ്വരന്മാർ മാനവരുടെ സുഗമ ജീവിതപദ്ധതിക്കായി നാല് ആശ്രമങ്ങൾ , നാല് പുരുഷാർത്ഥങ്ങൾ , നാല് വർണ്ണങ്ങളെ മാനവരാശിക്ക് നൽകിയിരിക്കുന്നു. അവ് ഒന്നൊന്നായി നോക്കാം.

P) നാല് പുരുഷാർത്ഥങ്ങൾ: മനുഷ്യനായി ജനിച്ചവർ തങ്ങളുടെ ജീവതത്തിൽനേടിയിരിക്കേണ്ട ലക്ഷ്യങ്ങളാണിവ്. ഒന്നൊന്നായി നോക്കാം.

P-1) ധർമം : ധർമം നേടലാണ്. അഥവാ ശരിയും തെറ്റും തിരിച്ചറിയുവാനുള്ള വിദ്യാഭ്യാസം നേടണം.ഈ വിഷയത്തെ ധർമ മീമാംസ (പൂർവ്വ മീമാംസ)യിൽ ഗഹനമായി ചർച്ചചെയ്ത ധർമചാര്യൻ ജൈമിനി മുനിയാണ്.

P-2) അർഥം : വിദ്യാഭ്യാസം കൊണ്ട് അർഥം അഥവാ സമ്പത്ത് നേടണം. ഈ വിഷയത്തെ അർത്ഥശാസ്ത്രത്തിൽഅതി ഗഹനമായി ചർച്ചചെയ്ത ധർമചാര്യൻ ചാണക്യനാണ.

P-3) കാമം :സമ്പത്ത് കൊണ്ട് മൂന്നാമത്തെ പുരുഷാർത്ഥം കാമം അഥവാ ധർമ്മയുക്തമായ ആഗ്രഹങ്ങളെ നിറവേറ്റുക. ഈ വിഷയത്തെ കാമസുത്രത്തിൽഅതി ഗഹനമായി ചർച്ചചെയ്ത ധർമചാര്യൻ വാത്സായൻ ഋഷിയാണ.

P-4) മോക്ഷം : അങ്ങനെ ആഗ്രഹങ്ങൾ കൂടി സഫലമായി കഴിഞ്ഞാൽമനസ്സ് ആന്തരികമായ ദാരിദ്ര്യത്തെ അറിയുകയും അതിന്റെ ഉന്മൂലനത്തിനായി പ്രവത്തിക്കുകയും ചെയ്യുന്നു. അങ്ങനെ ആത്മീയമായി വളർന്ന് മോക്ഷമെന്ന മനുഷ്യ ജീവിതത്തിലെ അന്തിമ ലക്ഷ്യം നേടണം. ഈ വിഷയത്തെ ബ്രഹ്മസുത്രത്തിൽഅതി ഗഹനമായി ചർച്ചചെയ്ത ധർമചാര്യൻ വ്യാസമഹർഷിയാണ.

A) ചതുർ വിധ ആശ്രമങ്ങൾ : മനുഷ്യന്റെ വയസ്സിന്റെ അടിസ്ഥാനത്തിൽ, ഓരോ കാലഘട്ടത്തിൽഎന്ത് ചെയ്യണം എന്നതാണ് ഈ പദ്ധതി. ഒന്നൊന്നായി കാണാം.

A-1)ബ്രഹ്മചര്യാശ്രമം : മനുഷ്യരുടെ ആദ്യത്തെ കാലഘട്ടമാണിത്. എല്ലാവരും വിദ്യ നേടണം. ആ വിദ്യാഭ്യാസ കാലഘട്ടത്തെയാണ് ബ്രഹ്മചര്യ ആശ്രമം കൊണ്ട് സുചിപ്പിക്കുന്നത്.

**A-2)** ഗ്രഹസ്ഥാശ്രമം **: വിദ്യാഭ്യാസത്തിനു ശേഷം അർഥം സമ്പാതിച്ചുകൊണ്ട് , വിവാഹം കഴിച്ചുകൊണ്ട ഗ്രഹസ്ഥാശ്രമം സ്വീകരിക്കുക.**

**A-3)** വാനപ്രസ്ഥാശ്രമം **: സുന്ദരമായ ഗ്രഹസ്ഥാശ്രമത്തിനു ശേഷം മോക്ഷമെന്ന ലക്ഷ്യ നേടുന്നതിനു വേണ്ടി തയാറെടുക്കുന്ന കാലഘട്ടം.**

**A-4)** സന്യാസം **: സർവ്വസംഘ പരിത്യാഗിയായി , മോക്ഷമെന്ന ലക്ഷ്യം മാത്രം ലക്ഷ്യമാകി ജീവിക്കുന്ന കാലഘട്ടം. സന്യാസാശ്രമിയായാൽ വീട് കുടുംബം വിട്ട് പോകണമെന്നൊന്നുമില്ല. എവിടെയിരിന്നാലും ഒന്നിനോടും മമതയില്ലാതെ, സമചിത്തതയോടെ , സ്വാർത്ഥത വെടിഞ്ഞു ഈശ്വരന് സ്വയും സമർപ്പിച്ചുകൊണ്ട സാധന ചെയ്തുകൊണ്ട ജീവിക്കുന്ന കാലഘട്ടം.**

**V)** <u>ചതുർ വിധ വർണ്ണങ്ങൾ</u> **: സ്വീകരിക്കുന്നത് അഥവാ വരിക്കുന്നത് ആകുന്നു വർണ്ണം. ഒരാൾക്ക് ബ്രാഹ്മണ്യം , ക്ഷാത്ര , വൈശ്യ , ശുദ്ര കർമ്മ ക്ഷേത്രങ്ങളായി സ്വീകരിക്കാവുന്നതാണ് അഥവാ വരിക്കാവുന്നതാണ്. അത് ബ്രഹ്മചര്യാശ്രമം സ്വീകരിക്കുവാൻ പോകുമ്പോൾ അഥവാ വിദ്യാരംഭം കുറിക്കുന്നതിനു മുമ്പായി ഏതു വർണ്ണത്തെ വരിച്ചാൽ/ സ്വീകരിച്ചാൽ ഈ ശിശുവിനു ഗുണമുണ്ടാകും എന്നത് പരിശോദിക്കെണ്ടിയിരിക്കുന്നു. ഏതു ക്ഷേത്രത്തിലാണ് ഈ ശിശുവിന്റെ താല്പര്യം എന്നും മനസ്സിലാക്കെണ്ടിയിരിക്കുന്നു. അത് ഒരിക്കലും പൈതൃകമായി കിട്ടുന്നതുമല്ല. മക്കളുടെ വർണ്ണം അച്ഛന്റെയോ , അമ്മയുടെയോ വർണ്ണമാകണമെന്നില്ല. അത് ശിശുവിന്റെ സ്വന്തം ഗുണമാണ് , ജന്മസിദ്ധ ഗുണമാണ്.(ഭ.ഗീ. 4/13 , 18/41) ആ ഗുണം നാലു വിധമാണ് ബ്രാഹ്മണ, ക്ഷത്രീയ, വൈശ്യ പിന്നെ ശുദ്ര. ഇവ് ഓരോ മനുഷ്യന്റെയും ജന്മസിദ്ധ ഗുണങ്ങളാണ്. ബ്രാഹ്മണ ഗുണമുള്ള മനുഷ്യൻ ക്ഷത്രീയ വിദ്യ പഠിപ്പിച്ചിട്ട് കാര്യമില്ല. അതുപോലെ ക്ഷത്രീയ ഗുണമുള്ള ശിശുവിന് വൈശ്യ വിദ്യ പഠിപ്പിച്ചിട്ടും കാര്യമില്ല. ആ ശിശുവിന്റെ പൂർണ്ണ വളർച്ചയ്ക്കായി അതിന്റെ ജന്മസിദ്ധ ഗുണം കണ്ടുപ്പിടിക്കുകയോ അഥവാ മനസ്സിലാക്കിക്കൊണ്ടോ അതുമായി ബന്ധപ്പെട്ട് വിദ്യയാണ് നൽക്കേണ്ടത്. "വർണ്ണം "എന്ന് പേരു വരാൻ കാരണം ഓരോ ഗുണവുമായി ബന്ധപ്പെട്ട് ഓരോ ശരീരത്തിന്റെ തേജോവലയതിന് ഓരോ വർണ്ണമായിരിക്കും. അങ്ങനെ ശരീരത്തിന്റെ തെജോവലായത്തിന്റെ വർണ്ണം മനസ്സിലാക്കാൻ കഴിഞ്ഞാലും നമ്മൾക്ക് ആ കുട്ടിയുടെ ഗുണം മനസ്സിലാക്കാനും**

കഴിയും. അതിനനുസരിച്ച് നമ്മൾക്ക് കുട്ടിയുടെ വിദ്യാഭ്യാസ അഥവാ പഠനപദ്ധതി ക്രമപെടുത്തുവാനും കഴിയും.

**ഇനി ചതുർ-വർണ്ണങ്ങളെ ഒന്നൊന്നായി നോക്കാം.(ഭ.ഗീ.1842,43,44)**

**1. ബ്രാഹ്മണ വർണ്ണം (നീല വർണ്ണം) : ഈ വർണ്ണമുള്ളവരുടെ ഗുണങ്ങൾ ശമം,ദമം,തപസ്,ശുചിത്വം,ക്ഷമ, വക്രതയില്ലായ്മ,ആധ്യാത്മികജ്ഞാനം, ശാസ്ത്രീയ ജ്ഞാനം , ഈശ്വര വിശ്വാസം, സ്വാദ്ധ്യായം ഇവ ജന്മസിദ്ധമായ ബ്രാഹ്മണ ഗുണങ്ങളാണ്.**

**2. ക്ഷത്രീയ വർണ്ണം (ചുവപ്പു വർണ്ണം) : ശൗര്യം, തേജസ് ,ധൈര്യം, സാമർഥ്യം,യുദ്ധത്തിൽപിന്തിരിയാതിരിക്കൽ, ഔദാര്യം ,ഭരണ സാമർഥ്യം, ഇവ സ്വാഭാവികമായ ക്ഷത്രീയ ഗുണങ്ങളാണ്.**

**3. വൈശ്യ വർണ്ണം (മഞ്ഞ / പച്ച വർണ്ണം): കൃഷി ,ഗോരക്ഷണം ,വാണിജ്യം ഇവ ജന്മസിദ്ധമായ വൈശ്യന്റെ സ്വഭാവങ്ങളാണ്.**

**4. ശുദ്ര വർണ്ണം ( ശ്വേത /വെള്ള വർണ്ണം) : സേവനമാകുന്ന പരിചരണമാകുന്ന പ്രവൃത്തി ശുദ്രന്റെ സ്വഭാവമാണ. ഈ കഴിഞ്ഞ 50 വർഷം ഞാൻ ശൂദ്രനായിരുന്നു ... വേതനത്തിനായി ജോലി നോക്കുന്നു ഒരാൾ .**

ഇനി എന്നെ സമ്പദിച്ചിടത്തോളും ഞാൻ ഇപ്പോൾ ശൂദ്രനും , പിന്നീട് വൈശ്യനും പിന്നീട് ക്ഷത്രീയനും ശേഷം ബ്രാഹ്മണനും ആകാനുള്ള പ്രയത്നത്തിലാണ് . ഇത് സാധ്യവുമാണ്. ॐ□

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-46) ഹൈന്ദവ , സനാതന ധർമത്തിൽ ജാതി വ്യവസ്ഥയുണ്ടോ ? ജാതി വ്യവസ്ഥ ആരുടെ ഉൽപ്പന്നം ?**

ഉത്തരം :- ഹൈന്ദവ അഥവാ സനാതന ധർമ്മത്തിന്റെ അടിസ്ഥാന ഗ്രൻഥങ്ങളിൽ എവിടെയും ജാതി പദ്ധതിയെ പറ്റി ഒന്നും പറയുന്നില്ല , അത് വേദം ആയാലോ , ഉപനിഷത്തുകൾ ആയാലോ , പുരാണങ്ങൾ ആയാലോ , ദർശനങ്ങളോ , മഹാ കാവ്യങ്ങളായാലും എവിടെയും ജാതി പദ്ധതിയെ പറ്റി ഉല്ലേഖനം കാണാനില്ല. അത് സൂചിപ്പിക്കുന്നത് ഹൈന്ദവ അഥവാ സനാതന ധർമത്തിൽ ജാതി വ്യവസ്ഥയില്ല എന്ന് തന്നെയാണ്. എങ്കിൽ വർണാശ്രമങ്ങളുടെ ഉല്ലേഖമുണ്ട്.

അതിനു ജാതി വ്യവസ്ഥയുമായി ഒരു ബന്ധവുമില്ല എന്നത് നമ്മൾ കഴിഞ്ഞ ചോദ്യോത്തര വേളയിൽ കണ്ടതാണ്. എങ്കിൽ ഹൈന്ദവ അഥവാ ഭാരത സമാജത്തിൽ ഒരു ജാതി വ്യവസ്ഥ സമാജത്തിന്റെ രാഷ്ട്രത്തിന്റെ സാമ്പത്തിക വിതരണവും സന്തുലിതാവസ്ഥയും കാത്തു സൂക്ഷിക്കുന്നതിന് വേണ്ടി ഒരു രാഷ്ട്രീയ മുന്നേറ്റം എന്ന നിലയ്ക്ക് വളർന്നു വന്നിട്ടുണ്ട്. അങ്ങനെയാകുമ്പോൾ ജാതി വ്യവസ്ഥ ഭാരത രാഷ്ട്രീയത്തിന്റെ ഉൽപന്നമാണ് അല്ലാതെ അതിനു ഹൈന്ദവ അഥവാ സനാതന സാംസ്കാരിക വിചാര തത്വധാരയുമായിട്ടു ഒരു ബന്ധവുമില്ല.

നമ്മൾക്ക് ഇനി ജാതി വ്യവസ്ഥയുടെ ഉദയവും , അതിനെ ഇന്നത്തെ സങ്കീർണതയിലേക്കു എത്തിച്ച് കാര്യങ്ങളിലേക്ക് ഒന്ന് കടന്നു ചെല്ലാം. ആദിമ കാലഘട്ടത്തിൽ തന്നെ എല്ലാവർക്കും തൊഴിൽ എല്ലാവർക്കും ജീവിതം എന്ന ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ട് തന്നെ ഭാരതത്തിൽ തൊഴിൽ ശാലകളും , തൊഴിൽ പഠിപ്പിക്കുന്നു ഗുരുകുലങ്ങളും നിലവിലുണ്ടായിരുന്നു. ഈ ഗുരുകുലങ്ങൾ രാഷ്ട്രീയ നിയന്ത്രണത്തിലല്ലാതെ സ്വയം ഭരണ അവകാശങ്ങളോടെ സ്വതന്ത്രമായി പ്രവർത്തിച്ചു വന്നിരുന്നു. ഇവിടുന്നു പല തൊഴിലുകളിൽ നിപുണത നേടി പുറത്തു വരുന്ന കുട്ടികൾ പല തൊഴിലുകളിൽ ഏർപ്പെടുകയും അവർ തങ്ങളുടെ കാര്യങ്ങൾ പറയുന്നതിനും വിലപേശുന്നതിനുമായി തൊഴിൽ കൂട്ടായ്മകൾ ഉണ്ടാക്കിയിരുന്നു. ഈ ഓരോ തൊഴിൽ കൂട്ടായ്മകൾ ജാതിയായി അറിയപ്പെട്ടു. ജാതി എന്നത് കേവലം ഒരേ തൊഴിൽ എടുക്കുന്നവരുടെ കൂട്ടായ്മ **Union** സംഘടനാ അഥവാ സംഘങ്ങൾ മാത്രമായിരുന്നു.

എങ്കിൽ **AD 1200** മുതൽ ഭാരതത്തിന്റെ മേൽ വൈദേശിക സാംസ്കാരിക അധിനിവേശങ്ങളുടെ മതപരിവർത്തനത്തിന്റെ പടയോട്ടം വന്നപ്പോൾ തങ്ങളുടെ സാംസ്കാരിക ധാര ആചാര വിചാരങ്ങളെ തത്വ സിദ്ധാന്തങ്ങളെ സംരക്ഷിക്കുക എന്ന നിലയിൽ ഈ തൊഴിൽ സംഘടനകളിലുണ്ടായിരുന്നവർ ഈ തൊഴിൽ അഥവാ ജാതി കുട്ടായ്മയെ മുറുക്കെ പിടിക്കുകയും അതിന്റെ ഉള്ളിൽ തന്നെ സ്വയം അവർ നിയന്ത്രിതാറാവുകയും ചെയ്തു. ഇതിന്റെ പരിണാമമായി സന്തോഷവും ദുഃഖവും കല്യാണവും ഭക്ഷണവും വെള്ളവും തങ്ങളുടെ തൊഴിൽ അഥവാ ജാതി കുട്ടായ്മയിൽ മാത്രം എന്ന് നിയന്ത്രിച്ചു. ആ നിയന്ത്രങ്ങളാണ് ഇന്ന് നിങ്ങൾ വിമർശിച്ചു നടക്കുന്നതും. എങ്കിൽ അന്ന് ആ കാലത്തിൽ ഹൈന്ദവ

സനാതന സമാജത്തിന്റെ നിലനിൽപ്പിന് അത് വളരെയേറെ സഹായിച്ചു ഇന്നും സഹായിച്ചു കൊണ്ടേയിരിക്കുന്നു. എങ്കിൽ വൈദേശിക സാംസ്കാരിക അധിനിവേശത്തെ ചേർക്കുക എന്ന ഏറ്റവും കഠിനമായ വിട്ടു വീഴ്ചയില്ലാത്ത പോരാട്ടത്തിന് ഈ ജാതി വ്യവസ്ഥയെ ആയുധമാക്കുമ്പോഴും ഇതിന്റെ ദുഷ്പരിണാമം എന്ന നിലയ്ക്ക് ഇത് ചില വ്യക്തികളുടെ അന്തസ്സിന്റെയും ശ്രേഷ്ഠതയുടെയും അളവ് കോലായി മാറിത്തുടങ്ങി എന്നതാണ്. ഈ അസമതുലനം ഇന്നും സമാജത്തെ വളരെ മോശമായി ബാധിക്കുന്നുണ്ട്. എങ്കിൽ ഈ തൊഴിൽ കൂട്ടായ്മ അഥവാ ജാതി പദ്ധതി ഹൈന്ദവ ധർമ്മത്തിന്റെ അഥവാ ആചാര്യന്മാരുടെ അഥവാ തത്വ സിദ്ധാന്തത്തിന്റെ ഭാഗമായിരുന്നില്ല അത് സ്വാഭാവികമായും സാമൂഹികമായും രാഷ്ട്രീയമായും ഉരുത്തിരിഞ്ഞു വന്ന ഉൽപന്നമായിരുന്നു അഥവാ വ്യവസ്ഥയായിരുന്നു.

**ചോദ്യം-47)ഏതൊക്കെയാണ് പഞ്ച മഹാ യജ്ഞങ്ങൾ ?**

ഉത്തരം : ലോക ശാന്തി , ലോക ഐക്യം , ലോക രക്ഷയ്ക്ക് വേണ്ടി ഗൃഹസ്ഥാർശമി ചെയ്യേണ്ടതായ അഞ്ചു യജ്ഞങ്ങളുണ്ട്. അവ ഒന്നൊന്നായി നോക്കാം.

1) ബ്രഹ്മ അഥവാ ഋഷി യജ്ഞം : നമ്മുടെ പൂർവികർ ,ഋഷികൾ നമക്കു തന്ന ജ്ഞാന ഭണ്ടാരത്തെ സ്വാദ്ധ്യായം ചെയ്തുകൊണ്ടും , ജ്ഞാനം , അറിവ നേടികൊണ്ടും ബ്രഹ്മ/ഋഷി ഋണം തീർക്കേണ്ടതാണ്.

2) ദേവത യജ്ഞം : എന്നെയും, ഈ സമഷ്ടിയെയും നിയന്ത്രിക്കുന്ന,സംരക്ഷിക്കുന്ന പഞ്ചഭുതങ്ങൾ ,ദേവതകളും ദൈവമുണ്ടെന്നും , ആ ദേവതകളെ നിത്യവും അഗ്നിഹോത്രം , യാഗം , ഹോമം , ഇഷ്ടദേവതാ പൂജ മുതലായ രീതിയിൽആരാധന ചെയ്തുകൊണ്ടും ഇല്ലെങ്കിൽആ ശക്തിയുടെ സാക്ഷാത്കാര ത്തിനായി സാധന ചെയ്തുകൊണ്ടോ ദേവ അഥവാ ദൈവ ഋണം തീർക്കേണ്ടതാണ്.

3) പിതൃ യജ്ഞം : വംശാഭിവൃദ്ധിക്കായി സന്താനങ്ങൾക്ക് ജന്മം നൽകി , അവർക്ക് കുടുംബത്തിനും , സമാജതിനും , രാഷ്ട്രത്തിനും , വിശ്വത്തിനും ശ്രേയസ്സുണ്ടാക്കുവാനായി വിദ്യാഭ്യാസം നൽകി, സൽസ്വാഭാവിയായി വളർത്തിയും, കൂടെയുള്ള മാതാ പിതാകളെ സ്നേഹ വാത്സല്യത്തോടെ

പരിപാലിക്കുകയും കുടാതെ മരണം വരിച്ച പൂരവികർക്ക് പിതൃ തർപണ ക്രിയാ ഭാഗങ്ങൾ പാലിച്ചും പിതൃ ഋണം തീർക്കേണ്ടതാണ്.

4) മനുഷ്യ യജ്ഞം : കാരുണ്യ പ്രവർത്തങ്ങളിലൂടെ , സഹ ജീവികളായ മനുഷ്യർക്ക് ആഹാരം , ആശ്രയം , അർഹരായവർക്ക് കൈയാലാകുന്ന ആവശ്യമുള്ള സഹായം ചെയ്തു കൊണ്ട് മനുഷ്യയജ്ഞം നിർവഹിക്കണം. അങ്ങനെ സമാജത്തിന്റെ ഋണം തീർക്കേണ്ടതാണ്.

5) ഭൂത യജ്ഞം : സഹജീവികളായ പക്ഷിമൃഗാദികൾക്ക് ആഹാരം നൽകുക. വൃക്ഷലതാദികളെ പരിപോഷിപ്പിക്കുക, പ്രകൃതി സമതോലനം കാത്തു രക്ഷിച്ചുകൊണ്ടും സൂര്യൻ, ചന്ദ്രൻ , മഴ , ഭൂമി , വെള്ളം ,വായു മണ്ഡലം , പർവതം , നദി, സാഗരം, മേഘം ,അരണ്യ മുതലായ നമ്മുടെ ആവാസത്തിന് സഹായിക്കുന്ന പ്രകൃതി ശക്തികളെ കാത്ത് സൂക്ഷിച്ചുകൊണ്ടും നന്ദി പ്രകടിപ്പിച്ചുകൊണ്ടും ഭൂത ഋണം തീർക്കേണ്ടതാണ്.ॐ□

**ചോദ്യം-48) ആദ്യ പൂജ , പ്രാർത്ഥന എന്തുകൊണ്ട് ഗണപതി ഭഗവാന് ? ( ഗണപതി തത്വം ) :**

ഉത്തരം: മലയാളത്തിൽ ഒരു ചൊല്ലുണ്ട് , ചുമരുണ്ടെങ്കിലേ എഴുതാൻ പറ്റൂ എന്നതുപോലെ , ഈ ആത്മീയം , ഈശ്വരൻ , ദേവതാ , പൂജാ , വൃതം , ആരാധന എല്ലാം ഭക്തനുണ്ടെങ്കിലേയുള്ളൂ സാധകനുണ്ടെങ്കിലേയുള്ളൂ. ശിവൻ ബോധവും , പാർവതി പ്രകൃതിയും ആകുമ്പോൾ ഗണപതി ആദ്യ സൃഷ്ടിയും മുമുക്ഷുവും സാധകനും ഭക്തനും ആണ്. ഹൈന്ദവ ദർശനത്തിലെ എല്ലാ രൂപങ്ങളേയും ദൈവങ്ങളേയും പോലെ തന്നെ ഗണപതിയുടെ രൂപത്തിനും അതിന്റെതായ ബിംബ കൽപ്പനകളുണ്ട്. ആദ്യ നാദമായ പ്രണവസ്വരൂപമായാണ് ഗണേശനെ കണക്കാക്കുന്നത്. ശിവ ശക്തി സംഗമത്തിലൂടെ ആദ്യം പ്രണവം ഉണ്ടായി എന്നാണല്ലോ. പാരമ്പര്യമനുസരിച്ച്, ആദ്യ ആരാധന പരമോന്നത തത്വത്തിലേക്കുള്ള കവാടമായി വർത്തിക്കുന്ന പ്രണവ മന്ത്രമായ ഓംകാരത്തിനാണ് ,അതിന് അർഥം ഓംകാരത്തിന്റെ ബിംബ സങ്കല്പമായ (മൂലാധാര ചക്രത്തിൽ വസിക്കുന്നു) ഭഗവാൻ ഗണപതിക്കായി നീക്കിവച്ചിരിക്കുന്നു എന്നാണ് .

## ഗണപതിയുടെ മഹത് തത്വം..

സൃഷ്ടിയിൽ, ഗണേശൻ മഹത്തിനെ (സാർവത്രിക ബുദ്ധി) പ്രതിനിധീകരിക്കുന്നു, പ്രകൃതിയുടെ (പ്രകൃതി) ഏറ്റവും ഉയർന്ന രൂപമാണ് ബുദ്ധി. മനുഷ്യശരീരത്തിലെ ബുദ്ധിയെ (ബുദ്ധി) അവൻ പ്രതീകപ്പെടുത്തുന്നു. ഹിന്ദുമതത്തിൽ, പ്രകൃതിയുടെ പരിമിതമായ യാഥാർത്ഥ്യങ്ങളിൽ (തത്ത്വങ്ങൾ) ആദ്യത്തേതും ഏറ്റവും ഉയർന്നതുമായി ബുദ്ധിയെ കണക്കാക്കുന്നു.

പുരാതന ഭാരത ഗ്രന്ഥങ്ങളിൽ, സൃഷ്ടിയുടെ പ്രക്രിയ വളരെ വിശദമായി വിവരിച്ചിട്ടുണ്ട്. മഹാവിസ്ഫോടനം എന്ന് നമ്മൾ മനസ്സിലാക്കുന്നത് മുതൽ, പാശ്ചാത്യ ശാസ്ത്രത്തിന്റെ ഭൗതികശാസ്ത്രത്തിനും രസതന്ത്രത്തിനും അപ്പുറത്തേക്ക് പോകുന്ന വശങ്ങൾ ഉപയോഗിച്ച് സൃഷ്ടിയെ വളരെ വിശദമായി വിവരിക്കുന്നു. ലളിതമായി പറഞ്ഞാൽ, സൃഷ്ടി ഒരു യാഥാർത്ഥ്യത്തിൽ നിന്ന് ആരംഭിക്കുകയും സൃഷ്ടികളുടെ ബഹുസ്വരതയിലേക്ക് വൈവിധ്യവൽക്കരിക്കുകയും ചെയ്തു.

സൃഷ്ടി പ്രക്രിയ ആരംഭിക്കുന്ന ആദ്യത്തെ അനന്തമായ യാഥാർത്ഥ്യങ്ങൾ

1) ശിവൻ/പുരുഷൻ / സ്വയം അല്ലെങ്കിൽ ഈശ്വര തത്വം,

2) പാർവതി/പ്രകൃതി പ്രകൃതി തത്വം എന്നിവയാണ്.

സൃഷ്ടിയിൽ നിലവിലുള്ള എല്ലാ വസ്തുക്കളും ഈ 2 അനന്തമായ യാഥാർഥ്യത്തിന്റെ യും പരിമിതമായ യാഥാർഥ്യത്തിന്റെയും സംയോജനമാണ്. പരിമിതമായ യാഥാർത്ഥ്യങ്ങളിൽ ആദ്യത്തേത് സാർവത്രിക ബുദ്ധിയാണ് (മഹാതത്വം), ഗണേശനായി അവതരിക്കുന്നു. അവൻ ശിവന്റെയും പാർവതിയുടെയും അടുത്ത് മാത്രമാണ്. അവൻ പ്രകൃതിയുടെ(പാർവ്വതി) ശരീരത്തിൽ നിന്ന് ശിവന്റെ പ്രതിബിംബമായി (പുത്രനായി) ഉയർന്നു. അർഥം ഗണപതി നമ്മളെ പ്രതിനിധീകരിക്കുന്നു. നമ്മൾ (ഭക്തൻ/സാധകൻ /ഉപാസകൻ) ഉണ്ടെങ്കിലേ ഈശ്വരൻ/ദേവത/ **ആത്മീയതയ്ക്ക്** അർത്ഥമുള്ളൂ , അതുകൊണ്ട് അടിസ്ഥാന ബിംബമായ ഗണപതിക്ക് ആദ്യപൂജ.

ഇനിയൊരു വശം , വിഘ്നേശ്വരൻ ആയത് കൊണ്ട് തന്നെ. ഭൌതികമായ , ആത്മീയമായ ഒരു വിഘ്നവും നമ്മെ , നമ്മുടെ കർമത്തെ തൊടാതിരിക്കുവാൻ വേണ്ടി തന്നെയാണ് ഗണപതിയെ ആദ്യം പൂജിക്കുന്നത്.

ഇനി അതിന്റെ  ഇനിയൊരു വശം കുടി കാണാം. ഋഗ്വേദം തുടങ്ങുന്നത് തന്നെ അഗ്നിയെ സ്തുതിച്ചു കൊണ്ടാണ്. അഗ്നി –സൂര്യൻ വെളിച്ചം ഈ പ്രപഞ്ചത്തിന്റെ തന്നെ അടിസ്ഥാനമാണ്.വെളിച്ചം ഉള്ളത് കൊണ്ടാണ് ഇവിടെ ദ്വൈതമുള്ളത്. ഞാനും ..നീയും ..എന്ന ബോധമുള്ളത് ....അറിവുള്ളത് ...ആ വെളിച്ചമില്ലെങ്കിലോ ? കഷ്ടമാകും.......

അതുകൊണ്ട് അഗ്നിക്ക് ആദ്യ സ്തുതി..ഇത് പിന്നെ വേദ കാലത്തിൽനിന്നു പുരാണ കാലത്തിലേക്ക് വന്നപ്പോ..വെളിച്ചത്തെ അഥവാ അഗ്നിക്കു ഒരു വിഗ്രഹ (വിശേഷം ഗ്രഹിചിട്ടുള്ളത്)  രൂപം വേണ്ടി വന്നു... അങ്ങനെ ഋഷിഈശ്വരന്മാർ കണ്ടെത്തിയ രൂപമാണ് ഗണപതി. ഗണപതിക്ക് സർവ ഭക്ഷക്ക , ദൂമ്ര വർണ്ണൻ , ദൂമ്ര ദ്വജൻ എന്ന് പേരുകളുമുണ്ട്. അവ അഗ്നിയുടെ പര്യായമാണ്.അങ്ങനെ നമ്മൾ ഗണപതിയെ ആദ്യം പൂജിക്കുമ്പോൾ വേദ പാരമ്പര്യം അനുസരിച്ച് അഗ്നിയെയാണ് പൂജിക്കുന്നത്.വേദ പാരമ്പര്യം  അനുസരിച്ച് അഗ്നിക്ക് ആദ്യ സ്തുതിയാകുമ്പോൾ  അത് തന്നെ പുരാണ കാലത്തിലുടെ കടന്നു വന്നപ്പോൾ അഗ്നിയുടെ പര്യായമായ ഗണപതിക്ക് ആദ്യ സ്തുതി അഥവാ പൂജ ചെയ്യുന്നത്.

*അറിയപ്പെടുന്ന വിധങ്ങൾ :*

32 തരത്തിലുള്ള ഭാവങ്ങൾ ഗണപതിക്ക് ഉണ്ട്, ഓരോന്നും ഓരോ പേരിലാണ് അറിയപ്പെടുന്നത്

ബാലഗണപതി: കുട്ടികളുടേത് മാതിരിയുള്ള മുഖഭാവമുള്ളത്. കൈകളിൽ പഴം, മാമ്പഴം, കരിമ്പ് എന്നിവ ഭൂമിയിലെ സമ്പൽസമൃദ്ധിയെ സൂചിപ്പിക്കുന്നു.

തരുണഗണപതി: യുവത്തം തുളുമ്പുന്ന ഭാവത്തോട് കൂടിയത്. എട്ടു കൈകളോടു കൂടിയ ഗണപതി.

ഭക്തിഗണപതി:പൂർണ്ണചന്ദ്രന്റെ തിളക്കത്തോടെയുള്ള മുഖഭാവം പ്രത്യേകിച്ചും കൊയ്ത്തുകാലത്ത്. എപ്പോഴും നല്ല പ്രസന്നവദനനായി. കൈകളിൽ മാമ്പഴം, നാളികേരം, പായസവും.

വീരഗണപതി: ഒരു യോദ്ധാവിന്റെ  ഭാവത്തോടെയുള്ളത്. 16 കൈകളോടു കൂടിയത് എല്ലാ കൈകളിലും ആയുധങ്ങളുമായി യുദ്ധത്തിനു പുറപ്പെട്ടു നിൽക്കുന്നത്. ഉഗ്രമൂർത്തിയാണ്.

**ശക്തിഗണപതി:** 4 കൈകളോടെ ഇരിക്കുന്ന രൂപത്തിലാണ് ഈ ഗണപതി. ദുർബലരെ രക്ഷിക്കുന്ന ഭാവം.

**ദ്വിജഗണപതി:** 3ശിരസ്സോടുകൂടിയ ഗണപതിയാണ്. കൈകളിൽ ഓലയും, കൂജയും, ജപമണികളും.

**സിദ്ധിഗണപതി:** എല്ലാം നേടിയെടുത്ത ആത്മസംതൃപ്തിയോടെ ഇരിക്കുന്ന ഗണപതി. കഴിവുകൾ ഉണ്ടാകാൻ ഈ ഗണപതിയെ ആരാധിക്കുന്നത് നല്ലതെന്ന് വിശ്വസിക്കപ്പെടുന്നു.

**ഉച്ചിഷ്ടഗണപതി:** സംസ്കാരത്തിന്റെ കാവൽക്കാരനാണ് ഈ ഗണപതി. 6 കൈകളിൽ മാതളം,നീലത്താമര,ജപമാല,നെൽകതിർ.

**വിഘ്നഗണപതി:** എല്ലാ തടസ്സങ്ങളും നീക്കുന്ന ഗണപതി.

**ക്ഷിപ്രഗണപതി:** വളരെ വേഗം പ്രവർത്തിക്കുന്ന ഗണപതിയാണ്. തുമ്പിക്കയ്യിൽ ഒരു കുടം നിറയെ അമൂല്യ രത്നങ്ങൾ ആയിട്ടുള്ളതാണ്. ഉഗ്രമൂർത്തിയാണ്.

**ക്ഷിപ്രപ്രസാദഗണപതി:** പെട്ടെന്ന് പ്രസാദിക്കുന്ന ഗണപതിയാണ്. കുശപ്പുല്ലുകൊണ്ടുള്ളാ സിംഹാസനത്തിൽ ഇരിക്കുന്നു.

**ഹെരംബഗണപതി:** 5 മുഖമുള്ളഗണപതി,വെളുത്ത നിറം,ബലഹീനതരുടെ രക്ഷകൻ എന്നാണ് ഈ ഗണപതി അറിയപ്പെടുന്നത്.ഒരു വലിയ സിംഹത്തിന്റെ മുകളിലാണ് സവാരി.

**ലക്ഷ്മിഗണപതി:** തൂവെള്ള നിറമാണ് ഈ ഗണപതിക്ക്. ലക്ഷ്മിദേവിയോട് കൂടി ഇരിക്കുന്നു. കൈകളിൽ തത്ത, മാതളം. ഐശ്വര്യവും സമ്പത്തും നൽകുന്ന ഗണപതി.

**മഹാഗണപതി:** ഈ ഗണപതിയിൽ നിന്നാണ് പ്രപഞ്ചം ഉണ്ടായതെന്ന് വിശ്വാസം. ഇത് പരമാത്മാവാണ്. തൃക്കണ്ണ് ഉള്ള ഗണപതിയാണ് ഇത്. മാതളം, നീലത്താമര, നെൽക്കതിർ എന്നിവ കൈകളിലേന്തിനിൽക്കുന്നു. ക്ഷേത്രങ്ങളിൽ പൊതുവെ കാണപ്പെടുന്ന ഗണപതി ഇതാണ്.

**വിജയഗണപതി:**എപ്പോഴും വിജയഭാവത്തോടെയുള്ള മുഖഭാവത്തോടെയാണ് ഈ ഗണപതി. സർവകാര്യവിജയത്തിന് ഉത്തമം.

**നൃത്തഗണപതി:** കലകളുടെ നാഥനാണ് ഈ ഗണപതി. നൃത്ത രൂപത്തിലാണ് ഈ ഗണപതി.നാലു കൈകളുള്ള ഈ ഗണപതിയുടെ വിരലുകളിൽ മോതിരവും കാണാം.

**ഉർധ്വഗണപതി:** 6 കൈകളിൽ നെൽക്കതിർ,താമര,കരിമ്പ്.

**ഏകാക്ഷരഗണപതി:** തൃക്കണ്ണ് ഉള്ള ഗണപതി. താമരയുടെ ആകൃതിയിൽ മൂഷികന്റെ പുറത്താണ് ഇരിക്കുന്നത്.

**വരദ ഗണപതി:** ഈ ഗണപതി കൈയിൽ തേനുമായി ഇരിക്കുന്നത്.

**ത്രയാക്ഷരഗണപതി:** ഈ ഗണപതി പൊട്ടിയ കൊമ്പും,തുമ്പിക്കൈയിൽ മോദകവും.

**ഹരിന്ദ്രഗണപതി:** ഒരു പീഠത്തിന്റെ മുകളിൽ ഇരിക്കുന്ന രീതിയിൽ ആണ് ഈ ഗണപതി.

**ഏകദന്തഗണപതി:** ഈ ഗണപതി നീല നിറത്തോടുകൂടിയതാണ്. ലഡ്ഡു ആണ് പ്രസാദം.

**സൃഷ്ടിഗണപതി :** ഈ ഗണപതി ചുവന്ന നിറത്തോടുകൂടിയ ഉള്ളതാണ്. എല്ലാം സൃഷ്ടിക്കുന്ന ഗണപതി ആണിത്.

**ഉദ്ദണ്ഡഗണപതി:** ധർമത്തിനു വേണ്ടി പൊരുതുന്ന 10 കൈകളുള്ള ഗണപതി ആണ് ഇത്.

**ഋണമോചനഗണപതി:** കടങ്ങളിൽ നിന്ന് മോചിപ്പിക്കുന്ന ഗണപതി. ഈ ഗണപതിയുടെ ഇഷ്ടപ്പെട്ട ഫലമാണ് റോസ്ആപ്പിൾ.

**ധുണ്ടി ഗണപതി:** കൈയ്യിൽ രുദ്രാക്ഷമാലയാണ് ഈ ഗണപതിക്ക് ഉള്ളത്.

**ദ്വിമുഖഗണപതി:** രണ്ടുമുഖമുള്ള ഗണപതി, എല്ലാ ഭാഗത്തേക്കും കാണുന്ന രീതിയിൽ.

**ത്രിമുഖഗണപതി:** സ്വർണനിറത്തിലുള്ള താമരആണ് ഇരിപ്പിടം.

**സിംഹഗണപതി:** ഈ ഗണപതി ധീരതയെ സൂചിപ്പിക്കുന്നു.

**യോഗഗണപതി:** യോഗമുദ്രയിൽ ഇരിക്കുന്ന ഗണപതി ആണിത്. ധ്യാനനിമഗ്നനായി ആണ് ഈ ഗണപതി.

**ദുർഗ്ഗഗണപതി:** യുദ്ധ വിജയത്തിന്റെ പ്രതീകമാണ് ഈ ഗണപതി. ശത്രുക്കളിൽ വിജയം നൽകുന്ന ഗണപതി.

**സങ്കട ഹര ഗണപതി:** എല്ലാം ദുഖഃവും ശമിപ്പിക്കുന്ന ഗണപതി ആണിത്.

**പ്രാർത്ഥനാ ശ്ലോകങ്ങൾ :**

*| വക്ര തുണ്ട മഹാകായ*
*സൂര്യകോടി സമപ്രഭഃ*
*നിർവിഘ്നം കുരുമേ ദേവ*
*സർവ്വ കാര്യേഷു സർവദാ |*

*|| ഏകദന്തം മഹാകായം*
*തപ്തകാഞ്ചന സന്നിഭം*
*ലംബോദരം വിശാലാക്ഷം*
*വന്ദേഹം ഗണനായകം ||*

*||| ശുക്ലാംബരധരം വിഷ്ണും,*
*ശശിവർണ്ണം ചതുർഭുജം,*
*പ്രസന്നവദനം ധ്യായേത്,*
*സർവവിഘ്നോപ ശാന്തയേ |||*

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-49) പ്രസ്ഥാനത്രയം എന്താണ് ?**

**ഉത്തരം :** ഹൈന്ദവ ധർമ പ്രചാരണത്തിനായി നമ്മുടെ ആചാര്യന്മാർ മുന്ന് ഗ്രന്ഥങ്ങളെ തിരഞ്ഞെടുത്തു. അവ യഥാക്രമം ഉപനിഷത്ത് , ഭഗവദ് ഗിതാ പിന്നെ ബ്രഹ്മസൂത്രം എന്നിവയാണ്. ഇവ മൂന്നിനെയും ചേർത്ത് പ്രസ്ഥാനത്രയം എന്നു വിളിക്കുന്നു. വേദാന്തശാസ്ത്രത്തിലെ മൂന്ന് അടിസ്ഥാന ഗ്രന്ഥങ്ങളാണ് പ്രസ്ഥാനത്രയം. സനാതനധർമ്മത്തിന്റെ പ്രശോഭിതമായ സ്വർണ്ണ ഗോപുരമാണത്. ഹൈന്ദവ ദർശനത്തെ ഒരു വൃക്ഷത്തോടുപമിക്കുകയാണെങ്കിൽഅതിന്റെ തേനൂറുന്ന ഫലമാണ് പ്രസ്ഥാനത്രയം. 'പ്രസ്ഥാനത്രയം' എന്ന വാക്കിന് ശ്രേഷ്ഠമായതും സാർവ്വത്രികമായ തുമായ മൂന്ന് പദ്ധതികൾ എന്നർത്ഥം.

അമൂല്യവും ശ്രേഷ്ഠവുമായ ഈ പദ്ധതികൾ എതെല്ലാമാണ് ?

ശ്രുതിപ്രസ്ഥാനം, ന്യായപ്രസ്ഥാനം, സ്മൃതിപ്രസ്ഥാനം ഇവയാണ് ഈ പദ്ധതികൾ. വേദപ്രതിപാദിതമായ ബ്രഹ്മതത്ത്വത്തെ സ്ഥാപിക്കുകയാണ് ഈ

പദ്ധതികളിലൂടെ. ഉപനിഷത്ത്, ബ്രഹ്മസൂത്രം, ഭഗവദ്ഗീത എന്നീ ഗ്രന്ഥങ്ങൾ യഥാക്രമം ഈ മൂന്നു പ്രസ്ഥാനങ്ങളെ പ്രതിനിധികരിക്കുന്നു. വേദാന്തത്തിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളായ ഇവയെ സനാതന ധർമ്മത്തിന്റെ സ്വർണ്ണ ഗോപുരമായി പടുത്തുയർത്തിയത് ശ്രീമദ് ശങ്കരാചാര്യരാണ്. ധിഷണാപരവും അർത്ഥവത്തുമായ ഒരു സത്കർമ്മമായി, മാനവ ലോകത്തിന്, ഹൈന്ദവദർശനത്തിന് ഇതു മുതൽകൂട്ടായി.

പ്രസ്ഥാനത്രയം പ്രശോഭിതമായി നിൽക്കുന്നകാലത്തോളം സനാതനധർമ്മവും പ്രശോഭിതമായി തന്നെ നിൽക്കും. പ്രസ്ഥാനത്രയത്തിന് ശോഭമങ്ങുമ്പോൾ; അതിന്റെ പഠനവും പ്രചാരവും മങ്ങുമ്പോൾ സനാതനധർമ്മത്തിന്റെ ശോഭയും മങ്ങും എന്നർത്ഥം. സനാതനധർമ്മത്തിന്റെ നിലനില്പ്പും ഹൈന്ദവദർശനത്തിന്റെ ഉൽക്കർഷവും കൊതിക്കുന്നവർ പ്രസ്ഥാന ത്രയത്തെ പഠിക്കുകയും അനുഷ്ഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്താൽമതി .

## ഉപനിഷത്ത്

ബ്രഹ്മതത്ത്വത്തെ പ്രതിപാദിക്കുന്നവയാണ് ഉപനിഷത്തുകൾ. ശ്രുതിയുടെ (വേദത്തിന്റെ ) ഭാഗമായതിനാലാണ് ഉപനിഷത്തുക്കൾ ശ്രുതിപ്രസ്ഥാനം എന്നറിയപ്പെടുന്നത്. മുക്തികോപനിഷത്തിൽഅക്കാലത്തുണ്ടായിരുന്ന നൂറ്റെട്ട് ഉപനിഷത്തുക്കളെ സൂചിപ്പിക്കുന്നുണ്ട്. ഇരുനൂറ്റമ്പതോളം ഉപനിഷത്തുക്കൾ ഇന്ന് നമുക്കു ലഭ്യമാണ്. ആയിരത്തിൽപ്പരം ഉപനിഷത്തുക്കൾ ഉണ്ടെന്നു പറയുന്നു.

ഇതിൽപത്ത് ഉപനിഷത്തുകളാണ് പ്രസ്ഥാനത്രയത്തിന്റെ ഭാഗമായി ശ്രീമദ് ശങ്കരാചാര്യര് ഭാഷ്യം രചിക്കുവാൻ സ്വീകരിച്ചിരിക്കുന്നത്.

"ഐതരേയം, കഠം, കേനം
ഛാന്ദോഗ്യം, തൈത്തരീയവും,
മാണ്ഡൂക്യം, മുണ്ഡകം, പ്രശ്നം
ബൃഹദാരണ്യമീശവും"

ഋഗ്വേദത്തിന്റെ ഭാഗമായി വരുന്ന ഐതരേയോപനിഷത്ത്, കൃഷ്ണയജുർവേദത്തിന്റെ ഭാഗമായി വരുന്ന കഠോപനിഷത്ത്, തൈത്തിരിയോപനിഷത്ത്, ശുക്ലയജുർവേദത്തിന്റെ ഭാഗമായി വരുന്ന

ഈശാവാസ്യം ബൃഹദാരണ്യകം, സാമവേദത്തിന്റെ ഭാഗമായി വരുന്ന കേനം ഛാന്ദോഗ്യം അഥർവ വേദത്തിന്റെ ഭാഗമായി വരുന്ന മുണ്ഡകോപനിഷത്ത്, മാണ്ഡൂക്യോപനിഷത്ത്, പ്രശ്നോപനിഷത്ത് എന്നിവയാണ് ശങ്കരാചാര്യർ ഭാഷ്യം രചിക്കുവാൻ സ്വീകരിച്ച പത്ത് ഉപനിഷത്തുക്കൾ. എല്ലാവേദങ്ങളുടെയും പ്രാതിനിധ്യത്തെ അംഗീകരി ച്ചുകൊണ്ട് ഉപനിഷത്ത് പ്രപഞ്ചത്തിന്റെ ഗാംഭീര്യത്തെ ആവാഹിക്കുകയും അവയെ എക്കാലത്തേയ്ക്കുമായി സ്വർണ്ണ സിംഹാസനത്തിൽപ്രതിഷ്ഠിയ്ക്കുകയാണ് പുജനീയ ശങ്കരാചാര്യർ തന്റെ ഉപനിഷത്ത് ഭാഷ്യങ്ങളിലൂടെ ചെയ്തത്.

### ബ്രഹ്മസൂത്രം

വേദാന്തധർമ്മത്തിന്റെ ആശയങ്ങളെ സ്പഷ്ടമാക്കി ആത്മജ്ഞാനത്തിന്റെ നേർവഴി കാട്ടുകയാണ് ബ്രഹ്മസൂത്രം. ഉപനിഷത്ത് ആശയങ്ങളുടെ ഗരിമയെ ആദരപൂർവ്വം വണങ്ങിയ ബാദരായണനാണ് (വേദ വ്യാസ മഹർഷി) ബ്രഹ്മസൂത്രം രചിച്ചത്. ന്യായപദ്ധതി പിൻതുടരുന്നതിനാൽബ്രഹ്മ സൂത്രത്തെ ന്യായപ്രസ്ഥാനം എന്ന് അറിയപ്പെടുന്നു.

ആകെ അഞ്ഞൂറ്റൻപത്തഞ്ച് സൂത്രങ്ങളടങ്ങിയ ഒരു ഗംഭീര ഗ്രന്ഥമാണ് ബ്രഹ്മസൂത്രം. ബ്രഹ്മസൂത്രത്തിന് നാല് അധ്യായങ്ങളും, ഓരോ അദ്ധ്യായത്തിനും നാലുപാദങ്ങളും ഓരോ പാദത്തിനും അനേകം അധികരണങ്ങളുമുണ്ട്. സമന്വയം, അവിരോധം, സാധന, ഫലം എന്നിങ്ങനെ അദ്ധ്യായങ്ങൾക്ക് ശീർഷകങ്ങളും നൽകിയിരിക്കുന്നു.

തന്റെ ആശയത്തെ സമർത്ഥിക്കുകയാണ് ഒന്നാമദ്ധ്യായത്തിൽ. ഇക്കാണുന്നതിന്റെയെല്ലാം ഉത്ഭവം ഏതിൽനിന്നാണോ, വളർച്ചയും വിലയവും ഏതിലാണോ അതാണ് ബ്രഹ്മം. ശ്രുതിവാക്യങ്ങളാണ് ഇതറിയുവാനുള്ള വഴി. രണ്ടാമദ്ധ്യായത്തിൽവേദാന്തസാരത്തിന് എതിരായ വാദങ്ങളെ വിശകലനം ചെയ്യുകയും ഖണ്ഡിക്കുകയുമാണ്.

സാംഖ്യം, വൈശേഷികം, ബൗദ്ധം, ജൈനം എന്നീ ദർശനങ്ങൾ വേദാന്തത്തിന് വിരുദ്ധമായി വരുമ്പോൾ യുക്തിയുക്തമായി അതു നിരാകരിക്കുതിനാണ് മൂന്നാമദ്ധ്യായത്തിൽമുൻതൂക്കം. നിർഗ്ഗുണ ബ്രഹ്മം, സഗുണബ്രഹ്മം എന്നീ രണ്ടു സങ്കൽപങ്ങളെ നാലാം അദ്ധ്യായം വിശദമാക്കുന്നു.

യുക്തിചിന്തയിലധിഷ്ഠിതമാണ് ബ്രഹ്മസൂത്രം. ശദാബ്ദങ്ങളോളം യജ്ഞസംസ്ക്കാരത്തിന്റെ വെള്ളി വെളിച്ചത്തിലും ചാമ്പലിലും മങ്ങിക്കിടന്ന ഉപനിഷച്ചിന്തകളെ പുനഃസ്ഥാപിച്ച് പ്രശോഭിതമാക്കി നൽകുകയായിരുന്നു ബ്രഹ്മസൂത്ര ഭാഷ്യത്തിലൂടെ ശങ്കരാചാര്യർ ചെയ്തത്.

## ഭഗവദ്ഗീത

വേദങ്ങളുടെ സാരസംഗ്രഹമാണ് ഭഗവദ്ഗീത. മഹാഭാരതത്തിൽആറാമത്തെ പർവ്വമായ ഭീഷ്മപർവ്വത്തിലെ ഇരുപത്തഞ്ചുമുതലുള്ള പതിനെട്ട് അദ്ധ്യായങ്ങളിലായാണ് എഴുന്നൂറ് ശ്ലോകങ്ങളുള്ള ശ്രീമദ് ഭഗവദ്ഗീത ഉൾപ്പെടുന്നത്. സനാതനധർമ്മ സിദ്ധാന്തങ്ങളായ ജ്ഞാന, ഭക്തി, കർമ്മ ധാരകൾ ഗീതയിൽസമന്വയിക്കുന്നതു നമുക്കുകാണാം. ആ ഒരു ലക്ഷ്യത്തോടുകൂടിയാണ് പ്രസ്തുത ഗ്രന്ഥത്തിന്റെ രചനയും.

ശ്രുതിയും സ്മൃതിയുമാണ് സനാതനധർമ്മത്തിന്റെ രണ്ടു വിഭാഗങ്ങൾ. വേദങ്ങൾ, ഉപനിഷത്തുക്കൾ ഇവ ശ്രുതികളിലും... രാമായണം, മഹാഭാരതം, പുരാണങ്ങൾ ഇവ സ്മൃതി (ധർമ്മശാസ്ത്ര) വിഭാഗത്തിലുംപെടുന്നു. സ്മൃതിയിൽപ്പെടുന്ന മഹാഭാരതത്തിന്റെ ഭാഗമായതിനാലാണ് ഭഗവദ് ഗീത സ്മൃതിപ്രസ്ഥാനം എന്നറിയപ്പെടുന്നത്. വേദാന്തതത്ത്വങ്ങളുടെ പ്രായോഗിക പരിശീലനത്തിന് സഹായകമാകുന്നു ഭഗവദ്ഗീത.

പ്രശ്നപരിഹാരത്തിനുള്ള എല്ലാ വഴികളും കൊട്ടിയടയ്ക്കപ്പെട്ടപ്പോൾ, അനുരഞ്ജനത്തിലേയ്ക്കുള്ള പാതകളിലൊക്കെയും അന്ധകാരം പടർന്നപ്പോൾ, യുദ്ധമല്ലാതെ മറ്റൊരുപോംവഴിയും ഇല്ലന്നുവന്നു. അതെ, അനിവാര്യമായ ആ യുദ്ധത്തിന്റെ പൂമുഖത്തുവച്ചാണ് ഗീത അവതരിയ്ക്കുന്നത്. ഇതു സാധാരണക്കാരുടെ പോലും ശ്രദ്ധ പിടിച്ചുപറ്റുന്നു. ശ്രീകൃഷ്ണാർജ്ജുന സംവാദരൂപത്തിലാകയാൽഹൃദ്യമായ ഒരു സംഭാഷണത്തിന്റെ മധുരാനുഭൂതിയും ഗീത പകർന്നു നൽകുന്നു. ഇക്കാരണങ്ങളാലെല്ലാം പ്രസ്ഥാനത്രയത്തിൽഏറ്റവും അധികം ശ്രദ്ധപിടിച്ചുപറ്റിയത് സ്മൃതിപ്രസ്ഥാനത്തിന്റെ ഭാഗമായ ഭഗവദ്ഗീതയാണ്.

**കൃതജ്ഞത :**

ഉപനിഷത്തിനും ബ്രഹ്മസൂത്രത്തിനും ഗീതയ്ക്കും പ്രസന്നഗംഭീരമായ ഭാഷ്യങ്ങൾ രചിച്ച് അദ്വൈത മതം പുനഃസ്ഥാപിച്ച ശ്രീമദ് ശങ്കരാചാര്യ സ്വാമികൾ എക്കാലത്തെയും ധിഷണാശാലികളെ അത്ഭുതപ്പെടുത്തുന്നു. എല്ലാം മണ്ണടിഞ്ഞുപോയേക്കാവുന്ന ഒരു സന്ദിഗ്ധ ഘട്ടത്തിലാണ് ഇവയുടെയൊക്കെ ഭാഷ്യവുമായി ആചാര്യർ കയറിവരുന്നതും സനാതനധർമ്മത്തിന്റെ പുനഃപ്രതിഷ്ഠനടത്തുന്നതും. ഹൈന്ദവദർശനത്തിൽഇന്ന് ആരെങ്കിലും അഭിമാനം കൊള്ളുന്നുണ്ടെങ്കിൽ, കൃതാർത്ഥനാവുന്നുണ്ടെങ്കിൽഅതിൽകൃതജ്ഞത പ്രകാശിപ്പിക്കേണ്ടത് ആദി ശങ്കരാചാര്യരോടാണ്.

ശങ്കരാചാര്യരെ പിൻതുടർന്നു വന്ന എല്ലാ ആചാര്യന്മാരും സ്വന്തം സിദ്ധാന്തങ്ങളെ സ്ഥാപിക്കാൻ പ്രസ്ഥാനത്രയങ്ങൾക്ക് ഭാഷ്യം രചിക്കുകയുണ്ടായി. അവരിൽരാമാനുജാചാര്യൻ, മാധ്വാചാര്യൻ തുടങ്ങിയവർ സ്മരണീയരാണ്.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-50) പൊതുവായ ഇഷ്ടദേവതാ പൂജാ വിധി :**

**ഉത്തരം : (ഭ.ഗീ.9/22,26,27 & 10/8,11 )**

1) പൂജ ചെയ്യുന്ന വ്യക്തി പൂജയ്ക്ക് മുമ്പുള്ള മൂന്ന് ദിവസമെങ്കിലും നിർബന്ധമായും യമം,നിയമം,ആസനം,പ്രാണായാമം,പ്രത്യാഹാരം,ധാരണ,ധ്യാനം നിഷ്ഠമായി പാലിച്ചിരിക്കണം.

2) ആദ്യം ദൈവ സങ്കൽപത്തിനായി ഉപയോഗിക്കുന്ന എല്ലാ മാധ്യമങ്ങളെയും (ഫോട്ടോയോ , വിഗ്രഹമോ എന്തുമാക്കാം) വൃത്തിയാക്കുക.

3) പൂജയ്ക്കുള്ള സ്ഥലം വൃത്തിയാക്കുക.

4) ദൈവ സങ്കൽപത്തെ പ്രതിഷ്ഠികുന്നതിനായി തുണിയോ, ഷീറ്റോ , കടലാസോ വിരിക്കുക.

5) ദൈവ സങ്കൽപങ്ങളെ സ്ഥിരമായി സ്ഥാപിക്കുക.

**6) പ്രാണായാമം ചെയ്യുക , ധാരണയുടെ ഭാഗമായി ഓംകാരം ഒമ്പതു പ്രാവിശ്യം ശരിയായിട്ട് ചൊല്ലുക.**

**7) ഒരു കിണ്ടിയിൽഅഥവാ ശുദ്ധജലപാത്രത്തിൽവെള്ളം എടുക്കുക. ആ പാത്രത്തിന്റെ മുകളിൽവലതു കൈ വെച്ചുകൊണ്ട , ഈ മന്ത്രം ചൊല്ലുക**

**“** *ഗംഗേച് , യമുനെചൈവ ഗോദാവരി , സരസ്വതി , നർമധെ , സിന്ധു കാവേരി ജലസ്മിനെ സന്നിധിം കുരു* **“**

**അങ്ങനെ വെള്ളത്തിൽസപ്തനദികളുടെ സാന്നിധ്യം സങ്കൽപം കൊണ്ട് സാധ്യമാകണം.**

**8) ഇനി ഈ പവിത്ര വെള്ളം പൂജാസ്ഥലതും , ദൈവ മാധ്യമങ്ങൾ , സ്വയും , ചുറ്റിലുമുള്ളവരുടെ മേലും കൊടയുക.**

**9) ദൈവ സങ്കൽപങ്ങൾക്ക് ഭസ്മം, ചന്ദനം , മഞ്ഞൾ , കുങ്കുമ കുറി വെയ്ക്കുക.**

**10) പൂജയ്ക്കായി ഉപയോഗിക്കുന്ന പൂവുകൾ കൊണ്ട് അലങ്കരിക്കുക.**

**11) ദീപം , ദുപം , തെളിയിക്കുക.**

**ദീപം തെളിയിക്കുമ്പോൾ ചൊല്ലേണ്ട മന്ത്രം**

*ദീപ ജ്യോതി പരബ്രഹ്മം*
*ദീപം സർവ തമോപഹം*
*ദീപേന സാധ്യതേ സർവ്വം*
*ദീപ ജ്യോതിർ നമോസ്തുതേ*

*ശുഭം കരോതു കല്യാണം*
*ആയുരാരോഗ്യ വർദ്ധനം*
*സർവ്വ ശത്രു വിനാശായ*
*ദീപ ജ്യോതിർ നമോസ്തുതേ*

*ശുഭം കരോതു കല്യാണം*
*ആയുരാരോഗ്യ വർദ്ധനംസർവ്വ*
*ജ്ഞാനർബുദ്ധി വർധിതായ*

*ദീപ ജ്യോതിർ നമോസ്തുതേ*

*ദീപജ്യോതിർ പരബ്രഹ്മ*
*ദീപജ്യോതിർ ജനാർദ്ദനാ*
*ദീപോമേ ഹരതു പാപം*
*ദീപ ജ്യോതിർ നമോസ്തുതേ* "

**അല്ലെങ്കിൽ**
*// ഓം അസതോ മാ സദ്ഗമയാ ,*
*തമസോ മാ ജ്യോതിർ ഗമയാ ,*
*മൃത്യോർമ അമൃതങ്ങമയാ*
*ഓം ശാന്തി ശാന്തി ശാന്തിഹി* //

**12) ഇനിയാണ പൂജാ വിധി തൊടുങ്ങുന്നത്. ആദ്യം ഗണപതി സ്തുതി. മന്ത്രം // "ഗജാനനം ഭൂത ഗണാദി സേവിതം ,കപിത്ത ജംബു ഫലസാര ഭക്ഷിതം, ഉമാ സുതം ശോക വിനാശ കാരണം നമാമി വിഘ്നേശ്വര പാദ പങ്കജം"//**

**13) മന്ത്രം ഉച്ചരിച്ചു കൊണ്ട് വെള്ളം,പൂവ് ,അക്ഷതം,താംബൂലം,ദക്ഷിണ വിഘ്നെശ്വര സങ്കൽപത്തിന് സമർപ്പിക്കുക. ദീപം , ദുപം , കർപൂർ ജ്യോതി ഉഴിയുക.**

**14) ഇനി ഗുരു സ്തുതി ,**

**മന്ത്രം //** *ഗുരുർ ബ്രഹ്മ , ഗുരുർ വിഷ്ണു , ഗുരുർ ദേവോ മഹേശ്വര , ഗുരുരേവ പരബ്രഹ്മ ,തസ്മൈ ശ്രീ ഗുരുവേ നമഃ //*

**15) മന്ത്രം ഉച്ചരിച്ചു കൊണ്ട് വെള്ളം, പൂവ് ,അക്ഷതം, താംബൂലം,ദക്ഷിണ ഗുരു സങ്കൽപത്തിന് സമർപ്പിക്കുക. ദീപം , ദുപം , കർപൂർ ജ്യോതി ഉഴിയുക.**

**16) ഇനി ഇഷ്ട ദേവതാ സങ്കൽപങ്ങളെയും അവരുടെതായ സ്തുതി മന്ത്രംങ്ങൾ കൊണ്ട് സ്തുതിക്കുക. സ്തുതിച്ചു കൊണ്ട തന്നെ വെള്ളം,പൂവ് ,അക്ഷതം, താംബൂലം,ദക്ഷിണ ദേവതാ സങ്കൽപത്തിന് സമർപ്പിക്കുക. ദീപം , ദുപം , കർപൂർ ജ്യോതി ഉഴിയുക.**

17) അടുത്തത് ഈശ്വരൻ തന്റെയും അവിടെ സന്നിഹിതരായിരിക്കുന്ന എല്ലാവരുടെയും ഹൃദയത്തിൽസ്ഥിതി ചെയ്യുന്നതായി സങ്കൽപിക്കുക. സ്തുതി മന്ത്രങ്ങൾ കൊണ്ട് സ്തുതിക്കുക. ഉദാ: ഓം സർവജ്ഞായ നമഃ, ഓം സര്വശക്തായ നമഃ , ഓം സർവാന്തരയാമിയെ നമഃ ,ഓം പരമേശ്വരായ നമഃ , ഓം പരമാത്മായ നമഃ , ഓം നിരാകാരായ നമഃ, ഓം നിർഗുണായ നമഃ , ഓം നിർമലായ നമഃ മുതലായവ് കൊണ്ട് സ്തുതിച്ചു വെള്ളം,പൂവ് ,അക്ഷതം, താംബൂലം,ദക്ഷിണ ഹൃദയേശ്വരന് സമർപ്പിക്കുക ദീപം ,ദുപം , കർപൂർ ജ്യോതി ഉഴിയുക.

18) എല്ലാ ദേവതാ സങ്കൽപങ്ങൾക്കും നൈവിദ്യം സമർപ്പിക്കുക , ഭജനകൾ പാടുക . ഭജനകൾക്ക് നൃത്തംവെയ്ക്കുക,

19) ശാന്തമായി നമസ്കരിക്കുക , ധ്യാനിക്കുക , പ്രാർഥിക്കുക , പ്രദക്ഷിണം വെയ്ക്കുക്.

20) ഒരു തേങ്ങാ എടുത്ത് കർപ്പൂരം അതിൻമേൽകത്തിക്കുക , ആ കർപൂര ജ്യോതി , മംഗലാചരണത്തോടെ (കർപൂര ജ്യോതി ഉഴിയുമ്പോൾ ഉപയോഗിക്കുന്ന ദേവതാ സ്തുതി ഗീതം) എല്ലാ ദേവതാ സങ്കൽപങ്ങൾക്കും ഉഴിയുക. കർപൂര ജ്യോതി എല്ലാവരും തൊട്ട നെറ്റിയിൽവെയ്ക്കുക.ശേഷം തേങ്ങ ഉടെച്ചുകൊണ്ട ദൈവത്തിന് സമർപ്പിക്കുക.

21) ശാന്തി മന്ത്രങ്ങൾ ചൊല്ലുക

*| ഓം സഹനാവവതു | സഹ നൗ ഭുനക്തു |*

*| സഹ വീര്യം കരവാവഹൈ |*

*| തേജസ്വി നാവധീതമസ്തു | മാ വിദ്വിഷാവഹൈ |*

*ഓം ശാന്തി: ശാന്തി: ശാന്തി:*

*// ഓം പൂർണ്ണമദഃ പൂർണ്ണമിദഃ പൂർണ്ണാത് പൂർണ്ണമുദച്ചതെ, പൂർണ്ണശ്യ , പൂർണ്ണമാദായ , പൂർണ്ണമേവാവ ശിഷ്യതെ , ഓം ശാന്തി ശാന്തി ശാന്തിഹി //*

*||ഓം സർവേ ഭവന്തു സുഖിനഃ | സർവേ സന്തു നിരാമയഃ | സർവേ ഭദ്രാണി പശ്യന്തു | മാ കശ്ചിദ്-ദുഃഖ-ഭാഗ-ഭവേത് | ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ ||*

22) നൈവിധ്യത്തെ പ്രസാദമായി വീതിചെടുക്കുക.

ഇതോടെ പൂജാ കർമം കഴിഞ്ഞു. ഇവിടെ ഭൗതിക വസ്തുകളുടെ പകരം ഭാവ പൂജയും ചെയ്യാവുന്നതാണ.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം -51) ധ്യാനം എങ്ങനെ പരിശീലിക്കാം...?**

**ഉത്തരം : പ്രത്യക്ഷത്തിൽ 'അറിവ് ' നേടിത്തരുന്നത് 'ധ്യാനം' അഥവാ 'തപസ്സു' ...**




ധ്യാന ശീലം:

1) രാവിലെ എഴുന്നേറ്റാൽ (അഞ്ചു മണിക്കെങ്കിലും), പ്രഭാതക്രിയകളൊക്കെ (ശരീരശുദ്ധി) കഴിഞ്ഞു വിളക്ക് കത്തിക്കുമെങ്കിൽഅതെല്ലാം ചെയ്തതിനു ശേഷം വീട്ടിലോ മറ്റോ വളരെ ശുദ്ധിയുള്ളതും, നിശബ്ദമായതുമായ ഒരു അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കാം.

2) ശുദ്ധമായ വായു സഞ്ചാരം അനിവാര്യം, പ്രായപൂർത്തിയായവർക്ക് തടി കട്ടിൽഉപയോഗിക്കാം (കഴിവതും നിലത്തു തന്നെ ഇരിക്കാൻ ശ്രമിക്കാം).

3) ആസനത്തിനു അനുയോജ്യമായ കട്ടിയുള്ള തുണി അഥവാ നേർത്ത 'കമ്പിളി' ഉപയോഗിക്കാം (മെത്ത ഉപേക്ഷിക്കാം).

**4) ദർശനം കിഴക്ക് ദിശയോ, വടക്ക് ദിശയോ ആക്കാം.**

**പ്രക്രിയ:**

**1) കഴിവതും പത്മാസനത്തിൽഇരിക്കാൻ ശ്രമിക്കാം, അതിനു കഴിഞ്ഞില്ലെങ്കിൽഅർദ്ധ പത്മാസനത്തിൽഇരിക്കാം. ( വലതു കാൽഇടതു കാലിന്റെ മുകളിൽ).**

**2) നട്ടെല്ല് നിവർത്തി മുഖം നേരെയാക്കി കൈകൾ രണ്ടും 'സാധന' ക്രമത്തിൽകണ്ണുകളടച്ചു (വലതു കയ്യ് ഇടതു കയ്യുടെ മുകളിലായി മടിയിൽവച്ച് ) ഇരിക്കാം... (ഭഗവാൻ ശിവന്റെ ചിത്രം ശ്രദ്ധിച്ചാൽമനസ്സിലാകും).**

**3) ശ്വാസം (പ്രാണവായു) വളരെ നേരിയ തരത്തിൽ(സ്വാഭാവികമായി) എടുക്കുകയും വിടുകയും ചെയ്യാം.**

**ശ്രദ്ധ:**

**1) മനസ്സിനെ , 'ഞാൻ ഈ ഭൂമിയുടെ ഏറ്റവും മുകളിലായിട്ടാണ് ഇരിക്കുന്നത് എന്ന് വിചാരിപ്പിക്കാം' (എല്ലാവരുടെയും 'സ്ഥിതി' അങ്ങനെ തന്നെയാണ്).**

**2) ആദ്യം 'സൂര്യഭഗവാനെ' മനസ്സിൽകൊണ്ട് വരാം. അതിൽനിന്ന് വരുന്ന ഊർജ്ജം എന്റെ വലതു കാലിന്റെ പെരുവിരലിൽകൂടി 'മൂലാധാര'ത്തിലെത്തി അവിടുന്ന് അത് മുകളിലേക്ക് ഓരോ ആധാര ചക്രങ്ങളും കടന്നു 'ഭ്രൂമദ്ധ്യ' (പുരികങ്ങളുടെ മധ്യഭാഗം) ത്തിലെത്തി എന്ന് വിചാരിക്കാം.**

**3) ചന്ദ്രനിൽനിന്ന് വരുന്ന ഊർജ്ജം എന്റെ ഇടതു കാലിന്റെ പെരുവിരലിൽകൂടി 'മൂലാധാര'ത്തിലെത്തി അവിടുന്ന് അത് മുകളിലേക്ക് ഓരോ ആധാര ചക്രങ്ങളും കടന്നു 'ഭ്രൂമദ്ധ്യ' (പുരികങ്ങളുടെ മധ്യഭാഗം) ത്തിലെത്തി എന്ന് വിചാരിക്കാം.**

**പ്രാണായാമം: ഇങ്ങനെ ചെയ്യുന്നതോടൊപ്പം, ശ്വാസം ( പ്രാണൻ ) അകത്തേക്ക് എടുക്കുമ്പോൾ 'സ്വാ....' എന്നും, ശ്വാസം പുറത്തേക്കു വിടുമ്പോൾ 'ഹം......' എന്നും വിചാരിക്കാം. ഇത് നിരന്തരം ആവർത്തിച്ചു കൊണ്ടേ ഇരിക്കാം (സ്വാഭാവിക രീതിയിൽസ്വയം അറിയാതെ ശ്വസിക്കുന്ന രീതി മാത്രം, തീരെ ബലം പ്രയോഗിച്ചുള്ളതല്ല). കുറഞ്ഞത് ഒരു പത്തു മിനിട്ടെങ്കിലും ഇങ്ങനെ ഇരുന്നു ശീലിക്കാം (കൂടുതൽസമയം ഇരിക്കാൻ കഴിയുന്നവർക്ക് എത്ര വേണേലും ഇരിക്കാം).**

'ധ്യാനം' :- പൂർണമായിട്ടു ശാന്തരാവുക , എല്ലാ ചിന്തകളും അകറ്റുക , ബ്രൂമധ്യത്തിൽ മാത്രം ശ്രദ്ധ കേന്ദ്രികരിക്കുക . അവിടെ സൂര്യന്റെയും ചന്ദ്രന്റെയും ഉർജത്താൽ അനക്കമില്ലാത്ത ഒരു തീ നാളം ജ്വലിച്ചു നിൽക്കുന്നതായി സങ്കൽപ്പിക്കുക. അതിനെ അക കണ്ണുകൾ കൊണ്ട് കാണാൻ ശ്രമിക്കുക. ഈ സമയം മനസ്സ് പൂർണമായിട്ടും ശാന്തമായിരിക്കണം , എല്ലാ ചിന്തകളിൽ നിന്നും അകറ്റി തീ നാളത്തിൽ ഉറപ്പിക്കുക ... ശാന്തമായി ശാന്തമായി പരമശാന്തിയെ അനുഭവിച്ചു അറിയുക .........ഇവിടെ ധ്യാനം പൂർണം ... ഇനിയുള്ള അടുത്ത ഘട്ടം ആഗ്രഹിക്കുന്നുവെങ്കിൽ ഒരു നല്ല ഗുരുവിനെ ആശ്രയിക്കുക.

'ധ്യാനം' കഴിഞ്ഞാൽവളരെ സാവധാനം 'വജ്രാസനം' ത്തിൽഇരിക്കാം.

ഗണേശ മന്ത്രം',

(*ഗജാനനം ഭൂത ഗണാതി സേവിതം... കപിത്വ ജംഭൂഫലസാര ഭക്ഷിതം... ഉമാസുതം ശോക വിനാശ കാരണം... നമാമി വിഖ്നെശ്വര പാദപങ്കജം*).

ഗുരു :

1 ) കൈകൾ രണ്ടും 'ഹൃദയത്തോട്' ചേർത്ത് 'കുമ്പിൾ ' രൂപത്തിലാക്കി അതിൽഗുരുവിനു സമർപ്പിക്കാനുള്ള 'പുഷ്പ'ങ്ങളാണ് എന്ന് ധ്യാനിക്കാം.

2 ) മനസ്സിൽഒരു രൂപത്തെ ഗുരുവായിട്ടു സങ്കല്പ്പിക്കാം (അമ്മയോ, അച്ഛനോ, സൂര്യനോ, ചന്ദ്രനോ, ഇഷ്ടദൈവങ്ങളോ, ശ്രേഷ്ഠനായ ഒരു ഗുരുവോ ആരുമാക്കാം).

ഗുരുമന്ത്ര ജപം:

1) *ഓം... അഖന്ട മണ്ടലാകാരം... വ്യാപ്തം യേന ചരാചരം തത്പദം ദർശിതം യേന.... തസ്മൈ ശ്രീ ഗുരവേ നമഹ*

2) ഓം *അജ്ഞാന തിമിരാന്തസ്യ ജ്ഞാനാജ്ഞന ശലാഖയ...ചക്ഷുരുന്മീലിതം യേന തസ്മൈ ശ്രീ ഗുരവേ നമഹ...*

3) ഓം *ഗുരുബ്രഹ്മ ഗുരു വിഷ്ണു ഗുരു ദേവോ മഹേശ്വര ഗുരു സാക്ഷാത് പരബ്രഹ്മ തസ്മൈ ശ്രീ ഗുരവേ നമഹ......* എന്ന് മൂന്ന് പ്രാവശ്യം വീതം ജപിക്കാം..

അതിനു ശേഷം ഇഷ്ടമുള്ള ഇഷ്ടദേവത മന്ത്രം ജപിക്കാം.

1) ശിവപഞ്ചാക്ഷരി മന്ത്രം (ഓം നമ: ശിവായ).

2) ഭഗവതി മന്ത്രം (*സർവ്വ മംഗള മംഗല്യേ... ശിവേ സർവാർഥ സാധികേ... ശരണ്യേ ത്രയംബികെ ഗൌരീ... നാരായണി നമോസ്തുതേ*).

3) ശരവണമന്ത്രം (*ഓം ശരവണ ഭവ:) ....*

4) നാരായണ മന്ത്രം (*ഓം നമോ നാരായണായ* ).

5) ശരണമന്ത്രം (*സ്വാമിയേ ശരണമയ്യപ്പ* ), എന്നി മുതലായ മന്ത്രങ്ങൾ ഉരുവിടാം. അറിയാവുന്ന മറ്റു മന്ത്രങ്ങളോ, സ്തോത്രങ്ങളോ ക്രമമായി ജപിക്കാം.

ശാന്തി മന്ത്രം ചൊല്ലാം...

ഇങ്ങനെയുള്ള പ്ര'ക്രിയ'കൾ ഒരു ദിവസം രണ്ടു നേരം (രാവിലെയും വൈകിട്ടും) എങ്കിലും ചെയ്യാവുന്നതാണ്.

കുട്ടികളിൽഈ ശീലം വളർത്തിയെടുക്കുന്നത് അവരുടെ 'ബുദ്ധിശക്തി, ഓർമ്മശക്തി, ജ്ഞാനശക്തി എന്നിവ വർദ്ധിക്കുന്നതിൽഏറെ ഗുണം ചെയ്യും....ॐ

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം- 52) എന്താണ് മന്ത്രദീക്ഷ?**

ഉത്തരം: എന്തെങ്കിലും ആരംഭിക്കുന്നതിന് മുമ്പ് പ്രതിജ്ഞ എടുക്കുകയെന്നാണ് 'ദീക്ഷ' എന്ന സംസ്കൃത വാക്കിനർത്ഥം. ഇംഗ്ലീഷിൽദീക്ഷയെ `INITIATION' എന്നു പറയുന്നു. എന്തെങ്കിലും ആരംഭിക്കുക, അല്ലെങ്കിൽആരംഭത്തിന്‍ കാരണഭൂതമാകുക എന്നർത്ഥവും ഈ പദത്തിനുണ്ട്. വ്യക്തിജീവിതത്തിൽമന്ത്രദീക്ഷ ഒരു പ്രധാന സംഭവമാണെന്ന് ഓർക്കണം. മന്ത്രദീക്ഷ സ്വീകരിച്ചവർ മന്ത്രദീക്ഷയെ ഒരു പദവി, ചിഹ്നമായോ, പദവി ലഭിക്കാനുള്ള ഉപാധിയായോ കണക്കാക്കരുത്. ഈശ്വരപ്രീതിക്ക് മാത്രമുള്ള ഒരു മാർഗമാണിതെന്ന് ധരിക്കണം.

മന്ത്രദീക്ഷ ലഭിക്കുന്ന നിമിഷം അത്യന്തം അസുലഭമായ ഒന്നായി സ്മരിക്കണം. മന്ത്രദീക്ഷ സ്വീകരിക്കുന്ന വ്യക്തിക്ക് അതിൽപരമമായ

ആദരവുണ്ടായിരിക്കണം. എന്നാലേ അതുകൊണ്ട് പ്രയോജനമുണ്ടാകൂ , ഇല്ലെങ്കിൽനിഷ്ഫലമാകും.

മന്ത്രം: യാതൊന്നിന്റെ വീണ്ടും വീണ്ടുമുള്ള ഉച്ചാരണംകൊണ്ട് അജ്ഞാന ബന്ധനത്തിൽ നിന്നും അതായത് ജനന മരണ രൂപത്തിലുള്ള ബന്ധനത്തിൽ നിന്നും മോചനം ലഭിക്കുന്നുവോ ആ രഹസ്യമായ ആദ്ധ്യാത്മിക സൂത്രമാണ് മന്ത്രം. പ്രസ്തുത മോചനമാണ് മന്ത്രദീക്ഷയുടെ ഉദ്ദേശ്യം.

പ്രത്യേകതരത്തിൽഗുരു നിർദ്ദേശാനുസരണം മന്ത്രത്തിന്റെ വിധിയാം വണ്ണമുള്ള ജപത്തിന് സ്വയം സന്നദ്ധരാകുകയാണ് ദീക്ഷകൊണ്ട് ഉദ്ദേശിക്കുന്നത്. രൂപത്തിലും ഭാവത്തിലും മാറ്റം വരാത്തവിധം മന്ത്രം ശ്രദ്ധയോടെമറ്റൊന്നും കൂട്ടിച്ചേർക്കാതെ വിട്ടുകളയാതെ ഉപയോഗിക്കണം.

## ഗുരുവിന്റെ ആവശ്യകത

ഗുരുവിൽ നിന്നു ലഭിച്ച അറിവ് മാത്രമേ സഫലമാകുകയുള്ളുവെന്ന് ഉപനിഷത്തുക്കൾ വ്യക്തമാക്കുന്നുണ്ട്. ഗുരു മന്ത്രം ഉപദേശിക്കുക മാത്രമല്ല; അതോടുകൂടി തന്റെ ആദ്ധ്യാത്മിക ശക്തിയുടെ ഒരംശം ശിഷ്യന് പകര്ന്നുനൽകുന്ന പ്രക്രിയയും ഇതിലൂടെ സഫലമാകുന്നുണ്ട്. പുസ്തകം നോക്കി മന്ത്രം ഉച്ചരിക്കുമ്പോൾ ഈ ശക്തിയുടെ കൈമാറ്റം നടക്കുന്നില്ലെന്നോർക്കണം.

മന്ത്രദീക്ഷയിലൂടെയുള്ള ആത്മീയശക്തി കൈമാറ്റം നാം നേരിട്ടറിയുന്നില്ലെങ്കിലും ഒരു ദീപത്തിൽ നിന്നാണ് മറ്റൊരു ദീപം തെളിയിക്കുന്നതെന്ന കാര്യം ഓർക്കണം. വ്യക്തി ഗൗരവത്തോടെ മന്ത്രത്തെ കാണണം. മന്ത്രങ്ങൾ കൊണ്ട് പരീക്ഷണങ്ങൾ നടത്തരുത്.

മന്ത്രങ്ങൾ ദിവ്യത്വത്തിന്റെ പ്രതീകമാണ്. പ്രകടമായ വാക്കുകളുടെ ആകൃതിയിലുള്ള ഈശ്വരനെ പ്രതീകങ്ങളിലൂടെ മാത്രമേ മനുഷ്യമനസ്സിന് ഉൾക്കൊള്ളാൻ കഴിയൂ. നിരാകാരനായി സങ്കൽപിക്കാൻ പ്രയാസമാണെന്നർത്ഥം.

തന്ത്രഗ്രന്ഥങ്ങളിൽഗുരുതന്നെയാണ് ഈശ്വരൻ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബ്രഹ്മാവും, വിഷ്ണുവും, മഹേശ്വരനും ഗുരുതന്നെ. പരമായ ബ്രഹ്മാവും ഗുരുതന്നെ.

തങ്ങളെ നേരായ മാർഗ്ഗത്തിലേക്ക് നയിക്കാൻ സമർത്ഥനാണ് എന്ന വിശ്വാസത്തോടെയാണ് നാം ഗുരുവിനെ തെരഞ്ഞെടുക്കുകയും സമീപിക്കകയും ചെയ്യുന്നത്.

ആദ്ധ്യാത്മിക മാർഗ്ഗത്തിൽപുരോഗതി നേടാൻ ഒരു ഗുരുവിനെ പ്രാപിക്കലാണ് പ്രായോഗിക മാർഗ്ഗം. ഗുരു, ജ്ഞാന സമ്പന്നനായാലേ ശിഷ്യനെ നേർവഴിക്ക് നയിക്കാൻ കഴിയൂ.

ഗുരു വേദശാസ്ത്ര തൽപ്പരനും, ആത്മാനുഭൂതിയുള്ളവനുമായിരിക്കണം. കുറ്റമറ്റ പ്രവൃത്തിയും സ്വഭാവപരിശുദ്ധിയുള്ളവനും, ശിഷ്യനിൽനിന്നുള്ള ലാഭാഗ്രഹങ്ങളിൽ നിന്നും മുക്തനുമായിരിക്കണം.

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-53)ഹൈന്ദവ കാവ്യങ്ങളിൽഅതി മാനുഷ കഴിവുള്ളവരെ കാണുന്നുവല്ലോ , ഇതെല്ലാം പ്യാന്റ്ടം , സ്പൈടെർ മാൻ , ഹ്യറി പോട്ടർ മുതലായവ പോലെ fantassy കഥകളാണോ ?**

**ഉത്തരം:** ആദ്യമായിട്ട് തന്നെ പറയെട്ടെ ഹൈന്ദവ കാവ്യങ്ങൾ **fanatassy** കഥകളല്ല. ഉദാഹരണതിന് നമ്മൾക്ക് ശ്രീ ഭഗവാൻ ഹനുമാനെ എടുക്കാം.ഭഗവാൻ ഹനുമാൻ ശ്രി ലക്ഷ്മണനെ രക്ഷിക്കാൻ വേണ്ടി ഹിമാലയത്തിലെ ദ്രോണഗിരി പർവതത്തിന്റെ ഒരു ഭാഗം ലങ്കയില്ലേക്ക് കൊണ്ട് വന്നു. എന്നിട്ട് ആവശ്യം കഴിഞ്ഞെപ്പോൾ വൈദ്യർ സുശേശൻ പറഞ്ഞതനുസരിച്ച് ആ ദ്രോണഗിരി പർവതത്തെ തിരിച്ചു ഹിമാലയത്തിൽകൊണ്ട് വെച്ചു. ഈ അമാനുഷിക കൃത്യം സത്യമാണോ... എന്ന് ചോദ്യത്തിന് ഉത്തരം സത്യമാണ് എന്നു തന്നെ. അതിനുള്ള പ്രമാണം , ഈ ദ്രോണഗിരി പർവതത്തിന്റെ ഭാഗങ്ങൾ അടർന്നു വിണ ലങ്കയിലെ **Rumasala in Galle, Dolukunda in Hiripitiya, Ritigala and Thalladi in Mannar and**

**Kachativu in north** പ്രദേശങ്ങളിൽകണ്ടു വരുന്ന സസ്യജൈവ വൈവിധ്യങ്ങൾ ദ്രോണഗിരി അഥവാ ഹിമാലയ സസ്യജൈവ വൈവിധ്യങ്ങൾക്ക് സാമ്യമുണ്ട് എന്നത് തന്നെ. അപ്പോൾ ആ പർവതം ലങ്ക എത്തിയത് സത്യമായി.ഇനി അങ്ങനെ കൊണ്ട് വരാൻ സാധ്യമാണോ എന്നത് പരിശോധിക്കാം. അതിനു നമ്മളുടെ ഷട്ട്ദർശനങ്ങളിലെ യോഗ ദർശനം ഒന്ന് പഠിക്കേണ്ടി വരും. അതിൽപറയുന്നു മനുഷ്യർ "5" വിധകളിൽഅസാമാന്യ , അമാനുഷിക കഴിവുകളെ സമ്പാദിക്കാം എന്നു.

1.ജന്മകൊണ്ട്

2.ഔഷധം കൊണ്ട്

3.മന്ത്ര സിദ്ധി കൊണ്ട്

4.യോഗ സാധന കൊണ്ട്

5.സിദ്ധിയുള്ള സിദ്ധാനാൽപകർന്നു കിട്ടാം.

അണിമാദി അഷ്ട സിദ്ധികളെ പറ്റി യോഗ ശാസ്ത്രത്തിൽകൃത്യമായിട്ട് പറയുന്നുണ്ട്. ഉപനിഷത്തുകളിലും അഥർവവേദത്തിലും `യോഗ'യെപ്പറ്റി പരാമർശമുണ്ട്. പതഞ്ജലിയുടെ അഭിപ്രായത്തിൽ, ശരീരത്തിലെ നാഡികളെയും `നാഡീ'കേന്ദ്രങ്ങളായ `ചക്ര'ങ്ങളെയും ഉദ്ദീപിപ്പിച്ചാൽ, മറഞ്ഞിരിക്കുന്ന ഊർജ്ജമായ `കുണ്ഡലിനി'യെ സ്വതന്ത്രമാക്കാം. അതുവഴി ശരീരത്തിന് പ്രകൃത്യാതീത ശക്തിയാർജ്ജിക്കാം എന്ന് പതഞ്ജലി കാണിച്ചു തന്നിരിക്കുന്നു. അപ്പോൾ ഭഗവാൻ ഹനുമാൻ അങ്ങനെ യോഗ സിദ്ധിയുള്ള ആളായിരിന്നു എന്ന് നമ്മൾക്ക് മനസ്സിലാക്കാം. ഈ അത്ഭുത സിദ്ധികൾ ഹൈന്ദവർക്ക് വലിയ കാര്യമൊന്നുമല്ല , അവർക്ക് അത് സഹജമാണ്. എങ്കിൽഅങ്ങനെ സിദ്ധിയുള്ളവർ ഇതിനെ പ്രദർശിക്കാറില്ല കാരണം പതഞ്ജല യോഗ സുത്രം-49 പറയുന്നു

|| "*സത്ത്വപുരുഷാന്യതാഖ്യാതിമാത്രസ്യ സർവ്വഭാവാധിഷ്ഠാതൃത്വം സർവ്വജ്ഞാതൃത്വം ച* ||

{അർഥം:: പ്രകൃതിപുരുഷന്മാരുടെ വിവേകജ്ഞാനം പൂർണ്ണമായും സിദ്ധിച്ച യോഗിക്ക് സർവ്വശക്തിത്വവും, സർവ്വജ്ഞത്വവും കൈവരുന്നു.}

ഇനി സൂത്രം-50 പറയുന്നു

|| *വൈരാഗ്യാദപി ദോഷബീജക്ഷയേ കൈവല്യം* ||

(അർഥം:മേൽ പറഞ്ഞ സിദ്ധികൾ പ്രാപ്തമായിട്ടും അവയിൽരമിക്കാതെ വൈരാഗ്യം സമ്പുർണ്ണമായിത്തീരുന്നുവെങ്കിൽദോഷബീജങ്ങൾ നശിച്ച് കൈവല്യപ്രാപ്തിയുണ്ടാകുന്നു.)

അപ്പോൾ കൈവല്യത്തിനു , മോക്ഷത്തിനു പ്രാമുഖ്യം നൽകുന്ന ഹൈന്ദവർക്ക് ഈ സിദ്ധികൾ വലിയ കാര്യമല്ലെന്ന് അത് സാധകർക്ക് വളരെ സദാരണമായി കൈ വരുന്ന ശക്തികളാണെന്നും മനസ്സിലാക്കാം.

ഇങ്ങനെ സിദ്ദികൾ കാണിച്ച ഇഷ്ടപോലെ സിദ്ദപുരുഷന്മാരെ നമ്മുടെ ചരിത്രത്തിലും , വർത്തമാനത്തിലും നമ്മൾക്ക് കാണാൻ കഴിയും. ഉദാഹരണത്തിന് ഭഗവാൻ ശിവൻ , ദേവി പാർവതി , ശ്രീ ഗണപതി , ശ്രീ ഷണ്മുഖൻ, സപ്തർഷികൾ , ഭഗവാൻ അഗസ്ത്യൻ , പതിനെട്ടു സിദ്ധർ , ശ്രീ ഹനുമാൻ , ശ്രീകൃഷ്ണൻ , ശ്രീ അയ്യപ്പൻ , ശ്രീ ബാബാജി , ശ്രീ ശങ്കരാചാര്യർ , ശ്രീ പ്രഭാകർ സിദ്ധ യോഗികൾ , ബിൽവാ മംഗള സ്വാമികൾ ,കുരുർ അമ്മ , രാമകൃഷ്ണ പരമഹംസർ , രമണ മഹർഷി , മഹാരാജ് നീമ കരോലി ബാബ , സ്വാമി ശിവാനന്ദ പരമഹംസ , ശ്രീ സര്വജ്ഞൻ , മലെ മഹദേശ്വര , അല്ലമ പ്രഭു , ചെന്ന ബസവണ്ണ , അക്ക മഹാദേവി , ശ്രീ ബസവേശ്വര , ശ്രീ ജ്ഞാനേശ്വര , രേവണ സിദ്ദയ്യ , ശ്രീ രാഘവേന്ദ്ര സ്വാമികൾ , സന്ത തുളസിദാസ് , സന്ത തുകാരാമ , ശ്രീ കനക ദാസ് , ശ്രീ പുരന്ദര ദാസ് , ശ്രീ ചന്ദ്രശേഖർ സരസ്വതി , ശ്രീ നാരായണ ഗുരു , ശ്രീ ചട്ടമ്പി സ്വാമികൾ , ശ്രീ നീലകണ്ഠ ഗുരുപാദർ , ശ്രീ ആലത്തൂർ ശിവോയോഗി സ്വാമികൾ , സ്വാമി നിത്യാനന്ദ (കാഞ്ഞങ്ങാട്) , ശ്രീ അയ്യാ ഗുരു , സ്വാമി ശിവാനന്ദ പരമഹംസ (വടകര) , ശ്രീ വൈകുണ്ഡ സ്വാമികൾ , യോഗിനി 'അമ്മ , ശ്രീ സത്യ സായി ബാബ , ശ്രീ സത്യാനന്ദ സരസ്വതി , മാതാ അമൃതാനന്ദമയി ,ശ്രീ മൃത്യഞ്ജയ സ്വാമികൾ , ശ്രീ ദിരേന്ദ്ര കൃഷ്ണ ശാസ്ത്രി ഇനിയും എത്ര എത്ര വേണം ലക്ഷ കണക്കിന് സാക്ഷാത്കാര നേടിയവരുടെ എണ്ണം തരാൻ പറ്റും.

അങ്ങനെ ഹൈന്ദവ സാഹിത്യം വെറും **fanatassy** കഥകളല്ല എന്നു മനസ്സിലാക്കാം.

**ചോദ്യം-54) ഈ സൃഷ്ടി എങ്ങനെയുണ്ടായി ?**

ഉത്തരം: സൃഷ്ടിയുടെ തുടക്കം എങ്ങിനെ എന്നു നോക്കാം..

സൃഷ്ടിയുടെ മുൻപ് , വൃക്ഷലതാദി , പക്ഷിമൃഗാദി ജീവജാലങ്ങൾക്കും മുൻപ് , ഭൂമി ഉണ്ടാകുന്നതിനു മുൻപ് , സൗരയൂഥമുണ്ടാകുന്നതിനും മുൻപ് , താരാ സമൂഹത്തിന്റെ യും മുൻപ് , ധുമതാരാഗണത്തിന്റെ ഉദ്ഭവത്തിന് മുൻപ് എല്ലായിടത്തും ദൈവം മാത്രമായിരിന്നു. ദൈവം മാത്രം.

ഓംകാരത്തോടെ **(BIG BANG)** ദൈവത്തിൽനിന്ന് സൃഷ്ടിയുണ്ടായി തുടങ്ങി. ധുമാതാരഗണം**(NEBULA)** , താരാ സമൂഹം **(GALAXY)** , സൗരയൂഥം **(SOLAR SYSTEM)** , ഭുമിചന്ദ്രൻ , സമുദ്രം , വൃക്ഷലതാദി , പക്ഷിമൃഗാദി ജീവജാലങ്ങൾ ഉണ്ടായി.

ആദ്യം ദൈവം മാത്രം , ഈ സൃഷ്ടിയില്ല , കേവല ചൈതന്യം മാത്രം. അങ്ങനെയുള്ള ദൈവത്തിനു തനിക്കു പലതാകണം എന്നു തോന്നി. പലതാകണമെങ്കിൽസൃഷ്ടിയുണ്ടാകണം. സൃഷ്ടി പ്രക്രിയ നടത്താൻ ഒരു സ്ഥലം വേണം. ആദ്യം ആ സ്ഥലം അവകാശം , ആകാശം നിശ്ചയിച്ചു. ആ ആകാശം നിറഞ്ഞു നിൽക്കുന്ന ഒരു സൃഷ്ടിയുണ്ടാകാൻ ആയി സങ്കൽപ്പിച്ചു . അങ്ങനെ ആകാശത്തിലെ കേന്ദ്ര ബിന്ദു**(BLACK HOLE)** വിൽഓംകാരതോടെ ചേതനയേ അഥവാ ശക്തിയെ ദ്രവ്യമായി മാറ്റെണ്ട് പ്രക്രിയ ഒരു സ്‌പോടനതിലുടെ തുടങ്ങി.ആ സ്‌പോടനത്തിൽശക്തി വായുവിന്റെ രൂപത്തിൽപ്രവഹിക്കുവാൻ തുടങ്ങി. ആ വായു ചില ഇടങ്ങളിൽഒത്തു ചേരുകയും , ആ ഒത്തു ചേരൽഅഗ്നിയായി മാറി , ഈ അഗ്നി പല വിസ്‌പോടനങ്ങൾക്ക് കാരണമാകുകയും ധുമതാരാഗാനങ്ങളെ **(NEBULA)** യുണ്ടാകുകയും ചെയ്തു. ധുമതാരാസമൂഹത്തിൽതാരാ സമൂഹങ്ങൾ **(GALAXY)** ഉണ്ടായി. തരാ സമൂഹംങ്ങളിൽഅഗ്നിരൂപതിലുള്ള സൌരയുതങ്ങൾ ഉണ്ടായി , സൌരയുതങ്ങളിൽ ഗൃഹങ്ങളുണ്ടായി . ...അതിൽജീവ സൃഷ്ടി ചെയ്യാൻ ഒരു ഗൃഹത്തെ തിരിഞ്ഞെടുത്തു. ഇത് വരെയുള്ള മൊത്ത സൃഷ്ടി വിഷ്ണു രൂപമാണ്. ക്ഷീര സാഗരത്തിൽഅനന്തന്റെ ശയ്യയ്യിൽശയിക്കുന്നു വിഷ്ണു.

ഇനി ജീവ സൃഷ്ടി ..വിഷ്ണുവിന്റെ നാരായണ സങ്കൽപം , ജീവ സൃഷ്ടിക്കായി അഗ്നി രൂപത്തിലുള്ള ഒരു ഗൃഹത്തെ തിരിഞ്ഞെടുത്തു. ചുടു കാരണം അനില രൂപത്തിലുള്ള ദ്രവ്യം മുകൾ ഭാഗത്തേക്ക് നിങ്ങുകയും അവിടെന്നു ആകാശത്തേക്കു നിങ്ങുകയും അവിടെ തണുത്ത മഴയായി ഗൃഹതിലേക്ക് അഥവാ അഗ്നി രൂപത്തിലുള്ള ഭൂമിയിലേക്ക് പതിക്കുകയും ചെയുന്നു .അങ്ങനെ അഗ്നിയിൽനിന്നു വെള്ളമുണ്ടായി. ആ വെള്ളം ഭൂമിയിൽപടരുകയും , ഭൂമി തണുത്ത മണ്ണുണ്ടാവുകയും *ഭൂമിയിൽ പടർന്ന്* വെള്ളത്തിൽആദ്യ ഏക കോശ ജീവി *(ജീവൻ /* ബ്രഹ്മാവ്) യുടെ ഉത്ഭവം ഉണ്ടാവകയും അത് പിന്നെ വിഭജിച്ചും , വികസിച്ചും ഇന്ന് കാണുന്ന ഈ വൃക്ഷലതാദി , പക്ഷിമൃഗാദി മുനഷ്യൻ വരെയുള്ള ബഹു കോശ ജീവജാലങ്ങളായി രൂപമെടുക്കുകയും ചെയ്തു.

അങ്ങനെ ആദ്യം ആകാശം , സ്പോടനത്തോടെ ഓംകാരം , വായു , വായുവിൽനിന്ന് അഗ്നി , അഗ്നിയിലൂടെ ജലം , ജലത്തിൽ ഭൂമി പിന്നെ ജീവൻ ഉടലെടുത്തു.

ഈ സൃഷ്ടിയെ പുരാണ രീതിയിൽഒന്ന് പഠിക്കാം.....

ആയിരം ചതുർയുഗങ്ങൾ കഴിയുമ്പോഴും ഓരോ പ്രളയം ഉണ്ടായി സർവ്വവും നശിക്കുന്നു.. സൃഷ്ടി വീണ്ടും പുനരാരംഭിക്കുന്നു..

ചതുർയുഗം എന്തെന്ന് മനസ്സിലാക്കാം..

365 ദിവസങ്ങൾ കൂടുമ്പോൾ മനുഷ്യരുടെ ഒരു വർഷം

(മനുഷ്യരുടെ ഒരു വർഷം ദേവകളുടെ ഒരു ദിവസമാണ്)

360 മനുഷ്യവർഷം ദേവകളുടെ ഒരു വർഷം. (ഇതിനെ ദേവവർഷം എന്നും ദിവ്യ വർഷം എന്നും പറയുന്നു.)

4800 ദിവ്യവർഷങ്ങൾ ആണ് കൃതയുഗം. (നാലു യുഗങ്ങളെ പറ്റി പറയുന്നുണ്ടല്ലൊ)

3600 ദിവ്യവർഷം – ത്രേതായുഗം

2400 ദിവ്യവർഷം – ദ്വാപരയുഗം

1200 ദിവ്യവർഷം – കലിയുഗം.(432000 മനുഷ്യവർഷം)

നാലു യുഗങ്ങൾക്കും കൂടി 12000 ദിവ്യ വർഷങ്ങൾ

(12000X360= 43,20,000 മനുഷ്യ വർഷം)

ഇതിനെ ചതുർയുഗം എന്നു വിളിക്കുന്നു.

ചതുർയുഗം = 12,000 ദിവ്യ വർഷങ്ങൾ (12000X360= 43,20,000 മനുഷ്യ വർഷം)

1000 ചതുർയുഗങ്ങൾ ചേരുമ്പോൾ ബ്രഹ്മാവിന്റെ ഒരു പകലായി!! (പിന്നീടുള്ള 1000 ചതുർയുഗം രാത്രിയും..അപ്പോൾ അദ്ദേഹം നിദ്രയ്ക്കൊരുങ്ങുകയായി..)

ബ്രഹ്മാവിന്റെ ഒരു പകലും ഒരു രാത്രിയും ചേർന്ന് ഒരു "കൽപ " മാകുന്നു. ബ്രഹ്മദേവന് സുഷുപ്തിയിൽലയിച്ചിരിക്കുമ്പോൾ പ്രളയം സംഭവിക്കുന്നു..(ബ്രഹ്മാവിന്റെ രാത്രിയിൽ)

ബ്രഹ്മാവ് നിദ്രവിട്ടുണരുമ്പോൾ വീണ്ടും സൃഷ്ടി പുനരാരംഭിക്കുന്നു..

(ബ്രഹ്മാവിന്റെ ഒരു പകലിൽ14 മന്വന്തരങ്ങൾ ഉണ്ടാകുന്നു ഒരു മനുവിന് 71 ചതുര്യുഗങ്ങൾ ആണ് ഉള്ളത്) .

നമ്മുടെ പ്രപഞ്ചത്തിന് ഏകദേശം 155.52 ട്രില്യൺ മനുഷ്യ വർഷങ്ങൾ പഴക്കമുണ്ടെന്നും അതിന്റെ ആകെ ആയുസ്സ് 311.04 ട്രില്യൺ മനുഷ്യ വർഷമാണെന്നും (ഇത് ബ്രഹ്മാവിന്റെ 100 വർഷത്തിന് തുല്യമാണ്)

അങ്ങനെ , ലേറ്റസ്റ്റ് പ്രളയം കഴിഞ്ഞ്, നിദ്രവിട്ടുണരുമ്പോൾ ബ്രഹ്മാവ് താൻ എവിടെയാണെന്നറിയാനായി ചുറ്റും നോക്കുന്നു (അങ്ങിനെ നാലു മുഖങ്ങൾ ഉണ്ടായി)

ആലിലയിൽകിടക്കുന്ന ഉണ്ണിക്കണ്ണന്റെ പൊക്കിൾകൊടിയിൽനിന്നും ഉണ്ടായ ഒരു താമരയിലായിരുന്നു ബ്രഹ്മാവ് ശയിച്ചിരുന്നത്!) ബ്രഹ്മാവ് താമരയുടേ ഉത്ഭവസ്ഥാനം അന്വേഷിച്ച് ആ താമരയിലെ തണ്ടിലൂടെ താഴേക്കിറങ്ങുന്നു...

ചെല്ലുമ്പോൾ അനന്തനിൽശയിച്ചു കിടക്കുന്ന മഹാവിഷ്ണുവിനെ കാണുന്നു...ഭഗവാൻ ബ്രഹ്മാവിനോട് സൃഷ്ടി നടത്തുവാൻ അരുളിച്ചെയ്യുന്നു..ഒപ്പം വേദങ്ങളും ഉപദേശിച്ചു കൊടുക്കുന്നു..അരവിന്ദോത്ഭവൻ ആദ്യമായി പതിന്നാലു ലോകങ്ങളുമടങ്ങിയ സ്വർഗം , ഭൂമി, പാതാളം എന്ന മൂന്നു പ്രധാന ലോകങ്ങളെ സൃഷ്ടിച്ചു..പിന്നെ ലോകോപകാരാർത്ഥം (ഭഗവാന്റെ നിർദേശ പ്രകാരം)സൃഷ്ടി പുനരാരംഭിക്കുന്നു..

അവ പൂർണ്ണമായി മനസ്സിലാക്കാൻ, ദയവായി ശ്രീമദ ഭാഗവതം 2.5, 3.10 അദ്ധ്യായങ്ങൾ പരിശോധിക്കുക...

സിദ്ധാന്തം ഇതാ:

പ്രകൃതിയുടെ മൂന്ന് അടിസ്ഥാന ഭൗതിക രീതികൾ (ഗുണങ്ങൾ) ഉണ്ട്: നന്മയുടെ ഗുണം (സത്ത്വ), അഭിനിവേശത്തിന്റെ ഗുണം (രജസ്സ്), അജ്ഞതയുടെ ഗുണം (തമസ്സ് ). (ശ്രീമദ ഭാഗവതം 2.5.18)

ഈ മൂന്ന് രീതികളുടെ പ്രതിപ്രവർത്തനം മൂലം സ്വാഭാവികമായി സംഭവിക്കുന്ന ഒന്നിൻ പുറമെ ഒമ്പത് ഘട്ടങ്ങൾ സൃഷ്ടിയിലുണ്ട്.. (ശ്രീമദ ഭാഗവതം 3.10.14)

ഒൻപത് സൃഷ്ടികളിൽ, ആദ്യത്തേത് മഹത്തത്ത്വത്തിന്റെ സൃഷ്ടിയാണ്, അല്ലെങ്കിൽ ഭൗതിക ചേരുവകളുടെ ആകെത്തുകയാണ്, അതിൽ പരമേശ്വരന്റെ സാന്നിധ്യം മൂലം ഗുണങ്ങൾ സംവദിക്കുന്നു.

രണ്ടാമത്തേതിൽ, തെറ്റായ അഹംഭാവം(മായ) സൃഷ്ടിക്കപ്പെടുന്നു, അതിൽ ഭൗതിക ചേരുവകളും ഭൗതിക അറിവും ഭൗതിക പ്രവർത്തനങ്ങളും ഉണ്ടാകുന്നു.

3. സൃഷ്ടിയുടെ മൂന്നാം ഘട്ടത്തിൽ ഇന്ദ്രിയ ധാരണകളും ഘടകങ്ങളും സൃഷ്ടിക്കപ്പെടുന്നു. വിശദാംശങ്ങൾ ഇതാ:

**A.** തെറ്റായ അഹന്തയുടെ(മായ) അന്ധകാരത്തിൽ നിന്ന്, അഞ്ച് മൂലകങ്ങളിൽ ആദ്യത്തേത്, അതായത് ആകാശം (നഭഹ്) സൃഷ്ടിക്കപ്പെടുന്നു. അതിന്റെ സൂക്ഷ്മമായ രൂപം ശബ്ദത്തിന്റെ ഗുണമാണ്.

**B.** ശാശ്വത കാലത്തിന്റെ ഗതിയിൽ, ആകാശത്തിലെ പരിവർത്തനം (പ്രതികരണങ്ങൾ) കാരണം, സ്പർശനത്തിന്റെ ഗുണനിലവാരത്തോടെ വായു ഉൽപ്പാദിപ്പിക്കപ്പെടുന്നു, കൂടാതെ മുൻ തുടർച്ചയായി വായുവും ശബ്ദത്താൽ നിറഞ്ഞിരിക്കുന്നു.

**C.** ശാശ്വതമായ കാലക്രമത്തിൽ, വായുവിലെ പരിവർത്തനങ്ങൾ കാരണം, അഗ്നി ജനിക്കുന്നു, സ്പർശനത്തിന്റെയും ശബ്ദത്തിന്റെയും ഇന്ദ്രിയങ്ങളാൽ രൂപം പ്രാപിക്കുന്നു.

**D.** കാലക്രമേണ, അഗ്നിയിലെ രൂപാന്തരങ്ങൾ മൂലം, നീർ, രുചി എന്നിവ നിറഞ്ഞ ജലം ഉത്പാദിപ്പിക്കപ്പെടുന്നു. മുമ്പത്തെപ്പോലെ, ഇതിൻ രൂപവും സ്പർശനവും ശബ്ദവുമുണ്ട്.

**E.** കാലക്രമേണ, ജലത്തിലെ പരിവർത്തനങ്ങൾ കാരണം, ഭൂമി (ഖര) ഗന്ധം ഉണ്ടാക്കി. അങ്ങനെ, ഇന്ദ്രിയ ധാരണകളുടെ ഗുണങ്ങൾ ഭൂമിയിൽ പൂർണ്ണമായി പ്രതിനിധീകരിക്കപ്പെടുന്നു.

അതിനാൽ പരിവർത്തനം ഇനിപ്പറയുന്ന ക്രമത്തിൽ നടന്നു: ഈതർ (അല്ലെങ്കിൽ ആകാശം) > വാതകം (വായു) > തീ (Plasma) > ദ്രാവകം > ഖര. (ശ്രീമദ ഭാഗവതം 2.5.25-29, 3.10.15, BG 10.8)

4. അറിവിന്റെയും പ്രവർത്തന ശേഷിയുടെയും സൃഷ്ടിയാണ് നാലാമത്തെ സൃഷ്ടി. (ശ്രീമദ ഭാഗവതം 3.10.16) ഇത് പ്രകൃതിയുടെ നിയമങ്ങളായി മനസ്സിലാക്കാം.

5. അഞ്ചാമത്തെ സൃഷ്ടി, നന്മയുടെ രീതിയുടെ പാരസ്പര്യത്താൽ നിയന്ത്രിക്കുന്ന ദേവതകളുടേതാണ്, അതിന്റെ ആകെത്തുക മനസ്സാണ്.

6.യജമാനൻ ഒരു വിഡ്ഢിയായി വർത്തിക്കുന്ന ജീവിയുടെ അജ്ഞമായ (മായ) അന്ധകാരമാണ് ആറാമത്തെ സൃഷ്ടി. (ശ്രീമദ ഭാഗവതം 3.10.17)

അങ്ങനെ, മഹത്തത്ത്വത്തിന്റെ സൃഷ്ടിക്ക് ശേഷം, സമയം പ്രകടമായി. അപ്പോൾ പ്രകൃതിയുടെ 3 ഗുണങ്ങൾ അതിൽ ഉദിച്ചു. അപ്പോൾ തെറ്റായ ഈഗോ(മായ) സൃഷ്ടിക്കപ്പെട്ടു. അപ്പോൾ അജ്ഞതയുടെ രീതി കാരണം, ദ്രവ്യം (5 അടിസ്ഥാന ഘടകങ്ങൾ) സൃഷ്ടിക്കപ്പെട്ടു. അപ്പോൾ അതിന്റെ അറിവും ഭൗതിക വിജ്ഞാനത്തിന്റെ വിവിധ പ്രവർത്തനങ്ങളും പ്രവർത്തിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദ്രവ്യത്തെ പരിണമിപ്പിക്കുന്ന ശക്തികൾ, ഭൗതിക സൃഷ്ടികളെക്കുറിച്ചുള്ള അറിവ്, അത്തരം ഭൗതിക പ്രവർത്തനങ്ങളെ നയിക്കുന്ന ബുദ്ധി എന്നിവ സൃഷ്ടിക്കപ്പെട്ടു. നന്മയുടെ അടിസ്ഥാനത്തിലാണ് മനസ്സ് സൃഷ്ടിക്കപ്പെട്ടത്. അഭിനിവേശം മൂലമാണ് ഇന്ദ്രിയങ്ങൾ സൃഷ്ടിക്കപ്പെട്ടത്.

പരമാത്മാവിന്റെ ശക്തിയാൽ ഇവയെല്ലാം സമ്മേളിച്ചപ്പോൾ ഈ പ്രപഞ്ചം ഉണ്ടായി. മേൽപ്പറഞ്ഞവയെല്ലാം പരമാത്മാവിന്റെ "മായ"യുടെ സ്വാഭാവിക സൃഷ്ടികളാണ്. അപ്പോൾ പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് എന്നറിയപ്പെടുന്ന ഒരു ബ്രഹ്മം അസ്തിത്വത്തിൽ വന്നു,

7. സൃഷ്ടിയുടെ ഏഴാം ഘട്ടം, വള്ളിച്ചെടികൾ, പൂക്കളുള്ളതും ഇല്ലാത്തതുമായ മരങ്ങൾ, എന്നിങ്ങനെയുള്ള സ്ഥാവര വസ്തുക്കളുടേതാണ്. അവ 6 തരത്തിലാണ്. (ശ്രീമദ ഭാഗവതം 3.10.19)

എല്ലാ സ്ഥാവര മരങ്ങളും ചെടികളും മുകളിലേക്ക് ഉപജീവനം തേടുന്നു. അവർ ഏതാണ്ട് അബോധാവസ്ഥയിലാണെങ്കിലും ഉള്ളിൽ വേദന അനുഭവപ്പെടുന്നു. അവ വൈവിധ്യത്തിൽ പ്രകടമാണ്. (ശ്രീമദ ഭാഗവതം 3.10.20)

**8. എട്ടാമത്തെ സൃഷ്ടി ജീവന്റെ താഴ്ന്ന ഇനങ്ങളുടേതാണ്, അവ വ്യത്യസ്ത ഇനങ്ങളുള്ളവയാണ്, ഇരുപത്തിയെട്ട് എണ്ണം. അവരെല്ലാം വിഡ്ഢികളും അജ്ഞരുമാണ്. മണം കൊണ്ട് അവരുടെ അഭിലഷണീയതകൾ അവർക്കറിയാം, പക്ഷേ ഹൃദയത്തിനുള്ളിൽ ഒന്നും ഓർക്കാൻ അവർക്ക് കഴിയില്ല. (ശ്രീമദ ഭാഗവതം 3.10.21)**

**9.മനുഷ്യരുടെ സൃഷ്ടി ഒമ്പതാമതാണ്. മനുഷ്യരാശിയിൽ, അഭിനിവേശത്തിന്റെ രീതി വളരെ പ്രധാനമാണ്. ദുരിതപൂർണമായ ജീവിതത്തിനിടയിൽ മനുഷ്യർ എപ്പോഴും തിരക്കിലാണ്, എന്നാൽ അവർ എല്ലാ അർത്ഥത്തിലും സന്തുഷ്ടരാണെന്ന് അവർ കരുതുന്നു. (ശ്രീമദ ഭാഗവതം 3.10.26)**

**10. മുകളിൽ പറഞ്ഞ മൂന്ന് രീതികളുടെ പാരസ്പര്യത്താൽ സ്വാഭാവികമായി സംഭവിക്കുന്ന പത്താമത്തെ സൃഷ്ടിയാണ് ദേവന്മാരുടെ സൃഷ്ടി. അവർ എട്ട് ഇനങ്ങളിൽ പെട്ടവരാണ്: (1) ദേവന്മാർ, (2) പിതാക്കന്മാർ, (3) അസുരന്മാർ, (4) ഗന്ധർവ്വന്മാർ, അപ്സരസ്സുകൾ, (5) യക്ഷന്മാർ, രാക്ഷസന്മാർ, (6) സിദ്ധന്മാർ, വിദ്യാധരന്മാർ, (7) ഭൂതങ്ങൾ, പ്രേതങ്ങൾ, പിശാചുക്കൾ, കൂടാതെ (8) കിന്നര മുതലായവർ. എല്ലാം സൃഷ്ടിച്ചത് ബ്രഹ്മാവാണ്. (ശ്രീമദ ഭാഗവതം 3.10.28-29)**

**പ്രപഞ്ചത്തിന്റെ പ്രായം, ആകൃതി, വലിപ്പം എന്നിവ കണക്കാക്കാതെ സൃഷ്ടിയെക്കുറിച്ചുള്ള ഏതൊരു സിദ്ധാന്തവും അപൂർണ്ണമാണ്. നമ്മുടെ പ്രപഞ്ചത്തിന് ഏകദേശം 155.52 ട്രില്യൺ മനുഷ്യ വർഷം പഴക്കമുണ്ടെന്നും അതിന്റെ ആകെ ആയുസ്സ് 311.04 ട്രില്യൺ മനുഷ്യ വർഷമാണെന്നും ,ഇത് ബ്രഹ്മാവിന്റെ 100 വർഷത്തിന് തുല്യമാണ്.**

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

ചോദ്യം- 55) ദശാവതാരം എന്താണ് ?

ഉത്തരം: ഹൈന്ദവ ഐതിഹ്യപ്രകാരം മഹാവിഷ്ണുവിന്റെ പത്ത് മുഖ്യ അവതാരങ്ങളാണ് ശ്രീ മത്സ്യം , ശ്രീ കൂർമ്മം , ശ്രീ വരാഹം , ശ്രീ നരസിംഹം , ശ്രീവാമനൻ , ശ്രീ പരശുരാമൻ , ശ്രീരാമൻ , ശ്രീകൃഷ്ണൻ , ശ്രീ വേദ വ്യാസ മഹർഷി , ശ്രീ കല്ക്കി .

**1.** ശ്രീ മത്സ്യം **:-**

ഹിന്ദു പുരാണമനുസരിച്ച്, മഹാവിഷ്ണുവിന്റെ പത്ത് അവതാരങ്ങളിൽ ആദ്യത്തേതാണ് മത്സ്യാവതാരം. ഇപ്പോഴത്തെ വൈവസ്വത് മനുവിന്റെ കാലത്താണ് ഭഗവാൻ വിഷ്ണു മത്സ്യമായി അവതരിച്ചത്. ബ്രഹ്മാവ് വേദങ്ങൾ പാരായണം ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഹയഗ്രീവൻ എന്ന അസുരൻ ബ്രഹ്മാവിന്റെ സാന്നിധ്യത്തിൽ നിന്ന് വേദങ്ങൾ മോഷ്ടിച്ചു. ഈ അസുരനെ കൊന്ന് വേദങ്ങൾ തിരികെ ലഭിക്കാൻ, ഭഗവാൻ വിഷ്ണു ഒരു മത്സ്യത്തിന്റെ രൂപം സ്വീകരിച്ചു.

വൈവസ്വത് മനു കൃതമാല നദിയിൽ കുളിക്കാൻ പോയപ്പോൾ ഒരു മത്സ്യം മനു രാജാവിനോട് അത് കൊണ്ടുപോകാൻ ആവശ്യപ്പെട്ടു. ദയാലുവായ രാജാവ് മത്സ്യത്തെ ഒരു മൺപാത്രത്തിൽ വളർത്തി. കാലക്രമേണ മത്സ്യം വലുതായി. പിന്നീട് അത് ഒരു കുളത്തിൽ വച്ചു. പിന്നീട് മത്സ്യത്തെ ഗംഗയിലേക്ക് തുറന്നുവിട്ടു. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഗംഗ മത്സ്യത്തെ വഹിക്കാൻ കഴിയാത്തത്ര ചെറുതായി. പിന്നീട് അത് കടലിലേക്ക് മാറ്റി. ഒടുവിൽ മത്സ്യം രാജാവിനോട് ഏഴ് ദിവസത്തിനുള്ളിൽ മഹാപ്രളയം ഉണ്ടാകുമെന്ന് പറഞ്ഞു. ദിവ്യ മത്സ്യം മനു രാജാവിനോട് ഏഴ് മഹാമുനിമാരെയും എല്ലാത്തരം സസ്യങ്ങളുടെയും മൃഗങ്ങളുടെയും പ്രതിനിധികളെയും വിളിച്ചുകൂട്ടി വെള്ളപ്പൊക്കം മൂലമുണ്ടായ നാശത്തിൽ നിന്ന് സ്വയം രക്ഷിക്കാൻ ഒരു കപ്പലിൽ കൊണ്ടുപോകാൻ ഉപദേശിച്ചു.

ഏഴാം ദിവസം, കനത്ത മഴയും കൊടുങ്കാറ്റും ഉണ്ടായപ്പോൾ, മത്സ്യ ഭഗവാൻ രാജാവിന്റെ മുമ്പാകെ പ്രത്യക്ഷപ്പെട്ട്, വാസുകി എന്ന സർപ്പത്തെ കയറായി ഉപയോഗിച്ച് കപ്പൽ തന്റെ കൊമ്പിൽ ഉറപ്പിക്കാൻ നിർദ്ദേശിച്ചു. മഹാപ്രളയത്തിൽ മത്സ്യ ഭഗവാൻ പെട്ടകത്തെ നാശത്തിൽ നിന്ന് രക്ഷിച്ചു. പെട്ടകം സംരക്ഷിച്ച് ഹിമാവത് പർവതത്തിലേക്ക് കൊണ്ടുപോകുന്നതിനിടയിൽ, മത്സ്യ ഭഗവാൻ ഹയഗ്രീവൻ എന്ന അസുരനെയും പരാജയപ്പെടുത്തി, മോഷ്ടിച്ച വേദങ്ങൾ ബ്രഹ്മാവിന് തിരികെ നൽകി.

യാത്രയ്ക്കിടെ, ഭഗവാൻ മത്സ്യ രാജാവിന് അഗാധമായ അറിവും പ്രധാനപ്പെട്ട സത്യങ്ങളും പകർന്നു നൽകി. ഹിമാവത് പർവതത്തിലെത്തിയപ്പോൾ, പുതിയ നിയമങ്ങളും ധാർമ്മിക മൂല്യങ്ങളും ഉപയോഗിച്ച് പുതിയ ലോകം

പുനർനിർമ്മിക്കാനും ഭരിക്കാനും രാജാവായ മനുവിന് നിർദ്ദേശം നൽകിയ ശേഷം ഭഗവാൻ മത്സ്യം ഭൂമിയിൽ നിന്ന് അപ്രത്യക്ഷനായി. മഹാപ്രളയ സമയത്ത്, അവർ ഒരു മത്സ്യക്കൊമ്പിൽ കെട്ടിയ ഒരു തോണിയുമായി ഹിമാവത് പർവതത്തിലെത്തി. വെള്ളപ്പൊക്കത്തിനുശേഷം, ഭഗവാൻ മത്സ്യം ഹയഗ്രീവനെ വധിച്ച് വേദങ്ങൾ ബ്രഹ്മാവിന് തിരികെ നൽകി.

മഹാവിഷ്ണുവിന്റെ മത്സ്യാവതാരത്തിന്റെ കഥയ്ക്ക് ഒരു പ്രതീകാത്മക അർത്ഥമുണ്ട്, അത് ഒരു ഉപമയായി മനസ്സിലാക്കാം. ഒരു വ്യാഖ്യാനം സൂചിപ്പിക്കുന്നത് മത്സ്യം ജലജീവികളുടെ തുടക്കത്തെ പ്രതിനിധീകരിക്കുന്നുവെന്നും പരിണാമ പ്രക്രിയയെ എടുത്തുകാണിക്കുന്നുവെന്നുമാണ്.

ഹിന്ദു പുരാണങ്ങളിൽ, അത്തരം കഥകൾ പലപ്പോഴും ആഴത്തിലുള്ള സന്ദേശങ്ങൾ നൽകുന്നതിനാണ് ഉപയോഗിക്കുന്നത്. ശ്രീ അരബിന്ദോ ഇതിനെ കുണ്ഡലിനി ഉണർവ് എന്ന ആശയവുമായി താരതമ്യം ചെയ്തു.

ചെറിയ മത്സ്യം കുണ്ഡലിനി ഊർജ്ജത്തിന്റെ പ്രാരംഭ ഇറക്കത്തെ പ്രതീകപ്പെടുത്തുന്നു, അത് ക്രമേണ വളർന്ന് അത് വസിക്കുന്ന എല്ലാ സ്ഥലങ്ങളിലും വ്യാപിക്കുന്നു. മത്സ്യം പ്രതിനിധീകരിക്കുന്ന ഈ ഉണർന്നിരിക്കുന്ന ജ്ഞാനം മനുഷ്യരാശിയെ രക്ഷിക്കാൻ സഹായിക്കുന്നു.

കഥയിലെ വെള്ളപ്പൊക്കം മായയെ പ്രതീകപ്പെടുത്തുന്നു, നമ്മുടെ ആന്തരിക സമാധാനത്തിന് ഭീഷണിയാകുന്ന ലൗകിക മോഹങ്ങളുടെ മിഥ്യ. വള്ളം നമ്മുടെ ബോധത്തെ പ്രതിനിധീകരിക്കുന്നു, അറിവിന്റെ (മത്സ്യത്തിന്റെ) ഉണർവിലൂടെ മാത്രമേ മായയുടെ വിനാശകരമായ തിരമാലകളിൽ നിന്ന് അതിനെ രക്ഷിക്കാൻ കഴിയൂ.

ഏഴ് മഹാ ഋഷിമാർ നമ്മുടെ ശരീരത്തിനുള്ളിലെ ജ്ഞാന കേന്ദ്രങ്ങളായ ഏഴ് ചക്രങ്ങളെ പ്രതീകപ്പെടുത്തുന്നു. ഹേമവന പർവതത്തിലേക്ക് വള്ളം കയറുന്നത് ലൗകിക മോഹങ്ങളിൽ നിന്ന് അഭയം പ്രാപിക്കുന്നതിനെ പ്രതീകപ്പെടുത്തുന്നു, അത് നമ്മെ അവയ്ക്ക് മുകളിൽ ഉയർന്ന് സത്യവും സമാധാനവും നേടാൻ പ്രാപ്തരാക്കുന്നു. ഹിമാവൻ പർവതം നമ്മുടെ തലയിൽ സ്ഥിതി ചെയ്യുന്ന ഏറ്റവും ഉയർന്ന അറിവിന്റെ കേന്ദ്രത്തെ പ്രതിനിധീകരിക്കുന്നു. മത്സ്യമായി

വിഷ്ണുവിന്റെ ആദ്യ അവതാരത്തിന്റെ കഥ ആഴത്തിലുള്ള അർത്ഥങ്ങളും പാഠങ്ങളും നിറഞ്ഞതാണ്. കാലക്രമേണ ജീവിതം എങ്ങനെ പരിണമിച്ചുവെന്ന് ഇത് കാണിക്കുന്നു, കൂടാതെ മഹത്തായ ദാർശനിക ആശയങ്ങൾ വിശദീകരിക്കുന്നതിനുള്ള ഒരു രൂപകമായും ഇത് പ്രവർത്തിക്കുന്നു. കുണ്ഡലിനി ഉണർവിന്റെ ലെൻസിലൂടെ മത്സ്യ അവതാരത്തിന്റെ കഥ നോക്കുകയാണെങ്കിൽ, ഉണർന്നിരിക്കുമ്പോൾ ശക്തിയിലും പ്രാധാന്യത്തിലും വളരുന്ന ആദ്യത്തെ ഊർജ്ജ തുള്ളിയെയാണ് ചെറിയ മത്സ്യം പ്രതിനിധീകരിക്കുന്നത്.

**2. ശ്രീ കൂർമ്മം ;-**

ഹൈന്ദവ പുരാണപ്രകാരം മഹാവിഷ്ണുവിന്റെ രണ്ടാമത്തെ അവതാരമാണ് കൂർമ്മം. ദുർവാസാവ് മഹർഷിയുടെ ശാപം നിമിത്തം ജരാനര ബാധിച്ചുപോയ ദേവന്മാർ, തങ്ങളുടെ ജരാനര പാലാഴി കടഞ്ഞെടുത്ത് അമൃതം ഭക്ഷിച്ചാൽ മാറുമെന്ന് മനസ്സിലാക്കി. അത് പ്രകാരം ദേവാസുരന്മാർ പാലാഴി കടയാൻ തുടങ്ങി. മന്ഥരപർവതം കടകോലും , വാസുകി എന്ന സർപ്പം കയറുമാക്കി പാലാഴി മഥനം ആരംഭിച്ചു. ഈ സമയം ആധാരമില്ലാത്തതിനാൽ, സമുദ്രത്തിലാണ്ടുപോയ മന്ഥരപർവതത്തെ പൂർവസ്ഥിതിയിൽ എത്തിയ്ക്കുന്നതിനായാണ് കൂർമ്മാവതാരം കൈക്കൊണ്ടത്. തന്റെ പുറത്തുതാങ്ങി പർവതത്തെ മേൽപ്പോട്ടുയർത്തി.

ഈ കഥയുടെ ആഴമേറിയ സന്ദേശത്തെക്കുറിച്ച് നമ്മൾ ചിന്തിച്ചാൽ, അത് എല്ലാ ജീവജാലങ്ങളുടെയും ആന്തരിക പോരാട്ടത്തെ കാണിക്കുന്നു. അതിൽ നിന്നാണ് നല്ലതും ചീത്തയും ഉത്ഭവിക്കുന്നത്. എന്നാൽ ഈ മുഴുവൻ കളിയുടെയും അടിസ്ഥാനം ദൈവമാണ്, ആ അടിസ്ഥാനമില്ലാതെ ഒന്നും സാധ്യമല്ല.

**3. ശ്രീ വരാഹം :-**

മഹാവിഷ്ണുവിന്റെ മൂന്നാമത്തെ അവതാരമാണ് വരാഹം. വിഷ്ണുപുരാണം, മഹാഭാരതം, വരാഹപുരാണം തുടങ്ങി പ്രാചീന ഗ്രന്ഥങ്ങളിൽ വരാഹത്തെപ്പറ്റിയുള്ള പരാമർശങ്ങൾ കാണപ്പെടുന്നു.
മഹാവിഷ്ണുവിന്റെ ഗോപുരദ്വാരത്തിൽ നിന്നിരുന്ന രണ്ട് കിങ്കരന്മാരാണ് ജയനും വിജയനും. സനകാദി മഹർഷികൾ ഒരിയ്ക്കൽ മഹാവിഷ്ണുവിനെ സന്ദർശിയ്ക്കുന്നതിനായി വൈകുണ്ഠത്തിൽ ചെന്നു. എന്നാൽ ജയവിജയന്മാർ

ഇവരെ അനാദരിച്ചു. താപസന്മാരെ ദാനവന്മാരാകട്ടെ എന്ന് ശപിച്ചു. ശേഷം മൂന്നുതവണ മഹാവിഷ്ണുവിനാൽ ഈ ജന്മങ്ങളിൽ നിഗ്രഹിയ്ക്കപ്പെട്ടാൽ ശാപമോക്ഷം ലഭിയ്ക്കും എന്ന് അവർ അനുഗ്രഹിയ്ക്കുകയും ചെയ്തു. അപ്രകാരം കശ്യപമഹർഷിയ്ക്കും ദിതിയ്ക്കും ജനിച്ച പുത്രന്മാരാണ് ഹിരണ്യാക്ഷനും ഹിരണ്യകശിപുവും. അസുരന്മാരായി ജനിച്ച ജയവിജയന്മാർ ലോകപീഡ ചെയ്തു നടക്കാൻ തുടങ്ങി. ഒരിക്കൽ ഹിരണ്യാക്ഷൻ സമുദ്രത്തിലിറങ്ങി ഗദ കൊണ്ട് തിരമാലകളെ താഡനം ചെയ്തുകൊണ്ടിരുന്നു. ഭയചകിതനായ വരുണദേവൻ മഹാവിഷ്ണുവിനെ അഭയം പ്രാപിയ്ക്കുകയും മഹാവിഷ്ണു വരാഹവേഷം കൈക്കൊണ്ട് സമുദ്രഭാഗത്ത് എത്തി. മഹാവിഷ്ണുവിനെ കണ്ട നേരം ഹിരണ്യാക്ഷൻ ഭൂലോകത്തെ കയ്യിലേന്തി പാതാളത്തിലേയ്ക്ക് പലായനം ചെയ്തുവെന്നും വരാഹവേഷം പൂണ്ട മഹാവിഷ്ണു അവിടെച്ചെന്ന് ഹിരണ്യാക്ഷനെ വധിച്ച് ഭൂലോകത്തെ വീണ്ടെടുത്തു എന്നുമാണ് ഐതിഹ്യം.

ഈ പുരാണ കഥ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ, നമ്മുടെ കോശ കാമ്പിന്റെ (ന്യൂക്ലിയസ്) പ്രതീകമായി ഹിരണ്യാക്ഷനെ കാണാൻ കഴിയും. ഉഭയജീവികൾ സസ്തനികളായി പരിണമിക്കുന്നത് തടയുന്ന തടസ്സത്തെയാണ് അദ്ദേഹം പ്രതിനിധീകരിക്കുന്നത്. വരാഹമായി അവതാരമെടുത്ത ഭഗവാൻ വിഷ്ണു, ഡിഎൻഎയിലെ അടിസ്ഥാനപരമായ മാറ്റത്തെ സൂചിപ്പിക്കുന്ന ഹിരണ്യാക്ഷനെ രൂപാന്തരപ്പെടുത്തുകയോ പരാജയപ്പെടുത്തുകയോ ചെയ്തുകൊണ്ട് ഈ പരിണാമ കുതിപ്പിന് ഇടപെട്ടു.

### 4. ശ്രീ നരസിംഹം :-

ഹൈന്ദവ ഐതിഹ്യപ്രകാരം മഹാവിഷ്ണുവിന്റെ ദശാവതാരങ്ങളിലെ നാലാമത്തെ അവതാരമാണ് നരസിംഹം. സഹോദരനായ ഹിരണ്യാക്ഷന്റെ വധത്തെ തുടർന്ന് ഹിരണ്യകശിപു ക്രോധാവിഷ്ടനായി. ബ്രഹ്മാവിനെ തപസ്സ് ചെയ്ത് താഴെ പറയുന്ന മട്ടിലേ തന്റെ മരണം ആകാവൂ എന്ന വരം വാങ്ങി.

" മനുഷ്യനോ മൃഗമോ തന്നെ കൊല്ലരുത്

ആയുധങ്ങൾ കൊണ്ട് തന്നെ കൊല്ലരുത്

രാവോ പകലോ തന്നെ കൊല്ലരുത്

ഭൂമിയിലോ ആകാശത്തോ പാതാളത്തോ വെച്ച് തന്നെ കൊല്ലരുത് "

ഹിരണ്യകശിപുവിൻ പരമവിഷ്ണുഭക്തനായ പുത്രൻ ജനിച്ചു.

വിഷ്ണുഭക്തിയിൽ നിന്നും തന്റെ പുത്രനായ പ്രഹ്ലാദനെ പിന്തിരിപ്പിയ്ക്കാൻ ഹിരണ്യകശിപു ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. ഹിരണ്യകശിപു പ്രഹ്ലാദനെ വധിയ്ക്കാൻ പല മാർഗ്ഗങ്ങളും സ്വീകരിച്ചു. പരാജിതനായ ഹിരണ്യകശിപു ക്രോധം പൂണ്ട് പ്രഹ്ലാദനോട് വിഷ്ണുവിനെ കാട്ടിത്തരാൻ ആവശ്യപ്പെട്ടു. തൂണിലും തുരുമ്പിലും വിഷ്ണു വസിയ്ക്കുന്നുണ്ടെന്ന് പ്രഹ്ലാദൻ അറിയിക്കുകയും , അനന്തരം തൂൺ പിളർന്ന് മഹാവിഷ്ണു നരസിംഹമൂർത്തിയായി അവതരിച്ചു. സന്ധ്യക്ക് തന്റെ മടിയിൽ കിടത്തി നഖങ്ങൾ കൊണ്ട് മനുഷ്യനോ മൃഗമോ അല്ലാത്ത നരസിംഹം ഹിരണ്യകശിപു വധം നടത്തി. ശേഷം ശാന്തനായ നരസിംഹമൂർത്തി പ്രഹ്ലാദനെ അനുഗ്രഹിച്ച് അപ്രത്യക്ഷനായി.

ഈ കഥയുടെ അടിസ്ഥാന സന്ദേശം, പ്രാകൃതവും സഹജവുമായ ഒരു മൃഗാവസ്ഥയിൽ നിന്ന് പൂർണ്ണ മനുഷ്യരിലേക്കുള്ള ഒരു പരിവർത്തന യാത്രയിലേക്ക് ഇത് നമ്മെ നയിക്കുന്നു എന്നതാണ്. മാത്രമല്ല, ദൈവികതയുടെ അനന്തശക്തിയുടെ ഒരു സാക്ഷ്യമായി ഇത് വർത്തിക്കുന്നു, വിശ്വാസവും ദൃഢനിശ്ചയവും ഉണ്ടെങ്കിൽ ഒന്നും അസാധ്യമല്ലെന്ന് ഇത് തെളിയിക്കുന്നു.

### 5. ശ്രീ വാമനൻ :-

ഹൈന്ദവപുരാണങ്ങളനുസരിച്ച് മഹാവിഷ്ണുവിന്റെ അവതാരങ്ങളിൽ ആദ്യത്തെ മനുഷ്യരൂപം വാമനനാണ്. പ്രഹ്ലാദന്റെ ശാപപ്രകാരം മഹാബലിയെ പാതാളലോക -ത്തിലേക്കയക്കാൻ അവതരിച്ച "വടു" ആയിരുന്നു വാമനൻ. മഹാവിഷ്ണുവിന്റെ ഒമ്പത് അവതാരങ്ങളിൽ മദ്ധ്യത്തിലേത് എന്നനിലയിൽ ആണ് വാമനാവതാരം ശ്രദ്ധേയമാണ്. അദിതിയുടേയും കശ്യപന്റെയും പുത്രനായാണ് വാമനൻ ജനിച്ചത്.

(ചോദ്യം 65 മുതൽ ചോദ്യം 70 വരെയുള്ള ചോദ്യത്തിന് മറുപടിയായി ഈ വിഷയം വിശദമാക്കിയിരിക്കുന്നു.)

## 6. ശ്രീ പരശുരാമൻ :-

കേരളോൽപത്തി കഥയിൽ പരശുകൊണ്ട് കേരളക്കരയെ സമുദ്രത്തിൽ നിന്ന് വീണ്ടെടുത്ത മഹാബ്രാഹ്മണനെന്ന് വിവരിക്കപ്പെട്ടിരിക്കുന്ന മുനി. പരശു ആയുധമാക്കിയ ഭാർഗ്ഗവപുത്രൻ രാമനെ പരശുരാമനെന്ന് ഇതിഹാസങ്ങൾ വാഴ്ത്തുന്നു. ത്രേതായുഗത്തിൽ ശ്രീരാമന്റെ ഗുരുവായും, ദ്വാപരയുഗത്തിൽ ഭീഷ്മരുടെയും പിന്നീട് കർണ്ണന്റെ ഗുരുവായും ആയോധനകലകൾ അഭ്യസിപ്പിച്ചിരുന്നു. പിതാവിന്റെ ആജ്ഞയനുസരിച്ച് സ്വന്തം അമ്മയുടെ കഴുത്തറുത്തു കൊന്നുവെന്നതിലൂടെയും ഇതിഹാസങ്ങളിൽ രാമൻ വിവാദപുരുഷനാവുന്നു.

കടമകൾ അവഗണിച്ച പാപകരവും വിനാശകരവുമായ രാജാക്കന്മാരെ ഒഴിവാക്കാൻ ഭൂമി മാതാവിനെ സഹായിക്കുക എന്നതായിരുന്നു പരശുരാമന്റെ ധൗത്യം . ഒരിക്കൽ കാർത്തവീര്യൻ രാജാവ് തന്റെ പിതാവിന്റെ പശുവായ കാമധേനുവിനെ ബലമായി പിടിച്ചുകൊണ്ടുപോകാൻ ശ്രമിച്ചു. കോപാകുലനായ ശ്രീ പരശുരാമൻ കാർത്തവീര്യ രാജാവിനെയും സൈന്യത്തെയും വധിച്ചു. പ്രതികാരമായി, പരശുരാമന്റെ അഭാവത്തിൽ രാജാവിന്റെ മകൻ പരശുരാമന്റെ പിതാവായ ജമദഗ്നിയെ വധിച്ചു. രോഷാകുലനായ പരശുരാമൻ 21 തവണ ഭൂമിയിലെ എല്ലാ ക്ഷത്രിയരെയും വധിക്കുകയും അവരുടെ രക്തം കൊണ്ട് അഞ്ച് തടാകങ്ങൾ നിറയ്ക്കുകയും ചെയ്തു. ഹൈന്ദവപുരാണം പ്രകാരം സപ്തചിരഞ്ജീവികളിൽ ഒരാളും വിഷ്ണുവിന്റെ ദശാവതാരങ്ങളിൽ ഒരാളുമാണ് പരശു ആയുധമാക്കിയ രാമൻ.

## 7. ശ്രീ രാമൻ

വിഷ്ണുവിന്റെ ദശാവതാരങ്ങളിൽ ഏഴാമത്തേ അവതാരമാണ് ശ്രീ രാമൻ . അയോദ്ധ്യയിലെ രാജാവായിരുന്നു ശ്രീ രാമൻ. ഇദ്ദേഹത്തെ കേന്ദ്രീകരിച്ചാണ് രാമായണം പുരോഗമിക്കുന്നത്.

ഹിന്ദു ആരാധനാമൂർത്തികളിൽ പ്രധാനിയാണ് ശ്രീ രാമൻ.

അയോദ്ധ്യയിലെ രാജാവായിരുന്ന ദശരഥൻ പട്ടമഹിഷിയായ കൗസല്യയിൽ ജനിച്ച ആദ്യപുത്രനാണ് ശ്രീ രാമൻ. ഹിന്ദുമതത്തിൽ ശ്രീ രാമനെ മര്യാദാ പുരുഷോത്തമനായി കരുതുന്നു. നന്മയുടെ ദൈവമായും ശ്രീരാമനെ കരുതുന്നു.

ലക്ഷ്മീദേവിയുടെ അവതാരമായ സീതാദേവിയാണ് പത്നി. ഉത്തമസ്ത്രീയായി സീതയെ കരുതുന്നു . ഭരതൻ, ലക്ഷ്മണൻ, ശത്രുഘ്നൻ എന്നിവരായിരുന്നു രാമന്റെ സഹോദരൻമാർ.

മര്യാദ പുരുഷോത്തമനായിരുന്നു രാമൻ. ദശരഥൻ കൊടുത്ത ശപഥം മുൻ നിർത്തി, തന്റെ മകനായ ഭരതൻ രാജാവാകണം എന്നുള്ളതും പതിന്നാലു വർഷത്തെ രാമൻ വനവാസത്തിന് പോകണം എന്നുള്ളതും കൈകേയിയുടെ ആവശ്യപ്രകാരമായിരുന്നു. പത്നി സീതക്കും അനുജൻ ലക്ഷ്മണനും രാമനെ പിരിഞ്ഞിരിക്കുവാൻ കഴിയാത്തതുകൊണ്ട് പതിന്നാലു വർഷത്തെ വനവാസത്തിന് രാമനൊപ്പം പോകുകയും ചെയ്തു. വനവാസത്തിനിടക്ക് രാക്ഷസ രാജാവായ ലങ്കേശ്വരൻ രാവണൻ സീതയെ അപഹരിക്കുകയും ചെയ്തു. ക്ലേശകരവും ശ്രമകരവുമായ നീണ്ട തിരച്ചിലിനു ശേഷം, സീത ലങ്കയിൽ ഉണ്ടെന്ന് ഹനുമാൻ കണ്ടെത്തുകയും. ഘോരയുദ്ധത്തിനൊടുവിൽ രാവണനെ നിഗ്രഹിച്ച് സീതയെ വീണ്ടെടുക്കുകയും ചെയ്തു.

വനവാസത്തിനുശേഷം അയോദ്ധ്യയിൽ തിരിച്ചെത്തിയ രാമന്റെ കിരീടധാരണം നടക്കുകയും, അയോധ്യയുടെ രാജാവായി അവരോധിക്കുകയും ചെയ്തു. അങ്ങനെ അന്തിമഫലമായ ലോകത്തിന്റെ ചക്രവർത്തിയായി, പിന്നീടുള്ള പതിനോരായിരം വർഷം സന്തോഷത്തിന്റെയും, സമാധാനത്തിന്റെയും, ഐശ്വര്യത്തിന്റെയും, ന്യായത്തിന്റെയും യുഗമായ രാമരാജ്യമായി അറിയപ്പെട്ടു.

ആപദാമപഹർത്താരം

ദാതാരം സർവസമ്പദാം

ലോകാഭിരാമം ശ്രീരാമം

ഭൂയോ ഭൂയോ നമാമ്യഹം

### 8. ശ്രീ കൃഷ്ണൻ :-

ഹിന്ദു വിശ്വാസപ്രകാരം മഹാവിഷ്ണുവിന്റെ ദശാവതാരങ്ങളിൽ ഒന്നാണ് ശ്രീ കൃഷ്ണൻ . ശ്രീ കൃഷ്ണനെ ചക്രധാരിയായിട്ടാണ് കണക്കാക്കുന്നത്. മഹാഭാരതത്തിലെ ഒരു പ്രധാന കഥാപാത്രം കൂടിയാണ് ശ്രീ കൃഷ്ണൻ. ഭഗവാൻ വിഷ്ണു മനുഷ്യ ലോകത്തിൽ നന്മയ്ക്കു അപചയം സംഭവിക്കുമ്പോൾ ധർമ

സംരക്ഷണത്തിനായി അവതരിക്കുന്നു. ഭൂമിദേവിയുടെ അപേക്ഷ പ്രകാരം മർത്യ ലോകത്തെ ശുദ്ധീകരിച്ചു ധർമം പുനസ്ഥാപിക്കാൻ ഭഗവാൻ അവതരിച്ചു.

### 9. ശ്രീ വേദ വ്യാസ മഹർഷി :-

ശ്രീമദ് ഭാഗവതത്തിൽ പറഞ്ഞിരിക്കുന്ന മഹാവിഷ്ണുവിന്റെ അവതാരമാണ് വേദ വ്യാസ മഹർഷി **ŚriMad Bagavath 12.6.48-49**

**पराशरात्सत्यवत्यामंशांशकलया विभुः |**

**अवतीर्णो महाभाग वेदं चक्रे चतुर्विधम् || ४९ ||**

**(O most fortunate Śaunaka, the almighty Lord, exhibiting a divine spark of a portion of His plenary portion, then appeared in the womb of Satyavatī as the son of Parāśara to save the principles of Dharma , he divided the one Veda into four.)**

(ഹേ, മഹാഭാഗ്യവാനായ ശൗനക, സർവ്വശക്തനായ ഭഗവാൻ, തന്റെ പൂർണ്ണഭാഗത്തിന്റെ ഒരു ദിവ്യമായ അംശത്തെ പ്രദർശിപ്പിച്ചുകൊണ്ട്, ധർമ്മതത്ത്വങ്ങളെ രക്ഷിക്കാൻ പരാശരന്റെ പുത്രനായി സത്യവതിയുടെ ഗർഭപാത്രത്തിൽ അവതരിച്ചു, അവൻ ഒറ്റ ഒരു വേദത്തെ നാലായി വിഭജിച്ചു )

ദ്വാപരയുഗത്തിന്റെ അവസാനത്തോടെ വേദങ്ങളുടെ ശക്തി ക്ഷയിക്കാൻ തുടങ്ങിയെന്ന് വിശ്വസിക്കപ്പെടുന്നു, കാരണം പുരുഷന്മാർക്ക് ആയുസ്സ് കുറയുകയും ശക്തി കുറയുകയും ബുദ്ധിശക്തി കുറയുകയും ചെയ്യുന്നു. ബ്രഹ്മാവിന്റെയും രുദ്രന്റെയും മറ്റ് ദേവന്മാരുടെയും നിർദ്ദേശപ്രകാരം, ധർമ്മത്തെ സംരക്ഷിക്കുന്നതിനായി, മഹാവിഷ്ണു മഹർഷി പരാശരന്റെയും സത്യവതിയുടെയും പുത്രന്റെ (കൃഷ്ണദ്വൈപായനൻ ) രൂപത്തിൽ അവതരിച്ചു.

നദിക്ക് കുറുകെ ആളുകളെ കടത്തുന്ന ഒരു വംശത്തിൽപ്പെട്ട ഒരു മത്സ്യത്തൊഴിലാളിയുടെ മകളായിരുന്നു സത്യവതി. ഈ ജോലിയിൽ അവൾ അച്ഛനെ സഹായിക്കാറുണ്ടായിരുന്നു. ഒരു ദിവസം, അവൾ യമുനാ നദി മുറിച്ചുകടക്കാൻ പരാശര മുനിയെ സഹായിച്ചു. അവളുടെ സൗന്ദര്യത്തിൽ മയങ്ങിയ മുനി അവളിൽ നിന്ന് ഒരു അവകാശിയെ ആഗ്രഹിച്ചു. പരാശരൻ അടുത്തുള്ള ദ്വീപിലെ ഗന്ധർവ വിവാഹം ചെയ്തു. അവൾ ഗർഭം ധരിച്ചു , ഒരു മകനെ പ്രസവിച്ചു. പരാശരൻ അദ്ദേഹത്തിന് കൃഷ്ണ ദ്വൈപായനൻ എന്ന്

പേരിട്ടു, അദ്ദേഹത്തിന്റെ കറുത്ത നിറവും , ദ്വീപിലെ ജന്മസ്ഥലവും ആ പേരിൽ സൂചിപ്പിച്ചു. ദ്വൈപായനൻ പ്രായപൂർത്തിയായി, ആവശ്യമുള്ളപ്പോൾ അടുത്തേക്ക് വരാമെന്ന് അമ്മയ്ക്ക് വാക്ക് നൽകി യാത്രയായി. മഹർഷി കൃഷ്ണദ്വൈപായനൻ പഠിപ്പിക്കുവാനും, പഠിക്കുവാനും എളുപ്പമാകുന്നതിനു വേണ്ടി വിഷയങ്ങളുടെ അടിസ്ഥാനത്തിൽഒറ്റ ഒരു വേദത്തെ നാലു ഭാഗമായി വിഭാഗിച്ചു. അങ്ങനെ വേദത്തെ വിഭാഗിച്ചത് കൊണ്ട വേദവ്യാസ എന്ന പേരും മഹർഷി നേടി.

പുരാണങ്ങൾ അനുസരിച്ച് വ്യാസൻ തന്റെ ഗുരുവായ വാസുദേവനിൽ നിന്നാണ് ദീക്ഷ സ്വീകരിച്ചത്. സനകൻ, സനന്ദന തുടങ്ങിയ മുനിമാരുടെ കീഴിൽ അദ്ദേഹം ശാസ്ത്രങ്ങളോ ഗ്രന്ഥങ്ങളോ പഠിച്ചു. മനുഷ്യരാശിയുടെ നന്മയ്ക്കായി അദ്ദേഹം വേദങ്ങൾ ക്രമീകരിക്കുകയും ശ്രുതികളെ വേഗത്തിലും എളുപ്പത്തിലും മനസ്സിലാക്കുന്നതിനായി ബ്രഹ്മസൂത്രങ്ങൾ എഴുതുകയും ചെയ്തു; അദ്ദേഹം മഹാഭാരതം രചിച്ചത് സാധാരണക്കാർക്ക് ഏറ്റവും ഉയർന്ന അറിവ് എളുപ്പത്തിൽ മനസ്സിലാക്കാൻ വേണ്ടിയാണ്. വ്യാസൻ 18 പുരാണങ്ങൾ എഴുതുകയും ഉപാഖ്യാനങ്ങളിലൂടെയോ പ്രഭാഷണങ്ങളിലൂടെയോ പഠിപ്പിക്കുന്ന സമ്പ്രദായം സ്ഥാപിക്കുകയും ചെയ്തു. അങ്ങനെ വ്യാസ മഹർഷി കർമ്മം, ഉപാസന (ഭക്തി), ജ്ഞാനം (അറിവ്) എന്നീ മൂന്ന് വഴികൾ സ്ഥാപിച്ചു. മഹർഷിയുടെ അവസാന കൃതിയാണ് ദേവർഷി നാരദയുടെ പ്രേരണയാൽ രചിച്ച ശ്രീമദ് ഭാഗവതം.

വ്യാസ മഹർഷി സപ്ത ചിരഞ്ജിവികളിൽ ഒരാളാണ്.

## 10. ശ്രീ കൽക്കി

ഹൈന്ദവ വിശ്വാസപ്രകാരം മഹാവിഷ്ണുവിന്റെ പത്താമത്തേതും അവസാനത്തേതുമായ അവതാരമാണ് കൽക്കിഎന്നു പറയപ്പെടുന്നു. കലിയുഗത്തിന്റെ അവസാനത്തിൽ എല്ലാ ജനങ്ങളും നാസ്തികരായി, ശീലഗുണമില്ലാത്തവരായി ഭവിക്കും. ലോകം അധർമ്മങ്ങളായ പ്രവൃത്തികളെക്കൊണ്ട് നിറയും. ഈ കാലഘട്ടത്തിൽ മഹാവിഷ്ണു വിഷ്ണുയശസ്സിന്റെ പുത്രനും യാജ്ഞ്യവൽക്യപുരോഹിതനുമായ കൽക്കി അവതരിച്ച് ദുഷ്ടനിഗ്രഹം നടത്തും. പ്രജകളെ ചാതുർവർണ്ണ്യത്തിലും

നാലാശ്രമങ്ങളിലും സനാതനമാർഗ്ഗത്തിലും തിരികെ കൊണ്ടുവന്ന് യഥോചിതമായ മര്യാദ നിലനിർത്തും. ശേഷം കൽക്കി അവതാരം ഉപേക്ഷിച്ച് സ്വർഗാരോഹണം നടക്കും. അനന്തരം കലിയുഗം അവസാനിക്കും.

**ചോദ്യം -56) ഒരു ഹിന്ദു അറിഞ്ഞിരിക്കേണ്ട പ്രാർത്ഥനാ ശ്ലോകങ്ങൾ :**

**ഉത്തരം: ഒരു ഹിന്ദു അറിഞ്ഞിരിക്കേണ്ട പ്രാർത്ഥനാ ശ്ലോകങ്ങൾ നോക്കാം ..**

**(ചൊല്ലി പഠിക്കാൻ , അക്ഷര സ്പുടതയ്ക്കായി ആധികാരിക സ്തോത്ര ഗ്രന്ഥങ്ങളെ ആശ്രയിക്കുക).**

**അത്തരം ശ്ലോകങ്ങൾ ഹിന്ദുത്വത്തിൽ നിലവിലുണ്ടെന്നും വ്യത്യസ്ത സമ്പ്രദായങ്ങൾ വ്യത്യസ്തമായ ശ്ലോകങ്ങൾ ഉപയോഗിക്കുന്നു , അവയിൽ ചിലത് ഞങ്ങൾ ഇവിടെ ഉദാഹരണത്തിനായി പട്ടികപ്പെടുത്തുന്നു.**

**1. പ്രഭാത ശ്ലോകം:**

**ഉണർന്നെണീക്കുമ്പോൾ ഇരുകൈകളും ചേർത്തുവച്ചു കൈകളെ നോക്കി**

*|| കരാഗ്രേ വസതേ ലക്ഷ്മി*
*കരമദ്ധ്യേ സരസ്വതി*
*കരമൂലേ സ്ഥിതേ ഗൗരി*
*പ്രഭാതേ കരദർശനം ||*

**2. പ്രഭാത ഭൂമി ശ്ലോകം : -**

**തറയെ തൊട്ടു ശിരസ്സിൽവെച്ചുകൊണ്ട്**

*|| സമുദ്ര വസനേ ദേവീ*
*പര്വതസ്തന മണ്ഡലേ*
*വിഷ്ണുപത്നീ നമസ്തുഭ്യം*
*പാദസ്പര്ശം ക്ഷമസ്വ മേ ||*

**3. സൂര്യോദയ ശ്ലോകം : -**

*|| ബ്രഹ്മസ്വരൂപമുദയേ*
*മധ്യാഹ്നേതു മഹേശ്വരം*
*സായം കാലേ സദാ വിഷ്ണു*
*ത്രിമൂര്തിശ്ച ദിവാകരഃ ||*

**4. സ്നാന ശ്ലോകം :-**

*|| ഗംഗേച യമുനേ ചൈവ*
*ഗോദാവരീ സരസ്വതീ*
*നര്മദേ സിന്ധു കാവേരീ*
*ജലേസ്മിന് സന്നിധിം കുരു ||*

**5. ഭസ്മ ധാരണ ശ്ലോകം : -**

*|| ശ്രീകരം ച പവിത്രം ച*
*ശോക രോഗ നിവാരണം*
*ലോകേ വശീകരം പുംസാം*
*ഭസ്മം ത്രൈലോക്യ പാവനം*
*ഓം അഗ്നിരിതി ഭസ്മ വായുരിതി ഭസ്മ*
*ജലമിതി ഭസ്മ സ്ഥലമിതി ഭസ്മ*
*വ്യോമേതി ഭസ്മ സര്വം ഹവാ ഇദം ഭസ്മ*
*മന ഏതാനി ചക്ഷുംഷിം ഭസ്മ ||*
*|| ത്രയംബകം യജാമഹേ*
*സുഗന്ധിം പുഷ്ടി വര്ദ്ധനം*
*ഉര്വാരുകമിവ ബന്ധനാത്*
*മൃത്യോര്മുക്ഷീയ മാമൃതാത് ||*

**6. തുളസീപ്രദക്ഷിണം ചെയ്യുമ്പോൾ :-**

**3 തവണ…**

*|| പ്രസീദ തുളസീ ദേവീ*
*പ്രസീദ ഹരിവല്ലഭേ*
*ക്ഷീരോദ മഥനോദ് ഭൂതേ*
*തുളസീ ത്വം നമാമ്യഹം ||*

**7. ആല്പ്രദക്ഷിണം ചെയ്യുമ്പോൾ (7 തവണ ) : -**

*|| മൂലതോഃ ബ്രഹ്മരൂപായ*

*മദ്ധ്യതോഃ വിഷ്ണുരൂപിണേ*

*അഗ്രതഃ ശിവരൂപായ*

*വൃക്ഷരാജായ തേ നമഃ ||*

**8. കാര്യ പ്രാരംഭ ശ്ലോകം : -**

*|| വക്രതുണ്ഡ മഹാകായ*

*സൂര്യകോടി സമപ്രഭ*

*നിര്വിഘ്നം കുരു മേ ദേവ*

*സര്വകാര്യേഷു സര്വദാ ||*

*|| ശുക്ലാം ഭരതരം വിഷ്ണും*

*ശശിവര്ണം ചതുര്ഭുജം*

*പ്രസന്ന വദനം ധ്യായേത്*

*സര്വ വിഘ്നോപ ശാന്തയേ ||*

**9. വിളക്കു കൊളുത്തുമ്പോൾ :-**

*" ദീപ ജ്യോതി പരബ്രഹ്മം*

*ദീപം സർവ തമോപഹം*

*ദീപേന സാധ്യതേ സർവ്വം*

*ദീപ ജ്യോതിർ നമോസ്തുതേ*

*ശുഭം കരോതു കല്യാണം*

*ആയുരാരോഗ്യ വർദ്ധനം*

*സർവ്വ ശത്രു വിനാശായ*

*ദീപ ജ്യോതിർ നമോസ്തുതേ*

*ശുഭം കരോതു കല്യാണം*

*ആയുരാരോഗ്യ വർദ്ധനംസർവ്വ*

*ജ്ഞാനർബുദ്ധി വർധിതായ*

*ദീപ ജ്യോതിർ നമോസ്തുതേ*

*ദീപജ്യോതിർ പരബ്രഹ്മ*

*ദീപജ്യോതിർ ജനാർദ്ദനാ*

*ദീപോമേ ഹരതു പാപം*

*ദീപ ജ്യോതിർ നമോസ്തുതേ "*

**10. മംഗള ആരതി ശ്ലോകം : -**

*|| നീരാജനം ദർശയാമി*

*ദേവ ദേവ നമോസ്തുതേ*

*പ്രസന്നോ വരദോ ഭൂയാഃ*

*വിശ്വ മംഗളകാരകാ ||*

**11. ചുറ്റുമ്പോൾ:**

**വലതു വശത്തു തുടങ്ങി പ്രദക്ഷിണ ദിശയിൽനിന്ന സ്ഥലത്തു തന്നെ മൂന്നു പ്രാവശ്യം ചുറ്റുമ്പോൾ**

1. *യാനി കാനിച പാപാനി*

*ജന്മാന്തര കൃതാനിചാ*

*താനി താനി വിനശ്യന്തി*

*പ്രദക്ഷിണം പദേ പദേ*

2. *പ്രകൃഷ്ട പാപ നാശായ*

*പ്രകൃഷ്ട ഫല സിദ്ധയേ*

*പ്രദക്ഷിണം കരോമിത്യം*

*പ്രസീദ പുരുഷോത്തമാ/പരമേശ്വരി*

3. *അന്യദാ ശരണം നാസ്തി*

*ത്വമേവ ശരണം മമ*

*തസ്മത് കാരുണ്യ ഭാവേന*

*രക്ഷ രക്ഷ പരമേശ്വരാ / പരമേശ്വരീ / ജനാര്ദ്ദനാ ||*

**12. പ്രാർത്ഥനയുടെ അവസാനം : -**

*|| കായേന വാചാ*

*മനസേന്ദ്രിയൈര്വാ*

*ബുദ്ധ്യാത്മനാവാ*

*പ്രകൃതേ സ്വഭാവാത്*

*കരോമിയദ്യത്*

*സകലം പരസ്മൈ*

*നാരായണാ*

*യേതി സമര്പയാമി ||*

**13. പഠിക്കുന്നതിനു മുമ്പ് :-**

*|| സരസ്വതീ നമസ്തുഭ്യം*

*വരദേ ജ്ഞാനരൂപിണി*

*വിദ്യാരംഭം കരിഷ്യാമി*

*സിദ്ധിര്ഭവതു മേ സദാ ||*

**14. ഭോജനത്തിനു മുമ്പ് : -**

ഭക്ഷണം വിളമ്പിയ ഉടനേ

*|| അന്നപൂര്ണേ സദാപൂര്ണേ*

*ശങ്കര പ്രാണവല്ലഭേ*

*ജ്ഞാന വൈരാഗ്യ സിധ്യര്ത്ഥം*

*ഭിക്ഷാം ദേഹി ച പാര്വതി*

*മാതാച പാര്വതീ ദേവീ*

*പിതാ ദേവോ മഹേശ്വരഹ*

*ബാന്ധവാഃ ശിവ ഭക്താശ്ച*

*സ്വദേശോ ഭുവനത്രയം ||*

**15. ഭക്ഷണ സമയം : -**

*ഹരിർദ്ദാതാ ഹരിർഭോക്താ*

*ഹരിരന്നം പ്രജാപതിഃ*

*ഹരിർവിപ്രഃ ശരീരസ്തു*

*ഭുങ്‌ക്തേ ഭോജയതേ ഹരിഃ*

**16. ഭോജനാനന്തര ശ്ലോകം :-**

*|| അഗസ്ത്യം വൈനതേയം ച*

*ശമീം ച ബഡബാലനം*

*ആഹാര പരിണാമാര്ത്ഥം*

*സ്മരാമി ച വൃകോദരം ||*

**17. കിടക്കുന്നതിനു മുമ്പ് : -**

*|| കരചരണ കൃതംവാ*

*കായജം കർമ്മജം വാ*

*ശ്രവണ നയനജം വാ*

*മാനസം വാ അപരാധം*

*വിഹിതമവിഹിതം വാ*

*സര്വമേ തത് ക്ഷമസ്വാ*

*ജയ ജയ കരുണാബ്ധേ*

*ശ്രീ മഹാദേവ ശംഭോ ||*

**18. കിടക്കുമ്പോൾ : -**

*|| രാമസ്കന്ധം ഹനൂമന്തം*

*വൈനതേയം വൃഗോദരം*

*ശയനേയസ്സ്മരനിത്യം*

*ദുഃസ്വപ്നം തസ്യ നസ്യതി*

*അച്യുതായ നമഃ*

*അനന്തായ നമഃ*

*വാസുകയേ നമഃ*

*ചിത്രഗുപ്തായ നമഃ*

*വിഷ്ണവേ ഹരയേ നമഃ ||*

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം -57) തന്ത്ര ശാസ്ത്ര പരിചയം :-**

**ഉത്തരം:- തന്ത്രം "തന്യതെ വിസ്താര്യതെ ഇതി തന്ത്ര" (മേദിനി കോശം)**

**തന്ത്രം, തന്റെ ഉള്ളിലെ ബോധത്തെ വിസ്തരിപികുന്ന ശാസ്ത്രം ആകുന്നു. തന്ത്രം എന്നാൽ തൻ എന്ന ധാതുവിൽ നിന്നാണ് ഈ വാക്ക് ഉണ്ടായത് തൻ എന്ന വാക്കിനു അനവധി അർഥങ്ങൾ ഉണ്ടങ്കിലും ഭാഷ്യകാരൻ ഇവിടെ തൻ എന്ന വാക്കിനു ഞാൻ അഥവാ ശരീരം എന്നാണ് ഉദ്ദേശിച്ചത്.**

**മറ്റൊരു പ്രമാണം...**

"*താനൊതു വിപുലാൻ അർത്ഥൻ*

*തത്വ മന്ത്ര സമന്വിതാൻ*

*ത്രാണാം ച കുരുതേ യസ്മാത്*

*തന്ത്ര മിത്യഭിധീയതേ* "

**" വിസ്തരിപികുന്നത് (ബോധം) ശാസ്ത്രം ഏതോ അതിൽ തത്വവും മന്ത്രവും അതിന്റെ സാരാംശവും അടങ്ങിയിട്ടുണ്ടങ്കിൽ ആ ശാസ്ത്രം തന്നെ സംരക്ഷിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതിനെ തന്ത്രം എന്ന് വിളിക്കാം."**

**നമ്മുടെ ബോധത്തെ വിസ്തരിപ്പിക്കണമെങ്കിൽ ആദ്യം നമ്മുടെ ഇന്ദ്രിയങ്ങളെ നമ്മുടെ വരുതിയിൽ ആക്കെണ്ടതുണ്ട്. അതിനാലാകുന്നു തന്ത്ര ശാസ്ത്ര വിധിയിൽ പ്രാണായാമാദി യോഗ ക്രിയകൾ മന്ത്ര ജപ വിഷയത്തിൽ നിർബന്ധമാക്കിയത . ഈ പ്രപഞ്ചം പഞ്ച ഭൂത നിർമ്മിതമാണ്. ഭൂമി, ജലം, അഗ്നി, വായു, ആകാശം ഇവയെ പ്രതിനിധാനം ചെയ്യുന്ന മനുഷ്യ ഇന്ദ്രിയങ്ങളാകുന്നു പഞ്ചേന്ദ്രിയങ്ങൾ അവയെ ജ്ഞാനേന്ദ്രിയങ്ങൾ എന്ന് വിളിക്കുന്നു കണ്ണ്, മൂക്ക്, നാക്ക് , ചെവി, ത്വക്ക് . ഈ അഞ്ചു വസ്തുവാകുന്നു നമുക്ക് പ്രപഞ്ചവുമായി നമ്മെ ബന്ധിപ്പിക്കുന്നത് അതായത് പ്രപഞ്ചത്തിലെ അറിവിനെ നമുക്ക് കിട്ടുന്നത് ഈ ഇന്ദ്രിയങ്ങൾ വഴി ആകുന്നു അത്**

കൊണ്ടാകുന്നു ഈ ഇന്ദ്രിയങ്ങളെ ജ്ഞാനേന്ദ്രിയങ്ങൾ എന്ന് പറയുന്നത് . ഇവയിൽ ഏറ്റവും പ്രാധാന്യമുള്ള രണ്ടു ഇന്ദ്രിയം കണ്ണ്, ചെവി ആകുന്നു കാരണം ആധുനിക ശാസ്ത്രം പറയുന്നു ഏറ്റവും കൂടുതൽ ഗ്രാസ്പിങ് കപ്പാസിറ്റി ഇവയ്ക്കാകുന്നു തന്ത്രം പറയുന്നു ."*ഇന്ദ്രിയാണാം നയനം പ്രധാനം*"

കണ്ണ് കാണുവാനും ചെവി കേൾക്കുവാനും ആകുന്നു. കാണുന്നതിനെ യന്ത്രം എന്നും കേൾക്കുന്നതിനെ മന്ത്രം എന്ന് പറയുന്നു. യന്ത്രം ദേവിയുടെ കാണുന്ന ശരീരവും മന്ത്രം ദേവിയുടെ സൂക്ഷ്മ ശരീരവും ആകുന്നു അതായത് ശരീരത്തിലെ ഈ രണ്ടു ഇന്ദ്രിയങ്ങളെ വിശേഷാൽ ഉണർത്തുവാൻ ആകുന്നു ആചാര്യന്മാർ "യന്ത്ര മന്ത്ര സമന്വിതാൻ" എന്ന് പറയുന്നത് തന്ത്രരാധന യന്ത്രമെന്ന ശ്രീ ചക്രവും മന്ത്രമെന്ന ശ്രീവിദ്യയും ഈ രണ്ടു ഇന്ദ്രിയങ്ങളെ ഉണർത്തുവാൻ വേണ്ടി ആകുന്നു. തന്ത്രത്തിലെ ഏറ്റവും വലുതും ദൃശ്യവുമായ രണ്ട് ശാഖകളുണ്ട്. ദക്ഷിണേന്ത്യയിലെ ഏറ്റവും ശക്തമായ ശ്രീകുല (ത്രിപുര സുന്ദരിയുടെ കുടുംബം , ദേവിയുടെ സുന്ദര സാത്വിക ഭാവത്തിൽ ആരാധിക്കുന്നവർ ) ഇവിടെ ആരാധന ശ്രീചക്ര , ശ്രീവിദ്യാ യിലൂടെയാണ്. വടക്കൻ, കിഴക്കൻ ഇന്ത്യയിൽ നിലനിൽക്കുന്ന കാലികുല (കാളിയുടെ കുടുംബം , ദേവിയുടെ രൗദ്ര ഭാവത്തെ ആരാധിക്കുന്നവർ ). ഇവിടെ ആരാധന ദശമഹാവിദ്യ , സപ്ത മാതൃക , നവദുർഗയിലൂടെയാണ്.

തന്ത്ര ശാസ്ത്രത്തിൽ അഞ്ചു ആചാരമാണ് ഉള്ളത്...

1 ദക്ഷിണം,2 വാമം,3 സമയം, 4 ദിവ്യം, 5 കൗളം

ദക്ഷിണാചാരം :-

"ദക്ഷിണാ ദക്ഷിണാരാദ്ധ്യ ദരസ്മേര മുഖാംബുജ"

ദക്ഷിണാചാരമെന്നത് പൊതുവെ സാത്വതികപരമായ ശ്രീ വിദ്യ മാർഗം ആകുന്നു. ദേവിയുടെ പൂജ വലത് കരത്താൽ ചെയ്യുന്നവരും വലത് ഭാഗത്തു ഉള്ള പുരുഷ തത്വത്തെ ആരാധിക്കുന്നവരും പിങ്കള എന്ന സൂര്യ നാഡിയെ ആരാധന നടത്തുന്നവരും ആകുന്നു . അത് കൊണ്ട് തന്നെ ശൈവ മാർഗികൾ - ശക്തിക്കു തുല്യമായി ശിവനെയും ആരാധിക്കുന്നു "ഹ" എന്ന അക്ഷരത്തിൽ തുടങ്ങുന്ന ശ്രീ വിദ്യ മന്ത്രം ആയതിനാൽ ഹാദി വിദ്യ എന്നും പറയുന്നു.

## വാമചാരം:-

വാമാചാരികൾ ശക്ത്യാരാധനിയിൽ (ദേവി ) അധിഷ്ഠിതരാകുന്നു ഇടത് കയ്യാൽ തർപ്പണം (പൂജ ) ചെയ്യുന്നവർ , ഇട നാഡി (സ്ത്രീ നാഡീ ) , പഞ്ചമകാരങ്ങളാകുന്ന് പൂജ, പൂർണമായും ശക്തിയിൽ വിശ്വസിക്കുന്ന ആരാധന സമ്പ്രദായം ആകുന്നു വാമം. മനുഷ്യന്റെ ഉള്ളിലെ ആഗ്രഹങ്ങളെ ആഗ്രഹങ്ങളിലൂടെ തന്നെ പുറത്തെടുക്കുക എന്ന തത്വം ആകുന്നു വാമാചാരികൾ ചെയ്യുന്നത്. " മുള്ളിനെ മുള്ളു കൊണ്ട് എടുക്കുക " എന്നിങ്ങനെ. മനുഷ്യൻ തന്റെ സാധന പദം മറക്കുന്നത് മനസിലെ ആഗ്രഹങ്ങളാൽ ആകുന്നു അത് കൊണ്ട് ആചാര്യന്മാർ ആഗ്രഹ പൂർത്തീകരണം വരുത്തിയതിനു ശേഷം ആത്മോപാസനയിൽ വരാൻ നിർദ്ദേശിക്കുന്നു. അതിനുള്ള പ്രതീകം ആകുന്നു പഞ്ച മകാരങ്ങൾ. ആഗ്രഹ എന്നാണോ അവസാനിക്കുന്നത് അവിടുന്ന് മുതലേ സാധന സ്വീകരിക്കാവൂ.

## സമയാചാരം :-

ബാഹ്യാരാധനയിൽ നിന്ന് ഉൾവലിഞ്ഞു ആത്മാരാധനയിൽ അഥവാ ആന്തരികാരാധനയിൽ എപ്പോഴാണോ സാധകൻ മനസിനെ കേന്ദ്രീകരിക്കുന്നത് ആ ഒരു അവസ്ഥ ആകുന്നു സമയാചാരം. സമയാചാരം മനസിനെ അന്തര്മുഖമായി ആരാധന ചെയ്യാൻ കഴിയുന്നവൻ ആരോ അവനാകുന്നു സമയാചാരി.

പ്രാണായാമാദി യമ നിയമങ്ങളെ ശീലിച്ചു ദ്രവ്യാസക്തി നശിപ്പിച്ചു (വിഷയാസക്തി, ആഗ്രഹം ) മനസിനെ ഉയർത്തി അന്തർമുഖമായ സമയാചാരത്തിൽ ജപം ചെയ്യണം എന്ന് ആചാര്യ മതം.

## ദിവ്യാചാരം :-

ദിവ്യചാരം മനസ്സിനെ ഒരു പ്രേത്യക ബിന്ദുവിൽ കേന്ദ്രീകരിച്ചു ശാംഭവി മുദ്രയിൽ അല്ലങ്കിൽ ഖേചരീ മുദ്രയിൽ ലയനവസ്ഥയിൽ സഹസ്രാര പദ്മത്തിൽ നിന്ന് ഒഴുകി വരുന്ന അമൃത് കുടിച്ചു കൊണ്ട് " ശിവോ അഹം" എന്ന ഭാവത്തിൽ സാധകൻ സ്വയം ശിവാനുഭൂതി ആസ്വദിക്കുന്നത് ആണ് ദിവ്യപ്രചാരം എന്ന് പറയുന്നത്.

## കൗളാചാരം :-

വളരെ ഗൂഢമായ സാധന പദ്ധതിയാണ് കൗളാചാരം. ദേവി കൃപയും ഗുരു കൃപയും ഒത്തുചേർന്ന യോഗ്യനായ ശിഷ്യന് മാത്രമേ ഗുരു കൗള രഹസ്യം വെളിപ്പെടുത്തുക -യുള്ളൂ. ഒരു ഉത്തമ സാധകൻ ആ വിദ്യ അധികാരി അല്ലാത്തവർക്ക് മുൻപിൽ വെളിപ്പെടുത്തുകയും ഇല്ല.

ഇത്രയും ഗൂഢമായ വിദ്യ ആയത് കൊണ്ട് തന്നെ എന്താണ് 'കൗളം' എന്നതിനെ കുറിച്ച് പല തെറ്റിദ്ധാരണകളും നിലനിൽക്കുന്നുണ്ട്. പലരും കൗളാചാരത്തെ വിലയിരുത്തുന്നത് തന്നെ 'പഞ്ച മകാരങ്ങളുടെ' അടിസ്ഥാനത്തിൽ ആണ്. അതിൻ ആ ബൃഹത്തായ ശാസ്ത്രത്തിൽ എത്ര ചെറിയ സ്ഥാനമാണ് ഉള്ളതെന്നും അതിനേക്കാൾ അനുഭൂതി പരവും ശാസ്ത്രപരവും ആയ അനേകം അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ് ആ ശാസ്ത്രം.

ഭാവചൂഡാമണിയിൽ കൗളന്റെ  ലക്ഷണം ശിവൻ പാർവ്വതിയ്ക്ക് പറഞ്ഞു കൊടുക്കുന്നുണ്ട്.

"ചെളിയിലും ചന്ദനച്ചാറിലും പുത്രനിലും ശത്രുവിലും ശ്മശാനത്തിലും ഭവനത്തിലും പൊന്നിലും പുല്ലിലും ഒരു ഭേദവും തോന്നാതെ എല്ലാത്തിലും ദേവിയെ ദർശിച്ചു ആ ആനന്ദാനുഭൂതിയിൽ പരിലസിക്കുന്നവനാണ് കൗളൻ "

ഈ വരികളിൽ നിന്നും എത്ര ശ്രേഷ്ഠമായ ആചാര പദ്ധതിയാണ് കൗളം എന്ന് സുവ്യക്തമാണ്.

സ്വച്ഛന്ദതന്ത്രത്തിൽ കൗളം എന്നതിനെ ഇങ്ങിനെ വിവരിക്കുന്നു  "കുലം എന്നാൽ ശക്തിയും അകുലം ശിവനും ആകുന്നു. ഈ കുലഅകുല അഥവാ ശിവശക്തി സമന്വയമാണ് കൗളം".

മൂലാധാരത്തിൽ ഉറങ്ങിക്കിടക്കുന്ന കുണ്ഡലിനീ ശക്തിയെ സാധനകൾ കൊണ്ട് ഉണർത്തി ഷഡാധാരങ്ങൾ വഴി മേൽപോട്ടുയർത്തി ശിരസ്സിൽ സഹസ്രാര പത്മത്തിൽ നിലകൊള്ളുന്ന ശിവചൈതന്യത്തോട് ചേർക്കുന്ന മഹത്തായ യോഗ വിദ്യ തന്നെയാണ് കൗളം.

**തന്ത്രത്തിൽദീക്ഷ അവിഭാജ്യ ഘടകമാണ് :**

ദീക്ഷ :

*"അഥാതോ ദീക്ഷാം വ്യാഖ്യാസ്യാമ""*

*""ദിവ്യം ജ്ഞാനം യതോ ദദ്യാത് കുര്യാത് പാപസ്യ സംക്ഷയം*

*തസ്മാദ് ദീക്ഷേതി സാംപ്രോക്ത ദേശികൈ തത്വ വേദിഭിഃ*

**ദിവ്യമായ ജ്ഞാനം നേടുക എന്നാണ് ദീക്ഷ ശബ്ദ അർത്ഥം. ഗുരു ജന്മാന്തരങ്ങളിൽ ഉള്ള പാപത്തെ ഏറ്റടുത്ത ശിഷ്യനെ പാപത്തിൽ നിന്നും മുക്തനാകുകയും ശിഷ്യനെ ജ്ഞാന മാർഗം ഉപദേശിച്ചു കൊടുക്കുന്ന പ്രക്രിയ ആകുന്നു ദീക്ഷ .**

**ചോദ്യം-58) തന്ത്രത്തിലെ പഞ്ച മകാരകളുടെ രഹസ്യം എന്താണ്?**

**ഉത്തരം : പഞ്ച മ കാര എന്നത് തന്ത്രവുമായി ബന്ധപ്പെട്ട ഒരു പദമാണ് , അതായത് ' മ' ൽ ആരംഭിക്കുന്ന അഞ്ച് കാര്യങ്ങൾ ', ഈ അഞ്ച് കാര്യങ്ങൾ താന്ത്രിക പ്രയോഗത്തിൽ ഉപയോഗിക്കുന്നു**

- **മദ്യം**
- **മാംസം**
- **മത്സ്യം**
- **മുദ്ര**
- **മൈഥുനം _ലൈംഗിക ബന്ധം**

**എന്നാൽ വാമാചാരികൾ മാത്രമാണ് മുകളിൽ പറഞ്ഞ പൊതു അർത്ഥത്തിൽ പഞ്ചാംകാരങ്ങൾ ഉപയോഗിക്കുന്നത് .**

**ദക്ഷിണാചാരി അവയെ സാധനയുടെ പ്രത്യക ഘട്ടങ്ങളായി ഉപയോഗിക്കുന്നു.**

**മുദ്ര - ദീക്ഷ _ ഉപാസന , സാധന**

**മത്സ്യ -നാടി ശുദ്ധി -പ്രാണായാമം വഴി ഇഡയുടെയും പിംഗള നാഡിയുടെയും നിയന്ത്രണം**

**മാംസം – ഏകാഗ്രത - ഖേചരി _ സംസാരത്തിൽ നിയന്ത്രണം , ധാരണ ...**

**മൈഥുന -കുണ്ഡലിനിയെ സഹസ്രാര ചക്രത്തിലേക്ക് കൊണ്ടുപോകുന്നു_**

**മദ്യം -അമൃത്_ പരമാനന്ദം_ യോഗയിലൂടെ അമൃത്_ആനന്ദം അനുഭവിക്കൽ**

**ചോദ്യം-59) എന്ത് കൊണ്ട് ഗ്രഹണ സമയത് ക്ഷേത്രങ്ങൾ അടച്ചിടുന്നു ?**

**ഉത്തരം : രണ്ടു കാര്യങ്ങളുണ്ട്  ॐ**

**1. ക്ഷേത്രങ്ങൾ സാമൂഹിക (ഹൈന്ദവരുടെ) കേന്ദ്രങ്ങളാണ് , തുറന്നാൽ അറിഞ്ഞോ അറിയാതെയോ ക്ഷേത്രത്തിലേക്ക് വരുന്ന ഭക്തർ സൂര്യനെ നോക്കി നിന്ന് പോയാൽ കണ്ണുകളെ ബാധിക്കും , പ്രകൃതിയിൽ ഉണ്ടാകുന്ന പ്രകാശത്തിന്റെ മാറ്റം , മൃഗങ്ങളിൽ ഉണ്ടാകുന്ന അസ്വസ്ഥത ചിലപ്പോൾ മാനസികമായി ദുർബലമായവരെ ഏതു വിധത്തിൽ ബാധിക്കും എന്ന് പറയാൻ പറ്റത്തില്ല , അത് ഒഴിവാക്കുക എന്ന ലക്ഷ്യവുമുണ്ട്.**

**2. ക്ഷേത്രങ്ങൾ താന്ത്രിക (വൈദികത്തിൽ ക്ഷേത്രംബിംബ സങ്കൽപമില്ല , യജ്ഞ സങ്കൽപമാണല്ലോ ) അഥവാ ആഗമിക്ക സങ്കൽപത്തിൽ പെട്ടതാണല്ലോ. താന്ത്രികത്തിൽ ഗ്രഹണ മുഹൂർത്തം സാധകൻ വളരെ അപൂർവവും ശ്രേഷ്ഠവുമായ മുഹൂർത്തമാണ്. അത് ഒരിക്കലും പ്രയോജനപ്പെടുത്താതെ ഇരിക്കരുത്. ക്ഷേത്രങ്ങൾ നിർവഹിക്കുന്നത് (താന്ത്രികർ ) തന്ത്രികളും , അവർക്കു അവരുടെ മുഴുവനും ശ്യദ്ധ തങ്ങളുടെ സാധനയ്ക്കായി (സിദ്ധി നേടുന്നതിലും , പുതുക്കലിനും ) മാറ്റിവയ്ക്കേണ്ടതുണ്ട്. അതിനാൽ താത്കാലികമായി അവരുടെ നിത്യ കർമങ്ങളിൽ നിന്ന് മാറി നിൽക്കേണ്ടതുണ്ട്. അതിനു വേണ്ടിയും ക്ഷേത്രങ്ങൾ അടച്ചിടും.❁**

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-60) കാൽ തൊട്ടു വന്ദിക്കൽ അഥവാ ശിരസാഷ്ടാംഗ നമസ്കാരം ആർക്കൊക്കെ?**

**ഉത്തരം : ॐ എന്താണ് പാദം പിടിക്കുന്നതിന്റെ അർഥം ? സർവ വിധ സമർപ്പണം അഥവാ അടിമത്വം കാഴ്ചവയ്ക്കൽ ആണ് . നമ്മളുടെ പാപവും ,പുണ്യവും നഷ്ടവും , നേട്ടവും , അവമാനത്തിലും , മാനത്തിലും , സുഖത്തിലും , ദുഖത്തിലും ഇവയുടെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കുന്നവരുടെ പാദ മാത്രമേ തൊഴാൻ പാടുള്ളു. അങ്ങനെയുള്ളവർ...**

**ആദ്യം വരുന്നത് നമ്മുടെ മാതാവും , പിതാവും ...**

അനന്തരം വരുന്നത് നമ്മുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന സദ്ഗുരു (സദ്ഗുരു നമ്മുടെ നാശത്തിലും , ഉയർച്ചയിലും കൂടെ ഉണ്ടാകും അതിന്റെ ഉത്തരവാദിത്വം എനിക്കാണ് എന്ന് ഉറപ്പ് തന്നിട്ടുണ്ടെങ്കിൽ മാത്രം )

പിന്നെ നമ്മുടെ ആരാധ്യ മൂർത്തി അഥവാ ദൈവം.

എല്ലാവർക്കും ഒരു അഭിവാദ്യം , ബഹുമാനത്തോടെയുള്ള അഭിവാദ്യം പ്രത്യേകിച്ച് ദേവതകൾ, ബ്രാഹ്മണർ, മുതിർന്നവർ, ആചാര്യന്മാർ, ബഹുമാന്യരായ ആളുകൾ എന്നിവരോട് ചെയ്യണം. അവരെ നമസ് കരിക്കാതിരിക്കുന്നത് ഹിന്ദു വൈദിക ആചാരപ്രകാരം പാപമായി കണക്കാക്കപ്പെടുന്നു.

*|| ദേവം വിപ്രം ഗുരും ദൃഷ്ട്വാ ന നാമം യസ്തു ആഘോഷാത്*

*സ കാലസൌത്രം വ്രജതി യാവച്ചന്ദ്രദിവാകരൌ*

*ബ്രാഹ്മണം ച ഗുരും ദൃഷ്ട്വാ ന നാമം യോ നാരാധമഃ*

*യാവജ്ജീവനപര്യന്തമശുചിര്യവനോ ഭവേത്* ||

(ഒരു ദേവനെയും ബ്രാഹ്മണനെയും ആചാര്യനെയും വന്ദിക്കാൻ മറക്കുന്നവൻ യവച്ചന്ദ്രദിവാകരൗ കാലസൂത്രം എന്ന നരകത്തിൽ പോകുന്നു. ബ്രാഹ്മണനെയും ആചാര്യനെയും വന്ദിക്കാത്തവൻ അശുദ്ധനായി, താഴ്ന്ന പോകുന്നു.)

ദേവതകൾക്കും ആചാര്യന്മാർക്കും ഋഷിമാർക്കും മറ്റ് വ്യക്തികൾക്കും സാഷ്ടാംഗ നമസ്കാരം നടത്തണം. സാഷ്ടാംഗ വഴിപാട് സാധ്യമല്ലെങ്കിൽ, കുനിഞ്ഞ് മാന്യനായ വ്യക്തിയുടെ പാദങ്ങൾ കൈകൊണ്ട് സ്പർശിക്കുകയും ആ കൈകൾ അവന്റെ അല്ലെങ്കിൽ അവളുടെ കണ്ണുകളിൽ വീണ്ടും വയ്ക്കുകയും വേണം.

ബഹുമാന്യരായ പലർക്കും മറ്റുള്ളവർ തങ്ങളുടെ പാദങ്ങളിൽ സ്പർശിക്കുന്നത് അസ്വസ്ഥരാകുന്നു; അങ്ങനെയുള്ളവരോട് ഒരാൾ കൈപ്പത്തികൾ പരസ്പരം കൈകോർത്ത് വണങ്ങണം.

ഒരേ പ്രായത്തിലുള്ള ആളുകൾക്ക് നമസ്കാരം ചെയ്യുമ്പോഴും ഇതേ നിയമം ബാധകമാണ്. ഇളയവരെ ഒരിക്കലും വണങ്ങരുതെന്നും വിശ്വസിക്കപ്പെടുന്നു.

*|| അജകർണേന വിദ്വാംസം യാതിം സമ്വൃതപാണിനാ ||*

*മൂർഖം ചൈവേകഹസ്തേന കനിഷ്ഠം നാഭിവാദയേത് ...*

(ആടിന്റെ ചെവി പോലെ കൈകൾ കൂപ്പി വിദ്വാന്മാർക്ക് നമസ്കാരം ചെയ്യണം, യതിക്ക് ഊന്തപ്പനകൾ പരസ്പരം വെച്ചുകൊണ്ട്, ഒരു കൈ കാണിച്ചുകൊണ്ട് വിഡ്ഢിക്ക്, ഒരിക്കലും ഇളയവർക്ക് നമസ്കാരം ചെയ്യരുത്.)❁

**(Sponsored by P.M.Shreenivasan Memorial , Sneharaj Foundation)**

**ചോദ്യം-61 ) സാധാകന് ദൈവ/ഗുരു സഹായം പ്രതിസന്ധികളിൽ ഉണ്ടാകുമോ ?**

**ഉത്തരം** : ॐ□ഒരു കഥ പറയാം.. കാടിനു സമീപം മേയാനിറങ്ങിയതായിരുന്നു പശു.ഒരു സിംഹം തന്നെ പിന്തുടരുന്നുണ്ടെന്ന് അതിനു മനസ്സിലായി.പശു ഓടാൻ തുടങ്ങി.സിംഹം പിന്നാലെ തന്നെ ഉണ്ട്.പശു അടുത്തുള്ള ചതുപ്പിലേക്ക് എടുത്തുചാടി.സിംഹവും ചാടി.രണ്ടുപേരും ചെളിയിൽപുതഞ്ഞു.പശുവിന് രക്ഷപ്പെടാനോ, സിംഹത്തിനു പശുവിന്റെ അടുത്തെത്താനോ കഴിഞ്ഞില്ല.നിന്നെകൊല്ലുമെന്ന് പറഞ്ഞ് ഓരോതവണയും സിംഹം കാലുയർത്തുമ്പോഴും കൂടുതൽകൂടുതൽ ചെളിയിൽപുതഞ്ഞുകൊണ്ടേയിരുന്നു. അപ്പോൾ പശു ചോദിച്ചു: നിനക്ക് യജമാനനുണ്ടോ? സിംഹം പറഞ്ഞു: ഇല്ല, ഞാൻ തന്നെയാണ് രാജാവ്. എനിക്ക് യജമാനന്റെ ആവശ്യമില്ല.അപ്പോൾ പശു പറഞ്ഞു: എന്റെ യജമാനൻ എന്നെ രക്ഷിക്കും.കുറച്ച് നേരം കഴിഞ്ഞപ്പോൾ പശുവിനെ അന്വേഷിച്ച് അതിന്റെ യജമാനൻ എത്തി. അയാൾ പശുവിനെ ചെളിയിൽനിന്നും കയറ്റി വീട്ടിലേക്ക് കൊണ്ടുപോയി. സിംഹം ചതുപ്പിൽതാഴ്ന്നു.

വഴികാട്ടുകയും വഴിവിളക്കാകുകയും വഴിതെറ്റിയാൽതിരിച്ചുകൊണ്ടുവരികയും ചെയ്യുന്ന ഒരു ഗുരുവുണ്ടാകുന്നത് അനുഗ്രഹമാണ്. അനുഭവജ്ഞാനമുള്ളവർക്ക് എന്തു പ്രശ്നത്തോടും ക്രിയാത്മക സമീപനമുണ്ടാകും... അഹംബോധം നിറഞ്ഞു തുളുമ്പുന്നവർക്കൊന്നും മാർഗ്ഗനിർദ്ദേശം നൽകാൻ ആരുമുണ്ടാകില്ല. ആരെങ്കിലും നൽകാൻ തുനിഞ്ഞാൽതന്നെ അതൊന്നും അംഗീകരിക്കാൻ അവർ തയ്യാറാവുകയുമില്ല.

സാധനയോടെ സാധകൻ മുന്നോട്ട് പോകുമ്പോൾ പ്രതിസന്ധികളും വെല്ലുവിളികളും ഉണ്ടാവുക സ്വാഭാവികമാണ്.ജീവാത്മാവ് സാധനയോട് കൂടി

ഇരിക്കുന്നിടത്തോളം കാലം പ്രതിസന്ധികളിൽ നിന്ന് രക്ഷിക്കാനും കരകയറ്റാനുമായി പരമാത്മാവിന്റെ സാന്നിധ്യം ഉണ്ടാവും.എന്നതാണ് ഈ കഥയിലൂടെ വ്യക്തമാക്കുന്നത്.

ഭഗവാൻ കൃഷ്ണന്റെ അതേ ഉറപ്പ് നിങ്ങൾക്ക് ഭ.ഗീ.9.22 കണ്ടെത്താം. അത് താഴെ പറയുന്നതാണ്...

*| अनन्याश्चिन्तयन्तो मां ये जना: पर्युपासते |*

*तेषां नित्याभियुक्तानां योगक्षेमं वहाम्यहम् || 9.22 ||*

*"എന്നാൽ സദാ ഭക്തിയോടെ എന്നെ ആരാധിക്കുകയും എന്നെ ധ്യാനിക്കുകയും ചെയ്യുന്നവർ - അവർക്ക് ആവശ്യമുള്ളത് ഞാൻ അവരുടെ അടുത്തേക്ക് കൊണ്ടുപോകുന്നു, ഞാൻ അവരെ പരിപാലിക്കുന്നു"* ഭ.ഗീ.9.22

**ചോദ്യം-62 ) ഹൈന്ദവ ധർമ്മ പഠനത്തിന്റെ പദ്ധതി എങ്ങനെയാണ് ?**

**ഉത്തരം : ॐ□ ഹൈന്ദവ ധർമ്മ പഠനം , 5 ഘട്ടങ്ങളിലായിട്ടാണ് പൂർത്തിയാകുന്നത്..**

**എ) ഹൈന്ദവ ധർമ്മ പഠനം (പ്രാർഥമിക) : ഈ ഘട്ടത്തിൽ ഹൈന്ദവ നിർവചനം / ഹൈന്ദവ ജീവിത രീതി / ഹൈന്ദവ ജീവിത ലക്ഷ്യം , ആചാരങ്ങളിലൂടെയും , ജീവിത രീതിയിലൂടെയും , ചരിത്രത്തിലൂടെയും , സാമൂഹിക വ്യവസ്ഥകളിലൂടെയും പഠിക്കുന്നു.**

**ബി) ഹൈന്ദവ ധർമ്മ പഠനം (പുരോഹിത) : ഷോഡസ് സംസ്കാരം , പഞ്ച മഹാ യജ്ഞങ്ങൾ , വ്രതങ്ങൾ , മുതലായ ധർമ്മാചരങ്ങളെ , അവയുടെ ആചാര വിധി / തന്ത്രത്തോടെ പഠിക്കുന്നു.**

**സി) ഹൈന്ദവ ധർമ്മ പഠനം (ആചാര്യ) : ഹൈന്ദവ ധർമ്മ പഠനം (ആചാര്യ) : വേദം മുതൽ ആഗമ വരെയുള്ള സംപൂർണ്ണ തത്വ / സാഹിത്യ ശ്രേണിയെ മുഴുവനായും മനസ്സിലാക്കുക.**

ർ) ഹൈന്ദവ ധർമ്മ പഠനം (പണ്ഡിത) : വേദം മുതൽ ആഗമ വരെയുള്ള സംപൂർണ്ണ തത്വ / സാഹിത്യ ശ്രേണിയിലെ പ്രത്യക വിഷയത്തിൽ പ്രാവിണ്യം നേടുക.

ഋ) ഹൈന്ദവ ധർമ്മ പഠനം (കൈവല്യ) : അങ്ങനെ പ്രത്യക സാധന മാർഗം അവലംബിച്ചു , മോക്ഷം / കൈവല്യം /തുരീയാതീത അവസ്ഥ അഥവാ സാക്ഷത്കാരം നേടി ആ വിശ്വ ചേതനയെ അനുഭവിച്ചറിയുക.

ഇതാണ് ഹൈന്ദവ ധർമ്മ പഠനത്തിന്റെ ഒരു പദ്ധതി.

**ചോദ്യം- 63 ) എന്താണ് ബ്രഹ്മചര്യം ?**

ഉത്തരം : ഭക്ഷണം കഴിക്കുന്നതു തന്നെ ദേഹിക്ക് ഉദരാഗ്നിയിൽ ആഹുതി നൽകികൊണ്ട് ചെയ്യുന്ന ഒരു അഗ്നിഹോത്രമാണ്. ഉള്ളിലെ ബ്രഹ്മത്തിനായി, അഗ്നിക്കായി അഞ്ച് ആഹുതികൾ നൽകുന്നു. പ്രാണായസ്വാഹാ, അപാനായ സ്വാഹാ, വ്യാനായ സ്വാഹാ, ഉദാനായ സ്വാഹാ, സമാനായ സ്വാഹാ എന്നിങ്ങനെ. എല്ലാം വളരെ ഏറെ ബോധപൂർവം ചെയ്യണം. ഇങ്ങനെ ജീവിതത്തിൽ ഓരോ കാര്യവും ബോധപൂർവ്വം ചെയ്യുമ്പോൾ, ഉള്ളിലെ ബ്രഹ്മത്തിനു വേണ്ടി ചെയ്യുമ്പോൾആ ചര്യകളെ നാമെന്തു വിളിക്കും. ബ്രഹ്മത്തിനുവേണ്ടി ചെയ്യുന്ന ചര്യ ബ്രഹ്മചര്യമെന്ന പേരിൽ അറിയപ്പെടും.

എന്നാൽ ചിലർ ബ്രഹ്മചര്യമെന്നാൽ സ്ത്രീവിരുദ്ധസമീപനമാണെന്നു തെറ്റിദ്ധരിച്ചു. ഒരിക്കൽ നാരദൻ ഒരു നദീതീരത്തെത്തി. നാരദൻ മറുകരയ്ക്ക് പോകാൻ ഒന്നും കിട്ടിയില്ല. അപ്പോൾ ഒരു ഋഷി അതുവഴിയെത്തി. ലോകത്തിലെ ഏറ്റവും വലിയ ബ്രഹ്മചാരി ആരെന്ന് പറയുന്നുവോ അപ്പോൾ ആ നദി വഴിമാറുമെന്നു അദ്ദേഹം നാരദനോടു പറഞ്ഞു. നാരദൻ ആലോചിച്ചു. ആരാണ് ഏറ്റവും വലിയ ബ്രഹ്മചാരി. ഓ, അതു ഞാൻ തന്നെ. ഇന്നുവരെ ഒരു സ്ത്രീയെപ്പോലും ഒന്നു നോക്കിയിട്ടു കൂടിയില്ല താൻ. അങ്ങനെ നാരദൻ പറഞ്ഞു: 'നാരദനാണ് ലോകത്തിലെ ഏറ്റവും വലിയ ബ്രഹ്മചാരിയെങ്കിൽ നദീ വഴിമാറൂ''വെന്ന്. നദി വഴി മാറിയില്ല. ആ ഋഷി ചിരിച്ചുകൊണ്ടു പറഞ്ഞു. നീ മനസ്സുകൊണ്ടു ബ്രഹ്മചാരിയല്ല. കൃഷ്ണനെ കുറിച്ചൊന്നു പറഞ്ഞുനോക്കൂ. ഒരുപക്ഷേ വഴിമാറിയാലോ എന്ന്.

നാരദൻ പൊട്ടിച്ചിരിച്ചു. എന്നിട്ടു ചോദിച്ചു. 16008 ഭാര്യമാരുള്ള കൃഷ്ണനാണോ ബ്രഹ്മചാരിയെന്ന്. ഋഷി പറഞ്ഞു. ശരി, എങ്കിലും ഒന്നു ശ്രമിച്ചുനോക്കൂ എന്ന്. അങ്ങനെ നാരദൻ പറഞ്ഞു: 'കൃഷ്ണൻ ലോകത്തിലെ ഏറ്റവും വലിയ ബ്രഹ്മചാരിയാണെങ്കിൽ നദീ നീ വഴിമാറിയാലും."

അത്ഭുതമെന്നു പറയട്ടെ നദി വഴിമാറി.

**ചോദ്യം -64 ) ദേവി ക്ഷേത്രങ്ങളിലെ നാരങ്ങാ വിളക്കിന്റെ രഹസ്യമെന്ത് ?**

**ഉത്തരം : ശക്തിസ്വരൂപിണിയായ ദേവിയെ പ്രീതിപ്പെടുത്താൻ ചെയ്യുന്ന രാജസപൂജയുടെ ഭാഗമായാണ് നാരങ്ങാവിളക്ക് കത്തിക്കുന്നത്. ലഘുവായ ഒരു ഹോമത്തിന്റെ ഫലമാണ് നാരങ്ങാ വിളക്ക് കത്തിക്കുന്നതിലൂടെ ഭക്തർക്ക് ലഭിക്കുന്നത്.**

സാത്വികം, രാജസം, താമസം എന്നിങ്ങനെ മൂന്ന് രൂപത്തിലാണ് ദേവീപൂജ. സാത്വിക പൂജ ദേവിയുടെ അനുഗ്രഹത്തിനും രാജസപൂജ ആസുരശക്തികളുടെ നിയന്ത്രണത്തിനും താമസപൂജ ആഭിചാരത്തിനുമാണ്.താമസപൂജ പാപവും നിഷിധവുമാണ്. പൂവ്, പഴം, പാൽ , അരി , മധുരം തുടങ്ങിയ ഉപയോഗിച്ചാണ് സാത്വിക പൂജചെയ്യുന്നത്. കുരുതി, രക്തപുഷ്പങ്ങൾ , നാരങ്ങാ , പച്ച മുളക് , ചുവന്ന മുളക് , കുരു മുളക് എന്നിവയുപയോഗിച്ചാണ് രാജസപൂജകൾ ചെയ്യുന്നത്.രജോഗുണപ്രധാനമായ ഏറ്റവും അമ്ലഗുണമുള്ള വസ്തുവാണ് നാരങ്ങ അതിന്റെ തൊലിയിൽ ശുദ്ധമായ നെയ്യോ എണ്ണയോ ഒഴിക്കുമ്പോൾ അതിന്റെ തീവ്രതയേറും. ദേവീപ്രതിഷ്ഠ ഭദ്രകാളീ/ ദുർഗാ രൂപത്തിലായതിനാൽ രജോഗുണമായ ഈ വസ്തുക്കൾ ഉപയോഗിച്ച് പൂജചെയ്യുന്നത് ദേവീപ്രസാദത്തിനും അഭീഷ്ഠസിദ്ധിക്കും ഉത്തമമാണ്.

രാഹുദോഷത്തിന്റെ പരിഹാരത്തിനായി ദേവീക്ഷേത്രങ്ങളിൽ നടത്താറുള്ള വഴിപാടാണ് നാരങ്ങാവിളക്ക്.

രാഹു നവഗ്രഹങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്നുണ്ടെങ്കിലും കേവലം തമോഗ്രഹമാണ്.

രാഹുവിന്റെ ദശയിലും മറ്റ് ദശകളിൽ രാഹുവിന്റെ അപഹാരം ഉണ്ടാകുമ്പോൾ അനിഷ്ടകാര്യങ്ങൾ സംഭവിക്കും.

ഓരോ ദിവസവും രാഹുവിന്റെ നിഴലാട്ടം ഉണ്ടാകുന്ന സമയത്ത് അനിഷ്ട സംഭവങ്ങൾ പരിഹരിക്കാനാണ് രാഹുകാലത്ത് നാരങ്ങാ വിളക്ക് കത്തിച്ച് ദേവിയെ ഭജിക്കുന്നത്.

ദുർഗ്ഗാ പൂജനത : പ്രസന്ന ഹൃദയ : എന്നാണ് നവഗ്രഹ മംഗളാഷ്ടകത്തിൽ രാഹുവിനെപറ്റി പറയുന്നത്.

രാഹുദോഷ പരിഹാരത്തിന് ദേവീ പൂജ ഉത്തമം എന്നാണിതിന്റെ അർത്ഥം.

രാശിചക്രത്തിൽ രാഹുവിന് സ്വന്തമായ ക്ഷേത്രമില്ല.

ദേവിയുടെ പ്രാതിനിധ്യം വഹിക്കുന്ന ശുക്രന്റെ സ്വക്ഷേത്രമായ ഇടവത്തിലാണ് രാഹുവിന് സ്ഥാനമുള്ളത്.

അതായത് ദേവിയുടെ സ്വക്ഷേത്രമായ രാശിയിൽ ആശ്രിതനായി സ്ഥിതി ചെയ്യുന്നവനാണ് രാഹു.

അതുകൊണ്ടുതന്നെ ദേവിയുടെ സ്വക്ഷേത്രമായ രാശിയിൽ സ്ഥിതിചെയ്യുന്ന രാഹുദോഷപരിഹാരത്തിന് ദേവിയെ ആരാധിക്കുക തന്നെ വേണം.

ശക്തിസ്വരൂപിണിയായ ദേവിയെ പ്രീതിപ്പെടുത്താൻ ചെയ്യുന്ന രാജസപൂജയുടെ ഭാഗമായാണ് നാരങ്ങാവിളക്ക് കത്തിക്കുന്നത്.

ലഘുവായ ഒരു ഹോമത്തിന്റെ ഫലമാണ് നാരങ്ങാ വിളക്ക് കത്തിക്കുന്നതിലൂടെ ഭക്തർക്ക് ലഭിക്കുന്നത്.

അഗ്നിഭഗവാനെ സാക്ഷിനിർത്തി മന്ത്രോച്ചാരണത്തോടെ ദേവിയെ സ്തുതിച്ചാൽ രാഹുദോഷം അകന്നുപോകുമെന്നു ആണ് വിശ്വാസം.

പൂജകളിൽദുരാത്മാക്കളെ തുരത്താനായി നാരങ്ങ ഉപയോഗിക്കാറുണ്ട്. ദുരാത്മാക്കളെ അകറ്റാൻ കഴിവുള്ളതാണ് ദുര്ഗ്ഗാ ദേവി. നാരങ്ങാ വിളക്ക് കത്തിക്കുമ്പോൾ നാരങ്ങ നമ്മളോട് സദൃശമാകുന്നു, നമ്മുടെ ഉൾഭാഗം ദൈവത്തെ കാണിക്കണം എന്നാണ് ഇത് അർത്ഥമാക്കുന്നത്. മിഥ്യാബോധം, ദുരാഗ്രഹം, കാമം, കോപം എന്നിവ അറിഷെഡ്വർഗ്ഗങ്ങളെ ദൈവത്തിന് മുന്നിൽഉപേക്ഷിക്കണം. നാരങ്ങയുടെ വെളുത്ത ഭാഗം നമ്മുടെ ശുദ്ധമായ ജ്ഞാനത്തെയും, ഇരുണ്ട ഭാഗം(പച്ച നിറമുള്ള ഭാഗം) നമ്മളിലെ മായയേയും കാണിക്കുന്നു. മായയെ ഇല്ലാതാക്കി ശുദ്ധ ജ്ഞാനം വരാനായി ആ ഭാഗത്തു ആത്മ ജ്യോതി തെളിയട്ടെ എന്നതാണ് സന്ദേശം...

വെള്ളിയും ചൊവ്വയും ആണ് ഉദ്ദിഷ്ട കാര്യ സിദ്ദിക്കും , വിവാഹ തടസ്സം മാറി കിട്ടുന്നതി -നും ഭഗവതിക്ക് നാരങ്ങാ വിളക്കു കത്തിക്കാൻ ഉത്തമമായ ദിവസങ്ങൾ.

**ചോദ്യം-65) രക്ഷ ബന്ധന ഉത്സവത്തിന്റെ പറ്റി പറയാമോ ?**

ഉത്തരം : രാഖി ബന്ധൻ (രക്ഷാ ബന്ധൻ) :- ഭാരതത്തിൽ നടന്ന ചരിത്ര പ്രസിദ്ധമായ ചില യുദ്ധ ചരിത്ര ങ്ങളിൽ രക്ഷാ ബന്ധൻ പരാമർശിക്കപ്പെട്ട താണ് സഹോദരി സഹോദര ബന്ധത്തിന്റെ പ്രതീകമായാണ് രാഖി ബന്ധൻ അഥ വാ രക്ഷാ ബന്ധൻ ആഘോഷിക്കുന്നത്. ശ്രാവണ മാസ്സത്തിലെ പൂർണ്ണ ചന്ദ്ര ദിവസ്സം വരുന്നതിനാൽ ഈ ആഘോഷത്തെ ശ്രാവണ പൂർണ്ണിമയെന്ന പേരി ലും, രാഖി പൂർണ്ണിമയെന്ന പേരിലും അറിയപ്പെടുന്നു. സഹോദരി സ്വന്തം സഹോദരന് രാഖി കെട്ടുന്നത് പോലെ അകന്ന ബന്ധത്തിലുള്ള സഹോദരിമാ രും, പരസ്പ്പരം രക്തബന്ധമില്ലാത്ത സ്ത്രീകളും വളരെ അടുത്ത സുഹൃത്തുക്ക ൾക്ക് രാഖി കെട്ടുകയും സഹോദരനായി അങ്ങീകരിക്കുകയും ചെയ്യുന്നു. സ്നേഹത്തോടും, ഭക്തിയോടും, പ്രാർത്ഥനയോടും കൂടി രാഖി കെട്ടുന്നതോടെ സഹോദരി, സഹോദര ബന്ധം ദൃഢമാവുകയും, അതോടോ -പ്പോം ആയുരാരോഘ്യവും, സർവ്വവിധ ഐശ്വര്യങ്ങളും, അപകടങ്ങളിൽ നിന്ന് രക്ഷ ലഭിക്കുകയും ചെയ്യുന്നുവെന്നു വിശ്വാസ്സം.

രക്ത ബന്ധമുള്ളവരായാലും, ഇല്ലാത്തവരായാലും രാഖി കെട്ടിക്കഴിഞ്ഞാൽ ജീവിച്ചിരിക്കുന്നത്രയും കാലം അവർ പരസ്പ്പരം സഹോദരി, സഹോദരൻമ്മാരായി കണക്കാക്കുന്നു. സഹോദരിക്ക് ആവശ്യമായ ഏതു വിധ സംര ക്ഷണവും, ഏത് സാഹചര്യങ്ങളിലും നൽകുവാൻ സഹോദരൻ ബാധ്യസ്ഥനു മാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും, കേരളം ഒഴികെയുള്ള തെന്നിന്ത്യൻ സംസ്ഥാനങ്ങളിലും നൂറ്റാണ്ടുകൾക്ക് മുമ്പ് മുതൽ രക്ഷാ ബന്ധൻ ആഘോഷി ച്ചു വരുന്നു. എന്നാൽ കേരളത്തിൽ അടുത്ത കുറച്ചു വർഷങ്ങളായിട്ടാണ് രക്ഷാ ബന്ധൻ ആഘോഷങ്ങൾക്ക് കൂടുതൽ പ്രചാരമുണ്ടായത്.

തിളങ്ങുന്നതും വർണ്ണ ശബളവുമായ പലതരം നൂൽകൊണ്ട് സ്വന്തമായി വീടുകളിൽ നിർമ്മിക്കുന്ന രാഖിയാണ് മുൻ കാലങ്ങളിൽ ഉപയോഗിച്ചിരുന്നത്.

അയൽ വാസ്സികളായ വീട്ടമ്മമാർ കൂടിയിരുന്നു പല ദിവസ്സങ്ങൾ കൊണ്ടാണ് രാഖി ഉണ്ടാക്കിയിരുന്നത്. എന്നാൽ തിരക്കുകളിൽ നിന്നും തിരക്കുകളിലേ ക്ക് കൂപ്പ് കുത്തുന്ന ഇന്നത്തെ സമൂഹത്തിന് വീടുകളിൽ ഭക്ഷണം ഉണ്ടാക്കാ നടക്കം ഒന്നിനും നേരമില്ലാതായി, ഈ അവസരം മുതലാക്കാൻ വിപണിയിൽ മൽസരങ്ങളും തുടങ്ങി. ഇന്ന് ആകർഷകങ്ങളായ പല തരം രാഖികൾ വിപ ണികളിൽ സുലഭമാണ്. അത് കൊണ്ട് തന്നെ സ്വന്തമായി നിർമ്മിച്ചു സമയം കളയാനൊന്നും ആരും മെനക്കെടാറില്ല.

"രക്ഷാ ബന്ധൻ" സംസ്കൃത ഭാഷയിൽ "സംരക്ഷണത്തിന്റെ കെട്ടു" എന്ന് അർ ത്ഥം വരുന്നു. വൈവിധ്യങ്ങളായ പല തരം ആഘോഷങ്ങളോട് കൂടിയാണ് ഭാരതത്തി ൽ എല്ലായിടങ്ങളിലും രക്ഷാ ബന്ധൻ ആഘോഷിക്കുന്നത്. മാതാ പിതാക്കളും, വീട്ടിലെ മറ്റു അംഗങ്ങളെല്ലാവരും ഒത്തു കൂടി രക്ഷ ബന്ധന ചടങ്ങുകൾ ആരംഭിക്കുന്നു പുതു വസ്ത്രങ്ങൾ ധരിച്ച സഹോദരി, സഹോദരനമ്മാർ ആദ്യം പ്രാർത്ഥിക്കുന്നു. പല തരം പുഷ്പ്പങ്ങളും രാഖിയും തളികയിൽ എടുത്തു ഒരു ചെറു നെയ് വിളക്ക് കത്തിച്ചു (ചിലർ കർപ്പൂരവും കത്തിക്കു ന്നു) പൂജ മുറിയിൽ ഇഷ്ട ദേവന്റെ മുമ്പിൽ പ്രാർത്തിക്കുകയും ആരതി ഉഴി യുകയും ചെയ്യുന്നു.

ദൈവ പൂജക്ക് ശേഷം തളികയുമായി സഹോദരനെ ആരതി ഉഴിയുന്നു. മൂന്ന് പ്രാവശ്യം ആരതി ഉഴിഞ്ഞ ശേഷം വലതു കയ്യിൽ രാഖി കെട്ടുകയും നെറ്റിയി ൽ സിന്ദൂരം അണിയിക്കുകയും ചെയ്യുന്നു. സഹോദരൻ സമ്മാനങ്ങൾ കൈ മാറുകയും, അനുഗ്രഹിക്കുകയും, ഏതു ഘട്ടത്തിലും, ഏത് വിധത്തിലുള്ള സഹായങ്ങളും, സംരക്ഷണങ്ങളും നൽകാമെന്നും ശപഥം ചെയ്യുകയും, തുടർന്ന് പരസ്പ്പരം പലതരം മധുര പലഹാരങ്ങളും, പഴങ്ങളും ഊട്ടിക്കുകയും ചെയ്യുന്നു അതോടെ രക്ഷ ബന്ധന്റെ ആചാരങ്ങളും ചടങ്ങും പൂർത്തിയാകുകയും മറ്റു ആഘോഷങ്ങളിലേക്ക് കടക്കുകയും ചെയ്യുന്നു.

വിവാഹിതയായ പെൺ മക്കൾ ഭർതൃ ഗൃഹത്തിൽ നിന്നും മധുര പലഹാര ങ്ങളും റാഖിയുമായി സ്വന്തം വീടുകളിലെത്തുകയും, സഹോദരൻ രാഖി കെട്ടുകയും ചെയ്യുന്നു. തുടർന്ന് വീടുകളിലും മധുര പലഹാരങ്ങളും പായസ്സവും മറ്റു പല തരം വിഭവ സമൃദ്ധമായ ഭക്ഷണങ്ങളും ഉണ്ടാക്കുന്നു. കുടുംബങ്ങൾ

എല്ലാവരും ഒന്നിച്ചിരുന്നു സദ്യ ഉണ്ണുകയും  വൈകുന്നേരങ്ങളിൽ ക്ഷേത്ര ദർശനവും, ഉല്ലാസ യാത്രകളും, കടൽക്കരയിലും മറ്റും ആടിയും പാടിയും വിനോദയാത്രകൾ നടത്തിയും ആഘോഷത്തെ അവിസ്മരണീയമാക്കുന്നു.

എത്ര വർഷങ്ങൾക്കു മുമ്പ് മുതൽ നിലവിലുള്ള ആഘോഷമാണെന്നതിനു വ്യക്തമായ രേഖകളോ, വിവരമോ ലഭ്യമല്ല, എന്നാൽ ഭവിഷ്യ പുരാണത്തി ലും, ഭാഗവത പുരാണത്തിലും, വിഷ്ണു പുരാണത്തിലും രക്ഷാ ബന്ധൻ പ്രതി പാദിക്കപ്പെടുകയാൽ പല ആയിരം വർഷങ്ങൾക്ക് മുമ്പ് മുതൽ തന്നെ ആഘോഷവും ആചാരങ്ങളും ഭാരതത്തിൽ നിലവിലുള്ളതായി അനുമാനി ക്കാം.

പല കഥകളും ഐതിഹ്യങ്ങളും രക്ഷാ ബന്ധനുമായി ബന്ധപ്പെട്ടു നിലവിലു ണ്ടെങ്കിലും കൂടുതൽ പ്രചാരത്തിലുള്ളത് ശ്രി കൃഷണനും ദ്രൗപതിയും തമ്മിലുള്ള സഹോദരി, സഹോദര ബന്ധമാണ്.  ശിശുപാലന്റെ ശിരച്ഛേധം നടത്തുന്ന സമയത്ത് ഭഗവാൻ ശ്രീ കൃഷ്ണ ന്റെ കൈ വിരലിൽ ആഴത്തിലുള്ള മുറിവുണ്ടാകുന്നു. അടുത്തുണ്ടായിരുന്ന ദ്രൗപതി ഭഗവാന്റെ രക്ഷക്കെത്തുകയും അവരുടെ അഴകുള്ള പുത്തൻ സാരി കീറിയെടുത്ത് ശ്രി കൃഷ്ണന്റെ വിരലിൽ കെട്ടുകയും രക്ത സ്രാവം ശമിപ്പിക്കുകയും ചെയ്യുന്നു. ദ്രൗപതിയുടെ ഈ പ്രവർത്തിയിൽ സന്തുഷ്ടനായ ഭഗവാൻ കൃഷ്ണൻ ദ്രൗപതിയെ ആശിർവതിക്കുകയും സഹോദരിയായി അങ്ങീകരിക്കുകയും, ഏത് സാഹചര്യത്തിലും സംരക്ഷിക്കാമെന്ന ശപഥവും ചെയ്യുന്നു.  അവസരം വരുമ്പോൾ സാരികഷ്ണത്തിലെ ഓരോ ഇഴ നൂലിനും പകരമായി തിരിച്ചു ഉപഹാരം നൽകുമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്യുന്നു.

കൗരവ സഭയിൽ ദുര്യോധനന്റെ ആജ്ഞയനുസ്സരിച്ചു ദുശ്ശാസ്സനൻ ദ്രൗപതിയെ വിവസ്ത്രയാക്കാൻ ശ്രമിക്കുമ്പോൾ ശ്രി കൃഷ്ണൻ പ്രത്യക്ഷപ്പെടുകയും സാരിക്കഷ്ണത്തിലെ ഓരോ നൂലിഴക്കും പകരമായി അഴിച്ചാൽ തീരാത്തത്രയും സാരി നൽകി സഹോദരിയായ ദ്രൗപതിയുടെ മാനം കാക്കുകയും ചെയ്യുന്നു. ദ്രൗപതി ഭഗവാൻ കൃഷ്ണന്റെ കയ്യിൽ കെട്ടിയ സാരിക്കഷ്ണമാണ് രാഖിയായി (രക്ഷ) മാറിയതെന്ന് ഐതിഹ്യം. പിന്നീട് മഹാഭാരത യുദ്ധത്തിൽ പങ്കെടുക്കാൻ പോകുന്ന അവസ്സരത്തിലും ദ്രൗപതി രാഖി കെട്ടി സഹോദരനായ  ശ്രികൃഷ്ണന്റെ

രക്ഷ ഉറപ്പു വരുത്തിയെന്നും വിശ്വാസ്സം. ഈ വിശ്വാസ്സവും ആചാരങ്ങളുമാണ് രക്ഷാ ബന്ധൻ ആയി മാറിയതെന്ന് ഒരു ഐതിഹ്യം.

ഉത്തരേന്ത്യയിൽ നിലവിലുള്ള മറ്റൊരു ഐതിഹ്യ കഥ മഹാബലിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. മഹാബലി വാമനനോട് ഒരു വരം സഫലീ കരിക്കാനുള്ള അനുവാദം ചോദിക്കുകയും വാമനനായ മഹാവിഷ്ണു അനുവദിക്കുകയും ചെയ്തുവെന്നും, അത് മഹാബലിക്ക് ദിവസ്സവും രാവും പകലും മഹാവിഷ്ണുവിനെ കണ്ടു കൊണ്ട് ദർശന സൗഭാഗ്യം നേടാൻ അവസരമുണ്ടാകണമെന്നുമായിരുന്നു. അങ്ങിനെ നിത്യവും കണ്ടിരിക്കാൻ വേണ്ടി തന്റെ രാജ്യം ഭരിച്ചുകൊണ്ടു , തന്റെ കൂടെ വസിക്കണമെന്നു മഹാവിഷ്ണുവിനോട് അഭ്യർത്ഥിക്കുന്നു. വാക്ക് പാലിക്കാൻ ബാധ്യസ്ഥനായ മഹാവിഷ്ണു മഹാബലിയുടെ കൂടെ താമസിച്ചു , ബലിക്ക് വേണ്ടി ബലിയുടെ രാജ്യം ഭരിക്കുവാനും സമ്മതിച്ചു. വിഷമ വൃത്തത്തിലായ വിഷ്ണു പത്നിയായ ലക്ഷ്മി നാരദ മുനിയോട് എന്തെങ്കിലും ഉപായം പറഞ്ഞു കൊടുക്കുവാൻ ആവശ്യപ്പെടുന്നു. നാരദമുനി മഹാ ബലി യെ സഹോദരനായി അംഗീകരിക്കാനും, സ്നേഹോപഹാരമായി വർണ്ണ നൂൽ കയ്യിൽ കെട്ടാനും മധുരം നൽകാനും ഉപദേശിക്കുന്നു. ഉപദേശം സ്വീകരിച്ച ലക്ഷ്മി ദേവി മഹാബലിയുടെ കയ്യിൽ വർണ്ണ ചരട് കെട്ടി സാഹോദര്യ ബന്ധ മുറപ്പിക്കുന്നു. സഹോദരിക്ക് ഉപഹാരമായി എന്ത് വേണമെങ്കിലും ആവശ്യ പ്പെട്ടു കൊള്ളുവാൻ മഹാബലി കൽപ്പിക്കുന്നു. തന്റെ ഭർത്താവായ മഹാവി ഷ്ണുവിനെ കൂടെ അയക്കുവാൻ ലക്ഷ്മി ദേവി ആഗ്രഹം പ്രകടിപ്പിക്കുകയും സഹോദരിയുടെ ഇച്ഛാനുസരണം മഹാവിഷ്ണുവിനെ രാജ്യം ഭരണം എന്ന് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാക്കി ലക്ഷ്മി ദേവിയുടെ കൂടെ പറഞ്ഞയച്ചെന്നും കഥ. അത് ഒരു ശ്രാവണ ശുക്ല പക്ഷ പൂർണ്ണിമ ദിവസ്സമായിരുന്നുവെന്നും, അന്ന് മുതലാണ് രക്ഷാ ബന്ധൻ നിലവിൽ വന്നതെന്നും മറ്റൊരു കഥ.

ബി സി മുന്നൂറിൽ അലക്സാണ്ടർ ചക്രവർത്തിയും സൈന്യവും ഇന്ത്യയിലെത്തുകയും പോറസ് ചക്രവർത്തിയുമായി യുദ്ധം പ്രഖ്യാപിക്കുകയും ചെയ്യുന്നു, പോറസിന്റെ യുദ്ധ വീര്യം കേട്ടറിഞ്ഞ അലക്സാണ്ടർ

ചക്രവർത്തിയുടെ ഭാര്യ അസ്വസ്ഥയാവുന്നു. ഈ സന്ദർഭത്തിൽ, അലക്സാണ്ടർ ചക്രവർത്തിയുടെ ഭാര്യ, യുദ്ധത്തിൽ തന്റെ ഭർത്താവിനെ അപായപ്പെടുത്തരുതെന്ന അപേക്ഷയോടോപ്പോം രാഖിയും ചേർത്ത് പോറസി നയച്ചു കൊടുക്കുന്നു. രാഖിയും കെട്ടി യുദ്ധക്കളത്തിലെത്തുന്ന പോറസ്സിനു അലക്സാണ്ടർ ചക്രവർത്തിയുമായി നേരിട്ടു ഏറ്റു മുട്ടലിനുള്ള സന്ദർഭം വരുന്നു. വെട്ടാനായി കയ്യുയർത്തുമ്പോൾ ഒരു നിമിഷം കയ്യിലുള്ള രാഖിയിൽ ശ്രദ്ധ തിരിയുകയും, സഹോദരി വിധവയാകുമെന്ന തിരിച്ചറിവിൽ യുദ്ധ രംഗത്ത് നിന്ന് പിന്മാറുകയും ചെയ്തു, രാഖിയുടെ മഹത്വം മനസ്സിലാക്കിയ അലക്സാണ്ടറും പോറസ്സുമായുള്ള ഏറ്റുമുട്ടലിൽ നിന്നും പിന്മാറിയെന്നുതും ചരിത്രത്തിൽ ഇടം പിടിച്ച കഥ.

രാജഭരണ കാലങ്ങളിൽ യുദ്ധത്തിനു പുറപ്പെടുന്ന സൈനികർക്ക് രക്ഷാ കവചമായി സഹോദരിമാർ രാഖി കെട്ടുകയും, വിജയശ്രീലാളിതനായി തിരി ച്ചു വരാൻ അനുഗ്രഹിക്കുകയും ചെയ്തിരുന്നതായി പുരാണങ്ങളിൽ പറയുന്നു. എല്ലാ കാലത്തും ഭാരതം ഉയർത്തിപ്പിടിച്ച മാനവീകതയുടെയും, സഹോദര്യത്തിന്റെയും, സമാധാനത്തിന്റെയും പ്രതീകമാണ് നമ്മുടെ പല ആഘോഷങ്ങളും, ആചാരങ്ങളും. അങ്ങിനെയുള്ള പല ആഘോഷങ്ങളിൽ ഒന്നാണ് രക്ഷാ ബന്ധൻ ആഘോഷവും. തുടർന്നും സഹോദര്യവും, സമാധാനവുമെന്ന നമ്മുടെ സംസ്കാരത്തിന്റെ പവിത്രത കാത്ത് സൂക്ഷിക്കാനും, കളങ്കപ്പെടു ത്താതെ സംരക്ഷിക്കാനും രക്ഷാ ബന്ധനടക്കമുള്ള ആഘോഷങ്ങൾ പ്രചോദനമാകട്ടെ.

ഇന്ത്യക്ക് പുറമേ മൌറീഷ്യസ്സ്, ഓസ്ട്രേലിയ, യൂറോപ്പിലെ പല രാജ്യങ്ങളിലും നേപ്പാൾ, ബംഗ്ലാദേശിലെ ചില ഭാഗങ്ങളിലും, പാക്കിസ്ഥാനിലെ ചില ഭാഗങ്ങളിലും, ഇന്ത്യൻ വംശജർ ഉള്ള മറ്റു എല്ലാ രാജ്യങ്ങളിലും രക്ഷാ ബന്ധൻ ആഘോഷിക്കുന്നു. മറ്റു സംസ്ഥാനങ്ങളിലോ, വിദേശത്തോ ഉള്ള സഹൊാദരൻമ്മാർക്കും, സഹോദരന്മാരായി കണക്കാക്കുന്നവർക്കും തപാലിൽ രാഖി അയക്കുന്നു. പൂജകൾക്ക് ശേഷം സഹോദരി കെട്ടുന്നതായി മനസ്സിൽ സങ്കൽപ്പി ച്ചു കൊണ്ട് രാഖി സ്വന്തം കയ്യിൽ കെട്ടുകയും സഹോദരിക്കുള്ള ഉപഹാരങ്ങൾ തപാലിൽ അയച്ചു കൊടുക്കുകയും ചെയ്യുന്നു.

**ചോദ്യം -66) എന്താണ് ആവണി അവിട്ടം ?**

**ഉത്തരം : ആവണി അവിട്ടം______**

▶ആവണി മാസത്തിലെ അവിട്ടം നാൾ (ശ്രാവണ ശുക്ല പക്ഷ പൂർണ്ണിമ ). ഹിന്ദു ആചാര പ്രകാരം പ്രാധാന്യം അർഹിക്കുന്നു. ശ്രീകൃഷ്ണ ജയന്തിക്ക് തൊട്ടു മുൻപ് വരുന്ന പൗര്ണ്ണമി നാളാണ് ആവണി അവിട്ടം. മഹാരാഷ്ട്രയിൽഇത് നാരിയൽപൂർണിമ എന്ന പേരിലാണ് ആഘോഷിക്കുക.

തെക്കേ ഇന്ത്യയിലാണ് ആവണി അവിട്ടം എന്ന പേരിൽഅഘോഷം നടക്കറുള്ളത്. ഇതേ ദിവസം ദേശ വ്യാപകമായി രക്ഷാ ബന്ധൻ ഉത്സവമായി ആഘോഷിക്കുന്നത് ഇതിന്റെ പിന്നിലെ ഐതിഹ്യം എന്താണെന്നോ ?

പണ്ട് ബ്രഹ്മാവിൻ താൻ വേദങ്ങളുടെ സൂക്ഷിപ്പുകാരനാണെന്ന് വല്ല്യ അഹന്തയുണ്ടായത്രെ. ആ അഹന്ത അടക്കാൻ വിഷ്ണു രണ്ട് അസുരന്മാരെ പറഞ്ഞയക്കുകയും അവർ വേദങ്ങൾ മോഷ്ടിക്കുകയും ചെയ്തു. അഹന്ത ഒതുങ്ങിയ ബ്രഹ്മാവ് വിഷ്ണുവിന്റെ സഹായം തേടിയപ്പോൾ വിഷ്ണു ഹയഗ്രീവനായി അവതാരം കൊണ്ട് വേദങ്ങൾ വീണ്ടെടുത്തു എന്നാണ് വിശ്വാസം. അങ്ങനെ ആവണി അവിട്ടം ഹയഗ്രീവ ഉൽപ്പത്തി ദിനമായും അറിയപ്പെടുന്നു.

ബ്രാഹ്മണർ അന്ന് പൂണൂൽമാറ്റി പുതിയ പൂണൂൽധരിക്കുകയും പൂർവ ഋഷിമാരെ സ്മരിച്ച് അർഘ്യം ചെയ്യുന്നു. ഉപാ കർമ്മം എന്നാണ് ഈ ദിവസത്തെ ആചാരത്തിന് പേർ. ഈ ദിവസം വേദോച്ചാരണവും മന്ത്രോച്ചാരണവും നടത്തുന്നത് വളരെ ശുഭകരമായാണ് കണക്കാക്കുന്നത്.

ബ്രാഹ്മണ യുവാക്കൾ വേദ പഠനം തുടങ്ങുന്നതും ആദ്യമായി പൂണൂൽധരിക്കുന്നതും ഈ ദിവസമാണ്. പൂണൂൽധരിക്കുന്നതോടെ അയാളുടെ അകക്കണ്ണ് അല്ലെങ്കിൽവിജ്ഞാനത്തിന്റെ കണ്ണ് തുറന്നു എന്നാണ് സങ്കൽപ്പം.

അമൂല്യങ്ങളായ നാലുവേദങ്ങളും മുൻകാലത്ത് ഒന്നായിരുന്നു. അതിനെ നാലായി വിഭജിച്ചത് വ്യാസനാണ്. ഈകാരണത്താലാണ് വ്യാസമുനിക്ക് വേദവ്യാസൻ എന്നു പേരുസിദ്ധിച്ചത്. ബ്രഹ്മാവിന്റെ നിർദ്ദേശപ്രകാരമാണത്രേ വേദത്തെ നാലാക്കി പകുത്തത്. പിന്നീട് പൈല മാഹാമുനി ഋഗ്വേദത്തേയും,

വൈശമ്പായനന് യജുർവേദത്തിനും, സാമവേദത്തിൻ ജൈമിനി മഹർഷിയേയും ശുമന്തുമുനി അഥർവവേദത്തിന്റേയും സംരക്ഷകരായി വേദവ്യാസൻ നിയമിച്ചു. ഈ മഹത്തായ ഋഷികളുടെ കഠിനപ്രയത്നത്താൽപരിക്കൊന്നും കൂടാതെ തലമുറകള്കൈമാറി അതുപോലെതന്നെ നിലനിന്നുവരുന്നു.

വേദകാലഘട്ടത്തിൽനിന്നാണ് ഉപനയനാദി കർമ്മങ്ങളെ പിപുലപ്പെടുത്തിയത് എന്നു വിശ്വസിച്ചുവരുന്നു. വേദം സായത്തമാകണമെങ്കിൽഅടിസ്ഥാന തത്ത്വം ഉപനയനം കഴിഞ്ഞ് സന്ധ്യാവന്ദനം ഗായത്രി മുതലായവയെല്ലാം പഠിച്ച് ഉപാസിക്കണം. തുടര്ന്നാണ് വേദ പണ്ഡിതന്മാരുടെ കീഴിൽഗരുകുല വിദ്യാഭ്യാസംചെയ്ത് വേദത്തെ കമ്പോടു കമ്പ് ചൊല്ലിപഠിക്കുന്നു. ഓരോ കുലത്തിനും ഇന്ന ഇന്ന വേദം എന്ന് മുൻകാലത്ത് തിരിച്ചിട്ടുണ്ട്.

ഗുരുമുഖത്തുനിന്ന് തന്നെ വേദം അഭ്യസിക്കണം. അതിനായി ഗുരുകുല രീതിയിൽപഠിക്കുകയായിരുന്നു ആദ്യകാലങ്ങളിൽ. ചിലയിടത്ത് വേദ പാഠശാലയും നിലനിന്നു വരുന്നു. ഉച്ചാരണ ശുദ്ധി വരുന്നമുറയ്ക്ക് ഏഴ്, ഒൻപത്, പതിനൊന്ന് എന്നീ വയസ്സുകളിൽഉപനയനം നടത്തും. പൂണൂൽപൊട്ടുമ്പോൾ മാറുമെങ്കിലും ഉപാകർമ്മം എന്ന ആവണി അവിട്ടത്തിന് പഴയ പൂണൂലുമാറ്റി പുതിയവ ധരിക്കുന്നു. വേദങ്ങളുടെ അടിസ്ഥാനത്തിൽഇതിന് ചില പ്രാദേശിക മാറ്റം നിലനിൽക്കുന്നുണ്ട്. ഉപാകർമ്മം സാധാരണ അമ്പലങ്ങളിലോ ജലാശയ സാന്നിദ്ധ്യമുള്ളിടത്തോ ആണ് ഇതെല്ലാം പതിവ്. മുഖ്യപുരോഹിതന്റെ നേതൃത്വത്തിൽപ്രധാന വേദ ഭാഗങ്ങൾ ചൊല്ലി കർമ്മങ്ങൾക്ക് തുടക്കം കുറിക്കും.

പഴയ പൂണൂൽമാറ്റി പുതിയവ ധരിക്കുമ്പോൾ പ്രത്യേക മുഹൂർത്തത്തിലായിരിക്കും. തുടർന്ന് ഗായത്രി എല്ലാവരും ചേർന്ന് ഉരുവിടുന്നു. അതിനുശേഷമാണ് ബലി തർപ്പണചടങ്ങ്. സമസ്ത ലോകങ്ങളിലും നന്മ പുലർന്നു കാണുവാൻവേണ്ടിയാണ് ഗായത്രീ ജപം. ഉപാകർമ്മത്തിനു പിറ്റേന്ന് ഉദയത്തിൻ മുൻപായി ആയിരത്തെട്ട് ഗായത്രി ജപിക്കുക(സഹസ്രാവർത്തി) എന്നത് വളരെയേറെ പ്രാധാന്യമർഹിക്കുന്നു. ലോകത്ത് സമാധാനം നിലനിൽക്കുവാൻ ജപിക്കുന്ന ഗായത്രിക്ക് വളരെ വലിയ അർത്ഥ തലങ്ങൾ ഉണ്ട്.

പരുത്തിനൂൽകൊണ്ടു നിർമ്മിക്കുന്ന പൂണൂൽബ്രഹ്മചാരികൾക്ക് മൂന്നിഴയുള്ള പൂണൂലും, വിഹാഹം കഴിഞ്ഞവർക്ക് മൂന്നിഴവീതമുള്ള രണ്ടു പൂണൂലും. അറുപതുവയസ്സുകഴിഞ്ഞവർക്ക് ഇത്തരത്തിലെ മൂന്നു പൂണൂലും ധരിക്കണം.ॐ□

**ചോദ്യം-67) ഓണം ആഘോഷത്തിന്റെ ഐതിഹ്യം എന്താണ് ?**

**ഉത്തരം :** ഓണം ആഘോഷിക്കുന്നത് ശ്രീ വിഷ്ണു ഭഗവാന്റെ വാമനാവതാരമെടുത്ത ദിനമായിട്ടാണ്. കൂടാതെ മഹാനായ മഹാബലി ചക്രവർത്തി തന്റെ പ്രജകളെ കാണാൻ വരുന്ന ദിവസവുമായിട്ടുമാണ്. ഇനി ഇതിന്റെ ഐതിഹ്യത്തിലേക്കു ഒരു നോട്ടം എറിയാം. മഹാബലി ചക്രവർത്തി ശ്രീ വിരോചനന്റെ മകനും ശ്രീ പ്രഹ്ലാദന്റെ പൗത്രനുമായിരുന്നു. മധ്യപ്രദേശിലെ നർമദാ നദി മുതൽ ഇങ്ങോട്ടു തെക്കേ ഭാരതം ഭരിച്ചിരുന്നു (അന്ന് കേരളമോ കൊങ്കൺ പ്രദേശമോ ഇല്ലാ എന്ന് ഓർക്കണം ..പിന്നീട് ശ്രീ പരശുരാമ അവതാര സമയത്താണ് കേരളവും കൊങ്കൺ പ്രദേശം സമുദ്രം പിന്മാറി ഉണ്ടായത്).

അങ്ങനെയിരിക്കെ മഹാബലി വളരെ വീരനും ശൂരനും ആയിരിന്നു. തന്റെ അപാരമായ കഴിവ് , നേത്രത്വ പാടവം കൊണ്ട് പതിനാൽലോകങ്ങളും കിഴ്പെടുത്തി വാഴുകയായിരുന്ന. മറ്റുള്ള ലോകങ്ങളിൽ തന്റെതായ സംസ്കാരം , ഭാഷ , വിചാരം അടിച്ചേൽപ്പിച്ചപ്പോൾ അവിടെയുള്ള പ്രജകൾ തങ്ങളുടെ സ്വാതന്ത്ര്യത്തിനു വേണ്ടി മുറവിളി കൂട്ടുകയും ഗത്യന്തരമില്ലാതെ ശ്രീ വിഷ്ണു ഭഗവാനെ ആശ്രയിക്കുകയും ചെയ്തു. കേവല ഭൗതികാസക്തിയിൽ മഗ്നനായ തന്റെ ഭക്തനായ മഹാബലിയെ ആത്മീയ മാർഗത്തിൽ ഉയർത്തുവാനും , മറ്റുള്ള ലോകകർക്കു സ്വാതന്ത്ര്യം നേടി കൊടുക്കുവാനും തീരുമാനിച്ച ശ്രീ ഭഗവാൻ , ഒരു അമാനുഷികമായ അത്ഭുതം പ്രദർശിപ്പിക്കുവാൻ തന്നെ തീരുമാനിച്ചു. അങ്ങനെ ഒരു ബാലന്റെ രൂപത്തിൽ മഹാബലിയെ സമീപിക്കുകയും , തനിക്കു യാഗം ചെയ്യാൻ ഒരു മൂന്നടി സ്ഥലം ആവശ്യപ്പെടുകയും ചെയ്തു. നിസ്സാരമായി കണക്കാക്കി മഹാബലി , ശ്രീ വാമന മൂർത്തിയോട് തനിക്കു ഇഷ്ടമുള്ളിടത്തു മൂന്നടി അളെന്നെടുക്കുവാൻ ആവശ്യപ്പെട്ടു. ഇതാ അവസരം ഉണ്ടായിരിക്കുന്നു. മനുഷ്യ ജന്മ ലക്ഷ്യമായ മൃഗത്വത്തിൽ നിന്ന് ദേവത്വത്തിലേക്കു ഉണരേണ്ടതിനെ , മഹാബലിയിൽ പ്രചോദിപ്പിക്കേണ്ട -തുണ്ടായിരുന്നു കൂടാതെ മറ്റുള്ള 14

ലോകങ്ങളും സ്വാതന്ത്ര്യം അനുഭവിക്കേണ്ട -തുണ്ടായിരുന്നു. ശ്രീ കൃഷ്ണൻ വായി തുറന്നു യശോദാമ്മയ്ക്കു സകല ലോകങ്ങളെയും തന്റെ വായിൽ കാണിച്ചു കൊടുത്തത് പോലെ , ഒരു അത്ഭുതം ശ്രീ വാമന മൂർത്തി മഹാബലിക്കും കാണിച്ചു കൊടുത്തു. തന്റെ ഒരു പാദം വെച്ച് ഭൂമിയിൽ നിന്ന് മുകിളിലോട്ടുള്ള 6 ലോകങ്ങളും അളന്ന് എടുത്തു .... പിന്നെ രണ്ടാ പാദം കൊണ്ട് ഭൂമി മുതൽ അടിയിലുള്ള 8 ലോകങ്ങളും അളന്ന് എടുത്തു. ഇപ്പോൾ മഹാബലി കിഴടക്കിയ 14 ലോകങ്ങളും സ്വതന്ത്രമായിരിക്കുന്നു. വാമന മൂർത്തിയുടെ ആദ്യ ലക്ഷ്യം പൂർത്തിയായിരുന്നു.

ആ സമയം അത്ഭുതപ്പെട്ടു നിൽക്കുന്ന മഹാബലി വാമന മൂർത്തിയോട് ചോദിക്കുന്നു " ഇത് എങ്ങനെ സാധ്യമായി ? " എന്ന് . മനുഷ്യൻ 84 ലക്ഷം യോനികളെ താണ്ടി വന്നിട്ടുള്ളത് മൃഗത്വത്തിൽ നിന്ന് ഉയർന്നു ദൈവീകതയിലേക്ക് എത്തുന്നതിനു വേണ്ടിയാണ് എന്നും . ആത്മ സാക്ഷാത്കാരം നേടിയാൽ സർവ്വജ്ഞത്വം , സർവ്വശക്തിത്വം , സർവാന്തരയാമിത്വം വന്നു ചേരുമെന്നും കാണിച്ചു കൊടുത്തു. അങ്ങനെ ചക്രവർത്തി മഹാബലി ശ്രീ വാമന മൂർത്തിയുടെ ശിഷ്യത്വം സ്വീകരിക്കുകയും ആത്മസാക്ഷാത്കാരത്തിനു വേണ്ടിയുള്ള സാധന മാർഗ്ഗം ഉപദേശ രൂപത്തിൽ സ്വീകരിക്കുകയും ചെയ്തു. കൂടാതെ മന സമാധാനമായി സാധന ചെയ്യാൻ ഒരു സ്ഥലം (സുതല എന്ന പാതാള പ്രദേശം) ശ്രീ വാമന മൂർത്തി മഹാബലിക്ക് കാണിച്ചു കൊടുക്കുകയും ചെയ്തു. അങ്ങനെ ശ്രീ വിഷ്ണു ഭഗവാൻ ശ്രീ വാമന മൂർത്തിയായി അവതാരമെടുത്ത മഹാബലിയെ അധ്യാത്മം ഉപദേശ കൊടുത്ത ദിവസമാണ് കേരളത്തിൽ ആഘോഷിക്കുന്ന "തിരുവോണം" നാൾ.

**ചോദ്യം-68) രക്ഷ ബന്ധൻ മായുള്ള ഓണത്തിന്റെ ബന്ധം എന്താണ് ?**

**ഉത്തരം** : മഹാബലിക്കു സാധന ചെയ്യാൻ തന്റെ പ്രജകളോട് കുടി തന്നെ പോകാൻ ശ്രീ വാമന മൂർത്തി ഒരു പ്രദേശം കാണിച്ചു കൊടുത്തല്ലോ , എങ്കിൽ മഹാബലി തന്റെ ഭക്തിയുടെ പാരമത്യത്തിൽ തന്റെ ഗുരുവിനെ , ദൈവത്തെ നിത്യവും കാണണം കൂടാതെ താൻ സാധനയിൽ മുഴുങ്ങുന്നതിനാൽ തന്റെ രാജ്യം തനിക്കു വേണ്ടി ശ്രീ വാമന മൂർത്തി ഭരിക്കണം എന്ന് അപേക്ഷിക്കുന്നു. ഭക്ത

വത്സലനായ ശ്രീ വാമന മൂർത്തി ഇത് സമ്മതിക്കുന്നു. ഇത് അറിഞ്ഞ ശ്രീ ലക്ഷ്മി മാതാവ് സങ്കടപെടുന്നു. തനിക്കു ഇനി തന്റെ പതിയെ തിരിച്ചു കിട്ടില്ല എന്ന് മനസ്സിലാക്കിയ മാതാവ് ശ്രീ നാരദ മുനിയെ വരുത്തുകയും ഒരു പരിഹാരം ആവശ്യപ്പെടുകയും ചെയ്യുന്നു. അങ്ങനെ ചരിത്രത്തിൽ ആദ്യമായിട്ട് "രക്ഷ ബന്ധന" ത്തിന്റെ ആചാര സംഹിതാ ശ്രീ ലക്ഷ്മി മാതാവിന് ശ്രീ നാരദ മുനി ഉപദേശിക്കുകയും , ശ്രീ മഹാബലി ചക്രവർത്തിയെ സഹോദരൻ സ്ഥാനത്തിൽ സങ്കൽപ്പിച്ചു കൊണ്ട് ശ്രീ മഹാബലിയെ രക്ഷ ബന്ധൻ ബന്ധിക്കുവാൻ ആവശ്യപെടുന്നു. അങ്ങനെ ചരിത്രത്തിൽ ആദ്യമായിട്ട് ശ്രവണ മാസം പൂർണിമ ദിവസം (ആവണി അവിട്ടം) ശ്രീ ലക്ഷ്മി മാതാ ശ്രീ മഹാബലിക്ക് രക്ഷ ബന്ധൻ കെട്ടികൊടുത്തു തന്റെ സഹോദരനായി സ്വീകരിക്കുന്നു. ഇതിൽ സന്തുഷ്ടനായ ശ്രീ മഹാബലി ചക്രവർത്തി തന്റെ സഹോദരിയായ ശ്രീ ലക്ഷ്മി മാതാവിനോട് തനിക്ക് ഇഷ്ടമുള്ളത് ആവശ്യപ്പെടാൻ പറയുന്നു. ശ്രീ ലക്ഷ്മി മാതാവ് തന്റെ പുരുഷനെ തന്റെ അടുത്തേക്ക് തന്നെ തിരിച്ചയയ്ക്കണമെന്നു ആവശ്യം ഉന്നയിക്കുന്നു. തന്റെ സഹോദരിയുടെ സന്തോഷം മാനിച്ചു മഹാബലി ചക്രവർത്തി ശ്രീ വാമന രൂപത്തിലുള്ള ശ്രീ വിഷ്ണു ഭഗവാനെ സസന്തോഷത്തോടെ തന്റെ വാക്കു ആകുന്ന ബന്ധനത്തിൽ നിന്ന് മോചിപ്പിക്കുന്നു. അങ്ങനെ ശ്രീ ലക്ഷ്മി മാതാവ് തന്റെ പ്രിയ പതിയെ തന്റെ സ്വ-സ്ഥാനത്തേക്ക് രക്ഷ ബന്ധനത്തിലൂടെ എത്തിക്കുന്നു. അങ്ങനെ തിരുവോണം നാൾ ഭക്തിയാൽ ബന്ധിക്കപ്പെട്ട ശ്രീ വിഷ്ണു രക്ഷ ബന്ധനത്താൽ മോചിപ്പിക്കപ്പെടുന്നു . ഇതാണ് ഓണവും രക്ഷാ ബന്ധനവും തമ്മിലുള്ള ബന്ധം.

**ചോദ്യം-69) സെൻട്രൽ അമേരിക്കയിലെ Maxico മായൻ നാഗരികതയു (Mayan Civilisation) മായി മഹാബലി ചക്രവർത്തിയുമായുള്ള ബന്ധം എന്താണ് ?**

**ഉത്തരം :** വാമന മൂർത്തി ചക്രവർത്തിക്ക് സാധന ചെയ്യാനും , സമാദാനത്തിൽ കഴിയാനും ഒരു സ്ഥലം കാണിച്ചു കൊടുത്തല്ലോ ...

ആ സ്ഥലമാണ് സെൻട്രൽ അമേരിക്കയിലെ **Maxico** മായൻ നാഗരികത(**Mayan Civilisation)** യുടെ അവശിഷ്ടങ്ങൾ ഉള്ള പ്രദേശം. ഒരു പക്ഷെ വാമന മൂർത്തി ബലി ചക്രവർത്തിയെ നേരെ ഭൂമിയിലേക്ക് താഴ്ത്തിരുന്നെങ്കിൽ , ഭൂമിയുടെ

അങ്ങേ ഭാഗത്തിലുള്ള പ്രദേശമായ മെക്സിക്കോ , **Guatemala** പ്രദേശങ്ങളിൽ വന്നു ചെറുമായിരിന്നു. ആ ഭാഗത്തായുള്ള മായൻ നാഗരികതയുടെ അവശിഷ്ടങ്ങൾ ഇതിനു സാക്ഷി വഹിക്കുന്നു. അവിടെ **60** ഓളം നഗരങ്ങളുടെ , **250** ഓളും വിഗ്രങ്ങളുടെ , ക്ഷേത്രങ്ങളുടെ , പക്ഷി മൃഗാദികളുടെ ചിത്രങ്ങളുടെ അവശിഷ്ടം കിട്ടിയത് നമ്മുടെ ഭാരതീയ സംസ്കാരത്തിന് ചേരുന്ന തരത്തിലാണ് ഉള്ളത്. മായൻ എന്ന അസുര ശില്പി ഈ നഗരങ്ങളെ സൃഷ്ടിച്ചത് കൊണ്ടാക്കാം ഇതിനു മായൻ നാഗരികത എന്ന് പേർ വന്നത്.

**ചോദ്യം-70) മഹാബലി രാജ്യം ഭരിക്കുമ്പോൾ കേരള ഉണ്ടായിരുന്നില്ല , പിന്നെ എങ്ങനെ ചക്രവർത്തി മഹാബലിയുടെ വരവ് കേരളത്തിന്റെ അഘോഷമായത് ?**

**ഉത്തരം :** മഹാബലി രാജ്യം ഭരിക്കുമ്പോൾ കേരള ഉണ്ടായിരുന്നില്ല , സത്യമാണ്. എങ്കിൽ അതിനു ശേഷം ശ്രീ പരശുരാമനു സമുദ്രം പിൻവാങ്ങി ഉണ്ടായ ഭൂമി കിട്ടിയപ്പോൾ , താൻ ചെയ്ത് ക്രൂരതകൾക്കു , പാപ മോക്ഷത്തിനായി ഈ ഭൂമിയെ , ബലി ചക്രവർത്തി വാണിരുന്ന സ്ഥലത്തിൽ വസിച്ചിരുന്ന , ഓണം ആഘോഷിച്ചു കൊണ്ടിരുന്നു ജനങ്ങൾക്ക് ദാനമായി നൽകുകയും അവർ ഇവിടെ വന്നു വസിക്കുകയും ചെയ്തപ്പോൾ , അവർ അവരുടെ കൂടെ കൊണ്ട് വന്നതാണ് ഈ ഓണാഘോഷവും. ശരിക്കും ഇവർ ആഘോഷിച്ചിരുന്നത് ശ്രീ വാമന മൂർത്തിയുടെ തിരു അവതാര ദിനമായിട്ടാണ് ഓണത്തെ ആഘോഷിച്ചിരുന്നത് . എങ്കിൽ കാലത്തിന്റെ ഒഴുക്കിൽ ചില നാടൻ മാറ്റങ്ങളോട് കുടി അത് ചക്രവർത്തി മഹാബലി തന്റെ പ്രജകളെ കാണാനായി വരുന്ന വരവായി കുടി കേരളം ആഘോഷിച്ചു തുടങ്ങി.

**ചോദ്യം -71) മഹത്ത് വ്യക്തികളാര് ? അവരുടെ സ്വാധീനം സമാജത്തെ രൂപപ്പെടുത്തുന്നുവോ ?**

**ഉത്തരം :** ഗുരു പരമ്പരയിൽ ജീവിക്കുന്നവരാണ് നമ്മൾ ... ഏതു കാര്യത്തിനും ഗുരു വേണം.... അഥവാ വിശേഷ വ്യക്തികൾ , മഹത്തുകൾ , നേതാക്കൾ , ഉണ്ടാകും.... ഭഗവദ് ഗീതയിൽ പറയുന്നത് കേൾക്കൂ ....**BG 3.20-21:**

*"അവരുടെ നിർദിഷ്ട കർത്തവ്യങ്ങൾ നിർവ്വഹിച്ച്, ജനക് രാജാവും മറ്റുള്ളവരും പൂർണത കൈവരിച്ചു. ലോകനന്മയ്ക്ക് മാതൃകയാക്കാൻ നിങ്ങളുടെ കടമകളും നിർവഹിക്കണം.വിശേഷ വ്യക്തികൾ (മഹാന്മാർ) എന്ത് പ്രവൃത്തി ചെയ്താലും സാധാരണക്കാർ പിന്തുടരുന്നു. അവർ എന്ത് മാനദണ്ഡങ്ങൾ വെച്ചാലും ലോകം മുഴുവൻ പിന്തുടരുന്നു"*

ഇനി ഈ വിഷയം എടുക്കാൻ കാരണം പറയാം..... ഒരു സമാജതെ , ഒരു സംസ്കാരത്തെ , ഒരു ജനപദത്തെ ഇല്ലാതാക്കാൻ ആ സമാജതിലെ നേതൃ നിറയെ , ആ ജനപദത്തിലെ വിശേഷ വ്യക്തികളെ ഇല്ലാതാക്കുക ... അവർ നിർവിര്യം ആയി കഴിഞ്ഞാൽ ആ സമൂഹത്തിന് ദിശാ ബോധമില്ലാതെ താനെ നശിച്ചോളും.... ഇത് രണ്ടു തരത്തിൽ നടക്കും **1)** ശത്രുക്കൾ ഇല്ലാതാക്കാം **(2019** വരെ നടന്ന ഹിന്ദു നേതൃത്വതതിന്റെ നര നായാട്ട് കേരളത്തിൽ മാത്രമല്ല ഭാരതത്തിൽ ഉടനീളം**)**

**2)** ശത്രുക്കൾ , സമജത്തിലെ അൽപന്മാരെ ഉപയോഗിച്ച് , മഹത്വമുള്ള വ്യക്തികളെ തേജോവധം ചെയ്യുന്ന, അഥവാ ഒരു സമാജത്തിൽ അൽപന്മാർ കുടി വരികയും മഹത് വ്യക്തികൾക്ക് മഹത്വം ഇല്ലാതാവുകയും ആകുമ്പോൾ ഇത് സംഭവിക്കും... കാരണം ഒരു സമാജത്തിന്റെ സംസ്കാരം , ആചാരം , വിചാരം , സാഹിത്യം മഹിമ , ഉടെലെടുത് വരുന്നത് ആ സമാജത്തിലെ മഹത് വ്യക്തികളെ കൊണ്ട് തന്നെയാണ്.... അത് ഏത് ക്ഷേത്രത്തിൽ ആണെങ്കിലും.... കലാ കായിക സാഹിത്യ വിജ്ഞാൻ രാഷ്ട്രീയം അധ്യത്മിക മുതലായവ..

ഇനി ആരാണ് മഹത് വ്യക്തികൾ എന്ന് കുടി പരിശോധിക്കാം "ഒരാൾക്ക് മറ്റുള്ളവരിൽ തന്റെ സ്വാധീനം , ചെലുത്താൻ പറ്റുമെങ്കിൽ ആ വ്യക്തിയെ മഹത് വ്യക്തി" എന്ന് പറയാം... അത് പത്തു പേരുടെ മേൽ അഥവാ **100 / 1000** അഥവാ ലക്ഷം പേരുടെ മേൽ സ്വാധീനം എന്നത് ആയാളുടെ അളവ് കൊലായിരിക്കും , അതും പ്രത്യേകിച്ച് ഈ ജനാധിപത്യ വ്യവസ്ഥയിൽ.... ഇനിയൊരു കാര്യം ശ്രദ്ധിക്കേണ്ടത് ഇവരെ ഇവർ സ്വയം മഹത് വ്യക്തികളാകിയത് അല്ല... ഇവരെ അംഗീകരിക്കുന്ന ജനങ്ങൾ ഇവരെ മഹത് വ്യക്തികളായി കാണുന്നു.. എങ്കിൽ ചില അൽപൻമാർ പണം ചിലവിട്ട് മഹത്ത് വ്യക്തികളാണ് എന്ന് ഭാവത്തിൽ നടക്കും... അത് ഇവിടെ വിഷയമല്ല.....പറഞ്ഞ വന്നത് **VIP** അഥവാ മഹത്ത് വ്യക്തികൾ ഒരു നല്ല സമാജത്തിന്റെ ഭാഗമാണ് ... അവരെ കൊണ്ടാണ് ഒരു നല്ല

നാഗരികത ഉണ്ടാകുന്നതും ഇവരെ അഭാവം കൊണ്ടാണ് ഒരു ജനത നശിക്കുന്നത്... ഇന്ന് ഹൈന്ദവരുടെ അവസ്തെയും ഇത് തന്നെയാണ്.... ഒരു നേത്രത്വം ഇല്ലാത്ത ജനത ആർക്കും എന്തും പറയാം എന്തും ചെയ്യാം എന്ന് അവസ്ഥ.... കാരണം നമ്മൾ നമ്മളിലെ മഹത്ത് വ്യക്തികളെ തിരിച്ചറിഞ്ഞില്ല .. അവരെ സംരക്ഷിച്ചില്ല ... അതുകൊണ്ട് പലരും അടങ്ങി ഒതുങ്ങി മറ്റുള്ളുവർ വേറെ സിദ്ധാന്തകളിൽ ആശ്രയം നേടി....

അതുകൊണ്ട് ഇനിയെങ്കിലും ശത്രുക്കളുടെ ഗൂഢാലോചനകൾക്ക് , അൽപന്മാരുടെ അൽപതരങ്ങൾക്ക് കൂട്ട് നിൽക്കാതെ ഒരു നല്ല നേതൃ നീര ഉണ്ടാകി എടുക്കുവാൻ വേണ്ടി നമ്മുടെ സമൂഹത്തിലെ മഹത്ത് വ്യക്തികളെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷണം ഒരുക്കുകയും ചെയ്യേണ്ടതായ ഉത്തരവാദിത്വം ഓരോ സമാജംഗവും ഏറ്റെടുത്തില്ല എങ്കിൽ സമാജാതിന്റെ പോക്ക് അതിന്റെ നാശത്തേക്കായിരിക്കും എന്ന് ഓർമ പെടുത്തട്ടെ....

അൽപന്മാർ ഒരു സമാജത്തിൽ വ്യവസ്ഥയിൽ കൂടുകയും , ആ വ്യവസ്ഥ നശിക്കും എന്ന് ആയപ്പോൾ , അ വ്യവസ്ഥയെ രക്ഷിച്ച് ഒരു ഉദാഹരണം കുടി പറയാനുണ്ട്..... അത് സ്റ്റാലിന്റെ സോവിയറ്റ് യൂണിയൻ ന്റെ ചരിത്രമാണ്..... ഒക്ടോബർ വിപ്ലവത്തിന്റെ ശേഷം ലെനിൻ അധികാരത്തിൽ വന്നു. ശേഷം സ്റ്റാലിൻ അധികാരത്തിൽ വന്നപ്പോൾ ഇത് സംഭവിച്ചു. ഇത് സംഭവിക്കുന്നത്. സ്റ്റാലിൻ ഭരണം വന്നപ്പോഴേക്കും അൽപൻമാരുടെ എണ്ണം വളരെയേറെ കൂടുകയും അവർ സ്വയം വിദ്വാന്മാർ എന്ന് ഭാവിക്കുകയും , ഇവർ തന്നെ എല്ലാത്തിനും വിമർശിക്കുകയും , പുതിയ സിദ്ധാന്തങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടാക്കാൻ തുടങ്ങിയപ്പോൾ സ്റ്റാലിൻ ഭരണം മുന്നോട്ട് കൊണ്ട് പോകാൻ കഴിയാത്ത് അവസ്ഥ വന്നു... എങ്ങനെ പറഞ്ഞാലും മനസ്സിലാക്കാൻ കൂട്ടാക്കാത്ത സ്വന്ത സഹപ്രവർത്തകരെ കൊന്നൊടുക്കുക എന്ന് അല്ലാതെ വേറെ വഴിയില്ലാതെ സ്റ്റാലിൻ മനുഷ്യ ചരിത്രത്തിലെ ഏറ്റവും ബിബത്സകമായ മനുഷ്യ കുരുതിക്ക് തയ്യാറെടുത്ത്...അതിന്റെ പരിണാമം , തന്റെ സ്വന്ത സഹപ്രവർത്തകരായ 2 കോടിയോളം സഹപ്രവർത്തകരെ കൊന്നൊടുക്കി കൊണ്ട് , ഒരു വ്യവസ്ഥ നശിക്കാതെ സംരക്ഷിച്ചു....പിന്നിട് സോവിയറ്റ്

യൂണിയൻ നെ വിശ്വത്തിലെ ഏറ്റവും ശക്തി ശാലിയായ രാഷ്ട്രം ആക്കി തീർത്തു എന്നത് ചരിത്രം.....

**ചോദ്യം -72) എന്താണ് നേതി നേതി സിദ്ധാന്തം ?**

ഉത്തരം : ഹൈന്ദവ സമ്പ്രദായത്തിൽ പ്രത്യകിച്ച് ഉപനിഷദ് സമ്പ്രദായത്തിൽ ഗുരു പഠിക്കുവാൻ പറ്റാത്തതിനെ പഠിപ്പിക്കുവാൻ , ബ്രഹ്മത്തെ അറിയുവാൻ ഒരു പദ്ധതി ഉപയോഗിക്കും . അതിനെ നേതി നേതി സിദ്ധാന്തം എന്ന് വിളിക്കും. ഇതിൽ ഗുരു നേരിട്ട് സത്യത്തെ പറഞ്ഞു തരില്ല പകരം സൂചനകൾ തരികയും , ആസൂചനകൾ വെച്ച ജിജ്ഞാസുവിനു സ്വയം സത്യത്തെ കണ്ടറിയേണ്ടതുണ്ട്. ജിജ്ഞാസു എന്തെങ്കിലും കണ്ടെത്തിയാൽ ഗുരുവിനോട് ചോദിക്കും , ഇതാണോ സത്യം എന്ന് .അത് ശരി അല്ലെങ്കിൽ ഗുരു നേതി നേതി (ഇതല്ല ഇതല്ല ) എന്ന് പറയും കൂടെ പുതിയ സൂചനകളും നൽകും. ഇങ്ങനെ ജിജ്ഞാസ സ്വയം സത്യത്തെ / ഉത്തരങ്ങൾ കണ്ടെത്തുന്നത് വരെ ഈ പ്രക്രിയ തുടരും. ഈ സിദ്ധാന്തത്തിന്റെ ഉദ്ദേശം , എല്ലാവരിലും അവരുടെ ഉള്ളിൽ തന്നെ അറിവുണ്ട് , ആ അറിവിന്റെ , സ്രോതസ്സിന്റെ അടഞ്ഞു പോയ വാതിൽ തുറന്നു നൽകുക എന്നതാണ്. ഒരിക്കൽ ആ അറിവിന്റെ / ജ്ഞാനത്തിന്റെ സ്രോതസ്സിന്റെ വാതിൽ തുറന്നു കിട്ടിയാൽ പിന്നെ ചോദ്യങ്ങൾക്കുള്ള ഉത്തരം പുറത്തു തേടേണ്ടതില്ല . എല്ലാം ഉത്തരങ്ങളും ഉള്ളിൽ നിന്ന് തന്നെ വരും. ഇതാണ് നേതി നേതി സിദ്ധാന്തം.

**ചോദ്യം- 73) ഭൂമി ദേവി വൈറൽ പനി അനുഭവിക്കുന്നുണ്ടോ ?**

ഉത്തരം : ഹിന്ദു ധർമ പഠനം (പ്രാർഥമിക) യിലെ ആമുഖത്തിലെ ആദ്യ പാരഗ്രാഫ് ഒന്നുകൂടി ഓർമപെടുത്തട്ടെ " മനുഷ്യരാശി ഇന്ന് അതിന്റെ ഏറ്റവും മോശമായ കാലഘട്ടതിലൂടെയാണ് കടന്നുപോയികൊണ്ടിരിക്കുന്നത്.ഒന്നാമത്തേത് മനുഷ്യരാശിയുടെ ആവാസ വ്യവസ്ഥ തന്നെ അപകടത്തിലായിരിക്കുകയാണ്. ഇനിയൊരു 10 കൊല്ലം കൂടി , ഭൂമിക്കു നമ്മളെ താങ്ങാനുള്ള കഴിവുണ്ടെന്ന് തോന്നുന്നില്ല . ആല്ല മഴയും , റേഡിയോ വികിരണവും രാസവസ്തു വിസർജ്ജനവും , ക്ലോറോ ഫ്ലോരോ കാർബൺ വ്യാപനവും ,പ്രകൃതിയുടെ ദുർലഭമായ സ്രോതസ്സുകൾ അപകടകരമായ രീതിയിൽശോഷിച്ചു തീർന്നു കൊണ്ടിരിക്കുന്നു, കാലാവസ്ഥയിൽഭയാനകമായ വ്യതിയാനങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു. സൂര്യനിൽ നിന്ന് വരുന്ന് ഉഷ്ണ തരംഗങ്ങളും , പ്രചണ്ഡ

വാതകങ്ങളും കാലാവസ്ഥയെ തകിടം മരിച്ചിരിക്കുന്നു. ആഗോള താപനം ഹരിതഗ്രഹ വാതകം സൃഷ്ടിക്കുന്ന മാറ്റങ്ങൾ ധ്രുവപ്രദേശത്തെ മഞ്ഞുരുക്കും , കടൽനില ഉയരൽ,കൊടുങ്കാറ്റുകൾ, ഭൂകമ്പങ്ങൾ , വായുജലംമണ്ണ് മലീനികരണം,ഒജോൻ പാളികളിലെ വിള്ളൽ, ഭൂമി കുടുതൽകുടുതൽനശിച്ചു കൊണ്ടിരിക്കുന്നു. പരിസ്ഥിതി ആവാസ വ്യവസ്ഥ സാധ്യമല്ലാത്തതായികൊണ്ടിരിക്കുന്നു."

'ഹരിതഗൃഹ വാതകങ്ങൾ' എന്നറിയപ്പെടുന്ന പദാർത്ഥങ്ങളാൽ ഭൂമിയുടെ ഉപരിതലത്തിന് സമീപം താപം കുടുങ്ങുന്ന പ്രക്രിയയാണ് ഹരിതഗൃഹ പ്രഭാവം. ഈ വാതകങ്ങൾ നമ്മുടെ ഗ്രഹത്തെ വലയം ചെയ്യുന്ന സുഖപ്രദമായ ഒരു പുതപ്പായി സങ്കൽപ്പിക്കുക, അത് മറ്റേതൊരു വിധത്തിലും ഉള്ളതിനേക്കാൾ ചൂട് നിലനിർത്താൻ സഹായിക്കുന്നു.

ഭൂമിയിലെ ഹരിതഗൃഹ വാതകങ്ങൾ അന്തരീക്ഷത്തിൽ ചൂട് പിടിക്കുകയും ഗ്രഹത്തെ ചൂടാക്കുകയും ചെയ്യുന്നു. ഹരിതഗൃഹ പ്രഭാവത്തിന് കാരണമാകുന്ന പ്രധാന വാതകങ്ങളിൽ കാർബൺ ഡൈ ഓക്സൈഡ്, മീഥെയ്ൻ, നൈട്രസ് ഓക്സൈഡ്, ജലബാഷ്പം എന്നിവ ഉൾപ്പെടുന്നു. ഈ പ്രകൃതിദത്ത സംയുക്തങ്ങൾക്ക് പുറമേ, സിന്തറ്റിക് ഫ്ലൂറിനേറ്റഡ് വാതകങ്ങളും ഹരിതഗൃഹ വാതകങ്ങളായി പ്രവർത്തിക്കുന്നു

ഇനിയെല്ലാം ചുരുക്കി പറയാം , കുറെ കാലമായി നമ്മൾ കാലാവസ്ഥ വ്യതിയാനം കാണുന്നുണ്ട് . ഓരോ കൊല്ലം ഭൂമിയുടെ ചൂട് കുടി കുടി വരുന്നുണ്ട് .അത് നമ്മളുടെ അനുഭവത്തിൽ തന്നെയുള്ളതാണല്ലോ . അതിന്റെ കാരണം മനുഷ്യരുടെ പരിസ്ഥിതി സൗഹൃദം അല്ലാത്ത ഇടപെടലുകൾ തന്നെയാണ് ... മുഖ്യമായിട്ടും ഊർജത്തിന്റെ സ്രോതസ്സുകളായ പെട്രോൾ , ഡീസൽ , **AC** , ഫ്രിഡ്ജിന്റെ ഉപയോഗം , പ്ലാസ്റ്റിക് ഉപയോഗം പിന്നെ അതിനെ അശാസ്ത്രീയമായ നശിപ്പിക്കൽ പ്രക്രീയ , മലകളെ ഇടിച്ചു നിരത്തുന്നു , ഹരിത ഗ്രഹ പരിണാമ കൊണ്ട് കാടുകൾ കത്തി നശിക്കൽ ...ഇങ്ങനെ പോകും .. ഇന്ന് ഭൂമിയുടെ ചൂട് കൂടുന്നു എന്നതിനെ ഭൂമി ഒരു മാതാവായി സങ്കല്പിച്ചാൽ "അമ്മ വസുന്ദരയ്ക്ക് വൈറൽ പനി അനുഭവപ്പെടുന്നു" എന്ന് നമ്മൾക്ക് പറയാൻ പറ്റും.

**ചോദ്യം-74) ശാസ്ത്രാർത്ഥ സംവാദത്തിൽ ശ്രീ ശങ്കരാചാര്യർ ബുദ്ധമതത്തെ എങ്ങനെ പരാജയപ്പെടുത്തി ? അവരോടു ഭാരതം വിടാൻ ആവശ്യപ്പെട്ടോ ?**

**ഉത്തരം : ശ്രീ ആചാര്യർ അവരോട് ഇന്ത്യ വിടാൻ ആവശ്യപ്പെട്ടില്ല, എന്നാൽ അദ്ദേഹം ഹിന്ദുമതത്തിലുള്ള അവരുടെ വിശ്വാസം പുനഃസ്ഥാപിക്കുകയും അവരുടെ യഥാർത്ഥ മതത്തിലേക്ക് മടങ്ങാൻ സഹായിക്കുകയും ചെയ്തു, അതായത് ഹിന്ദുമതത്തിലേക്ക്.**

**ഹിന്ദുമതത്തിലെ ഏറ്റവും വലിയ തത്ത്വചിന്തകരിൽ ഒരാളാണ് ശ്രീ ആദിശങ്കരാചാര്യ.**

**ശ്രീ ശങ്കരാചാര്യർ എട്ടാം നൂറ്റാണ്ടിൽ ജനിച്ചു, കുട്ടിക്കാലം മുതൽ ഹിന്ദു ഗ്രന്ഥങ്ങളിൽ അതീവ താല്പര്യം ഉണ്ടായിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ വേദങ്ങൾ, ഉപനിഷത്തുകൾ, ഭഗവദ്ഗീത, ബ്രഹ്മസൂത്രം എന്നിവയെക്കുറിച്ച് അറിയേണ്ടതെല്ലാം അദ്ദേഹം വായിക്കുകയും മനസ്സിലാക്കുകയും ചെയ്തു.**

**സനാതന ധർമ്മം സാധാരണ ജനങ്ങളും മറ്റ് പണ്ഡിതന്മാരും / തത്ത്വചിന്തകരും ഹിന്ദു മതഗ്രന്ഥങ്ങളുടെ അടിസ്ഥാന പഠിപ്പിക്കലുകളെ തെറ്റിദ്ധരിക്കുകയോ തെറ്റായി വ്യാഖ്യാനിക്കുകയോ ചെയ്ത ഒരു ആചാരപരമായ മതമായി ചുരുങ്ങി എന്നതാണ് അന്നത്തെ പ്രശ്നം. ഇത് ബുദ്ധമതത്തിലേക്കും ജൈനമതത്തിലേക്കും ഹിന്ദുക്കളുടെ സമാധാനപരമായ പരിവർത്തനത്തിൽ വ്യാപകമായ വർദ്ധനവിന് കാരണമായി.**

**വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ശ്രീ ആദി ശങ്കരാചാര്യർ ഗുരുവായി. ഇന്ത്യയിൽ ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും വർദ്ധിച്ചുവരുന്ന സ്വാധീനം അദ്ദേഹം നിരീക്ഷിച്ചു. മഹത്തായ ഹൈന്ദവ ഗ്രന്ഥങ്ങൾ മനസ്സിലാക്കുന്നതിലാണ് പ്രശ്നം എന്ന് ശങ്കരാചാര്യർ മനസ്സിലാക്കി**

**ഹിന്ദു തിരുവെഴുത്തുകളെക്കുറിച്ചുള്ള തന്റെ അഭേദ്യവും മികച്ചതുമായ ഗ്രാഹ്യമുള്ള ശ്രീ ആദി ശങ്കരാചാര്യർ ആരെയും ബലമായി മതപരിവർത്തനം ചെയ്തില്ല, അദ്ദേഹം ശാസ്ത്രാർത്ഥത്തിനായി എല്ലാ ബുദ്ധ തത്ത്വചിന്തകനെയും വെല്ലുവിളിച്ചു.**

തത്വശാസ്ത്രപരവും മതപരവുമായ ഒരു മത്സരമാണ് ശാസ്ത്രാർത്ഥം, അവിടെ മത്സരാർത്ഥി അവതരിപ്പിക്കുന്ന ഏത് ചോദ്യത്തിനും അവരുടെ അടിസ്ഥാന ഗ്രന്ഥങ്ങൾ മനസ്സിലാക്കി ഉത്തരം നൽകണം.

ശ്രീ ആദിശങ്കരാചാര്യരുടെ കാര്യത്തിൽ, വേദങ്ങൾ, ഉപനിഷത്, ഭഗവദ് ഗീത, ബ്രഹ്മസൂത്രം എന്നിവയെ കുറിച്ചുള്ള അറിവിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് ഉത്തരം നൽകേണ്ടിവന്നു, അതേസമയം ബുദ്ധമത തത്വചിന്തകർക്ക് ഗൗതം ബുദ്ധന്റെ അടിസ്ഥാന പഠിപ്പിക്കലുകൾ അനുസരിച്ച് ഉത്തരം നൽകേണ്ടിവന്നു. ചോദ്യങ്ങൾ ജഡ്ജിയിൽ നിന്നോ പ്രേക്ഷകരിൽ നിന്നോ മറ്റ് പങ്കാളികളിൽ നിന്നോ ആക്കാം.

ശ്രീ ആദിശങ്കരാചാര്യരുടെ എല്ലാ സംവാദത്തിനും ഒരേയൊരു വ്യവസ്ഥ, സംവാദത്തിൽ **തോൽക്കുന്നവർ** തന്റെ ശിഷ്യനാകണമെന്നതായിരുന്നു.

ബാക്കി എല്ലാം ഒരു ചരിത്രമാണ്, താൻ ഇതുവരെ ചർച്ച ചെയ്ത എല്ലാ തത്വചിന്തകരെയും ശ്രീ ശങ്കരാചാര്യർ പരാജയപ്പെടുത്തി.

അദ്ദേഹത്തിനെതിരായ തോൽവിയിൽ അദ്ദേഹത്തിന്റെ എതിരാളികൾ രോഷാകുലരായില്ല, മറിച്ച് ആദിശങ്കരന്റെ രൂപത്തിൽ ഒരു മഹാനായ ഗുരുവിനെ കണ്ടെത്തിയതിൽ സന്തോഷിച്ചു എന്നതാണ് ഭംഗി.

ശ്രീ ആദിശങ്കരൻ തന്റെ എതിരാളികളെയും അവരുടെ ശിഷ്യന്മാരെയും സദസ്സിനെയും ഹിന്ദു ഗ്രന്ഥത്തിന്റെ പ്രാധാന്യം മനസ്സിലാക്കി, കാരണം അതിനെക്കുറിച്ചുള്ള വ്യക്തമായ ഗ്രാഹ്യത്താൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ കഴിയും.

ശ്രീ ആദിശങ്കരൻ ഇന്ത്യയിലുടനീളം സഞ്ചരിച്ചു, എവിടെ പോയാലും ഹിന്ദുമതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അറിവ് ഹിന്ദുമതത്തിലുള്ള എല്ലാവരുടെയും വിശ്വാസത്തെ ശക്തിപ്പെടുത്തി.

നമ്മുടെ ഹൈന്ദവ ഗ്രന്ഥങ്ങളിൽ എഴുതിയിരിക്കുന്ന സത്യം മനസ്സിലാക്കാൻ ഈ ആശയക്കുഴപ്പവും പ്രശ്നങ്ങളും നിറഞ്ഞ കാലത്ത് അദ്ദേഹത്തെപ്പോലെ ഒരു ഗുരുവിനെ ആവശ്യമാണെന്ന് ദൈവത്തിന് അറിയാമായിരുന്നു.

### ചോദ്യം -75) ഹോളി എങ്ങനെയാണ് ആഘോഷിക്കേണ്ടത് ?

ഉത്തരം : ഹൈന്ദവരുടേത് ആഘോഷങ്ങളിൽ ഉത്സവങ്ങളിൽ ഊന്നിയ ജീവിത പദ്ധതിയാണ്. അടുത്ത് വരാൻ പോകുന്നത് മഹാശിവരാത്രിയാണ്. അത് സാധന ഉത്സവമാണ് . അതുകൊണ്ടു തന്നെ മഹാശിവരാത്രി ആഘോഷിക്കേണ്ടത് കാവുകളിലും , ക്ഷേത്രങ്ങളിലും , മഠങ്ങളിലും , പീഠങ്ങളിലും മുതലായ ഹൈന്ദവ സമാജത്തിന്റെ ആരാധന കേന്ദ്രങ്ങളിൽ തന്നെ.

മഹാശിവരാത്രിക്ക് ശേഷം സമാജം ആഘോഷിക്കാൻ പോകുന്നത് വസന്ത ഋതുവിന്റെ വരവ് അറിയിച്ചുകൊണ്ടുള്ള ഹോളി ഉത്സവത്തിന്റെതാണു. ഹോളി ഉത്സവം സമാജത്തിന്റെ ആഘോഷങ്ങളിൽ ഒന്നാണ്. അതുകൊണ്ട് ഇതിനെ സാമൂഹിക തലത്തിൽ യുവ ജന സംഘടനകളുടെ , സമാജ സേവാ സംഘടനകളുടെ നേത്രത്വത്തിലാണ് പൊതു പരിവാടിയായി ആഘോഷിക്കേണ്ടത്. ഭാരതത്തിന്റെ ആസേതുഹിമാലയം വരെ ആഘോഷിക്കുന്ന ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും സമത്വവും കാത്തു സൂക്ഷിക്കുന്ന വളരെ ഹൃദയസ്പർശിയായ ആഘോഷം കൂടിയാണ് ഹോളി ഉത്സവം.

ഇതിന്റെ ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കിയാൽ നമ്മൾക്ക് മൂന്ന് ചരിത്ര സംഭവങ്ങൾ ഓർമ വരും. ഒന്നാമതായി ഓർമ വരുന്നത് ഭഗവാൻ ശിവൻ കാമദേവനെ ഭസ്മമാക്കിയതും പിന്നീട് അടുത്ത ദിവസം ദേവി രതിക്ക് കാമദേവനെ തിരിച്ചു കൊടുത്തതും . രണ്ടാമതായി നമ്മൾ കാണുന്നത് ഭഗവാൻ നരസിംമത്തിന്റെ അവതാരവുമായി ബന്ധപ്പെട്ട , പ്രഹ്ളാദിനെ ചുട്ടു കൊല്ലാൻ ഹോളികയോട് ആജ്ഞാപിക്കുന്ന ഹിരണ്യകശ്യപ്പ് എങ്കിൽ ഭഗവാൻ വിഷ്ണുവിനാൽ സ്വയം ഇല്ലാതാകുന്ന ഹോളിക, ശ്രീ വിഷ്ണു കൃപയാൽ രക്ഷപെടുന്ന പ്രഹ്ളാദനും. മൂന്നാമതായി വരുന്ന സംഭവം ശ്രീ കൃഷ്ണന്റെ ബാല ലീലയുമായി ബന്ധപ്പെട്ടതാണ്. തന്റെ നിറം കറുപ്പാണ് എന്ന് കളിയാക്കിയ കൂട്ടുകാർക്ക് നേരെ വർണങ്ങൾ വിതറികൊണ്ട് പല വർണങ്ങളിൽ തന്റെ കൂട്ടുകാരെ മുക്കിയ കുട്ടി ശ്രീകൃഷ്ണന്റെ ബാല്യ കളികളാണ്.

ഹോളി ഉത്സവത്തിൽ രണ്ടു ഭാഗങ്ങളാണ്

1) കാമ/ഹോളികാ ദഹനം ഇത് ഫൽഗുണ മാസം ശുക്ലപക്ഷ പൂർണിമയ്ക്കാണ് ആഘോഷിക്കേണ്ടത്, അടുത്ത ദിവസം

2) കാമദേവനും പ്രഹ്ളാദനും രക്ഷപ്പെട്ടതും വസന്ത ഋതുവിനെ സ്വാഗതം ചെയ്യുന്നതുമായ പാട്ടു സംഗീതത്തിന്റെ അകമ്പടിയോടെ ബന്ധുക്കൾക്കും സ്നേഹിതർക്കും വെള്ളവും വർണങ്ങളും വാരി പൂശുന്ന വർണ്ണ രഞ്ജിതമായ ഹോളി ഇത് ചൈത്ര മാസം കൃഷ്ണപക്ഷം പ്രതിപദത്തിനാണ് ആഘോഷിക്കേണ്ടത്.

ഇനി ഹോളിയെ എങ്ങനെയാ ആഘോഷിക്കേണ്ടത് എന്നതിന് ഒരു മാതൃക നമ്മൾക്ക് തയ്യാറാക്കാം ...

പൊതുവായ മൈദാനിയിലോ , ക്ഷേത്രപറമ്പുകളിലോ ആഘോഷം സംഘടിപ്പിക്കുക

(ഫൽഗുണ പൂർണിമ)

രാത്രി 8 മണിമുതൽ കലാ സാംസ്കാരിക പരിവാടികൾ

രാത്രി 10.30 മണിക്ക് മൃത്യുഞ്ജയ / നരസിംഹ ഹോമം

രാത്രി 11.30 മണിക്ക് ഹോമാഗ്നിയാൽ കാമ/ഹോളികാ ദഹനം , ദഹിപ്പിക്കുന്ന അഗ്നിയെ ഏഴു വരി ചുറ്റിക്കൊണ്ട് ആനന്ദ നൃത്തം , സാമൂഹ ശാന്തി മന്ത്രം ...ശേഷം വിശേഷ ഹോളി (ഹോളിഗെ) പ്രസാദവും ഔഷധ പാനകത്തിന്റെ വിതരണം, സമാപ്തം.....

(ചൈത്ര കൃഷ്ണപക്ഷ പ്രതിപദ )

രാവിലെ 6 മണി മുതൽ സംഘമായി ഒത്തു ചേർന്ന് പാട്ടും , വാദ്യങ്ങളും , സംഗീതവുമായി ഓരോ ബന്ധു , സ്നേഹിതരുടെ വീടുകളിലേക്ക് പോകലും വെള്ളം , വർണ പൊടികൾ ചേർത്ത് പൂശലും....ഹോളി ഹൈ ....

ഉച്ചയ്ക്ക് 12 മണിക്ക് സാമൂഹ ശാന്തി മന്ത്രതോട് കുടി സമാപ്തം.....

ചോദ്യം-76) ഹൈന്ദവർ ഈ ലോകത്തിൽ നിന്ന് , ലോക ജനതയിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം : ഹൈന്ദവരുടെ ജീവിത ലക്ഷ്യം മോക്ഷം അഥവാ സാക്ഷാത്കാരമാണ് . അതിനു വേണ്ടത് ശാന്തിയും സമാധാനവുമാണ് . അതാണ് ഹൈന്ദവരിൽ നിന്ന് അവരുടെ എല്ലാ കർമങ്ങൾക്കു ശേഷം ശാന്തിഃ മന്ത്രം നമ്മൾ കേൾക്കുന്നത്. ഇത് തന്നെയാണ് ഹൈന്ദവർ ഈ ലോകത്തിൽ നിന്ന് , ലോക ജനതയിൽ നിന്ന്

പ്രതീക്ഷിക്കുന്നത്. ഇതിനു വേണ്ടി ലളിത ജീവിതം ജീവിക്കാനും ഹൈന്ദവർ തയ്യാറാണ്. ശാന്തി സമാധാനം കിട്ടുമെങ്കിൽ ഏതവനെയും ഏതറ്റം വരെ ക്ഷമിക്കാനും അവർ തയ്യാറാണ്. എങ്കിൽ ഇന്ന് ഏറ്റവും ശാന്തി പ്രിയരായ ഹൈന്ദവരുടെ മോക്ഷ സാധനയ്ക്കു ഭംഗം വന്നിരിക്കുന്നു. അവരുടെ ശാന്തിയും സമാധാനവും നശിപ്പിക്കുന്ന കാര്യമാണ് നടന്നുകൊണ്ടിരിക്കുന്നത്. അവരുടെ മക്കൾ ഇന്ന് സുരക്ഷിതരല്ല , അവരുടെ കുടുംബം , സ്ഥാവര -ജംഗമ ആസ്തി ഇന്ന് സുരക്ഷിതമല്ല , പലതരത്തിലുള്ള തീവ്രവാദങ്ങൾ , മത പരിവർത്തന ലോബി, ആസുരി ചിന്തകളുടെ മുന്നേറ്റം അവരുടെ മാനസ്സിക - ശാരീരിക ശാന്തിക്ക് ഭംഗം വരുത്തിയിട്ടുണ്ട്. ഇത് ലോകം തിരുത്തിയെ മതിയാകും , ഇല്ലെങ്കിൽ ചരിത്രം സാക്ഷി , ഇവരുടെ മന സമാധാനം നശിപ്പിക്കാൻ വന്ന യവനന്മാരുടെ , ശക-കുശാനന്മാരുടെ , ഹൂണന്മാരുടെ , അറബ്ബികളുടെ , ബ്രിട്ടീഷ് - യുറോപ്പിയൻറുടെ പൊടിപോലും ഭാരതത്തിൽ കിട്ടാനില്ല എന്നതാണ്. ആ രീതിയിൽ ഹൈന്ദവർ അവരെ തുടച്ചു നീക്കി .അതാണ് ഹൈന്ദവ ജനത . ഒരിക്കൽ അവർ തീരുമാനിച്ചാൽ പിന്നെ അറ്റം കണ്ടേ അടങ്ങും. അതുകൊണ്ട് ഹൈന്ദവരുടെ ശാന്തി ശല്യപ്പെടുത്തുന്നതിൽ നിന്ന് ലോകർ മാറി നിൽക്കണം , ഇല്ലെങ്കിൽ ആ ചരിത്രം പുനരാവർത്തിക്കും എന്നതിൽ കടുമണിയോളും സംശയം ആർക്കും വേണ്ടാ. ദശാവതാരങ്ങളെ ഓർക്കുന്നത് ഇവിടെ ഒരു സുഖകരമായിരിക്കും.

**ചോദ്യം -77) എന്താണ് ക്രിയായോഗ ?**

**ഉത്തരം : ക്രിയ കുണ്ഡിലിനി യോഗ :-**

ക്രിയ കുണ്ഡിലിനി യോഗ പരമ്പരകളുടെ , യോഗികളുടെ പ്രകാരം ദൈവം ഒരു പ്രപഞ്ച പൌരനല്ല. അത് ഈ വിശ്വമാകെ നിറഞ്ഞു നിൽക്കുന്ന ഒരു ചൈതന്യവും അവ ബോധവുമാകുന്നു. ഇതിൽ നിന്നും അന്യമായി യാതൊന്നുമില്ല. ഇത് ഒരേ സമയം നിർഗുണവും അതേ സമയം സകല ഗുണങ്ങളുടേയും ആധാരവുമാകുന്നു. ഇതിൽ നിന്നു സ്വയം സ്ര്യഷ്ടിയുണ്ടാകുകയും കോടിക്കണക്കിനു വർഷങ്ങൾക്കു ശേഷം എല്ലാ സ്ര്യഷ്ടികളും ഇതിൽ ത്തന്നെ ലയിച്ചു ചേരുകയും ചെയ്യുന്നു. വീണ്ടും സ്ര്യഷ്ടി പുനരാരംഭിക്കുന്നു. ആത്മാവെന്നത് വിശ്വ വ്യാപിയായ പരമാത്മാവു തന്നെയാണ്. സത്യത്തിൽ ഇത് ജനിക്കുന്നുമില്ല, മറിക്കുന്നുമില്ല.

ആത്മാവും നമ്മുടെ ശരീരത്തിനകത്തും പുറത്തും വ്യാപിച്ചിരിയ്ക്കുന്നു .ഇത് സർവ്വ ചരാചരങ്ങളിലും ഒരു പോലെ തുല്യമായി വ്യാപിച്ചിരിക്കുന്നു. ഒരു കടൽ പരപ്പിൽ കുമിളകളും, ഓളങ്ങളും, തിരമാലകളും ഉണ്ടാകുന്നതുപോലെ പരമാത്മാവെന്ന ചൈതന്യത്തിൽ ജീവ ജാലങ്ങളുണ്ടാകുകയും മരണപ്പെടുകയും വീണ്ടും പുനർജ്ജനിക്കുകയും ചെയ്യുന്നു.

പരിണാമ പുനർജന്മ പ്രക്രിയയിലൂടെ ആത്മഭാവങ്ങൾ അചരങ്ങളിൽ നിന്ന് ചരങ്ങളായി, സസ്യങ്ങളായി ജന്തുജാലങ്ങളായി ഏകദേശം 84 ലക്ഷം തവണ പുനർ ജനിച്ച് മനുഷ്യനിലേക്കെത്തി നിൽക്കുന്നു സ്വാഭാവികമായ പരിണാമ പ്രക്രിയയിൽ ഇനിയും പത്തു ലക്ഷം വർഷം അതായത് ഏകദേശം പതിനായിരം ജന്മംകൂടി ഭൂമിയിൽ ജീവിച്ചാലേ സഞ്ചിതമായ കർമ്മ ഫലങ്ങളെ അനുഭവിച്ച് സ്വാഭാവിക പരിണാമത്താൽ ആത്മ ജ്ഞാനത്തിലേക്കും മുക്തിയിലേക്കും എത്താൻ കഴിയുകയുള്ളു. എന്നാൽ ശാസ്ത്രീയമായ യോഗ സാധനകൾ പരിശീലിക്കുകയാണെങ്കിൽ ഒറ്റജന്മം കൊണ്ടു പോലും ഒരാൾക്ക് ജീവന്മുക്തനാകാൻ കഴിയുമത്രെ.

“അതുകൊണ്ട് മോക്ഷ പ്രാപ്തിയെ ആഗ്രഹിക്കുന്ന ഏതൊരു സാധകനും, ഏതൊരു ഗൃഹസ്ഥാശ്രമിക്കും മത, ജാതി, വർഗ്ഗ, ലിംഗ ഭേദമെന്യേ, ആചാര അനുഷ്ഠാനങ്ങളൊ, വിശ്വാസ പ്രമാണങ്ങളൊ, പൂജാദി കർമ്മങ്ങളൊ പ്രത്യേക നിബന്ധനകളൊ ഇല്ലാതെ നിസ്സംശയം സ്വീകരിക്കാവുന്ന ഒരു സാധനാ മാർഗ്ഗമാണ് ക്രിയായോഗ”.

ക്രിയായോഗ ശാസ്ത്രീയമായ, വളരെ ലളിതമായ അതേസമയം വളരെ ഗോപ്യമായ ഒരു യോഗസാധനയാണു. ആത്മ സാക്ഷാല്ക്കാരത്തിനു നിരവധി മാർഗ്ഗങ്ങളുണ്ടെങ്കിലും കർമ്മ, ഭക്തി,രാജ, ജ്ഞാന, യോഗങ്ങളുടെ മിശ്രിതമാണ് ക്രിയായോഗ. ലഘു ഹഠയോഗം, പ്രാണയാമം, മുദ്രകൾ, ബന്ധങ്ങൾ എന്നിവ ഇതിൽ സമന്വയിപ്പിച്ചിരിയ്ക്കുന്നു. മനോതലങ്ങളിൽ കിടക്കുന്ന ഓർമ്മകളാണു കർമ്മഫലങ്ങൾ. ഈ ഓർമ്മകളാണു നമ്മെ വീണ്ടും ദുരിതത്തിലേക്ക് കൊണ്ടെത്തിക്കുന്നത്. കുണ്ഡലിനീ ശക്തിയെന്നത് നമ്മുടെ നട്ടെല്ലിനടിയിൽ മൂലാധാര ചക്രയെന്ന ഊർജ്ജ കേന്ദ്രത്തിൽ ഉറങ്ങിക്കിടക്കുന്ന ഒരുതരം ദിവ്യമായ വൈദ്യുത ശക്തിയാണ്. പ്രത്യേക യോഗ സാധനയിലൂടെ ഇതിനെ ഉണർത്തി

ശക്തമാക്കുമ്പോൾ മനസ്സിൽ അടിഞ്ഞു കൂടിയിരിക്കുന്ന അനാവശ്യമായ ലക്ഷക്കണക്കിനു ജന്മങ്ങളിലെ ഓർമ്മകൾ ഭസ്മീകരിക്കുകയും മനുഷ്യനു സകലവിധ പുരോഗതിയും പരിണാമവും സംഭവിക്കുകയും അനന്തമായ ജനന മരണ പ്രവാഹത്തിൽ നിന്നും മോചിതനാകാൻ കഴിയുകയും ചെയ്യുന്നു.

ക്രിയായോഗ സാധനയിലൂടെ സ്വരൂപസിദ്ധിനേടി ഈശ്വര തുല്യനായി തീർന്ന ശ്രീ പരമേശ്വരനിൽ നിന്ന് ശ്രീ പാർവ്വതി ദേവിയ്ക്കാണ് ആദ്യമായി ഈ യോഗവിദ്യ ലഭിച്ചത്. പാർവതി ദേവിയിൽ നിന്ന് ഗണപതിക്കും , ഗണപതിയിൽ നിന്ന് നന്ദികേശനും ഈ ജ്ഞാനം കിട്ടി. തുടർന്ന് നാഥ് സാമ്പ്രാദത്തിലേക്കും (നവ നാഥ), സിദ്ധ സമ്പ്രദായത്തിലേക്കും (84 സിദ്ധർ) , നായനാർ (64 നായനാർ ) സമ്പ്രദായങ്ങളിലൂടെ ലോകത്തിൽ വ്യാപിച്ചിരിക്കുന്നു.

**ചോദ്യം-78) ഹൈന്ദവരുടെ ശത്രുക്കൾ ആരൊക്കെ ?**

**ഉത്തരം :-** ഹൈന്ദവ തത്വ സിദ്ധാന്തമനുസരിച്ചു സൃഷ്ടിയിലുള്ള സർവ്വതും ആ ചേതനയുടെ ദൈവത്തിന്റെ അംശം അഥവാ രൂപ-ഭാവ പരിവർത്തനം തന്നെയാണ്. എന്നു വെച്ചാൽ ഹൈന്ദവർക്ക് സൃഷ്ടിയിലുള്ള സർവ്വതും ദൈവം തന്നെയാണ്. ഇതു തന്നെയാണ് ഹൈന്ദവരുടെ വേദ ഉദ്ഘോഷങ്ങളിൽ നമ്മൾ കാണുന്നത്.

"അഹം ബ്രഹ്മാസ്മീ" ആവട്ടെ ,

"തത്വമസി" ആവട്ടെ ,

"അയമാത്മാ ബ്രഹ്മം"

ഈശാവാസ്യമിദം സർവം" ,

"പജ്ഞാനം ബ്രഹ്മം"

“സർവം ഖൽവിധം ബ്രഹ്മം”

ഇതിൽ കീടം മുതൽ ആനയോ തിമിംഗലമോ വരെ എല്ലാം പെടും അഥവാ പുൽക്കൊടി മുതൽ ആകാശ-ഗംഗ വരെയുള്ള താരാമണ്ഡലകളും പെടും. തൂണിലും തുരുമ്പിലും എന്നത് പോലെ. അങ്ങനെയാകുമ്പോൾ ഹൈന്ദവർക്ക് ശത്രുക്കൾ ഉണ്ടാകുമോ. ഇല്ല ഹൈന്ദവരെ സംബന്ധിച്ചോളും അവർക്ക് സൃഷിയിൽ ആരും ശത്രുക്കളായിട്ടില്ല. അതുകൊണ്ടു തന്നെയാണ് "സർവേ ഭവന്തു സുഖിനഃ..." എന്നും

"ലോകാ സമസ്താ സുഖിനോ ഭവന്തു ...."

എന്നും ഹൈന്ദവർ പ്രാർത്ഥിക്കുന്നത്.

എന്നാൽ ഹൈന്ദവ രാഷ്ട്ര നീതി അഥവാ രാഷ്ട്ര തന്ത്രത്തിന്റെ ഭാഗമായി സമൂഹത്തിൽ രാഷ്ട്രത്തിൽ നീതി ബോധം ,ധാർമിക മൂല്യങ്ങൾ, മാനവീയത , നിയമ വാഴ്ച നില നിർത്തുന്നതിന്റെ ഭാഗമായി അധാർമിക നീക്കങ്ങളെ ശക്തികളെ അടിച്ചമർത്തുവാൻ ഭരണ വർഗ്ഗത്തിന് അധികാരം നൽകപ്പെട്ടിരിക്കുന്നു.

ഇതിൽ അവർ വീഴ്ച വരുത്തിയാൽ സമാജത്തിലെ ക്ഷത്രീയർ (സൈനിക സ്വാഭാവമുള്ളവർ) ഈ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യും . ഇവിടെയും വീഴ്ച പറ്റിയാൽ സമാജം തന്നെ ഈ അധാർമിക നീക്കങ്ങളെ/ശക്തികളെ ചേർക്കാൻ ഒരു നായകന് ജന്മ നൽകും.അങ്ങനെ ആ നായകന്റെ പിന്നിൽ അനുശാസനം പാലിച്ചുകൊണ്ട് ഒത്തൊരുമയോടെ നിന്നു കൊണ്ട് വ്യക്തിക്കോ , കുടുംബത്തിനോ , സമാജത്തിനോ , രാഷ്ട്രത്തിനോ , ലോകത്തിനോ കണ്ഠകമായിരിക്കുന്ന ആ അധർമ ശക്തികളെ തുടച്ചു നീക്കും. ഇവിടെ ഇത് ശത്രുതാ ഭാവത്തിൽ അല്ല. കർത്തവ്യ ഭാവത്തിൽ മാത്രമാണ്. പറഞ്ഞു വന്നത് ഹൈന്ദവർക്ക് ലോകത്തിൽ ആരോടും ശത്രുതയില്ല , ശത്രുക്കളായിട്ട് ആരുമില്ല എന്നുതന്നെയാണ്.

**ചോദ്യം-79) പ്രകൃതി ഹൈന്ദവർക്കേൽപ്പിച്ച ഉത്തരവാദിത്വം എന്താണ് ?**

**ഉത്തരം :-** ഏക കോശ ജീവിയായി തുടങ്ങി ബഹുകോശ ജീവിയായി , മനുഷ്യമൃഗമായി പരിണമിച്ചു നിൽക്കുന്ന ജീവനെ , അവിടുന്ന് പൂർണ മാനവനാക്കി , ദൈവികതയിലേക്കു ഉയർത്താൻ വേണ്ട ജ്ഞാനം , തന്ത്രം , പ്രേരണ , സാഹചര്യം ഒരുക്കി കൊടുക്കുക എന്ന ഉത്തരവാദിത്വമാണ് ഹൈന്ദവന് പ്രകൃതി ഏല്പിച്ചിരിക്കുന്നത്.

അത് നിറവേറ്റാൻ അവർക്ക് ഈ ഭൂമിയിൽ ശാന്തിയും സമാധാനവും ഐശ്വര്യവും സമൃദ്ധിയും നില നിർത്തേണ്ടതുണ്ട്. പ്രകൃതിയെ ഭൂമി മാതാവിനെ സംരക്ഷിച്ചു പരിപോഷിപ്പിച്ചു കൊണ്ട് പോകേണ്ടതുണ്ട്. ഇതിനായി ധർമത്തെ ഉയർത്തിപ്പിടിക്കേണ്ടതുണ്ട്.

ഹിന്ദു അന്ധകാരത്തിൽ നഷ്ടമായാൽ പിന്നെ ജീവ ജാലങ്ങൾക്കോ പ്രകൃതിക്കോ സൃഷ്ടിക്കോ ഭാവിയില്ല. അതിനാലാണ് ഹൈന്ദവതയെ പ്രകൃതി തന്റെ ഉൾ - കൈയിൽ വെച് പരിപോഷിപ്പിക്കുന്നത്. അത് മനസ്സിലാക്കി കൊണ്ട് , ആ ഉത്തരവാദിത്വ ബോധത്തിലേക്ക് ഹൈന്ദവർ ഉണർന്നു പ്രവർത്തിക്കേണ്ടതാണ്.

**ചോദ്യം -80) ആദിപരാശക്തിയെ അമ്മേ നാരായണ ,ദേവി നാരായണ ,ലക്ഷ്മി നാരായണ , ഭദ്രേ നാരായണ എന്നു വിളിക്കുന്നതിന് കാരണമെന്ത് ?**

**ഉത്തരം :-** പ്രകൃതി അമ്മയാണ് . അതിനാൽ പ്രകൃതിയുടെ ഒമ്പത് ഗുണങ്ങളെ ആദി പരാശക്തിയിൽ നവ ദുർഗയായി നമ്മൾ കാണുന്നത്. ഇനി വിഷ്ണുവെന്നാൽ വ്യാപിച്ചിരിക്കുന്നത് എന്നാണല്ലോ ? ഈ സൃഷ്ടിയിൽ വ്യാപിച്ചു കിടക്കുന്നത് പ്രകൃതിയാണ്. അപ്പോൾ വിഷ്ണു അഥവാ നാരായണനെന്നാലും അതും പ്രകൃതി ശക്തിയെ സൂചിപ്പിക്കുന്നു. ഇത് കാണിച്ചു തരുവാൻ വേണ്ടിത്തന്നെയാണ് നാരായണൻ ദേവി മോഹിനിയുടെ അവതാരമെടുത്ത് താൻ അമ്മയും കുടിയാണെന്ന് കാണിച്ചു തന്നത്. അങ്ങനെ ആദിപരാശക്തിയെ അമ്മേ നാരായണ, ദേവി നാരായണ, ലക്ഷ്മി നാരായണ , ഭദ്രേ നാരായണ എന്നു വിളിക്കുമ്പോൾ നാരായണനും ദേവിയും ഒരേ ശക്തികളാണ് എന്നത് സാദാരണ ജനങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടിയാണ് അങ്ങനെ വിളിക്കുന്നത്.

**ചോദ്യം -81) വേദങ്ങളുടെ ഉൽപ്പത്തിയെ കുറിച്ച് പറഞ്ഞു തരാമോ ?**

**ഉത്തരം :-** വേദങ്ങളുടെ ഉൽപ്പത്തിയെന്നതിനു കുറച്ചും കുടി ചുരുക്കിയിട്ട് നോക്കാം.

ശാസ്ത്രത്തിന്റെ അഥവാ വിജ്ഞാനത്തിന്റെ അടിസ്ഥാന സ്വഭാവമെന്താണ് ? ചോദ്യം ചോദിക്കൽ , അല്ലെ ? അവിടുന്നാണ് ശാസ്ത്രം , വിജ്ഞാനം തുടങ്ങുന്നത്. അത് പോലെ സനാതന ധർമം തുടങ്ങുന്നതും ചോദ്യം ചോദിച്ചുകൊണ്ടാണ്. അതിന് പ്രമാണം നമ്മുടെ വേദങ്ങളിൽ സംവാദ സൂക്തങ്ങളും , ഉപനിഷത്തുകളുമാണ്. ദശോപനിഷത്തുകളിൽ തന്നെ രണ്ടു ഉപനിഷത്തുകളുടെ പേര് ചോദ്യവുമായി ബന്ധപ്പെട്ടതാണ്. ഒന്നാമത് സാമവേദ ഉപനിഷത്തായ കേനോപനിഷത്. എന്ത് , എങ്ങനെ , എപ്പോൾ , എന്തിനു , എവിടെ , എന്നൊക്കെ

ചോദിക്കുന്ന എന്ന അർഥം വരുന്ന ഉപനിഷത്. ഉദാഹരണത്തിന് കേനോപനിഷത്തിലെ ഒന്നാമത്തെ ശ്ലോകം തന്നെ നോക്കാം.

ആരാണ് അയച്ചത്, മനസ്സ് എവിടേക്ക് പറക്കുന്നു ?

ആരുടെ സഹായത്തോടെയാണ് ആദ്യത്തെ ശ്വാസം എടുത്തത് ?

നമ്മൾ സംസാരിക്കുന്ന വാക്കുകൾ ആരാണ് അയക്കുന്നത് ?

ചെവിയും കണ്ണും ഘടിപ്പിക്കുന്ന ദേവൻ (ദൈവം) ആരാണ്?

(കേന ഉപനിഷദ് 1.1 )

രണ്ടാമതായതു അഥർവ വേദ പ്രശ്നോപനിഷത്. പേര് തന്നെ ചോദ്യം എന്നാണല്ലോ ?

ഇനി ചോദ്യം ചോദിച്ചാൽ മാത്രം വിജ്ഞാനം ആയോ ? ഇല്ല , ചോദ്യത്തിന്റെ ഉത്തരം അന്വേഷിക്കണം , പരീക്ഷിക്കണം , വിശ്ലേഷിക്കണം , വിമർശിച്ചിട്ട് വീക്ഷണം ഉണ്ടാകണം , വെവ്വേറെ സാഹചര്യങ്ങളിൽ സ്ഥാനങ്ങളിൽ വ്യക്തികളിൽ പ്രദേശങ്ങളിൽ വീക്ഷണത്തെ പിന്നെയും പരീക്ഷിക്കണം. ഫലം മുമ്പത്തെ വീക്ഷണം തന്നെയാണെങ്കിൽ , അതിനെ ആചാര്യ അഥവാ വിജ്ഞാന സമിതിയിൽ അവതരിപ്പിക്കണം. അവിടെ വാദ-പ്രതി വാദങ്ങൾക്കും , കാര്യ-കാരണം-പരിണാമ- പ്രമാണം സഹിതം സ്ഥാപിച് എടുത്താലേ തത്വമുണ്ടാകുന്നുള്ളു. അപ്പോൾ അതിനെ വൈജ്ഞാനികമായ അഥവാ ശാസ്ത്രീയമായി കിട്ടിയ തത്വമായി കണക്കാക്കാൻ പറ്റും. ഇപ്പോൾ പിഎച്ച്ഡി അഥവാ റിസർച്ച് ചെയ്യുന്നത് പോലെ. ഇതിനെല്ലാം ശ്രദ്ദിക്കാൻ ഒരു അധികാരിക സമിതിയുണ്ടാവണം.

ഇതുപോലെ തന്നെയാണ് വേദങ്ങളിലെ മന്ത്രങ്ങളുടെ തത്വങ്ങളുടെ ഉത്ഭവവും. ആദ്യം ചോദ്യമുണ്ടാകുന്നു . പിന്നെ അതുമായിട്ടു അന്വേഷണമായി ശേഷം ഉപകരണങ്ങളുടെ സഹായത്താൽ പരീക്ഷണമായി. ഇതിനായി അന്ന് ആറ് ഉപകരണങ്ങൾ ഉണ്ടായിരുന്നു. അവയെ സത്യത്തെ, തത്വത്തെ കാണിച്ചു തരുന്നതുകൊണ്ടു ദർശമാക്കി തരുന്നതുകൊണ്ട് ദർശനങ്ങൾ എന്ന് വിളിച്ചു . ആറെണ്ണം ആയതുകൊണ്ട് ഷെഡ് ദർശനകളെന്നും വിളിച്ചു. അവ സാംഖ്യ , ന്യായ , യോഗ , വൈശേഷിക , മീമാംസാ പിന്നെയുള്ളത് വേദാന്തമായിരുന്നു. ഇതിൽ അനുയോജ്യമായ ദർശനത്തെ തിരഞ്ഞെടുത്തിട്ട്, അതിന്റെ സഹായത്തിലൂടെ ഒരു

തത്വത്തെ കണ്ടെത്തി , ശേഷം അവയെ ആധികാരികമായ സമിതികളിൽ വയ്ക്കുമായിരുന്നു. ഓരോ സമിതികളുടെ തലവൻ ആ സമിതിയുടെ ദേവത സ്ഥാനീയനായിരുന്നു. അവിടെയും വാദം-പ്രതിവാദം , കാര്യ-കാരണം-പരിണാമം പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ വാദിച്ചു , പ്രതിവാദികളുടെ ചോദ്യങ്ങൾക്കും , ഖണ്ഡനകൾക്കും നിയമബദ്ധമായി , വ്യവസ്ഥിതമായി മറുപടികൾ നൽകി. ജയിക്കുമ്പോൾ ആ ചോദ്യത്തിനുള്ള ഉത്തരം ഒരു ശ്ലൂക് അഥവാ മന്ത്രം അഥവാ ഒരു തത്വമായി മാറുമായിരുന്നു. ഇത് മനസ്സിലാക്കാൻ ഓരോ ശ്ലൂക് നോക്കിയാലും മതിയാകും. ഓരോ ശ്ലൂക് നും മുന്ന് സംഗതികൾ ഉണ്ട്. ഒന്ന് അതിനെ സ്ഥാപിച്ചെടുത്ത ഋഷി , രണ്ട് അതിൽ മറ്റുള്ളവർ മായം ചേർക്കാതിരിക്കുവാൻ വേണ്ടി പ്രത്യേക ഛന്ദസ്സിൽ (രീതിയിൽ) മന്ത്രങ്ങളെ അവതരിപ്പിച്ചു. മൂന്നാമതായി ദേവത, ആ തത്വത്തെ ഏതു ആധികാരിക സമിതിയാണ് അംഗീകരിച്ചുവോ , ആ സമിതിയുടെ തലവന്റെ സ്ഥാന പേര് (ദേവത). അവ പല സന്ദർഭങ്ങളിലും, വ്യക്തികളിലും, സമൂഹങ്ങളിലും, സാഹചര്യങ്ങളിലും, കാലങ്ങളിലും പരീക്ഷിച്ചു വിജയിച്ചത് കൊണ്ട് അവ സനാതന തത്വങ്ങൾ എന്ന് അറിയപ്പെട്ടു. ആ തത്വങ്ങളുടെ ശേഖരണമാണ് വേദമായി അറിഞ്ഞത്. വേദങ്ങളിലൂടെ അവതരിപ്പിച്ച ധർമ്മം സനാതന ധർമ്മമായി. ഇത് ധർമ്മത്തിന്റെ ശുദ്ധമായ രൂപമാണ്. അത് ഇപ്പോഴും അങ്ങനെ തന്നെ സൂക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നത് തന്നെയാണ് നമ്മുടെ ഭാഗ്യം. അതിന് വേണ്ടി തങ്ങളുടെ തലമുറകളെ ഹോമിച്ച ആ മഹാ വേദ സമ്പ്രദായികളെ എത്ര സമ്മാനിച്ചാലും മതി വരില്ല. ഇവിടെ വേദം ഉത്ഭവിച്ചത് എങ്ങനെയെന്ന് കണ്ടു. അത് ഏറ്റവും ശാസ്ത്രിയമായിട്ടും വൈജ്ഞാനികമായിട്ടായിരുന്നു എന്നും മനസ്സിലായി.

ഇനി പാരമ്പരിക ശൈലിയിൽ പരിശോധിച്ചാൽ , ആദ്യ ജീവിയായ ബ്രഹ്മദേവന്റെ ഹൃദയത്തിലേക്ക് ആദ്യമായി വേദജ്ഞാനം പകർന്നു നൽകിയത് ഭഗവാൻ വിഷ്ണുവാണ് (ശ്രീമദ് ഭാഗവതം 1.1.1). ശേഷം ബ്രഹ്മദേവൻ തന്റെ മക്കൾക്ക് പകർന്നു നൽകി, എന്നാണല്ലോ ? അതിനെ ഒന്ന് ശാസ്ത്രീയമായി പരിശോധിക്കാം. വിഷ്ണു ഭഗവാൻ പ്രകൃതി തത്വമാകുമ്പോൾ പ്രകൃതിയിൽ നിന്ന് ആദ്യ ജീവിയായ ബ്രഹ്മദേവന്റെ കോശത്തിലേക്കു ക്രോമസോം അഥവാ ജീൻസുകളുടെ അഥവാ ബോധത്തിന്റെ രൂപത്തിൽ ആ അറിവ് വിദ്യാ വന്നു ചേർന്നു. പിന്നീട്

ബ്രഹ്മദേവനിൽ അവരുടെ മക്കളിലേക്ക് പകർന്നു കിട്ടിയെന്നാണ് ഉദ്ദേശിച്ചത് എന്ന് നമ്മൾക്ക് മനസ്സിലാക്കാം. അതിന്റെ അർഥം എല്ലാവരുടെ ഉള്ളിലും ആ അറിവുണ്ടെന്നും , അതിനെ സാധനയിലൂടെ സാക്ഷാത്കരിക്കുക എന്നതാണ് മനുഷ്യ ജന്മത്തിന്റെ അത്യന്തിക ലക്ഷ്യമെന്നും നമ്മൾക്ക് മനസ്സിലാക്കാം.

**ചോദ്യം -82) മാംസ ഭക്ഷണം ഹൈന്ദവർക്കു നിഷിദ്ധമാണോ ? വിദേശ വസ്ത്രങ്ങൾ ഹൈന്ദവർക്കു നിഷിദ്ധമാണോ ?**

**ഉത്തരം :-** എന്തെങ്കിലും നിഷിദ്ധം എന്നത് സനാതനരുടെ മാർഗ്ഗമല്ല. ഇവിടെ നിഷിദ്ധം എന്ന വാക്കില്ല എന്ന് തന്നെ പറയണം. മനുഷ്യരുടെ ഭക്ഷണത്തോടുള്ള ഇഷ്ടത്തെ കുറിച്ച് ഭഗവത് ഗീതയിൽ പറഞ്ഞിട്ടുള്ളത് മനസ്സിലാക്കാൻ അധ്യായം 17 ശ്ലോകം 7 ,8 , 9 ഒന്ന് നോക്കണം. ഇവിടെ സൂചിപ്പിച്ചിട്ടുള്ളത് , എല്ലാ ജീവികൾക്കും മൂന്ന് ഗുണങ്ങളുണ്ട്. സാത്വിക , രാജസ്സ പിന്നെ താമസ്സ. ഈ ഗുണങ്ങൾ അനുസരിച്ചായിരിക്കും അവരുടെ അഭിരുചികളും, ഇഷ്ടാനിഷ്ടങ്ങളും. ഇത് അനുസരിച്ചായിരിക്കും അവർ ഭക്ഷണമോ , വേഷ ഭൂഷാദികളും തിരഞ്ഞെടുക്കുന്നത്. അതുകൊണ്ടു സനാതന അഥവാ ഹൈന്ദവരെ സംബന്ധിച്ചിടത്തോളും ഒന്നും നിഷേധമല്ല , എങ്കിൽ ആ ദേശത്തിന്റെ നിയമ വ്യവസ്ഥ പാലിച്ചായിരിക്കണം എന്ന് മാത്രം.

**ചോദ്യം -83) ഹൈന്ദവരുടെ ധർമ്മശാസ്ത്ര പ്രകാരമുള്ള സപ്ത മാതാക്കളാരൊക്കെ ?**

**ഉത്തരം :-** സനാതനരുടെ അഥവാ ഹൈന്ദവരുടെ ശാസ്ത്ര ഗ്രന്ഥങ്ങൾ പരിശോദിച്ചാൽ , പലയിടത്തായി അമ്മയായി , അമ്മയെ പോലെ എന്ന് സംബോധന ചെയ്തിട്ടുള്ളത് ഈ ഏഴു പേരെയാണെന്നു നമ്മൾക്ക് മനസ്സിലാക്കാം. 1) ജന്മ നൽകിയ അമ്മ , 2) ഭൂമി ദേവിയെ (രാഷ്ട്രത്തെ) 3) നദിയെ 4) വേദത്തെ 5) ഗോവിനെ 6) അന്യന്റെ പത്നിയെ 7) ധാത്രി (രോഗികളെ പരിചരിക്കാൻ പരിശീലിച്ച വ്യക്തി) ഇവരാണ് ഹൈന്ദവ ധർമ ശാസ്ത്ര പ്രകാരമുള്ള സപ്ത മാതാക്കൾ.

**ചോദ്യം -84) ശ്രീ കൃഷ്ണ ഭഗവാന്റെ വിരാട് രൂപത്തിന്റെ രഹസ്യമെന്താണ് ?**

**ഉത്തരം :-** യഥാർത്ഥത്തിൽ സനാതന ധർമികളുടെ അഥവാ ഹൈന്ദവരുടെ സമ്പൂർണ ദൈവ സങ്കൽപമാണ് ശ്രീകൃഷ്ണൻ അർജുനന് കാണിച്ചുകൊടുത്ത വിരാട് രൂപം. ഇതിന്റെ രഹസ്യത്തെ വിസ്താരമായിട്ടു ഋഗ്വേദത്തിൽ മണ്ഡലം 10 സൂക്തം 90 ൽ വിവരിച്ചിട്ടുണ്ട്. സഹസ്ര തലകളും , സഹസ്ര കണ്ണുകളും , സഹസ്ര കാലുകളും സൂചിപ്പിക്കുന്നത് , ഇന്നുവരെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള എല്ലാം ചരാചരങ്ങളെയും , ഇപ്പോഴുള്ളതും , ഇനി വരാനുള്ളവയുമാണ്. ഹൈന്ദവ ശാസ്ത്ര പ്രകാരം ദൈവം തന്നെ സൃഷ്ടിയായി പരിണമിച്ചു. അതുകൊണ്ടു സൃഷ്ടിയിലുള്ള സർവ്വതിനേയും ചേർത്തു പിടിക്കുമ്പോൾ മാത്രമേ പൂർണ ദൈവ സങ്കൽപം നമ്മൾക്ക് കിട്ടു. അതാണ് ശ്രീകൃഷ്ണൻ അർജുനനെ കാണിച്ചു കൊടുത്ത വിരാട് രൂപത്തിന്റെ രഹസ്യം. ഇതിൽ എല്ലാ ഏക കോശ ജീവികൾ മുതൽ ആൽഗകൾ ,ജലചരങ്ങൾ , സസ്യ ലതാദി വൻ മരങ്ങൾ , കീടം , പക്ഷി ,ജന്തു , മൃഗാദികളും , മനുഷ്യ , ഋഷി , ദേവത , ഈശ്വരന്മാർ ,യക്ഷ , യക്ഷി , ഗന്ധർവ , കിന്നർ , ഭൂത , പ്രേത ,പിതൃ, സുര , അസുര , രാക്ഷസാദി മുതലായ സൃഷ്ട്ടിയിലുള്ള സർവ്വതും ഉൾപ്പെടുന്നതാണ് ഈ വിരാട് രൂപം. ഇത് തന്നെയാണ് ഹൈന്ദവരുടെ സമ്പൂർണ ദൈവ സങ്കൽപവും.

**ചോദ്യം -85) എന്താണ് സമാധി ഇരിക്കൽ അഥവാ ഇരുത്തൽ ?**

**ഉത്തരം :-** സിദ്ദി നേടിയ സാധകർ , യോഗികൾ , തപസ്വികൾ സ്വ ഇച്ഛകൊണ്ട് ശരീരത്തെ ഉപേക്ഷിക്കുന്നതിനെ സമാധി ഇരിക്കൽ എന്ന് പറയുന്നു. ഇതിന് ശേഷം അവരുടെ ശിഷ്യന്മാരോ , ഉത്തരവാദിത്വപ്പെട്ടവരോ ചെയ്യുന്ന അവരുടെ ശരീര സംസ്കാര പ്രക്രീയയെ സമാധി ഇരുത്തൽ എന്ന് പറയുന്നു.

പഞ്ച ഭൂതങ്ങളാകുന്ന പൃഥ്വി, ജലം, അഗ്നി, വായു , ആകാശം ഇതിലേക്കാണ് ശരീരത്തെ ലയിപ്പിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ പൃഥ്വി സമാധി ഇരുത്തൽ , ജലം സമാധി ഇരിക്കൽ , അഗ്നി സമാധി ഇരിക്കൽ , വായു (ആകാശ) സമാധി ഇരിക്കൽ എന്ന വിധങ്ങളുമുണ്ട് .

പൃഥ്വി സമാധിയിൽ ശിഷ്യന്മാർക്ക് അഥവാ ഉത്തരവാദിത്വ പെട്ടവർക്ക് സംസ്കാര കർമങ്ങൾ ചെയ്യുവാനുണ്ടെങ്കിൽ ജല , അഗ്നി , വായു സമാധികളിൽ രണ്ടാമതൊരാൾക്ക് ഒന്നും ചെയ്യുവാനില്ല. ജല സമാധിയിൽ സാധകൻ

വെള്ളത്തിലേക്ക് ഇറങ്ങി ചെല്ലുകയും പിന്നെ ഒരിക്കലും ആ ശരീരം ജലത്തിൽ നിന്ന് പൊന്തിവരികയോ കാണുവാനോ കഴിയില്ല. അഗ്നി സമാധിയിൽ സാധകൻ തന്റെ ശരീരത്തെ തന്നിലെ യോഗാഗ്നികൊണ്ട് ദഹിപ്പിച്ചു ശരീരത്തിൻറെ ഭസ്മം മാത്രം ബാക്കി വെയ്ക്കും. എങ്കിൽ വായു(ആകാശ) സമാധിയിൽ ശരീരത്തിൻറെ ഒരു അവശേഷവും ബാക്കി കാണില്ല. സ്വയം തന്റെ യോഗ ശക്തിയാൽ ശരീരത്തെ വായുവിൽ അഥവാ ആകാശത്തിൽ ലയിപ്പിക്കും.

പൃഥ്വി സമാധിക്ക് നമ്മുടെ മുന്നിൽ ഉള്ള ഉദാഹരണം ശ്രീ കാവുവിളാകം ശ്രീ കൈലാസനാഥ മഹാദേവ ക്ഷേത്രം ആചാര്യ ഗുരു ബ്രഹ്മശ്രീ ഗോപൻ സ്വാമിജിയുടേതാണ് (നെയ്യാറ്റിൻകര ഗോപു സ്വാമി തിരുവടികൾ) 2025 ലെ സ്വർഗ്ഗവാതിൽ ഏകാദശിക്കാണ് (09-01-2025) സമാധി ഇരുത്തിയത് , ശേഷം സർക്കാരിന്റെ വക 16-01-2025 നു ശരീരം കീറിയുള്ള പരിശോധനയ്ക്കും പോലീസ് അന്വേഷണത്തിനും ശേഷം 17-01-2025 നു പുനർ മഹാ സമാധി ഇരുത്തകയായി.

ഭഗവാൻ ശ്രീരാമൻ ജലസമാധി ആയതാണ്, ഭഗവാന് മുൻപും ശേഷവും ഒരുപാട് മഹാത്മാക്കൾ ജലസമാധി ആയിട്ടുണ്ട്.

തിരുവണ്ണാമലൈലെ ഗുഹൈയ് നമഃശിവായ സിദ്ധർ അവരുടെ മുഖ്യ ശിഷ്യനായിരുന്ന ഗുരു നമ ശിവായ സിദ്ധർ അഗ്നി സമാധിയായതിനു ഉദാഹരണമാണ്.

മഹാ കവി പൂന്താനം , ഗുരുവായൂർ മഞ്ജുള , ഭക്ത മീര വായു അഥവാ ആകാശ സമാധി ഇരുന്നതിനു ഉദാഹരണമാണ്.

ജീവൽസമാധി എന്നൊന്നില്ല, ജീവനോടെ ആരും സമാധിയാവില്ല. ആത്മാവ് ശരീരം വിട്ടശേഷമാണ് സമാധി ഇരുത്തുന്നത്. മരണം, ആത്മഹത്യ, സമാധി ഇരിക്കൽ ഇവ തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ നമ്മൾക്ക് കഴിയണം.

**ചോദ്യം -86) ഇനി വരാനുള്ള യുഗ പരിവർത്തനം , യുഗ ധർമ്മം , സുവർണ്ണ യുഗം എന്താണ് ?**

**ഉത്തരം : - യുഗ പരിവർത്തനം ,** രാഷ്ട്രങ്ങളുടെ തമ്മിൽ സീമകളില്ലാതെ, സമ്പൂർണ്ണ ഭൂമിയെ ഒരു രാജ്യമായി ഒരു രാഷ്ട്രമായി കാണുന്ന് സാധ്യതയിലേക്കു പരിവർത്തിക്കുന്നതിനെ യുഗ പരിവർത്തനം എന്ന് വിളിക്കാം. ഇത് മഹാ

ഉപനിഷദ് അധ്യായം 6 ശ്ലോകം 71 "വസുധൈവ കുടുമ്പകം" ൻറെ സാക്ഷാത്ക്കാരമാണ്.

യുഗ ധർമ്മം :- തന്നിൽ ഒരു ആത്മാവുണ്ടെന്ന് ഒരു വ്യക്തി തിരിച്ചറിയുമ്പോൾ മാത്രമേ ആ വ്യക്തി മനുഷ്യനാകുമെന്ന് നമ്മൾ നേരത്തെ തന്നെ പഠിച്ചു. ഇനി ആ ആത്മാവിൻറെ ദൃഷ്ടികൊനത്തിലൂടെ (**Angle of View** ) , ആ ആത്മാവിനെ കേന്ദ്രീകരിച് , ഈ പ്രപഞ്ചത്തിലെ എല്ലാം ചലനങ്ങളെയും വീക്ഷിക്കുന്നതിനെ പഠിപ്പിക്കുന്നതാണ് യുഗ ധർമ്മം .

സുവർണ്ണ യുഗം :- മനുഷ്യമൃഗം, പൂർണ മനുഷ്യൻ, മനുഷ്യ ദൈവം എന്നിവയെക്കുറിച്ച് നമ്മൾ ഇതിനകം വിശദമായി പഠിച്ചു കഴിഞ്ഞു. വെറും മനുഷ്യരും , മഹാത്മാക്കളായ മനുഷ്യ ദൈവങ്ങളും മാത്രമുള്ള ഒരു കാലത്തെ ഇനി സങ്കൽപ്പിക്കുക. അത്തരമൊരു കാലത്തെ നമുക്ക് സുവർണ്ണകാലം എന്ന് വിളിക്കാം.

**ചോദ്യം -87) തുടരും.....**

**(ഈ പുസ്തകം-1 (Ver 1.86.1) നിരന്തരമായ തിരുത്തലുകൾക്കും , കൂട്ടിച്ചേർക്കലുകൾക്കും വിധേയമാകാം , അതിനാൽ എല്ലായ്പ്പോഴും അംഗങ്ങളുടെ ലോഗിൻ വഴി വെബ്സൈറ്റിൽ നിന്നുള്ള ഏറ്റവും പുതിയ പതിപ്പിനെ അവലംബിക്കുക)**

| ഓം സഹാനാവവതു | സഹ നൗ ഭുനക്തു |
| സഹ വീര്യം കരവാവഹൈ |
| തേജസ്വി നാവധീതമസ്തു |
മാ വിദ്വിഷാവഹൈ |
ഓം ശാന്തി: ശാന്തി: ശാന്തി:

....ഓം ബ്രഹ്മാർപണമസ്തു .... ഓം തത് സത് ....